SGOU
Higher Education for All

# ഭാഷാശാസ്ത്രപഠനം

**Course Code: SGB24ML306MC**

Major Course
Malayalam Language and Literature (Honours)
Self Learning Material

SGOU

SREENARAYANAGURU OPEN UNIVERSITY

## SREENARAYANAGURU OPEN UNIVERSITY

The State University for Education, Training and Research in Blended Format, Kerala

# Vision

To increase access of potential learners of all categories to higher education, research and training, and ensure equity through delivery of high quality processes and outcomes fostering inclusive educational empowerment for social advancement.

# Mission

To be benchmarked as a model for conservation and dissemination of knowledge and skill on blended and virtual mode in education, training and research for normal, continuing, and adult learners.

# Pathway

Access and Quality define Equity.

SGOU

# ഭാഷാശാസ്ത്രപഠനം

Course Code: SGB24ML306MC

Semester - V

**Four Year Undergraduate Programme**

**Malayalam Language and Literature (Honours)**

**Major Course**

**Self Learning Material**

SGOU

SREENARAYANAGURU
OPEN UNIVERSITY

## SREENARAYANAGURU OPEN UNIVERSITY

The State University for Education, Training and Research in Blended Format, Kerala

SREENARAYANAGURU
OPEN UNIVERSITY

# ഭാഷാശാസ്ത്രപഠനം

Course Code: SGB24ML306MC
Semester- V
Major Course
BA Malayalam Language and Literature (Honours)

SGOU

## Academic Committee

Prof. (Dr.) Thomas Thamarasseri
Dr. Indusree S.R.
Dr. Lekshmi V. S.
Dr. Vidhya D. R.
Dr. Athman A. V.
Chayam Dharmarajan
Dr. S. Nazeeb
Dr. Aju K. Narayanan
Dr. Baburajan K.
Dr. Suja S.
Dr. S. Sudarsana Babu
Dr. S. Ajayakumar
Dr. Vijaya V.A.
Dr. Sudha Mary Thomas

## Development of the Content

Dr. Leja V.R.
Dr. Deepthi V.S.
Dr. Lathika A.C.

## Review and Edit

Prof. Reghunathan Pillai G.

## Linguistics

Prof. Reghunathan Pillai G.

## Scrutiny

Dr. Lathika A.C.
Dr. Deepthi V.S.
Dr. Abdusammed K.T.
Dr. Aswani A.P.
Dr. Thara S.S.
Dr. Deepam S.
Dr. Muraleedharan K.V.

## Cover Design

Jobin J.

## Co-ordination

**Director (IC), MDDC :**
Dr. Sajeevkumar G.
**Coordinator, Development:**
Dr. Anfal M.

Scan this QR Code for reading the SLM on a digital device.

**Second Edition**
June 2026

**Copyright**
© Sreenarayanaguru Open University

ISBN 978-81-687084-2-6

All rights reserved. No part of this work may be reproduced in any form, by mimeograph or any other means, without permission in writing from Sreenarayanaguru Open University. Printed and published on behalf of Sreenarayanaguru Open University by Registrar, SGOU, Kollam.

www.sgou.ac.in

YouTube

Visit and Subscribe our Social Media Platforms

# MESSAGE FROM VICE CHANCELLOR

SGOU

Dear Learner,

It is with great pleasure that I welcome you to the Four Year UG Malayalam Language and Literature Programme offered by Sreenarayanaguru Open University.

Established in September 2020, our university aims to provide high-quality higher education through open and distance learning. Our guiding principle, 'access and quality define equity', shapes our approach to education. We are committed to maintaining the highest standards in our academic offerings.

Our university proudly bears the name of Sreenarayanaguru, a prominent Renaissance thinker of modern India. His philosophy of social reform and educational empowerment serves as a constant reminder of our dedication to excellence in all our academic pursuits.

The Four Year UG Malayalam Language and Literature Programme covers all relevant areas aligned with Malayalam language and literary studies. We have incorporated the latest trends in Malayalam studies to ensure a comprehensive and up-to-date curriculum. Moreover, the programme encompasses flexible options for learners to choose from a range of Ability Enhancement Courses, Multi-disciplinary Courses, Value Added Courses, and Skill Enhancement Courses, complemented by discipline-oriented Advanced and Additional Advanced Courses.

Our teaching methodology combines three key elements: Self Learning Material, Classroom Counselling, and Virtual modes. This blended approach aims to provide a rich and engaging learning experience, overcoming the limitations often associated with distance education. We are confident that this programme will enhance your understanding of Malayalam language and literature, preparing you for various career paths and further academic pursuits.

Our learner support services are always available to address any concerns you may have during your time with us. We encourage you to reach out with any questions or feedback regarding the programme.
We wish you success in your academic journey with Sreenarayanaguru Open University.

Best regards,

Dr. Jagathy Raj V.P.
Vice Chancellor

01-06-2026

## Contents


| | | | |
|---|---|---|---|
| Block | 01 | ഭാഷ : നിർവചനം, വർഗീകരണം | 1 |
| Block | 02 | ഭാഷ: അടിസ്ഥാന സങ്കല്പനങ്ങൾ | 23 |
| Block | 03 | ഭാഷ: സമൂഹവും പ്രയോഗവും | 45 |
| Block | 04 | ഭാഷാപരിണാമ ഹേതുക്കൾ | 53 |
| Block | 05 | ആധുനിക ഭാഷാശാസ്ത്രം സങ്കല്പനങ്ങൾ | 70 |
| Block | 06 | ഭാഷാശാസ്ത്ര സമീപനങ്ങൾ | 83 |
| Model Question Paper Sets | | | 95 |


SGOU

BLOCK - 01

# ഭാഷ : നിർവചനം, വർഗീകരണം

SGOU

# ഭാഷ : നിർവചനം, വർഗീകരണം

## Learning Outcomes

- ഭാഷയെക്കുറിച്ചും ഭാഷയെ ശാസ്ത്രീയമായി മനസ്സിലാക്കുന്നതിനെക്കുറിച്ചും ധാരണയുണ്ടാക്കുക
- ഭാഷാശാസ്ത്രത്തിന്റെ അടിസ്ഥാന വസ്തുതകളെക്കുറിച്ച് മനസ്സിലാക്കുന്നു
- ഭാഷയും സമൂഹവും തമ്മിലുള്ള ബന്ധം തിരിച്ചറിയുന്നു
- ഉച്ചാരണപ്രക്രിയയിൽ ഭാഗഭാക്കാകുന്ന ശരീരാവയവങ്ങളെ തിരിച്ചറിയുന്നു

## Prerequisite

മനുഷ്യഭാഷ എല്ലായിപ്പോഴും മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കും. ഒരു ഭാഷ സംസാരിക്കുന്ന ജനവർഗം കൈവരിയ്ക്കുന്ന സാമൂഹികവും വൈജ്ഞാനികവുമായ എല്ലാ മുന്നേറ്റങ്ങളും അവരുടെഭാഷയിലും പ്രതിഫലിക്കും അതിനാൽ പരിണാമ വിധേയമായ ഭാഷയെ അപഗ്രഥന വിധേയമാക്കേണ്ടത് അത്യാവശ്യമാണ്. ആധർമ്മമാണ് ഭാഷാശാസ്ത്രം നടത്തുന്നത്. ഭാഷയെ ജീവത്തായ ഒരു വസ്തുവായി കാണാനും മനുഷ്യജീവിതത്തിന്റെ വിവിധഘട്ടങ്ങളുമായി ബന്ധപ്പെടുത്തി അപഗ്രഥിക്കുവാനുമുള്ള ശ്രമമാണ് ഭാഷാശാസ്ത്രം നടത്തുന്നത്. ഭാഷയും രാഷ്ട്രീയവുമായുള്ള അഭേദ്യബന്ധത്തിന്റെ ആലോചന വരെ അത് വികസിച്ചിരിക്കുന്നു. പുതുവൈയ്യാകരണന്മാർ എന്ന് വിളിക്കുന്ന കൂട്ടരിൽ നിന്ന് സൊസ്സ്യൂറിലേക്കും ചോംസ്കിയിലേക്കും സമകാലഭാഷാപഗ്രഥനസിദ്ധാന്തങ്ങളിലേക്കു മെത്തുമ്പോൾ ഭാഷാപഠനത്തിന്റെ അനന്തസാധ്യതകളാണ് നാം അറിയുന്നത്.

പുരോഗതിയുടെ യാത്രയിൽ മനുഷ്യൻ ആർജിച്ച നേട്ടങ്ങൾ നിരവധിയാണ്. എല്ലാ ആർജിത വികസനത്തിന്റെയും നാൾവഴികൾ നിരന്തര ഗവേഷണങ്ങളുടേതാണ്. എല്ലാ നേട്ടങ്ങളും കാലഘട്ടത്തിനനുസരിച്ചുള്ള പരിണാമങ്ങൾക്കും പഠനങ്ങൾക്കും വിധേയമാക്കുക എന്നതാണ് യഥാർത്ഥ പഠനത്തിന്റെ അടിസ്ഥാന പ്രമാണം. പുരോഗതിയുടെ നാൾവഴികളിൽ മനുഷ്യവർഗം ആർജിച്ച നേട്ടങ്ങളിൽ സർവപ്രധാനമാണ് ഭാഷാപ്രയോഗ പ്രാവീണ്യം. ഇത് മസ്തിഷ്കത്തിന്റെയും ബുദ്ധിയുടെയും പ്രതിഫലനമാകയാൽ മറ്റെല്ലാ നേട്ടങ്ങളും ഇതിനു പിറകിൽ നിൽക്കുന്നു എന്നതാണ് വസ്തുത. പരിണാമ മനോഭാവം മനുഷ്യരുമായി ബന്ധപ്പെട്ട എല്ലാ വ്യവസ്ഥകളിലും കാണാം. സമൂഹഘടന, സംസ്കാരം, സാഹിത്യം, കല എന്നിവയെല്ലാം ഇതര വൈജ്ഞാനിക മേഖലകളെപ്പോലെ കാലത്തിനനുസരിച്ച് മാറിക്കൊണ്ടിരിക്കുന്നു. മനുഷ്യഭാഷയും ഈ സാമാന്യ നിയമത്തിൽ നിന്ന് വ്യതിരിക്തമാകുന്നില്ല. ചില മാറ്റങ്ങൾ ദ്രുതഗതിയിലുള്ളതും മറ്റ് ചിലത് മന്ദഗതിയിലുമാണെന്നു മാത്രം.അ

SGOU



SREENARAYANAGURU OPEN UNIVERSITY

തിനാൽ ഭാഷാപഗ്രഥനത്തിന്റെ പഠനം നമുക്ക് ഒഴിവാക്കാനാകാത്തതാണ്. സംസ്കാരത്തിന്റെ മഹനീയ ഉല്പന്നമായ ഭാഷയുടെ പഠനം എല്ലാ കാലത്തും നടന്നു വന്നിട്ടുള്ളതാണ്. ഭാരതത്തിൽ പാണിനി മഹർഷി മുതലിങ്ങോട്ട് ഗ്രീസിൽ അരിസ്റ്റോട്ടിൽ തുടങ്ങി ചില പില്കാല പണ്ഡിതന്മാരെല്ലാവരും ഭാഷയെന്ന അത്ഭുത പ്രതിഭാസത്തെ കുറിച്ച് ബോധവാന്മാരും പഠനകാര്യങ്ങളിൽ ശ്രദ്ധാലുക്കളുമായിരുന്നു. വ്യാകരണം, ഭാഷാചരിത്രം എന്നിങ്ങനെയുള്ള പഠനമേഖലയിലൂടെമാത്രം കടന്നുവന്ന ഭാഷാപഠനശാഖ താരതമ്യേന ആധുനിക കാലത്താണ് ഭാഷാപഗ്രഥനത്തിന്റെ ശക്തമായ ഭാഷാശാസ്ത്രപഠനമായി മാറുന്നത്.

## Key Themes

ഭാഷ - നിർവചനം - സവിശേഷതകൾ - ശിശുഭാഷ - ഭാഷയും ഭാഷണവും - ഭാഷ സമുദ്ഭവ സിദ്ധാന്തങ്ങൾ - ആശയവിനിമയ വ്യവസ്ഥ - ഭാഷാ പഠനരീതികൾ - ഏകകാലികം -ബഹുകാലികം - താരതമ്യാത്മകം - വ്യതിരേകാത്മകം - ഭാഷയുടെ വർഗീകരണം ആനുവംശികവും കക്ഷ്യാപരവുമായ വിഭജനം - മലയാളത്തിലെ ഗോത്ര - കക്ഷ്യാബന്ധങ്ങൾ.

## Discussion

മനുഷ്യനു ലഭിച്ചിട്ടുള്ള മഹത്തായ സിദ്ധി വിശേഷമാണ് ഭാഷ. ആശയവിനിമയത്തിനു വേണ്ടി ഉപയോഗിക്കുന്ന ഭാഷയാണ് മനുഷ്യനെ മറ്റെല്ലാജീവികളിൽ നിന്നും വ്യത്യാസപ്പെടുത്തുന്നത്. മൃഗങ്ങളും മറ്റു ജീവികളും ആശയവിനിമയം നടത്തുന്നില്ലേയെന്ന് സ്വാഭാവികമായും സംശയിക്കാം. അതുകൊണ്ട് അവർക്കും ഭാഷയുണ്ടെന്ന് പറയാൻ സാധിക്കുമോ എന്ന ചോദ്യവും പ്രസക്തമാണ്. തിര്യക്ഭാഷ എന്ന ഒന്നുണ്ടെന്ന് ചിലർ അഭിപ്രായപ്പെടുന്നു. എന്നാൽ ഇന്ന് ഭാഷ എന്നതുകൊണ്ട് നാം അർഥമാക്കുന്ന രീതിയിലുള്ള ഒന്നല്ല മൃഗങ്ങൾ ആശയവിനിമയത്തിനായി ഉപയോഗിക്കുന്നത്. ചില പ്രത്യേക തരം ശബ്ദങ്ങളും ചലനങ്ങളും ആശയ സംവേദനത്തിനായി ജന്തുക്കൾ ഉപയോഗിക്കുന്നു. എങ്കിലും അവയ്ക്ക് നിശ്ചിതമായ ഒരു ക്രമമില്ല. വളരെ പരിമിതമായ സാഹചര്യങ്ങളിൽ മാത്രമേ മൃഗങ്ങൾ ആശയവിനിമയം നടത്താറുള്ളൂ. അതുകൊണ്ട് മൃഗങ്ങളുടെ ആശയവിനിമയ രീതി ഭാഷാപഠന പരിധിയിൽ വരുന്നില്ല എന്ന് പറയാം.

തികച്ചും മാനുഷികമായ സിദ്ധിയാണ് ഭാഷ എന്നാണിതിന്റെ അർഥം. തനിമയാർന്ന സാമൂഹിക ജീവിതം ഭാഷാസിദ്ധിയിലൂടെയാണ് മനുഷ്യൻ കെട്ടിപടുക്കുന്നത്. വെറും ആശയവിനിമയം മാത്രമല്ല. ഭാഷ നിർവഹിക്കുന്നത്. അത് തലമുറകൾ ആർജിക്കുന്ന വിജ്ഞാനവും നേടിയ സംസ്കാരവും അടുത്ത തലമുറകൾക്ക് വേണ്ടി കാത്തു വച്ച് കൈമാറുന്നു. വിജ്ഞാനം തലമുറകളിലേക്ക് പകർന്ന് മനുഷ്യരാശിയെ പുരോഗമനത്തിലേക്ക് ഭാഷ നയിക്കുന്നു.

ആശയവിനിമയോപാധി എന്ന നിലയിൽ ഭാഷയ്ക്കു പുറമേ മറ്റു പല മാർഗങ്ങളും മനുഷ്യൻ സ്വീകരിക്കുന്നു. അവയിൽ പ്രധാനം ആംഗ്യമാണ്. മനുഷ്യന്റെ ആദ്യദശയിൽ ആംഗ്യവിദ്യമാത്രമാണ് അവന് വശമായിരുന്നത്. ഭാഷപോലെ തന്നെ ആംഗ്യത്തെ നിയമബദ്ധമാക്കാനും അഭ്യസിപ്പിക്കാനുമുള്ള ശ്രമവും മനുഷ്യൻ നടത്തി അതിന്റെ ശ്രമഫലമാണ് കലകൾ. കഥകളിപോലെയുള്ള കലാസങ്കേതങ്ങൾ ആംഗ്യത്തിന്റെ അനന്ത സാധ്യത ബോധ്യപ്പെടുത്തുന്നു. ട്രാഫിക് സിഗ്നലുകളെ പോലെ കാണിച്ചും വിസിലിന്റെ ശബ്ദം പോലെ കേൾപ്പിച്ചും നമ്മിൽ ആശയങ്ങൾ എത്തിക്കുന്ന മറ്റു മാർഗങ്ങളും ഉണ്ട്. എന്നാൽ ഇവയെ ഒന്നും നാം ഭാഷ എന്ന് വിളിക്കില്ല. ഭാഷയ്ക്ക് അവശ്യം വേണ്ട ഗുണങ്ങളൊന്നും ഇവയ്ക്കില്ല എന്നതു തന്നെയാണ് കാരണം.

ആശയവിനിമയത്തിനു വേണ്ടി മനുഷ്യൻ ഉപയോഗിക്കുന്ന എല്ലാ ശബ്ദങ്ങളും ഭാഷയാകുന്നില്ല. ഉച്ചാരണാവയവങ്ങൾ ഉപയോഗിച്ച് പുറപ്പെടുവിക്കുന്ന ശബ്ദങ്ങൾ മാത്രമാണ് ഭാഷാശ

SGOU

ബ്ദങ്ങളാകുന്നത്. അല്ലാത്തവയെ അനുകരണ ശബ്ദങ്ങൾ, പ്രാകൃതശബ്ദങ്ങൾ, എന്നൊക്കെയാണ് വിളിക്കുന്നത്. അടിസ്ഥാന ചോദനകളെ സൂചിപ്പിക്കുന്ന കരച്ചിൽ, ചിരി തുടങ്ങിയ വികാരപ്രകടനങ്ങളും ഭാഷാശബ്ദങ്ങളല്ല. അടിസ്ഥാന ചോദനകളുടെ പരിധിക്കപ്പുറം വളരാത്ത ഒരു പ്രയോഗവും ഭാഷാ സങ്കല്പനത്തിലേയ്ക്ക് പ്രവേശിക്കുന്നില്ല എന്നതാണിതിനർഥം.

## 1.1.1 ഭാഷ - നിർവചനങ്ങൾ

വ്യത്യസ്തമായ കാഴ്ചപ്പാടുകളിലൂടെ ഭാഷയെ നോക്കിക്കണ്ടവരാണ് ഭാഷാപണ്ഡിതന്മാർ. ഭാഷയിൽ നിലനിൽക്കുന്ന അമൂർത്തതയായിരിക്കണം ഭാഷയുടെ നിർവചനത്തിലും വ്യത്യാസങ്ങൾ ഉണ്ടാക്കിയത്. പ്രസിദ്ധമായ ചില നിർവചനങ്ങൾ താഴെ കൊടുക്കുന്നു.

- 'മാനസികാനുഭവങ്ങളുടെ പ്രതിനിധീകരണമാണ് ഭാഷണം' - അരിസ്റ്റോട്ടിൽ
- 'ഒരു പ്രത്യേക ജനവിഭാഗം ആശയവിനിമയാർഥം ഉപയോഗിക്കുന്നതും ആശയവുമായി വെറും താൽക്കാലിക ബന്ധം മാത്രമുള്ളതുമായ ഉച്ചാരണ ശബ്ദങ്ങളുടെ സ്വരൂപഘടനയോടു കൂടിയ പഠിതവ്യത്തിയാണ് ഭാഷ' - കെ.എം. പ്രഭാകരവാര്യർ
- 'സ്വേച്ഛാപരമായി ഉല്പാദിപ്പിക്കപ്പെട്ട ആശയങ്ങളും, വികാരങ്ങളും, ആഗ്രഹങ്ങളും വിനിമയം ചെയ്യാനുള്ള മാനുഷികവും വാസനാപ്രചോതിദമല്ലാത്തതുമായ ഉപാധിയാണ് ഭാഷ ' - എഡ്വേർഡ് സ്പീർ
- 'നമ്മുടെ വികാരങ്ങളെയും വിചാരങ്ങളെയും അന്യോന്യം വിനിമയം ചെയ്യുന്നതിന് കണ്ഠനാളത്തെയും മൗഖികങ്ങളായ അവയവങ്ങളെയും പ്രവർത്തിപ്പിക്കുന്നതിന്റെ ഫലമായുണ്ടാക്കുന്ന വിവിധ ധ്വനികളുടെ കൂട്ടമാണ് ഭാഷ' - കെ. ഗോദവർമ്മ
- 'പരസ്പരം സഹകരിക്കാൻ സമൂഹം ഉപയോഗിക്കുന്ന സ്വേച്ഛാപരമായ വാചിക പ്രതീകങ്ങളുടെ വ്യവസ്ഥയാണ് ഭാഷ' - ബ്ലോക്ക് ബെർണാഡ് &ട്രാഗർ)
- 'ഏതെങ്കിലുമൊരു മനുഷ്യസമൂഹം ആശയവിനിമയത്തിനായി ഉപയോഗിക്കുന്നതും, ഉപയോഗിക്കാവുന്നതുമായ നിശ്ചിതഘടനയുള്ള സ്വേച്ഛാപരമായ മായ വാചികശബ്ദങ്ങളോ, ശബ്ദശ്രേണിയോ ആണ് ഭാഷ' - കരോൾ ജോൺ
- 'മനുഷ്യമനസ്സിലെ അന്തർഗത സ്വഭാവങ്ങളും നമ്മുടെ വർഗത്തിൽ ജനിതക സിദ്ധിയും ഉൾക്കൊള്ളുന്ന പ്രാപഞ്ചിക നിയമങ്ങളുടെ ഒരു സവിശേഷ ഗണമാണ് ഭാഷ' - നോം ചോംസ്കി.
- 'ഒരു സമൂഹത്തിന്റെ ഭാഷയെന്നത് ആ സമൂഹത്തിലുണ്ടാക്കുന്ന ഭാഷണങ്ങളുടെ ആകെത്തുകയാണ്' - ലിയനോൾഡ് ബ്ലൂം ഫീൽഡ്
- 'ഭാഷമാനുഷികമാണ്.... വാചികവും ക്രമബദ്ധവുമായ പ്രതീകവ്യവസ്ഥയാണ്... വിജ്ഞാന സംക്രമണത്തിനുള്ള ഉപാധിയാണ്.... സാമൂഹികമായ ഇടപെടലുകളുടെ വ്യവസ്ഥാപിത രൂപമാണ് ' - ജെ. വാറ്റ് മോഗ്
- 'സമസ്ത സമുദായവും പരസ്പരം ആശയവിനിമയത്തിനുപയോഗിക്കുന്ന സാമ്പ്രദായിക സൂചകങ്ങളുടെ വ്യവസ്ഥയാണ് ഭാഷ ' - എ. സി. ഗിംസൺ.

## 1.1.2 ഭാഷ - സവിശേഷതകൾ

മനുഷ്യ ഭാഷയുടെ പ്രത്യേകതകൾ എന്തെല്ലാമാണെന്ന് പൂർണമായും പറയുക വിഷമമാണ്. ലളിതവും ലഘുവുമായ നിർവചനത്തിന് വഴങ്ങാത്ത പ്രതിഭാസമാണ് ഭാഷ. ഏതു തരം നിർവചനങ്ങളിലും അതിവ്യാപ്തി അവ്യാപ്തി ദോഷമുണ്ടാകും. സൂക്ഷ്മമായി ഭാഷയുടെ സവിശേഷതകളെ അവലോകനം ചെയ്യുന്നതിനു പകരം ഭാഷയുടെ വ്യാവർത്തക സ്വഭാവത്തെ പഠനവിധേയമാക്കുന്നതായിരിക്കും ഉത്തമം. ഇത്തരം പഠനം നടത്തുന്ന ശാസ്തീയ മേഖലയാണ് ഭാഷാശാസ്ത്രം .

### 1.1.2.1 ആശയവിനിമയോപാധി - ആത്മപ്രകാശനോപാധി

ഭാഷ ആശയവിനിമയത്തിനും ആത്മപ്രകാശനത്തിനും ഉള്ള ഉപാധിയാണ്. ഭാഷ ചിന്തയെ

SGOU

പ്രസരിപ്പിക്കുന്നു. മനുഷ്യനുമാത്രമേ, ചിന്താളെ ഭാഷയിലൂടെ പ്രകടിപ്പിക്കുവാൻ സാധിക്കൂ. മനുഷ്യ വർഗത്തിന് മാത്രമായി ഉള്ളതുമായ ഒന്നാണ് ഭാഷാ സിദ്ധി.

### 1.1.2.2 പ്രതീകാത്മകത

ഭാഷ പ്രതീകാത്മകമാണ്. ആശയം, അർഥം, വസ്തു എന്നിവയെ സൂചിപ്പിക്കുന്ന ചിഹ്നമാണ് പ്രതീകം. പ്രതീകത്തെ( ചിഹ്നത്തെ) സൂചകമെന്നും സൂചിതമെന്നും വേർതിരിക്കാം. ഭാഷയിലെ പ്രതീകങ്ങൾ ( ചിഹ്നങ്ങൾ) വാക്കുകളാണ്. അവയിലെ ശബ്ദബിംബം( സൂചകം) സൂചകം മനസിലുണ്ടാക്കുന്ന പ്രതിബിംബമാണ് സൂചിതം

ചിഹ്നം : Sign,

സൂചകം : Signifier

സൂചിതം : Signifie

### 1.1.2.3 മൗഖികം

ഭാഷ മൗഖികമാണ്. മനുഷ്യന്റെ മുഖാവയവങ്ങൾ കൊണ്ടുണ്ടാക്കുന്ന ശബ്ദങ്ങളെ മാത്രമേ ഭാഷാശബ്ദങ്ങളായി കണക്കാക്കാൻ കഴിയൂ. ഭാഷ വാചികചിഹ്നങ്ങളുടെ സംഘാതമാണ്. മറ്റ് അവയവങ്ങളാൽ ഉണ്ടാക്കപ്പെടുന്ന യാതൊരു ശബ്ദവും ഭാഷയല്ല.

### 1.1.2.4 സ്വേച്ഛാപരത – ആരോപിതത്വം

ഭാഷാ ശബ്ദങ്ങൾക്ക് അത് സൂചിപ്പിക്കുന്ന വസ്തുവുമായോ അർഥവുമായോ ഉള്ള ബന്ധം ആരോപിതമാണ്. ഭാഷയിലുപയോഗിക്കുന്ന പദങ്ങൾ ഏതെങ്കിലും ഒരർഥത്തെ പ്രതിനിധാനം ചെയ്യുന്നു. അത് എല്ലാ ഭാഷയ്ക്കും സ്വീകാര്യമാവണമെന്നില്ല. ഒരു വസ്തുവിനെ കുറിക്കാൻ ഒരു ജനസമൂഹം ഉപയോഗിക്കുന്ന പദമല്ല, അതേ വസ്തുവിനെ കുറിക്കാൻ മറ്റൊരു ജനസമൂഹം ഉപയോഗിക്കുന്നത്. ഒരേ വസ്തു വിവിധ ഭാഷകളിൽ വിവിധ നാമങ്ങളിൽ അറിയപ്പെടുന്നു. ഉദാഹരണത്തിന് മലയാളത്തിലെ പേന എന്ന പദം ഹിന്ദിയിൽ കലം, ഇംഗ്ലീഷിൽ പെൻ, തമിഴിൽ പേനൈ എന്നിങ്ങനെ രൂപഭേദം കൈകൊള്ളുന്നു.

### 1.1.2.5 അഭ്യസ്തവൃത്തി

ഭാഷ ജന്മനാ ലഭിക്കുന്ന സിദ്ധിയല്ല. അത് അഭ്യസ്ത വൃത്തി - പഠിത വൃത്തിയാണ്. ജന്മവാസനയ്ക്കനുസരിച്ചുള്ള പഠനമല്ല ഭാഷാ സ്വാംശീകരണം. പൈതൃകമായി വ്യക്തിയിലേയ്ക്ക് ഭാഷ സംക്രമിക്കുന്നില്ല. ഒരു പ്രത്യേക ഭാഷ വ്യക്തി പഠിച്ചെടുക്കുകയാണ് ചെയ്യുന്നത്. ഏത് നാട്ടിൽ ജനിച്ചാലും അതിനു ശേഷം ഏത് സ്ഥലത്താണോ ആ കുട്ടി വളരുന്നത്, ആ നാട്ടിലെ(ജീവിക്കുന്ന) ഭാഷയായിരിക്കും അവൻ സംസാരിക്കുക. ജീവിതപരിസര സ്വാധീനമാണ് ഭാഷാഭ്യസനത്തിന്റെ നിർണ്ണായക ഹേതു. വളരെ നാളത്തെ പരിശീലനം കൊണ്ടാണ് ഒരു വ്യക്തി താൻ ആർജ്ജിച്ച ഭാഷാപ്രയോഗ പ്രാവീണ്യം എഴുത്തിലേയ്ക്കും വായനയിലേയ്ക്കും വളർത്തിയെടുക്കുന്നത്. അഭ്യസ്തവൃത്തി എന്നതുകൊണ്ടർഥമാക്കുന്നതിതാണ്.

### 1.1.2.6 ക്രമബദ്ധത

ഭാഷ ക്രമബദ്ധമാണ്. ക്രമീകരിക്കാവുന്ന ഘടകങ്ങളുടെ ഒരു നിശ്ചിത വ്യവസ്ഥയാലാണ് ഭാഷ നിർമ്മിക്കപ്പെടുന്നത്. ഘടകങ്ങളുടെ സ്വാധീനം ഘടനക്കും ഉപഘടനയ്ക്കും കാരണമാകുന്നു. കോശങ്ങൾ ചേർന്ന് അവയവങ്ങളും, അവയവങ്ങൾ ചേർന്ന് മനുഷ്യ ശരീരവും ഉണ്ടാകുന്നതുപോലെ വർണം, പദം, വാക്യം എന്നീ ഭാഷാഘടകങ്ങൾ ചേർന്ന് ഭാഷാഘടനയും ഉപഘടനയും ഉണ്ടാകുന്നു. അങ്ങനെ മനുഷ്യഭാഷ പരസ്പരാശ്രിതവും ക്രമബദ്ധവുമായ ഘടകങ്ങളുടെ ശ്രേണിയായിത്തീരുന്നു. മനുഷ്യനെ വൈകാരികമായി അടുപ്പിക്കുന്ന ഘടകമായും അകറ്റാനുള്ള ശക്തമായ ഉപാധിയായും ഭാഷനിലകൊള്ളുന്നു.

## 1.1.3 ഘടനാപരമായ സങ്കീർണ്ണത

മേല്പറഞ്ഞതിന്റെ സവിശേഷതയാണിവിടെ പരാമർശിക്കുന്നത് . ഘടനാപരമായ ക്രമീകരണം ഭാഷയുടെ സവിശേഷതയാണ്. ഭാഷയിലുപയോഗിക്കുന്ന വർണങ്ങൾ ഒരു പ്രത്യേക തരത്തിൽ അടുക്കുമ്പോൾ പദങ്ങളുണ്ടാക്കുന്നു. പദങ്ങളുടെ സംയോജനത്തിലൂടെ വാക്യങ്ങളുണ്ടാകും. വാക്യങ്ങളാണ് ആശയം എത്തിക്കു

SGOU

ന്നത്. ഇതെല്ലാം നിയമബദ്ധമാണ്. ഭാഷയുടെ ഘടന സാധാരണഘടനകളിൽ നിന്നും വ്യത്യസ്തമാണ്. ഭാഷാവ്യവസ്ഥയിൽ പ്രധാന മായ മൂന്നു തലങ്ങളുണ്ട്. ഏറ്റവും താഴെയു ള്ളത് വർണതലം - ഭാഷാശബ്ദങ്ങളുടെ തലം. അതിനു മുകളിൽ രൂപതലം - അർഥയുക്ത മായ ശബ്ദസംഘാതങ്ങളുടെ. മൂന്നാമത്തേതും ഏറ്റവും മുകളിലുള്ളതുമായ തലമാണ് വാക്യത ലം - അർഥയുക്തമായ രൂപങ്ങളുടെ യോഗം ഉള വാക്കുന്ന തലം. ഇങ്ങനെ അടുക്കടുക്കായുള്ള ഘടനയാണ് ഭാഷയ്ക്കുള്ളത്.

## 1.1.4 പരിവർത്തനോന്മുഖത

പരിവർത്തനോന്മുഖതയാണ് ഭാഷയുടെ മറ്റൊരു സവിശേഷത. തനിക്കു കൈവന്ന പരി മിതമായ ശബ്ദങ്ങളും അവകൊണ്ടുണ്ടാക്കുന്ന പരിമിതമായ പദങ്ങളുമാണ് ഏതൊരു ഭാഷ യ്ക്കും അടിസ്ഥാനം. അവയുടെ മാറ്റിയും മറി ച്ചുമുള്ള വിന്യസനത്തിലൂടെ മനുഷ്യൻ അന ന്തമായ ആശയപ്രപഞ്ചം കൈമാറുന്നു. ഈ സാധ്യത മനുഷ്യഭാഷയെ സജീവമാക്കുന്നു. ഇവ മനുഷ്യഭാഷയ്ക്കു മാത്രം അവകാശപ്പെട്ട പ്രത്യേകതകളാണ്. ഭാഷയുടെ സ്വഭാവം കാലം ചെല്ലുന്തോറും മാറിക്കൊണ്ടിരിക്കും. ശബ്ദസ്വരൂ പമാണ് ഭാഷ. പരിണാമം ഭാഷയുടെ പൊതുസ്വ ഭാവമാണ്. നിലവിലുള്ള എല്ലാ ഭാഷകൾക്കും മാറ്റം സംഭവിച്ചിട്ടുണ്ട്. മാറ്റം സംഭവിക്കുന്നത് പലവിധ സാഹചര്യങ്ങളുടെ സമ്മർദ്ദം മൂലമാ ണ്. ഒരു ഭാഷയിലുണ്ടാക്കുന്ന മാറ്റം എല്ലാ കാല ത്തും ഒരേ പോലെ ആകില്ല. പ്രയോഗ സാഹച ര്യങ്ങളുടെ വ്യത്യാസത്തിനനുസരിച്ച് ഭാഷയുടെ രീതിയും മാറും.

## 1.1.5 ഭാഷയുടെ സ്ഥലകാലാതീത സൂചന

മറ്റ് ജീവികളുടെ ആശയപ്രകാശനം സ്ഥല കാലബദ്ധമാണ്. ആശയപ്രകാശനം നടക്കുന്ന സ്ഥലത്ത് ആ സമയത്ത് നടക്കുന്ന കാര്യങ്ങ ളേ അവയ്ക്ക് വിനിമയം ചെയ്യാൻ കഴിയൂ. എന്നാൽ മനുഷ്യരുടെ ഭാഷാപ്രയോഗത്തിന് ഈപരിമിതിയില്ല. ഗതകാലസംഭവങ്ങളെയും ദൂ രസ്ഥലത്തുള്ള കാര്യങ്ങളെയും പരാമർശിക്കാൻ മനുഷ്യഭാഷയ്ക്ക് കഴിയും അതായത് ഭൂത-വർ ത്തമാന - ഭാവികാര്യങ്ങൾ പരാമർശിക്കാൻ മനു ഷ്യഭാഷയ്ക്ക് കഴിയുന്നു. ഭാഷ മനുഷ്യന്റെ വ്യ ക്തിത്വത്തിന്റെ അടയാളമാണ്.

## 1.1.6 ശിശുഭാഷ

ഭാഷാർജന പ്രക്രിയയെക്കുറിച്ചുള്ള പഠനമാ ണ് ശിശുഭാഷാപഠനം. ഏതാണ്ട് ഒന്നര വയസ്സി നും നാല് വയസ്സിനും ഇടയ്ക്കുള്ള കാലത്താ ണ് കുട്ടികൾ പ്രഥമഭാഷ സ്വാംശീകരിക്കുന്നത്. വ്യക്തിയുടെ ഭാഷാപരിണാമ ഘട്ടങ്ങളെ പറ്റി യുള്ള പഠനത്തിന്റെ അടിസ്ഥാനത്തിൽ ജനനം മു തൽ പതിനഞ്ചു വയസ്സുവരെ, പതിനഞ്ചു മുതൽ മുപ്പതു വയസ്സുവരെ, മുപ്പതു മുതൽ അറുപതു വയസ്സുവരെ,അറുപതിനു ശേഷം എന്നിങ്ങനെ യാണ് ക്രമം. ഒരു കുഞ്ഞു പിറന്നു വീണു നാലഞ്ചു മാസം കഴിയുന്നതോടെ അസ്പഷ്ട ശബ്ദങ്ങളിൽ ആശയപ്രകാശനത്തിനുള്ള ശ്രമം ആരംഭിക്കു ന്നു. ഒന്നരവയസ്സാകുമ്പോഴേക്കും കുട്ടികൾ സംസാരിക്കാൻ തുടങ്ങുന്നു. ആ സമയം മുതൽ ഒറ്റപ്പദങ്ങൾ ഉപയോഗിച്ചുള്ള ഭാഷാ പരീക്ഷണ ങ്ങൾ നടത്താൻ പഠിക്കുന്നു. നാലുവയസ്സാകു മ്പോഴേക്കും പ്രഥമഭാഷയുടെ വാക്യഘടനയിൽ ഏറിയ പങ്കും കുട്ടികൾ സ്വായത്തമാക്കുന്നു. ഇത്രയും ചുരുങ്ങിയ കാലഘട്ടത്തിനുള്ളിൽ ബൗദ്ധികമായി വളർച്ചയെത്താത്ത ശിശുക്കൾ, ഭാഷയെപ്പോലെയുള്ള ഒരു സങ്കീർണ വ്യവസ്ഥ എങ്ങനെ ഉൾക്കൊള്ളുന്നുവെന്ന് ഭാഷാശാസ് ത്രജ്ഞരും മനഃശാസ്ത്രജ്ഞരും അത്ഭുതപ്പെടു ന്നു. ഭാഷാർജനത്തിനുള്ള വാസന മനുഷ്യർക്ക് ജന്മസിദ്ധമാണ്. അനുകൂല സാഹചര്യങ്ങളിൽ ഏതു മനുഷ്യശിശുവും ഭാഷ സ്വായത്തമാക്കും. കുഞ്ഞുങ്ങളുടെ ആദ്യകാലത്തെ ഭാഷാഗ്രഹണ ത്തിന് ഭാഷയുമായുള്ള സമ്പർക്കം അനിവാര്യ മാണ്. എന്നാലും പ്രഥമ ഭാഷയെ - ശിശുവിന്റെ ചുറ്റുവട്ടത്ത് സജീവമായി പ്രയോഗിച്ചു വരുന്ന ഭാഷയെ അങ്ങനെത്തന്നെ അനുകരിക്കുകയല്ല ശിശുക്കൾ ചെയ്യുന്നത്. അനുകരണം അവരു ടെ ഭാഷണപ്രക്രിയയുടെ സ്വഭാവമാണെന്നി രിക്കിലും മുതിർന്നവരുടെ ഭാഷയുടെ ആവർ ത്തനങ്ങളല്ല ശിശുഭാഷ. കാരണം ഈ രണ്ടു ഭാഷാരീതികൾക്കും വ്യാകരണപരമായി ചില വ്യത്യാസങ്ങൾ ഉണ്ട്.

SGOU

കുട്ടികളുടെ ആദ്യശബ്ദ പ്രകടനം പിറവിക്കരച്ചിലാണ്. ഈ കരച്ചിലും അതോടൊപ്പമുള്ള അവയവങ്ങളുടെ പിടച്ചിലും അന്തരീക്ഷവുമായ പൊരുത്തപ്പെടാനുള്ള സ്വാഭാവിക ശ്രമങ്ങളാണ്. ഗർഭപാത്രത്തിൽ നിന്നും വ്യത്യസ്തമായ സമ്മർദ്ദതാപനിലകളിലുള്ള അന്തരീക്ഷം ഉളവാക്കുന്ന അസ്വസ്ഥ്യത്തിൽ നിന്നുള്ള ആശ്വാസത്തിനു വേണ്ടിയും രക്തസഞ്ചാരം ക്രമീകരിക്കുന്നതിനും വേണ്ടിയാണ് പ്രസവിച്ച ഉടനെ കുട്ടികരയുന്നതും കൈകാലുകൾ കുടയുന്നതുമെല്ലാം. ഇവയെല്ലാം അനിച്ഛാപ്രവൃത്തികളാണ്. പിറവിക്കരച്ചിലിൽ തുടങ്ങുന്ന ശിശുക്കളുടെ ശബ്ദപ്രകാശനങ്ങൾ അടുത്ത ആറുമാസക്കാലത്തേക്കു ഭാഷയുമായി പ്രത്യക്ഷബന്ധം പുലർത്തുന്നില്ല. ഈ കാലഘട്ടത്തെ 'കുറുകൽകാലഘട്ടം' എന്നു വിളിക്കും. വ്യതിരിക്ത സ്വഭാവമില്ലാത്ത കൂറുകൽശബ്ദങ്ങൾക്കു ഏറെ ദൈർഘ്യമുണ്ടായിരിക്കുകയില്ല. ഈ ശബ്ദപ്രകാശനങ്ങൾ അബോധപൂർവമായ അനിച്ഛാവൃത്തികളാണ്. ഉച്ചാരണാവയവങ്ങളുടെ നേരിട്ടുള്ള പങ്കു കുറുകൽ ശബ്ദങ്ങൾക്കില്ല.

അടുത്തഘട്ടം ഭാഷാർജനത്തെ സംബന്ധിച്ചിടത്തോളം പ്രാധാന്യം അർഹിക്കുന്നു. ദൈർഘ്യമില്ലാത്ത കുറുകൽ ശബ്ദങ്ങളിൽ നിന്നും നീണ്ടു നിൽക്കുന്ന ശബ്ദസംഘാതങ്ങളിലേയ്ക്കുള്ള മാറ്റമാണ് ഈ ഘട്ടത്തിൽ സംഭവിക്കുന്നത്. ഉച്ചാരണാവയവങ്ങളെ നിയന്ത്രിച്ചു കൊണ്ടുള്ള ശബ്ദപ്രകാശനങ്ങൾ നടക്കുന്ന ഘട്ടമാണിത്. ശിശുക്കളെ സംബന്ധിച്ചിടത്തോളം രസകരമായ പരീക്ഷണഘട്ടം കൂടിയാണിത്. ഈ ഘട്ടത്തെ കൊഞ്ഞൽഘട്ടം എന്നാണു പറയുന്നത്. രണ്ടു മാറ്റങ്ങളാണ് ഈ ഘട്ടത്തിൽ സംഭവിക്കുന്നത് :-

- ശബ്ദപ്രകടനം ദീർഘമാകുന്നു
- ഉച്ചാരണാവയവങ്ങളുടെ വ്യവസ്ഥാപിത ചലനം ഈ ഘട്ടത്തിൽ പ്രകടമാകുന്നു.

ഉച്ചാരണാവയവങ്ങളെ ക്രമീകൃത രീതിയിൽ ഉപയോഗിക്കാനുള്ള പരിശീലനം ഈ ഘട്ടത്തിൽ ശിശുക്കൾ നടത്തുന്നു. എന്നാൽ ഈ ഘട്ടത്തിലും ഭാഷാപ്രയോഗം ആരംഭിക്കുന്നില്ല. ഭാഷാപ്രയോഗത്തിനു സ്വയം സന്നദ്ധരാക്കുന്ന രീതിയിൽ കുട്ടികളിൽ ചില പരിശീലനങ്ങൾ നടക്കുന്നതേയുള്ളൂ. ശിശുക്കളിൽ ആദ്യം പ്രത്യക്ഷപ്പെടുന്ന ഉച്ചരിത ശബ്ദങ്ങൾ ഓഷ്ഠ്യങ്ങളായിരിക്കും എന്ന പൊതുധാരണ വേണ്ടത്ര അടിസ്ഥാനമുള്ളതല്ല. പല ശിശുഭാഷാ പഠനങ്ങളിലും ആദ്യമായി ഉച്ചരിക്കപ്പെടുന്ന ശബ്ദങ്ങൾക്ക് ക്, ച് മുതലായവയാണെന്നു കാണാൻ കഴിഞ്ഞിട്ടുണ്ട്. ഈ ഘട്ടത്തിന്റെ അവസാനത്തോടെ സ്വരവ്യഞ്ജനങ്ങൾ വേർതിരിച്ചറിയാവുന്ന വിധത്തിൽ കുട്ടികളുടെ ഉച്ചാരണവൃത്തി വളരെ പുരോഗമിച്ചിരിക്കും.

അടുത്ത ഘട്ടത്തിലാണു ശരിയായ അർഥത്തിൽ കുട്ടികൾ ഭാഷയുമായി പ്രത്യക്ഷ സമ്പർക്കം ആരംഭിക്കുന്നത്. ഏതാണ്ട് ഒന്നര വയസ്സാകുമ്പോൾ കുട്ടികൾ ഒറ്റപ്പദങ്ങൾ ഉച്ചരിച്ചു തുടങ്ങും. എന്നാൽ ഏതെല്ലാം പദങ്ങളാണ് അവർ ഉച്ചരിച്ചു തുടങ്ങുന്നത് എന്ന് കണ്ടുപിടിക്കുന്നത് എളുപ്പമല്ല. ആദ്യമൊക്കെ രണ്ടക്ഷരങ്ങളുള്ള പദങ്ങളാണ് കുട്ടികൾ ഉച്ചരിച്ചു തുടങ്ങുന്നത്. ഇത്തരം പദങ്ങൾക്കു സന്ദർഭ വ്യത്യാസം അനുസരിച്ച് ഒന്നിലധികം വിവക്ഷകൾ ഉണ്ടാകാം. മാത്രവുമല്ല ആ ഒറ്റപദങ്ങൾ വാക്യധർമ്മമുള്ളതാണ്. സാമാന്യവൽക്കരണം, അമൂർത്തവൽക്കരണം എന്നിവയുടെ പ്രാരംഭഘട്ടങ്ങൾ നടക്കുന്ന കാലമാണിത്. മസ്തിഷ്കത്തിൽ ആശയങ്ങൾ സൂക്ഷിക്കുകയും അവയെ ഭാഷാമൂലകങ്ങളോടു ബന്ധപ്പെടുത്തുകയും ചെയ്യാൻ തുടങ്ങുന്നു. വസ്തുക്കളെ വിവേചിച്ചറിയാനുള്ള മസ്തിഷ്കവികാസം പതുക്കെ പതുക്കെയാണ് അവരിൽ ഉണ്ടാക്കുന്നത്. വിവേചിച്ചറിയാനുള്ള കഴിവിനെ മാതാപിതാക്കന്മാരും മറ്റു കുടുംബംഗങ്ങളും വാചികമായി പ്രോത്സാഹിപ്പിച്ചു കൊണ്ടിരിക്കണം.

ഒറ്റപ്പദഘട്ടത്തിൽ നിന്നും പദസംഘാത ഘട്ടത്തിലേയ്ക്കാണ് വികാസം സംഭവിക്കുന്നത്. ഭാഷയിലെ ഘടനയെ സ്വാംശീകരിക്കുന്ന ഘട്ടമാണിത്. ഭാഷാർജനം വികസിക്കുന്നതിനനുസരിച്ച് അവർ ഇച്ഛാവൃത്തികളിലേയ്ക്ക് പ്രവേശിച്ചു തുടങ്ങുന്നു. അബോധമായ പ്രതികരണങ്ങളിലേക്കും അവിടെ നിന്ന് ബോധപൂർവകമായ പ്രതികരണങ്ങളിലേക്കും മാറിക്കൊണ്ടിരിക്കും. അതിന്റെ ഫലമായി വസ്തുക്കളെയും പ്രവൃത്തി

SGOU

കളെയും ഗുണങ്ങളേയും തിരിച്ചറിയാനുള്ള കഴിവും വർധിച്ചു വരുന്നു. ഈ ഘട്ടത്തിൽ അച്ഛനമ്മമാരും കുടുംബാംഗങ്ങളും കുട്ടികളുടെ ഭാഷപ്രയോഗങ്ങളെ ശ്രദ്ധാപൂർവം പോഷിപ്പിച്ചു കൊണ്ടിരിക്കും. പലപ്പോഴും പോഷണവൃത്തികളുടെ അഭാവമോ പോരായ്മയോ ആണ് കുട്ടികളുടെ ഭാഷാവികാസത്തിൽ മാന്ദ്യം ഉണ്ടാകുന്നത്. കുട്ടികൾ ഭാഷയിലെ ഘടനയെ സ്വാംശീകരിക്കുന്ന ഈ ഘട്ടത്തിൽ കുട്ടികളുടെ ദ്വിപദവാക്യങ്ങളിൽ ശ്രദ്ധാപൂർവമായ ഒരു സാമാന്യസ്വഭാവം ഉള്ളതായി ശിശുഭാഷാ പഠനങ്ങളിൽ നിന്നു മനസ്സിലാക്കാൻ കഴിയുന്നുണ്ട്. ദ്വിപദവാക്യത്തിന്റെ ഘടന ഒരു കേന്ദ്ര പദവും ഒരു ആശ്രിതപദവും ചേർന്നതായിരിക്കും കേന്ദ്രപദങ്ങളുടെ സംഖ്യ പരിമിതമായിരിക്കും ആശ്രിതപദങ്ങളിലൂടെയാണ് വ്യത്യസ്ത വ്യാകരണ ധർമ്മങ്ങളുള്ള പദങ്ങളുടെ വികാസം ഭാഷയിൽ സംഭവിക്കുന്നത്.

കുട്ടികൾ രണ്ടു പദങ്ങൾച്ചേർത്തു ഭാഷാപ്രയോഗം നടത്തുന്ന ഘട്ടം സുപ്രധാനമാണ്. ഒരു വാക്യത്തിലെ ആശയം മുഴുവൻ രണ്ടു പദങ്ങളിൽ ഒരുക്കുന്നതുകൊണ്ട് ഇത്തരം പ്രയോഗങ്ങളെ കമ്പിവാക്യങ്ങൾ (ടെലിഗ്രാം സെൻസസ്സ് ) എന്നു പറയുന്നു. കമ്പിയിലൂടെ സന്ദേശം അയയ്ക്കുമ്പോൾ നാം പൂർണ വാക്യങ്ങൾ ഉപയോഗിക്കാറില്ല. ഘടനാപരമായ ഈ സങ്കുചിത്വമാണ് ഈ രണ്ടു പദങ്ങൾ ചേർന്ന ശിശു സംഭാഷണത്തിനു ആ ഒരു പേരുവരാൻ കാരണം.

ഉദാ: "വരുന്നു, കാണാം" (ഇതിന്റെ അർഥം ഞാനിപ്പോൾ വരുന്നുണ്ട് , അപ്പോൾ നമുക്ക് നേരിട്ടു കാണാം.

ഉദാ: "വിശക്കുന്നു,ഭക്ഷണം" (ഇതിന്റെ അർഥം എനിക്കിപ്പോൾ വളരെ വിശക്കുന്നുണ്ട് കഴിക്കാൻ എന്തെങ്കിലും ഭക്ഷണം വേണം) കുട്ടികൾ ഭാഷകൾ പഠിച്ചു തുടങ്ങുന്ന ഘട്ടത്തിൽ ഇത്തരത്തിലുള്ള ചുരുങ്ങിയ വാക്യങ്ങൾ സാധാരണ ഉപയോഗിക്കുന്നതായി കണ്ടു വരുന്നു.

## 1.1.7 ഭാഷയും ഭാഷണവും

മനുഷ്യന്റെ ആശയവിനിമയോപാധികളിൽ ഒന്നു മാത്രമാണ് ഭാഷ. ഭാഷയുടെ സ്വാധീനം മനുഷ്യനെ ഇതരജീവികളിൽ നിന്നും വ്യത്യസ്തനാക്കി. ഭാഷ സംജ്ഞകളാൽ നിർമ്മിതമാണ് അതിന്റെ ഉച്ചരിതരൂപം ശബ്ദ ബിംബങ്ങളേയും ലിഖിതരൂപം ദൃശ്യരൂപങ്ങളെയും ഉൾക്കൊള്ളുന്നു. ഈ സൂചകങ്ങൾ വഴി സൂചിതമാക്കുന്നത് വസ്തു സങ്കല്പനമാണ്. ശബ്ദബിംബമോ ദൃശ്യബിംബമോ സൂചകമായി വർത്തിച്ച് വ്യക്തി മനസ്സിലുണ്ടാക്കുന്ന പ്രതിരൂപമാണ് സൂചിതം. ഒരൊറ്റ ഭൗതികവസ്തുവിൽ ഒതുക്കാവുന്നതല്ല സൂചിത സൂചക സങ്കല്പം, അതൊരു മാനസിക വസ്തുതയാണ്. സൂചക- സൂചിത ബന്ധം സ്വാഭാവികമല്ല ആരോപിതമാണ്. സങ്കല്പനവുമായി സൂചകത്തിനുള്ള ബന്ധം ഒരു സാമൂഹിക കരാറിന്റെ ആഴം മാത്രം ഉൾക്കൊള്ളുന്നു. കരാർ പൊളിച്ചെഴുതുന്നതോടെ സൂചകത്തിന് അന്നുവരെ സൂചിപ്പിച്ചിരുന്ന സങ്കൽപനത്തെ സൂചിപ്പിക്കാൻ കഴിയാതെ പോകുന്നു. ഈ സ്വേച്ഛാപരതയാണ് സൂചക- സൂചിത ബന്ധത്തിന്റെ അടിസ്ഥാന ശില.

ഭാഷണം പ്രാഥമികവും ലേഖനം ദ്വിതീയവുമായി കരുതുന്നപാരമ്പര്യമാണ് നിലനിന്നു വരുന്നത്. പാശ്ചാത്യപാരമ്പര്യത്തിന്റെ ധാരകളത്രയും ഈ മാർഗമാണ് അവലംബിച്ചിരിക്കുന്നത്. ഇക്കാര്യത്തിൽ ഗ്രീക്കു ദാർശനികൻമാർ മുതൽ ഘടനാവാദത്തിന് പ്രചോദനം നല്കിയ ഫെർഡിനാന്റ് ഡി. സൊസ്സ്യൂർ വരെ ഏകാഭിപ്രായക്കാരാണ്. വരമൊഴിയേക്കാൾ വാമൊഴിയാണ് സ്വീകാര്യം എന്നു സൊസ്സ്യൂർ കരുതുന്നു. സൊസ്സ്യൂറിന്റെ ലാംങ് - പരോൾ സങ്കല്പത്തിൽ വരമൊഴിയെ പരിഗണിക്കുന്നതേയില്ല. ഒരുപ്രത്യേക ഭാഷയുടെ എല്ലാ വിധ നിയമങ്ങളുടെയും ആ കത്തുകയായ വ്യവസ്ഥയാണ് ലാങ് ഭാഷാസമഗ്രത എന്ന് അതിനെ വിവർത്തനം ചെയ്യാം. ഈ സമഗ്രതയുടെ ഭാഗമായാണ് പരോൾ അഥവാ ഭാഷാപ്രയോഗം നിലനില്ക്കുന്നത്. ഭാഷയുടെ / ഭാഷാസമതയുടെ സാകല്യത്തിൽ നിന്ന് സന്ദർഭാനുസാരിയായി പരോൾ രൂപപ്പെടുന്നു. ലിഖിതവും ഉച്ചരിതവുമായ സകല ഭാഷാപ്രയോഗങ്ങളും പരോളിന്റെ പരിധിയിൽ പെടുത്തേണ്ടതുണ്ട്. ഒരു ഭാഷ ഉപയോഗിക്കുന്ന സകല വ്യക്തികളുടേയും സകല ഭാഷണലിഖിത ശീലങ്ങളും ചേർന്നതാണ് പരോൾ എന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു.



SGOU

### 1.1.8 ഭാഷ സമുദ്ഭവസിദ്ധാന്തങ്ങൾ

ഉല്പത്തിയെക്കുറിച്ച് വ്യക്തമായ തെളിവുകളില്ലാത്ത ഏതൊരു വസ്തുവിന്റെയും കാര്യത്തിലെന്നപോലെ ഭാഷോത്ഭവത്തെക്കുറിച്ചും വിഭിന്നാഭിപ്രായങ്ങളാണ് നിലനില്ക്കുന്നത്. ഭാഷാഗവേഷകരാകട്ടെ വ്യത്യസ്ത നിലപാടുകളിൽ നിന്നാണ് ഈ വിഷയത്തെ സമീപിച്ചിട്ടുള്ളത്. അവയിൽ പ്രധാനപ്പെട്ടവ ആംഗിക ചേഷ്ടാനുസാരി സിദ്ധാന്തം( Ta-Ta theory) അനുകരണ സിദ്ധാന്തം(The Bow - wow theory) വ്യാക്ഷേപക സിദ്ധാന്തം( The pooh pooh theory) പ്രതിരണന സിദ്ധാന്തം( The Ding- dong theory) കർമ്മസഹകാരി സിദ്ധാന്തം( The Yo- he-theory) എന്നിവയാണ്.

#### 1.1.8.1 ആംഗിക ചേഷ്ടാനുസാരി സിദ്ധാന്തം ( The ta-ta theory)

ആംഗികമായ ചേഷ്ടകളെ അനുസരിച്ച് ഉച്ചാരണാവയവങ്ങളിൽ നിന്ന് പുറത്തുവിടാവുന്ന ധ്വനികൾക്ക് അല്പസ്വല്പം വൈചിത്ര്യം വരുത്തി ആശയപ്രചരണത്തിനുപയോഗിക്കുന്നു എന്ന വാദമാണ് ഈ സിദ്ധാന്തം സൂചിപ്പിക്കുന്നത്. വിട പറയുമ്പോൾ കൈകൾ കൊണ്ടുണ്ടാക്കുന്ന ആംഗ്യത്തെ അനുസരിച്ചാണത്രെ Ta -Ta എന്ന പദം ഉണ്ടായത്. എന്നാൽ ഈ സിദ്ധാന്തത്തെയും എതിർക്കുന്നവർ അനവധിയുണ്ട്. ശബ്ദങ്ങളെ മനുഷ്യന്റെ ചേഷ്ടകളുമായി ബന്ധപ്പെടുത്തി വ്യാഖ്യാനിക്കാം എന്ന സൗകര്യത്തിൽ നിന്നാണ് ഈ സിദ്ധാന്തത്തിന്റെ പിറവി.

#### 1.1.8.2 അനുകരണ സിദ്ധാന്തം (The Bow-Bow theory)

അനുകരണത്വരയുള്ള ജീവിയാണല്ലോ മനുഷ്യൻ. സ്വാഭാവികമായും അവൻ ആദ്യമായനുകരിച്ചത് തന്റെ ചുറ്റുമുള്ള പ്രകൃതിയെയാവും. പക്ഷിമൃഗാദികളുടെ ശബ്ദങ്ങളും മറ്റും അവനിൽ ഏറെ കൗതുകമുണ്ടാക്കിയിട്ടുണ്ടാകാം. പിന്നീട് ആ പക്ഷിമൃഗാദികളെ വ്യവഹരിക്കാനുള്ള പദങ്ങൾ അവ പുറപ്പെടുവിക്കുന്ന ശബ്ദങ്ങളിൽ നിന്നു തന്നെ കണ്ടെത്തിയിരിക്കാനും സാധ്യതയുണ്ട്. ഇതാണ് അനുകരണ സിദ്ധാന്തത്തിന്റെകാതൽ. സംസ്കൃതത്തിലെ കുഹൂ: കാക:, മലയാളത്തിലെ കാക്ക, മൂങ്ങ, ഇംഗ്ലീഷിലെ ക്രോ(crow),കുക്കൂ(cuckoo) എന്നീ വാക്കുകൾ ഇതിനുദാഹരണമായി പറയാം. ഈ സിദ്ധാന്തത്തെ എതിർക്കുന്ന നിരവധി പണ്ഡിതരുണ്ട്. ഭാഷയിലെ ഏതാനും ശബ്ദങ്ങളുടെ ഉല്പത്തിയെ ചൂണ്ടിക്കാണിക്കുന്നു എന്നതിനപ്പുറം ഈ സിദ്ധാന്തത്തിൽ വലിയ പ്രധാന്യമൊന്നുമില്ല.

#### 1.1.8.3 പ്രതിരണന സിദ്ധാന്തം(The Ding dong theory )

ചിലവസ്തുക്കളുടെ ദർശനമാത്രയിൽ തന്നെ മനസിൽ ചില അനുരണനങ്ങളുണ്ടാക്കുകയും അവയെ സൂചിപ്പിക്കാനായി ആ അനുഭൂതിയെ അടിസ്ഥാനമാക്കി നാം ചില ശബ്ദങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുന്നു എന്നതാണ് ഈ സിദ്ധാന്തത്തിന് അടിസ്ഥാനം. ഈ ശബ്ദങ്ങൾക്ക് പിന്നീട് അനുഭൂതികളെ ആവിഷ്ക്കരിക്കാനുള്ള വാചകങ്ങളായി പ്രതിഷ്ഠ ലഭിക്കുകയും ചെയ്യുമത്രേ. പളപളപ്പ്, മിനുമിനുപ്പ്, വഴുവഴുപ്പ് എന്നിങ്ങനെയുള്ള വാക്കുകൾ ആ പ്രത്യേക അവസ്ഥയുണ്ടാക്കിയ അനുരണനത്തിന്റെ അടിസ്ഥാനത്തിൽ ഉണ്ടാകുന്നവയാണെന്നു പറയപ്പെടുന്നു.

#### 1.1.8.4 കർമ്മസഹകാരി സിദ്ധാന്തം(The Yo-ho Theory)

ഭാരമുള്ള ജോലികളിൽ ഏർപ്പെടുമ്പോൾ അനായാസതയ്ക്കും ആവർത്തന വിരസത ഒഴിവാക്കുന്നതിനുമായി മനുഷ്യൻ ചില ശബ്ദങ്ങൾ പുറപ്പെടുവിക്കുണ്ട്. ആശബ്ദങ്ങൾക്കൊന്നും കൃത്യതയുള്ള അർഥം ഉണ്ടാകാറില്ല. 'ഏലേലം, ഐലസ' തുടങ്ങിയവയെല്ലാം ഇതിനുദാഹരണമാണ്. ഇത്തരം ശബ്ദങ്ങൾ ആ പ്രവൃത്തികളെ സൂചിപ്പിക്കാനുള്ള പേരുകളായി മാറുന്നുണ്ടെന്നാണ് ഈ സിദ്ധാന്തം പറയുന്നത്.

ഇംഗ്ലീഷ് നാവികർ നങ്കൂരമുയർത്തുമ്പോൾ ഉച്ചരിക്കുന്ന യോ- ഹീ - ഹോ എന്നീ ശബ്ദങ്ങളിൽ നിന്നാണ് നെടുവീർപ്പിടുക എന്നർഥമുള്ള ഹീവ് (Heav) എന്ന ക്രിയാപദം ഉണ്ടായത്. ഈ വാദത്തിൽ നിന്നാണ് ഈ സിദ്ധാന്തത്തിന് യോ -ഹീ - ഹോ എന്ന പേരു വന്നത്.

SGOU

### 1.1.8.5 വ്യാക്ഷേപക സിദ്ധാന്തം(Pooh-pooh Theory)

അത്യധികമായ അത്ഭുതം സൃഷ്ടിക്കുന്ന പ്രതിഭാസങ്ങളെയോ പദാർഥങ്ങളെയോ അഭിമുഖീകരിക്കേണ്ടി വരുമ്പോൾ ആ അത്ഭുതം ഭാഷയിലൂടെ പ്രത്യക്ഷീകരിക്കുക സാധാരണമാണ്. വ്യാക്ഷേപകങ്ങൾ എന്ന് വൈയാകരണൻമാർ പേരിട്ട ഒരു കൂട്ടം ശബ്ദങ്ങളാണ് പ്രസ്തുതവികാരങ്ങളെ വെളിപ്പെടുത്താനുപയോഗിക്കുന്നത്. ഇവയ്ക്ക് സ്വതന്ത്രമായ അർഥനിവേദന ശേഷിയുണ്ട്. ഈ വ്യാക്ഷേപങ്ങളിൽ നിന്ന് പിൽക്കാലത്ത് ചിലതരം നാമരൂപങ്ങളും ക്രിയാരൂപങ്ങളും ആവിർഭവിച്ചിരിക്കാമെന്ന് ചില ഗവേഷകർ ഊഹിച്ചിട്ടുണ്ട്. ഇതിനെയാണ് വ്യാക്ഷേപക സിദ്ധാന്തം എന്ന് വ്യവഹരിക്കുന്നത്. ഈ സിദ്ധാന്തമനുസരിച്ച് സൃഷ്ടിക്കപ്പെട്ട ഒരു സംഖ്യാ വാചക ശബ്ദമത്രേ സംസ്കൃതത്തിലെ ഹാഹാ എന്നത്. ഇത് കുറിക്കുന്നത് ഏറ്റവും വലിയ സംഖ്യയെയാണ്. അതു പോലെത്തന്നെ ഇംഗ്ലീഷിൽ ഫീൻഡ് (fiend ) എന്നത് ഒരു പിശാചിന്റെ പേരാണ്. അതുണ്ടായത് ഫൈ (fie) എന്നതിൽ നിന്നാണ്.

ഏതു ഭാഷയിലും വ്യാക്ഷേപക രൂപങ്ങളിൽ നിന്നുണ്ടായതാണെന്ന് ഊഹിക്കാൻ കഴിയുന്ന ചില പദങ്ങൾ സാധാരണമാണ്. എന്നാൽ അതു മാത്രമാണ് ഭാഷോല്പത്തിക്കു കാരണമെന്ന രീതിയിലുള്ള വാദങ്ങൾ മുഖവിലക്കെടുക്കാനാകില്ല. ഈ രംഗത്തെ മറ്റു സിദ്ധാന്തങ്ങൾക്കു സംഭവിച്ച അപചയം തന്നെയാണ് പിൽക്കാലത്ത് ഈ സിദ്ധാന്തത്തിന് സംഭവിച്ചത്.

## 1.1.9 ആശയവിനിമയ വ്യവസ്ഥ

ആശയം ഒരിടത്തു നിന്ന് മറ്റൊരിടത്തേക്ക് എത്തുമ്പോഴാണ് ആശയവിനിമയം നടക്കുന്നത്. ആശയവിനിമയം എന്ന് പറയുമ്പോൾ അതിൽ ആശയം പുറപ്പെടുവിക്കുന്ന ആൾ, ആശയം സ്വീകരിക്കുന്ന ആൾ എന്നീ രണ്ട് ഘടകങ്ങൾ ഉറപ്പായും വേണം ആശയം പുറപ്പെടുന്നത് എവിടെ നിന്നാണോ ആ സ്ഥലത്തെ 'ഉത്ഭവകേന്ദ്രം' എന്നും ആശയം എത്തിച്ചേരുന്ന സ്ഥലത്തെ 'പ്രാപ്യസ്ഥാനം' എന്നും വിളിക്കാം. ആശയങ്ങൾ ഒരിടത്തു നിന്നും മറ്റൊരിടത്തേക്ക് സഞ്ചരിക്കുകയാണല്ലോ അപ്പോൾ ആശയത്തിന് സഞ്ചരിക്കാനുള്ള വഴി ആവശ്യമാണ്. ആ മാർഗത്തെയാണ് സന്ദേശമാധ്യമം എന്നു പറയുന്നത്. ആശയവിനിമയ പ്രക്രിയയിൽ അത്തരത്തിൽ മൂന്ന് ഘടകങ്ങൾ ആവശ്യമാണ്.

## 1.1.10 ഉദ്ഭവ കേന്ദ്രം – സന്ദേശ മാധ്യമം – പ്രാപ്യസ്ഥാനം

ഉദ്ഭവകേന്ദ്രത്തിൽ നിന്ന് പുറപ്പെടുന്ന ആശയം സന്ദേശമാധ്യമത്തിലൂടെ സഞ്ചരിച്ച് പ്രാപ്യസ്ഥാനത്തെത്തുമ്പോഴാണ് ആശയവിനിമയം എന്ന സംഭവം പൂർണമാകുന്നത്. എന്നാൽ സന്ദേശം ആശയം എന്നൊക്കെ പറയുന്നത് പദാർഥമല്ല. അതുകൊണ്ടു തന്നെ മൂർത്ത വസ്തുക്കളെ പോലെ കൈകാര്യം ചെയ്യാനാകില്ല. ആശയത്തെ ഒരു സ്ഥലത്ത് നിന്നും മറ്റൊരു സ്ഥലത്തേക്ക് കൊണ്ടുപോകാൻ സാധിക്കില്ല. അപ്പോൾ ആശയം ഏതെങ്കിലും തരത്തിലുള്ള ഒരു പദാർത്ഥമായി അല്ലെങ്കിൽ ഊർജമാക്കി മാറ്റേണ്ടിവരുന്നു. ആശയവിനിമയ പ്രക്രിയയിൽ ആശയം അതേപടിയല്ല സഞ്ചരിക്കുന്നത്. അതിന് രൂപഭേദം വരുന്നുണ്ട്. സഞ്ചാരയോഗ്യമാക്കി തീർക്കപ്പെട്ട ആശയത്തിന്റെ പുതിയ രൂപത്തെയാണ് 'സന്ദേശചിഹ്നം' എന്ന് പറയുന്നത്. ആശയങ്ങളല്ല 'സന്ദേശചിഹ്നങ്ങൾ' ആണ് സന്ദേശമാധ്യമത്തിലൂടെ പ്രാപ്യസ്ഥാനത്ത് എത്തുന്നത്. ഇങ്ങനെ ആശയങ്ങളെ സന്ദേശ ചിഹ്നങ്ങളായി രൂപഭേദം വരുത്തുന്നതിനെ 'സങ്കേതനം' എന്നു പറയുന്നു. എന്നുവെച്ചാൽ ആശയങ്ങളെ സഞ്ചാരയോഗ്യമായ വിധത്തിൽ മൂർത്തീകരിക്കുക എന്നർഥം. പ്രാപ്യസ്ഥാനത്ത് എത്തുന്നത് ആശയങ്ങളല്ല സന്ദേശചിഹ്നങ്ങളാണ് എന്ന് വ്യക്തമായി, പ്രാപ്യസ്ഥാനത്തുവെച്ച് സന്ദേശ ചിഹ്നങ്ങളെ വീണ്ടും ആശയങ്ങളാക്കി മാറ്റിയാൽ മാത്രമേ ആശയം അവിടെ എത്തി എന്ന് പറയാനാവൂ. അങ്ങനെ സന്ദേശ ചിഹ്നങ്ങളെ പൂർവസ്ഥിതിയിലേക്ക് മാറ്റുന്ന പ്രക്രിയയ്ക്ക് വിസങ്കേതനം എന്നും പറയുന്നു. അപ്പോൾ ആശയവിനിമയം എന്ന സംഭവത്തിൽ അഞ്ച് ക്രിയകൾ നടക്കുന്നു എന്ന് കാണാം.

SGOU

## 1.1.11 ആശയോത്ഭവം - സങ്കേതനം - സന്ദേശ ചിഹ്നങ്ങളുടെ സഞ്ചാരം - വിസങ്കേതനം - ആശയ സ്വീകരണം

സംസാരിക്കുന്ന ആൾ അല്ലെങ്കിൽ വക്താവാണ് ഉത്ഭവകേന്ദ്രം. ആദ്യമായി വക്താവിൽ ആശയോദ്ഭവം ഉണ്ടാകണം. ഉച്ചാരണ അവയങ്ങളാണ് ആശയങ്ങളെ ശബ്ദങ്ങളാക്കി അഥവാ ശബ്ദതരംഗങ്ങളാക്കി മാറ്റുന്നത്. സങ്കേതനം എന്ന ക്രിയ നടത്തുന്നത് ഉച്ചാരണാവയവങ്ങളാണ് എന്നർഥം. ഉച്ചാരണ അവയവങ്ങൾ പുറപ്പെടുവിച്ച ശബ്ദതരംഗങ്ങൾ അന്തരീക്ഷവായുവിലൂടെ ( സന്ദേശമാധ്യമം ) ശ്രോതാവിന്റെ ചെവികളിലെത്തുന്നു. ശബ്ദതരംഗങ്ങളാണ് പ്രാപ്യസ്ഥാനത്തെത്തുന്നത് എന്നോർക്കണം. ശബ്ദതംഗങ്ങളെ (സന്ദേശചിഹ്നങ്ങളെ) വീണ്ടും ആശയങ്ങളാക്കി മാറ്റേണ്ടതുണ്ട്. കർണങ്ങളിൽ നിന്ന് തലച്ചോറിലേക്ക് നീണ്ടു കിടക്കുന്ന ശ്രവണ നാഡികളാണ് ആ ക്രിയ നിർവഹിക്കുന്നത്. അതായത് ശബ്ദതരംഗങ്ങളെ വിസങ്കേതനം ചെയ്യുന്നു. അതാണ് ശ്രവണ നാഡികൾ ചെയ്യുന്നത് അങ്ങനെ വിസങ്കേതനം ചെയ്ത ശബ്ദതരംഗങ്ങളെ ആശയങ്ങളായി സ്വീകരിക്കുന്നു. എല്ലാ ആശയങ്ങളിലും ഈ ക്രിയകളെല്ലാം നടക്കുന്നു എന്ന് പറയുന്നത് ശരിയായിരിക്കാൻ സാധ്യത കുറവാണ്.

## 1.1.12 ഭാഷാപഗ്രഥനരീതികൾ

ഏതു വിഷയത്തെയും ലക്ഷ്യഭേദമനുസരിച്ച് പല രീതികളിൽ അപഗ്രഥിക്കാനാകും. ഭാഷപോലെയുള്ള സങ്കീർണ്ണ വ്യവസ്ഥകളെയും വ്യത്യസ്തമായ സമീപന രീതികളിലൂടെ വിശകലനം ചെയ്യാൻ കഴിയും.

### 1.1.12.1 ഏകകാലികം ( Synchronic)

ഏതെങ്കിലും ഒരു കാലഘട്ടത്തിലെ ഭാഷയെ വസ്തുനിഷ്ഠമായി അപഗ്രഥിക്കുന്നതാണ് ഏകകാലിക പഠനം. ഒരു നിശ്ചിത കാലത്തെ വാമൊഴിഭേദങ്ങളെയോ കൃതികളിലെ ഭാഷയെയോ ആസ്പദമാക്കി പഠനം നടത്താം, ഇതാണ് ഏകകാലികം. ആധുനിക ഭാഷാശാസ്ത്രത്തിന്റെ ആരംഭഘട്ടത്തിൽ ഈ തരത്തിലുള്ള അപഗ്രഥനത്തിനാണ് ഊന്നൽ കൊടുത്തിരുന്നത്. വസ്തുതകൾ വിവരിക്കുക, ഘടനയെ വ്യക്തമാക്കുക എന്ന അർഥത്തിൽ ഏകകാലിക പഠനങ്ങൾക്ക് സാമാന്യമായി അവലംബിക്കുന്ന സമീപന രീതിയെ വിവരണാത്മകം എന്നും വിളിയ്ക്കുന്നു. ആധുനിക ഭാഷാശാസ്ത്രത്തിന്റെ അപഗ്രഥന സ്വഭാവം സൂചിപ്പിക്കുന്ന തരത്തിൽ ആദ്യകാലത്ത് ശാസ്ത്രം, ഘടനാത്മക ഭാഷാശാസ്ത്രം എന്നിങ്ങനെ വിശേഷിപ്പിക്കുന്നു. ഭാഷാശാസ്ത്രത്തിൽ ഏകകാലിക പഠനം മാത്രമല്ല ഉള്ളത്. എന്നാലും ഏകകാലിക പഠനത്തിലെ വിവരണാത്മക രീതിക്ക് പ്രാധാന്യം ലഭിച്ചത് ഭാഷാശാസ്ത്രത്തിന്റെ ആവിർഭാവത്തോടുകൂടിയാണ്.

#### 1.1.12.2 വിവരണാത്മക രീതിയുടെ പ്രത്യേകതകൾ

- വസ്തുനിഷ്ഠമായ വിവരണം മാത്രമാണ് ഈ രീതിയുടെ പഠനലക്ഷ്യം.
- സംഭരിച്ച വസ്തുതകളെ അടിസ്ഥാനമാക്കിയാണ് അപഗ്രഥനം നടത്തുന്നത്
- ഇന്ന പ്രയോഗം ശരി, മറ്റുള്ളവയെല്ലാം തെറ്റെന്ന് വിധിനിർണയം നടത്തുന്നില്ല. വ്യത്യസ്തങ്ങളായ പ്രയോഗങ്ങളെ അവ ഏത് സാഹചര്യത്തിൽ പ്രത്യക്ഷപ്പെടുന്നുവെന്ന് ചൂണ്ടിക്കാണിക്കാൻ മാത്രമേ ചെയ്യുന്നുള്ളൂ.
- ഭാഷാപ്രയോഗത്തിലുള്ള എല്ലാ തലങ്ങളിലെയും ഘടകങ്ങളെയും അവയുടെ സംയോജന രീതിയെയും വ്യക്തമാക്കുന്ന തരത്തിലുള്ള സമീപനം അർഥാത്മക രീതി അവലംബിക്കുന്നു. ഏകകാലികം എന്നതിൽ കാലദൈർഘ്യത്തെക്കുറിച്ചുള്ള നിഷ്കൃഷ്ടമായ വിവക്ഷയില്ല. പരിണാമങ്ങൾക്ക് വിധേയമായി സ്വഭാവമാറ്റം കാണിക്കുന്ന ഭാഷാമാതൃകകളെ ഈ സമീപനരീതികളിലൂടെ വിശകലനം ചെയ്യാറില്ല. ഉദാഹരണമായി മലയാളത്തിലെ, മണിപ്രവാളകാവ്യശൈലിയെക്കുറിച്ച് വിവരണാത്മകരീതിയിലുള്ള ഏകകാലിക പഠനം അസാധ്യമാണ്. കാരണം പ്രാചീ

SGOU

നം, മധ്യകാലം, ആധുനികം എന്നിങ്ങനെ മണിപ്രവാള കാവ്യശൈലി കാലിക പരിണാമങ്ങളോടെ വളർന്നു വന്നിട്ടുണ്ട്. ഭാഷാഭേദങ്ങൾ, കൃതികളിലെ ഭാഷകൾ, ആദിവാസി ഭാഷകൾ തുടങ്ങിയവ ഈ രീതിയിലുള്ള അപഗ്രഥനത്തിന് വിധേയമാക്കാവുന്നതാണ്.

### 1.1.12.3 ബഹുകാലികം ( Diachronic )

എല്ലാഭാഷകളും കാലനുസൃതമായി മാറിക്കൊണ്ടിരിക്കും. ഭാഷയുടെ ഈ പരിണാമ സ്വഭാവത്തെയാണ് ബഹുകാലിക പഠനത്തിൽ അന്വേഷിക്കുന്നത്. ഭാഷാ പരിണാമത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ മൂന്നു കാര്യങ്ങൾ പറയേണ്ടിവരും. ദീർഘമായ കാലയളവിൽ സംഭവിക്കുന്ന ഭാഷാപരിണാമത്തിന്റെ അപഗ്രഥനമാണ് ബഹുകാലികം. പരിണാമത്തിൽ ഭാഷയുടെ എല്ലാ സ്വഭാവങ്ങൾക്കും മാറ്റംസംഭവിക്കുന്നില്ല; പൂർവഘട്ടത്തിലെ പല സ്വഭാവങ്ങളും അതേപോലെ നിൽക്കും. രണ്ടാമതായി, ചില സ്വഭാവങ്ങൾ ഭാഷയിലേക്ക് കടന്നുവരും. രണ്ടും മൂന്നും പ്രക്രിയകൾ ഒന്നിച്ചും സംഭവിക്കാം. അതായത്, ചില സ്വഭാവങ്ങൾ പ്രയോഗത്തിലില്ലാതാവുകയും അവയ്ക്കുപകരം, പുതിയ സ്വഭാവങ്ങൾ കടന്നു വരികയും ചെയ്യും. ചിലപ്പോൾ ഭാഷയുടെ എല്ലാ തലങ്ങളിലും മാറ്റം സംഭവിക്കാം. അങ്ങനെ വരുമ്പോൾ സാഹചര്യത്തെളിവുകളനുസരിച്ച് അനുമാനങ്ങളിലൂടെ ചരിത്രരചന നടത്തേണ്ടിവരും.

### 1.1.12.4 താരതമ്യാത്മകം

ഇത് ബഹുകാലിക സമീപനരീതിയാണ്. ഒരു ഭാഷയുടെ പരിണാമ ചരിത്രം അന്വേഷിക്കുന്നതിനു പകരം ഒരു ഭാഷാഗോത്രത്തിന്റെ ചരിത്രമാണ് താരതമ്യാത്മക പഠനത്തിൽ വിഷയമാക്കുന്നത്. അതായത് ഒരേ ഗോത്രത്തിൽ പെടുന്ന സമാനസ്വഭാവങ്ങൾ പ്രകടിപ്പിക്കുന്ന ഭാഷകളിൽ കാണുന്ന സാജാത്യ - വൈജാത്യങ്ങൾ പഠനവിധേയമാക്കിക്കൊണ്ട്. വ്യാകരണം തയ്യാറാക്കുന്ന രീതിയാണ് താരതമ്യാത്മകപഠനം അഥവാ തുലനാത്മകപഠനം. ഈ സമ്പ്രദായത്തിൽ ഒരു മൂലഭാഷയും അതിൽ നിന്ന് പലഘട്ടങ്ങളിലായി വേർതിരിഞ്ഞ് സ്വതന്ത്ര വ്യക്തിത്വം സ്ഥാപിച്ച ഭാഷകളും കടന്നുവരുന്നു. താരതമ്യാത്മക ഭാഷാപഗ്രഥനത്തെ ചരിത്രാത്മക ഭാഷാപഗ്രഥനം എന്നും പറയുന്നു. ഇപ്രകാരം വേർപിരിഞ്ഞു പോകാനുണ്ടായ സാഹചര്യവും വേർപിരിഞ്ഞതിലൂടെ ഭാഷയ്ക്ക് വന്നുചേർന്ന ആഭ്യന്തരമായ മാറ്റങ്ങളും താരതമ്യാത്മക ഭാഷാപഗ്രഥനത്തിൽ പഠനവിധേയമാക്കുന്നു. കാൽഡ്വലിന്റെ 'ദ്രാവിഡഭാഷാവ്യാകരണം' 'ദ്രാവിഡഗോത്രത്തെക്കുറിച്ച് തുലനാത്മകരീതിയിൽ രചിച്ച ഗ്രന്ഥമാണ്. കെ. ഗോദവർമ്മയുടെ 'കേരള ഭാഷാവിജ്ഞാനീയ'ത്തിലും തുലനാത്മക സ്വഭാവം പ്രകടമാക്കുന്നുണ്ട്. തമിഴ്-മലയാള ഭാഷാചരിത്രങ്ങളുടെ താരതമ്യ പഠനം ഈ രീതിയിൽ നടത്താവുന്നതാണ്.

### 1.1.12.5 വ്യതിരേകാത്മകം.

രണ്ട് ഏകകാലിക ഭാഷാപഗ്രഥനങ്ങളുടെ താരതമ്യമാണ് വ്യതിരേകാത്മക ഭാഷാശാസ്ത്രം. രണ്ട് വ്യത്യസ്ത ഭാഷകളെ താരതമ്യം ചെയ്യുന്നതിലൂടെ അവയുടെ വ്യാകരണ വ്യവസ്ഥകളുടെ സാമ്യവ്യത്യാസങ്ങൾ പഠിക്കുന്ന സമീപനരീതിയാണിത്. അന്യഭാഷകളുടെ പഠനം എളുപ്പമാക്കിത്തീർക്കുന്നു എന്ന പ്രയോജനം ഇതിനുണ്ട്. അന്യഭാഷയെ പഠിക്കേണ്ടത് സ്വന്തം ഭാഷയുടെ വ്യവസ്ഥകളുടെ വെളിച്ചത്തിൽ അല്ലെന്നും പുതിയ വ്യവസ്ഥകളാണ് അതിന് വേണ്ടതെന്നുമുള്ള അഭിപ്രായങ്ങളുണ്ട്. മാർത്താണ്ഡവർമ്മയുടെ കാലത്ത് നിലവിലിരുന്ന തമിഴ്-മലയാളങ്ങളെക്കുറിച്ചുള്ള താരതമ്യപഠനം വ്യതിരേകാത്മകരീതിയാണ്

## 1.1.13 ഭാഷയുടെ വർഗീകരണം

ഭാഷകളുടെ സാമാന്യസ്വഭാവം മുൻ നിർത്തി വാമൊഴി - വരമൊഴി, വ്യവഹാരഭാഷ - മാനക ഭാഷ, പുഷ്ഠഭാഷ - അപുഷ്ഠഭാഷ, ജീവൽഭാഷ മൃതഭാഷ, ദേശീയഭാഷ - അന്താരാഷ്ട്രഭാഷ, മാതൃഭാഷ -ഒന്നാം ഭാഷ, സങ്കരഭാഷ - വെങ്കല ഭാഷ, ലോകഭാഷ -രഹസ്യഭാഷ എന്നിങ്ങനെ തിരിച്ചിരിക്കുന്നു.

### 1.1.13.1 വാമൊഴി -വരമൊഴി

ഭാഷയുടെ രണ്ട് പ്രകാശന മാധ്യമമാണ് ഭാഷണവും ലേഖനവും. ആദ്യകാലത്ത് ഭാഷകളെല്ലാം വാമൊഴിയായിരുന്നു. പിന്നീടാണ് വരമൊ

SGOU

ഴി രൂപം കൊണ്ടത്. വാമൊഴിയും വരമാഴിയും തുല്യപ്രാധാന്യം കല്പിക്കേണ്ടവയാണ്. വാമൊഴിയെക്കാളും കൂടുതൽ വരമൊഴി അതിന്റെ ഉപയോഗപ്പെടുത്തലിലൂടെ നിലനില്ക്കുന്നു.

ഉച്ചാരണത്തിലും പ്രയോഗത്തിലും വാമൊഴി വരമൊഴി വ്യത്യാസങ്ങൾ കാണാറുണ്ട്. വരമൊഴിയിൽ നിന്ന് മലയാളത്തിലെ വാമൊഴിക്കുള്ള പ്രധാന വ്യത്യാസങ്ങൾ ഇവയാണ്.

1. ഉച്ചാരണ വ്യത്യാസം : എഴുത്തു ഭാഷയിൽ നിന്ന് സംസാരഭാഷയിൽ പലതരത്തിലുള്ള ഉച്ചാരണ വ്യത്യാസങ്ങൾ ഉണ്ടാകാറുണ്ട്. ഉദാ: ദയ, ലജ്ജ, ജയം എന്നിങ്ങനെ എഴുതിയാലും വായിക്കുമ്പോൾ ദെയ, ലെജ്ജ, ജെയം എന്നാകുന്നു.
2. പദങ്ങൾ: വാമൊഴിയിൽ മാത്രം പ്രത്യക്ഷപ്പെടുന്ന പദങ്ങൾ ഉണ്ട്. ഉദാ: മണ്ട ( തല)
3. വ്യാകരണ രൂപങ്ങൾ: വരമൊഴിയിൽ സാധാരണയായി ഉപയോഗിക്കാത്ത ചില വ്യാകരണ രൂപങ്ങൾ വാമൊഴിയിൽ സർവസാധാരണയായി പ്രത്യക്ഷപെടുന്നു.

ഉദാ: കുറേശ്ശ ( കുറച്ചു വീതം), വരത്തില്ല ( വരില്ല)

4. അക്ഷരലോപം: പദങ്ങളെയും, വ്യാകരണരൂപങ്ങളെയും അക്ഷരലോപം ചെയ്ത് വാമൊഴിയിൽ ഉപയോഗിക്കുന്നു.

ഉദാ : മോൻ( മകൻ), തലേല്( തലയിൽ)

5. വ്യാക്ഷേപകം: വ്യാക്ഷേപക ശബ്ദം അധികമായി വാമൊഴിയിൽ ഉപയോഗിക്കുന്നു.

ഉദാ: വ്യാക്ഷേപകാർഥത്തിൽ അയ്യോ, പാവം, കഷ്ടം തുടങ്ങിയവ.

### 1.1.13.2 വ്യവഹാര ഭാഷ - മാനകഭാഷ

സാധരണയായി ഒരു ദേശത്ത് വ്യവഹരിക്കപ്പെടുന്ന ഭാഷയാണ് വ്യവഹാരഭാഷ. ഇതിന് ദേശഭേദമനുസരിച്ച് മാറ്റങ്ങളുണ്ടാകാം. ഉദാഹരണത്തിന് കേരളത്തിൽ തെക്ക് മുതൽ വടക്കു വരെ സംസാരിക്കുന്ന ഭാഷ പല രീതിയിലും വ്യത്യാസമുണ്ടെങ്കിലും നമുക്കെല്ലാം മലയാള ഭാഷ എന്ന സങ്കല്പം ഉണ്ട് മാനകം എന്നാൽ അടിസ്ഥാനമാതൃക, വൈവിധ്യങ്ങൾക്കെല്ലാം ആധാരമായ മൗലികരൂപം എന്നാണർഥം. ആശയവിനിമയം എന്ന ലക്ഷ്യത്തിനു വേണ്ടി മാത്രം ഉപയോഗിക്കുന്നതും ഭാഷാസമൂഹത്തിലെ എല്ലാവർക്കും സ്വീകാര്യമായതും സാഹചര്യങ്ങൾക്കനുസരിച്ച് മാറ്റങ്ങൾ സംഭവിക്കാത്തതും പ്രയോക്താക്കൾ ശുദ്ധപ്രയോഗം എന്ന് കരുതുന്നതും ഔപചാരിക സന്ദർഭങ്ങളിൽ സാമാന്യമായി ഉപയോഗിച്ചു വരുന്നതും ആയ ഭാഷാരീതിയാണ് മാനകഭാഷ.

### 1.1.13.3 പുഷ്ടഭാഷ - അപുഷ്ടഭാഷ

വളർച്ച നേടിയ, അഭിവൃദ്ധി പ്രാപിച്ച ഭാഷകളെയാണ് പുഷ്ടഭാഷകൾ അഥവാ വികസിതഭാഷകൾ എന്ന് പറയുന്നത്. സ്വന്തമായ ലിപിവ്യവസ്ഥയും സാഹിത്യവുമുള്ളവയാണവ. മലയാളം, കന്നട, തെലുങ്ക്, തമിഴ്, ഇംഗ്ലീഷ്, ഹിന്ദി എന്നിവ പുഷ്ട ഭാഷകൾക്ക് ഉദാഹരണമാണ്. പലപ്പോഴും അപുഷ്ടം എന്ന് വിശേഷിപ്പിക്കുന്നത് ഭാഷാ സ്വഭാവം പരിഗണിച്ചല്ല, ഭാഷ കൈകാര്യം ചെയ്യുന്നവരുടെ പിന്നാക്കാവസ്ഥ മുൻ നിർത്തിയാണ്. ഗിരിവർഗക്കാർ, നാടോടികൾ, ആദിവാസികൾ, പരിഷ്കൃത ലോകത്തിൽ നിന്നും മാറി ജീവിക്കുന്നവർ എന്നിവരും ഭൗതികജീവിതത്തിലെ അപുഷ്ടാവസ്ഥയെയാണ് അവരുടെ ഭാഷയുടെയും അപുഷ്ടാവസ്ഥയായി കരുതുന്നത്. ഇത്തരം ഭാഷകർക്ക് ലിംഗവ്യവസ്ഥ ഉണ്ടാകുന്നത് വിരളമായിരിക്കും. ഇങ്ങനെയുള്ള ഭാഷകളിൽ വാമൊഴിയായിട്ടാണ് സാഹിത്യം പ്രചാരത്തിലുള്ളത്.

### 1.1.13.4 ജീവൽഭാഷ - മൃതഭാഷ

ജീവൽ ഭാഷ നിത്യവ്യവഹാരത്തിൽ ഉള്ളതും ഇതരഭാഷകളോട് സമ്പർക്കപ്പെട്ട് വളരുന്നതുമാണ്. ഉദാ: മലയാളം, ഹിന്ദി തുടങ്ങിയ ഭാഷകൾ. സാമാന്യവ്യവഹാരത്തിൽ കാണാതെ വരമൊഴി രൂപത്തിൽ മാത്രം നില്ക്കുന്ന ഭാഷകളാണ് മൃതഭാഷകൾ. ലാറ്റിൻ, ഹീബ്രു തുടങ്ങിയ ഭാഷകൾ മൃതഭാഷകൾക്ക് ഉദാഹരണമാണ്.

SGOU

### 1.1.13.5 ദേശീയഭാഷ - അന്താരാഷ്ട്ര ഭാഷ

പല വൈവിധ്യങ്ങൾ വച്ചു പുലർത്തുന്ന ഭാഷകളും സംസ്കാരങ്ങളുമുള്ള ഒരു രാജ്യത്തിന്റെ ഔദ്യോഗിക വിനിമയത്തിന് ഉപയോഗിക്കാനും അതിന്റെ അഖണ്ഡത സംരക്ഷിക്കാനും സഹായിക്കുന്ന തരത്തിൽ അംഗീകരിക്കപ്പെട്ട ഭാഷയാണ് ദേശീയഭാഷ. രാജ്യങ്ങൾ തമ്മിലുള്ള സമ്പർക്കത്തിന്റെ പൊതുമാധ്യമം എന്ന നിലയിലാണ് അന്തർദേശീയ ഭാഷ എന്നൊരാശയം രൂപപ്പെട്ടത്. അന്താരാഷ്ട്ര പദവിയിലിരിക്കുന്ന ഇംഗ്ലീഷിനു തന്നെ ബ്രിട്ടീഷ് ഇംഗ്ലീഷ്, അമേരിക്കൻ ഇംഗ്ലീഷ്, ഇന്ത്യൻ ഇംഗ്ലീഷ് എന്നെല്ലാം രൂപഭേദങ്ങൾ വന്നിരിക്കുന്നു.

### 1.1.13.6 മാതൃഭാഷ - ഒന്നാംഭാഷ

മാതൃഭാഷ എന്നാൽ അമ്മയുടെ ഭാഷ എന്നർഥം. ഒരു കുട്ടി ആദ്യം സംസാരിച്ചു തുടങ്ങുന്ന ഭാഷ. സാധാരണ സാഹചര്യങ്ങളിൽ അത് അമ്മയുടെ സംസാരഭാഷ തന്നെയായിരിക്കും. ജനിച്ചതിനു ശേഷം ആദ്യമായി വശത്താക്കുന്ന ഭാഷ എന്നർഥത്തിലാണ് ഒന്നാം ഭാഷ എന്ന് പറഞ്ഞുവരുന്നത്. ഒരാൾക്ക് ഏറ്റവും സുഗമമായി ഉപയോഗിക്കാവുന്ന. അനൗപചാരിക സന്ദർഭങ്ങളിൽ സ്വാഭാവികമായി ഉപയോഗിക്കാവുന്ന ഭാഷ, വൈകാരികമായി അടുപ്പമുള്ള ഭാഷ എന്നെല്ലാമാണ് ഒന്നാം ഭാഷയുടെ രൂപകാർഥം.

### 1.1.13.7 സങ്കരഭാഷ - വെങ്കല ഭാഷ

ഭാഷകൾ ഉപയോഗിക്കുന്ന ജനവിഭാഗത്തിന്റെ പരസ്പര സമ്പർക്കം സാംസ്കാരിക വിനിമയം ഇവ അവരുടെ ഭാഷാരൂപത്തിൽ വലിയ മാറ്റങ്ങൾ വരുത്തുന്നു. ഇത്തരം ചേർച്ചയാണ് സങ്കരഭാഷയ്ക്ക് കാരണം. വാണിജ്യാവശ്യങ്ങൾക്കാണ് ഇത്തരം ഭാഷകൾ ഉണ്ടാവുന്നത് എന്നതിനാൽ ഇവയെ കച്ചവടഭാഷ എന്ന് വിളിക്കാറുണ്ട്. സങ്കര ഭാഷയുടെ പദസഞ്ചയത്തിന് അടിസ്ഥാനം പ്രബലഭാഷയായിരിക്കും. വാക്യഘടനയും മറ്റും ന്യൂന ഭാഷകളുടേതുമായിരിക്കും. സങ്കര ഭാഷകളുടെ പ്രധാന സ്വഭാവമാണിത്.

ഉദാ: റ്റോക്പിസിൻ (ന്യൂഗിനിയ )

ഇത്തരത്തിലുള്ള ഭാഷാ സമ്പർക്കം കാലപ്പഴക്കത്തിൽ സങ്കരാവസ്ഥയിൽ നിന്ന് വെങ്കലാവസ്ഥയിലേക്ക് വളരുന്നു. സമ്പർക്കത്തിലേർപ്പെടുന്ന പ്രബല ഭാഷയോട് ചേർത്തിരിക്കുന്നതും പ്രാബല്യം കുറഞ്ഞ ഭാഷയിൽ നിന്ന് ധാരാളം വ്യതിയാനങ്ങൾ വന്ന രീതിയിലുമാണ് വെങ്കല ഭാഷയുടെ രൂപം ഉണ്ടാവുക. ഇതിന് സ്വന്തം ഭാഷയിലെ പദാവലി പ്രബലഭാഷയിലേക്ക് കടത്തി അതിന്റെ ഊണത്തിലും വ്യാകരണത്തിലും മാറ്റം വരുത്തുന്നു എന്നതാണ് വെങ്കല ഭാഷയുടെ രൂപീകരണത്തിൽ വരുന്ന മാറ്റം. ഇങ്ങനെ ജനതയുടെ അടുത്ത തലമുറയുടെ മാതൃഭാഷയായിത്തീരുന്നു. സാധാരണ ഭാഷയിൽ നിന്നും വെങ്കല ഭാഷ ഭാഷോല്പത്തി സാഹചര്യത്തിൽ മാത്രമാണ് വ്യത്യാസപ്പെടുന്നത്. കാലക്രമത്തിൽ ഇതിന് വ്യാകരണവും മറ്റും ഉറയ്ക്കുകയും ചെയ്യുന്നു.

ഉദാ: ഫ്രഞ്ച് വാക്കുകൾ ധാരാളമുള്ള സെയ്ഷെലോയ്സ് എന്ന ഭാഷ (Seychelles)

### 1.1.13.8 ലോകഭാഷ - രഹസ്യഭാഷ

ഈ രണ്ടു ഭാഷകളും കൃത്രിമ ഭാഷകളാണ്. ലോകരാഷ്ട്രങ്ങൾക്കെല്ലാം പൊതുവായി ഉപയോഗിക്കാവുന്ന ഒരു സമ്പർക്ക ഭാഷ ഉണ്ടെങ്കിൽ നിലവിലുള്ള എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാകും എന്ന ആശയം വളരെ കൊല്ലങ്ങൾക്കു മുമ്പുതന്നെ ഉണ്ടായതാണ്. ജീവത് ഭാഷകളിൽ ഏതെങ്കിലുമൊന്നിനെ സാർവലൗകിക ഭാഷയായി അംഗീകരിക്കാനുള്ള പല വിഷമതകളും കൊണ്ടാണ് കൃത്രിമ ഭാഷകൾ ഉണ്ടാക്കിയത്. പ്രധാന കൃത്രിമഭാഷകളാണ് ഫൊലാപ്യൂക്കും എസ്പാരാന്റോയും ഒരുപ്രത്യേക ജനവിഭാഗത്തിന്റെയോ അന്താരാഷ്ട്ര തലത്തിലോ ഉപയോഗിക്കാനായി ഒരാൾ ഒറ്റയ്ക്കോ പലരും ചേർന്നോ രൂപം കൊടുക്കുന്ന ഭാഷയാണ് കൃത്രിമ ഭാഷ. പ്രചാരത്തിലുള്ള വിവിധ ഭാഷകളിൽ നിന്ന് പ്രസക്തമായ അംശങ്ങൾ കൂട്ടികലർത്തിയോ ഒരു ഭാഷയെയും ആശ്രയിക്കാതെയോ കൃത്രിമഭാഷകൾ നിർമ്മിക്കാം. എസ്പാരന്റേ, ഇഡോ, ഇന്റർലിംഗ്വാ, ഫൊലാപ്യൂക് എന്നിവയാണ് പ്രധാപ്പെട്ട കൃത്രിമ ഭാഷകൾ. പോളണ്ടിലെ ഭാഷാവിജ്ഞാനിയായ ലുഡ്വിഗ് സമെൻഹോഫ് 1887-ൽ രൂപപ്പെടുത്തിയ

SGOU

കൃത്രിമ ഭാഷയാണ് എസ്പാരാന്റോ. പോളിഷ്, റഷ്യൻ, ലിത്തുവേനിയൻ, ജർമ്മൻ, യിഡിഷ് എന്നീ ഭാഷകളുടെ സംഗമരംഗമായ റഷ്യൻ അതിർത്തി പ്രദേശത്ത് താമസിച്ചിരുന്ന സമെൻ ഹോഫ് പൗരസ്ത്യ ഭാഷകളുടെ പല സവിശേഷതകളും സംശ്ലിഷ്ട സ്വഭാവവും റൊമാൻസ് - ജർമ്മാനിക് ഭാഷകളും ഘടനയിൽ കൂടിക്കലർത്തിയതിന്റെ ഫലമാണ് എസ്പരാന്റോ.

രഹസ്യസ്വഭാവമുള്ളതും പ്രത്യേക ലക്ഷ്യങ്ങളുള്ളതുമായ ഭാഷയാണ് രഹസ്യഭാഷ. പ്രധാനമായും അഞ്ച് ആവശ്യങ്ങൾക്കുവേണ്ടിയാണ് രഹസ്യഭാഷകൾ പ്രയോഗിച്ചു വരുന്നത്.

1. രഹസ്യ സന്ദേശവിനിമയത്തിന്
2. പരിഹാസത്തിന്
3. വിനോദത്തിന്
4. ചില പ്രത്യേക താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന്
5. മന്ത്രവാദത്തിന്

## 1.1.14 ആനുവംശികവും കക്ഷ്യാപരവുമായ വിഭജനം

ഭാഷകളുടെ ആഭ്യന്തര ഘടനയിലുള്ള വ്യത്യാസത്തെ ആസ്പദമാക്കിയുള്ള വിഭജനമാണ് കക്ഷ്യാവിഭജനം. ഘടനാപരമായി ഭാഷകൾ പല സ്വഭാവങ്ങൾ പ്രദർശിപ്പിക്കുന്നുവെന്നും. അർഥമുക്തമായ പദപ്രത്യയങ്ങളും ആശയസൂചകമായ വാക്യങ്ങളുമാണ് ഭാഷയിലെ മുഖ്യഘടനയെന്നും ഈ ഘടനകളിൽ ഘടകങ്ങൾ എങ്ങനെ ചേർന്നിരിക്കുന്നു എന്നതുമാണ് കക്ഷ്യാവിഭജനത്തിന്റെ അടിസ്ഥാനം. പദഘടനയിലുള്ള വ്യത്യാസങ്ങളെ ആധാരമാക്കി ഭാഷകളെ പ്രാകൃതം, സംശ്ലിഷ്ടം, വൈകൃതം, സംഘടിതം, അപഗ്രഥിതം എന്നിങ്ങനെ അഞ്ചായി തിരിച്ചിരിക്കുന്നു.

### 1.1.14.1 പ്രാകൃതകക്ഷ്യ

പ്രകൃതിക്ക് പ്രാധാന്യമുള്ള ഭാഷ എന്ന അർഥത്തിലാണ് പ്രാകൃതകക്ഷ്യ എന്ന് ഇത്തരം ഭാഷകൾ ഉൾപ്പെടുന്ന കക്ഷ്യക്ക് പേരിട്ടത്. വാക്യാംഗങ്ങളായ പദങ്ങളിൽ വ്യാകരണധർമ്മങ്ങളിലെ വ്യത്യാസം സൂചിപ്പിക്കാൻ പ്രത്യയങ്ങൾ ചേരുന്നില്ല എന്നതാണ് ഈ കക്ഷ്യയുടെ സ്വഭാവം. പ്രത്യയങ്ങൾ കൊണ്ട് പ്രകൃതികളെ രൂപഭേദം വരുത്തുന്നില്ല. വാക്യത്തിലെ ഓരോ പദവും ഏറെക്കുറെ ഒറ്റതിരിഞ്ഞ് നിൽക്കുന്നു. നാമം, ക്രിയ തുടങ്ങിയപദവർഗങ്ങളുടെയും വിഭക്തി, കാലം, പ്രകാരം, തുടങ്ങിയവ്യാകരണരൂപങ്ങളുടെയും വ്യത്യാസം കുറിക്കുന്നതിനുള്ള രൂപാവലികളൊന്നും ഈ കക്ഷ്യയിൽ ഉൾപ്പെടുന്ന ഭാഷകളിൽ കാണുന്നില്ല.. വാക്യത്തിൽ പദങ്ങൾ തമ്മിലുള്ള ബന്ധം പ്രകടിപ്പിക്കാൻ പ്രകൃതികളെ തന്നെ ഉപയോഗിക്കുന്നു. വിയറ്റ്നാമി, ചൈനീസ്, ടിബറ്റൻ, ബർമിസ്, സയാമിസ് തുടങ്ങിയ ഭാഷകൾ പ്രാകൃതകക്ഷ്യയിൽപ്പെടുന്നു. ചൈനീസ് ഭാഷയിൽ യെൻ എന്ന പദം പുക, ഉപ്പ്, കണ്ണ്, താറാവ് എന്നിങ്ങനെ വിവിധങ്ങളായ അർഥബോധത്തിന് ഉച്ചാരണ വ്യത്യാസത്തോടെ ഉപയോഗിക്കുന്നതായി കെ. ഗോദവർമ്മ ചൂണ്ടിക്കാണിക്കുന്നു ഇങ്ങനെ വിവിധ അർഥങ്ങൾ ഉച്ചാരണ വ്യത്യാസം കൊണ്ട് മാത്രം സൂചിപ്പിക്കാൻ നില്ക്കാതെ വേണ്ട അർഥം തന്ന ഒരു പദം കൂടി ഈ പദത്തിന്റെ പിന്നിലായി പ്രയോഗിക്കുന്ന സമ്പ്രദായവും ചൈനീസ് ഭാഷയിലുണ്ട്. യെൻ എന്ന പദത്തിന് കണ്ണ് എന്ന അർഥം വേണ്ടി വരുന്നിടത്ത് കൃഷ്ണമണി എന്നർഥമുള്ള 'ചിങ്ഗ്' ചേർത്ത് 'യെൻചിങ്ഗ്' എന്ന് പറയാറുണ്ടെന്ന് അദ്ദേഹം ഉദാഹരിക്കുന്നു.

### 1.1.14.2 സംശ്ലിഷ്ടകക്ഷ്യ

കൂടിച്ചേരുക എന്നർഥമുള്ള സംശ്ലേഷിക്കുക എന്ന വാക്കിൽ നിന്നാണ് ഈ കക്ഷ്യയ്ക്ക് പേരുണ്ടായത്. പ്രകൃതിയോട് പല പ്രത്യയങ്ങളും ഒന്നിനു പുറകെ മറ്റൊന്ന് എന്ന രീതിയിൽ ചേർത്തു കൊണ്ടുള്ള പദഘടനയുള്ളവയാണ് സംശ്ലിഷ്ട കക്ഷ്യയിലെ ഭാഷകൾ. പ്രകൃതിയോട് ചേർക്കുന്ന ഓരോ പ്രത്യയവും ഓരോ വിശേഷാർഥം സൂചിപ്പിക്കും. കൂട്ടിചേർക്കുന്ന പ്രത്യയങ്ങളെല്ലാം ഓരോന്നായി വേർപെടുത്തി ഓരോന്നിനും അർഥം കല്പിക്കാൻ കഴിയും. സംശ്ലിഷ്ടകക്ഷ്യാ സ്വഭാവം ഏറ്റവും കൂടുതൽ കാണിക്കുന്ന ഭാഷയാണ് തുർക്കി. മലയാളം ഉൾപ്പെടുന്ന ദ്രാവിഡ ഭാഷകളുടെ സാമാന്യസ്വഭാവവും സംശ്ലിഷ്ട കക്ഷ്യയുടെതാണ്. ഉദാ: മി

SGOU

ടുക്കന്മാരുടെ എന്ന പദത്തിന്റെ ഘടന മിടുക്ക് ( പ്രകൃതി) + അൻ (പുല്ലിംഗ പ്രത്യയം ) + മാർ (ബഹുവചന പ്രത്യയം) + ഉടെ ( സംബന്ധികാ വിഭക്തി) എന്നിങ്ങനെ വേർപെടുത്തി ഓരോന്നിനും അർഥം കല്പിക്കാൻ കഴിയും.

### 1.1.14.3 വൈകൃതകക്ഷ്യ

പദഘടനയെ പ്രകൃതിയായും ഭിന്നാർഥങ്ങളുള്ള പ്രത്യയങ്ങളായും വേർതിരിച്ച് കാണിക്കാൻ കഴിയില്ല. ഈ സ്വഭാവങ്ങൾ കാണിക്കുന്നതാണ് വൈകൃതകക്ഷ്യ. വിഭിന്നവ്യാകരണ ധർമ്മങ്ങളും വ്യത്യസ്താർഥങ്ങളുമുള്ള പദങ്ങൾ തിരിച്ച് കാണിക്കാൻ കഴിയാത്ത തരത്തിൽ പല മാറ്റങ്ങളും കാണിക്കുന്നു എന്ന അർഥത്തിലാണ് വൈകൃതം എന്ന് ഈ കക്ഷ്യയ്ക്ക് പേരുണ്ടായത്. പ്രകൃതിക്ക് മുൻപും പിൻപും പ്രത്യയങ്ങൾ ചേർക്കുന്നു. പ്രകൃതിക്ക് തന്നെ ആന്തരമായ വ്യത്യാസം വരുന്നു. ഒന്നിലധികം അർഥങ്ങളും വ്യാകരണ ധർമ്മങ്ങളും ഒരേ പ്രത്യയത്തിൽ അലിഞ്ഞ് ചേർന്നിരിക്കുന്നു. സംസ്കൃതം, ഇംഗ്ലീഷ്, റഷ്യൻ, അറബി, ഹീബ്രു തുടങ്ങിയ ഭാഷകൾ ഈ കക്ഷ്യയിൽ പെടുന്നവയാണ്. give, run തുടങ്ങിയ ഇംഗ്ലീഷ് പദങ്ങളുടെ ഭൂതകാല രൂപങ്ങളായ gave, ran എന്നിവയിൽ നിന്ന് ഭൂതകാല പ്രത്യയങ്ങളെയും man, mouse എന്നിവയുടെ ബഹുവചനരൂപങ്ങളായ men, mise എന്നിവയിൽ നിന്ന് വചനപ്രത്യയങ്ങളെയും വേർതിരിച്ച് കാണിക്കാൻ കഴിയില്ല. ഇങ്ങനെ പ്രകൃതിപ്രത്യയങ്ങൾ അലിഞ്ഞ് ചേർന്ന് പലതരത്തിലുള്ള രൂപഘടനകൾ പ്രദർശിപ്പിക്കുന്നവയാണ് വൈകൃത കക്ഷ്യയിലെ ഭാഷകൾ.

### 1.1.14.4 സംഘടിതകക്ഷ്യ

ഒരു വാക്യത്തെ അപ്പാടെ ഒറ്റ പദമാക്കി ഉപയോഗിക്കുന്നതാണു ഈ കക്ഷ്യയിൽ ചേർന്ന ഭാഷകളുടെ പൊതുസ്വഭാവം. മറ്റു ഭാഷകളിൽ പല പദങ്ങൾ ചേർന്നു നിന്ന് പ്രകാശിപ്പിക്കുന്ന സംയുക്താശയം സംഘടിത കക്ഷ്യയായിൽപെട്ട ഭാഷകളിൽ ഒറ്റപദമായി കാണിക്കുന്നു. അമേരിക്കൻ, ഇന്ത്യൻ ഭാഷകൾ, ഈ സ്വഭാവമാണ് കാണിക്കുന്നത്. ഗ്രീൻലാന്റിലെ ഭാഷയിൽ "അവൻ മീൻ പിടിക്കാൻ പോകുന്നതിനു തിടുക്കം കൂട്ടുന്നു " എന്നതിനു " ഒലിസറിയർ തോറസ് വർ പോകാ " എന്ന സംഘടിക പദരൂപം മാത്രം പ്രയോഗിച്ചാൽ മതി. ബാസക് ഭാഷയാണ് ഈ കക്ഷ്യയിലെ മികച്ച ഉദാഹരണം "എനിക്കു അറിഞ്ഞു കൂടാ പെണ്ണേ" എന്ന നീണ്ട വാക്യത്തിനു പകരമായി "Eztakinat"എന്ന ഒറ്റ പദമാണ് ഈ ഭാഷയിൽ ഉപയോഗിക്കുന്നത്.

### 1.1.14.5 അപശ്ലിഷ്ടകക്ഷ്യ

വൈകൃതകക്ഷ്യയിലെ ഭാഷകൾ വളർച്ചയുടെ ഘട്ടത്തിൽ കൂടുതൽ അപശ്ലിഷ്ട സ്വഭാവം പ്രദർശിപ്പിക്കുന്നു. വൈകൃതകക്ഷ്യയിൽപ്പെടുന്ന ഇൻഡോ-യൂറോപ്യൻ ഭാഷകളിൽ പ്രത്യയം പ്രകൃതിയിൽ നിന്നു വേർതിരിച്ചെടുക്കാത്തവണ്ണം സ്ഥിതിചെയ്യുന്നു. കാലക്രമത്തിൽ ഉച്ചാരണത്തിലും മറ്റും വരുന്ന മാറ്റങ്ങൾ കാരണം പദങ്ങൾ അവയുടെ ആദിരൂപത്തിൽ നിന്നും വളരെ അകന്നു പോകുവാൻ ഇടയാക്കുന്നു.. ഇങ്ങനെ വിഭ്രമജനകമായ ഒരു അവസ്ഥ വൈകൃത കക്ഷ്യയിൽപ്പെട്ട ഭാഷകളിൽ വരുമ്പോൾ പ്രത്യയങ്ങളുടെ സ്ഥാനത്തു ഗതികളും അനുപ്രയോഗ ധാതുക്കളും ക്രിയാവിശേഷണങ്ങളും പ്രയുക്തങ്ങളാക്കി ഭാഷയെ അപശ്ലിഷ്ടകക്ഷ്യയിൽ ഉൾപ്പെടുത്തേണ്ടിവരും. വൈകൃതകക്ഷ്യയിലെ ഭാഷകളുടെ അനുക്രമമായ വളർച്ചയിൽ സംഭവിക്കുന്ന ഒരു ഘട്ടം മാത്രമാകയാൽ ഇതിനെ പ്രത്യേകിച്ചൊരു കക്ഷ്യയായി ഗണിക്കേണ്ടതില്ലെന്നു ചിലർ അഭിപ്രായപ്പെടുന്നു.

## 1.1.15 മലയാളത്തിലെ ഗോത്ര കക്ഷ്യാബന്ധങ്ങൾ

ലോകത്തിലെ എല്ലാ ഭാഷകൾക്കും പൊതുവായ ഒരു പൂർവദശ ഉണ്ടായിരുന്നു എന്ന പരികല്പനയാണ് സമാന സ്വഭാവം പുലർത്തുന്ന ഭാഷകളെന്ന് വൈജാത്യമുള്ള ഭാഷകളെന്നും ഭാഷാസമൂഹത്തെ വർഗീകരിക്കുന്നതിനു അടിസ്ഥാനം. പ്രകൃതികൾ, പ്രത്യയങ്ങൾ ഇവയുടെ പാരസ്പര്യത്തിന്റെ സമാനപദങ്ങങ്ങളുടെ സാദൃശ്യവൈസാദൃശ്യങ്ങൾ എന്നിവ ഈ വിഭജനത്തിൽ പരിശോധിക്കുന്ന മേഖലകളാണ്. ഇൻഡോ യൂറോപ്യൻ ഭാഷാ കുടുംബം, സൈനോ -ടിബറ്റൻ ഭാഷാകുടുംബം, ആസ്ട്രിക്ഭാഷാഗോത്രം, ദ്രാവിഡഭാഷാഗോത്രം



SGOU

എന്നിവയാണ് ഇന്ത്യയിൽ പ്രചാരത്തിലുള്ള ഭാഷാഗോത്രങ്ങൾ. ഭാഷാശാസ്ത്രജ്ഞന്മാർ അംഗീകരിച്ചിട്ടുള്ള ഭാഷാഗോത്രങ്ങളിൽ പ്രധാന പ്പെട്ടവ താഴെ വിവരിക്കുന്നു.

### 1.1.15.1 ഇൻഡോയൂറോപ്യൻ ഗോത്രം

ഗോത്രഭാഷകളിൽ ഏറ്റവും പ്രബലമായ ഗോത്രമാണ് ഇൻഡോയൂറോപ്യൻ ഗോത്രം. ഇന്ത്യയിലും യൂറോപ്പിലും പ്രചാരത്തിലിരിക്കുന്ന മിക്ക ഭാഷകളും ഈ വിഭാഗത്തിൽപ്പെടും. ഇംഗ്ലീഷ്, ഫ്രഞ്ച്, ഗ്രീക്ക്, ഇറ്റാലിയൻ, ഹിന്ദി, പഞ്ചാബി, നേപ്പാളി, സംസ്കൃതം തുടങ്ങിയവ ഈ ഗോത്രത്തിലെ ഭാഷകൾക്കു ഉദാഹരണമാണ്. ഏതാണ്ട് എണ്ണായിരം വർഷങ്ങൾക്കു മുമ്പ് പടിഞ്ഞാറെ ഏഷ്യയ്ക്കും മധ്യയൂറോപ്പിനും ഇടയിൽ പ്രചാരത്തിലിരുന്ന ഒരു മൂലഭാഷയുടെ വൈചിത്രമാർന്ന പിരിവുകളാകാം ഈ ഗോത്രത്തിലെ ഭാഷകൾ എന്നു കരുതുന്നു ഇവ മിക്കവാറും വൈകൃത കക്ഷ്യയിൽ പെടുന്ന ഭാഷകളാണ്. സുദീർഘമായ സമസ്ത പദങ്ങൾ ഉണ്ടാക്കാനുള്ള കെൽപ്പും പദങ്ങൾക്കിടയിലെ ബന്ധം കാണിക്കുന്ന പ്രത്യയങ്ങൾ ചേരുന്ന രീതിയും ഈ ഭാഷകളുടെ പ്രത്യേകതകളാണ്.

### 1.1.15.2 സെമിറ്റിക് ഗോത്രം

പ്രാമാണ്യത്തിൽ അടുത്ത സ്ഥാനത്തു നില്ക്കുന്ന സെമിറ്റിക് ഗോത്രത്തിൽ ഹീബ്രു, ഫിനീഷ്യൻ, അറബിക് തുടങ്ങിയ ഭാഷകൾ ഉൾപ്പെടുന്നു. സെമിറ്റിക് ഗോത്രത്തിൽപ്പെട്ട ഭാഷകളുടെ ലിപിവിന്യാസം പരിഷ്കരിച്ചാണ് ലോകത്തിലെ മറ്റെല്ലാ ഭാഷകൾക്കും ലിപിവ്യവസ്ഥ ഉണ്ടായതെന്നു പറയപ്പെടുന്നു. മൂന്ന് വ്യഞ്ജനങ്ങൾ ചേർന്നുണ്ടാക്കുന്ന ധാതുക്കളിൽ പൂർവാനുബന്ധങ്ങൾ ചേർത്താണു സെമറ്റിക് ഭാഷയിൽ പദങ്ങൾ ഉണ്ടാക്കുന്നത്. വൈകൃത കക്ഷ്യയിലാണു ഈ വിഭാഷകൾ ഉൾപ്പെടുക.

### 1.1.15.3 ഹാമറ്റിക് ഗോത്രം

മെഡിറ്ററേനിയൻ വർഗക്കാരുടെ ഭാഷകളാണു മുഖ്യമായും ഹാമറ്റിക് ഗോത്രത്തിൽ ചേർത്തിരിക്കുന്നത്. ലിംഗ വ്യവസ്ഥയിലെ കൃത്രിമത്വ നാമങ്ങളിൽ കാണുന്ന ബഹുവചന പ്രത്യങ്ങൾ എന്നിവ ഈ ഭാഷകൾക്കു സെമിറ്റിക് ഭാഷകളോടു അടുപ്പമുള്ളതായി കാണിക്കുന്നു. “വ്യാകരണപരമായ പൊരുത്തം ഈ രണ്ടു ഗോത്രങ്ങളിലുൾപ്പെട്ട ഭാഷകൾക്കു ഒരു പൂർവ ദശ ഉണ്ടായിരുന്നു എന്നതിന്റെ തെളിവായി കാണാമെന്നു” ഗോദവർമ പറയുന്നു. കോപ്റ്റിക്, ബെർബർ, എത്തിയോപ്പിക് തുടങ്ങിയ ഭാഷകൾ ഈ ഗോത്രത്തിൽ ഉൾപ്പെടുന്നു.

### 1.1.15.4 തെക്കുകിഴക്കൻ ഏഷ്യാറ്റിക് ഗോത്രം

ചീനാഗോത്രം, ഏകാക്ഷര പ്രാകൃതി ഭാഷാഗോത്രം എന്നീ പേരുകളിലും ഇത് അറിയപ്പെടുന്നു. പദങ്ങൾ ഏകാക്ഷരങ്ങളും കേവല പ്രകൃതികളുമാണ്. ഒരു പദം നാമമോ നാമവിശേഷണമോ ക്രിയാവിശേഷണമോ എന്നു നിശ്ചയിക്കുന്നതു അതിന്റെ ഉച്ചാരണം നോക്കിയാണ്. ഏഷ്യയുടെ തെക്കുകിഴക്ക് പ്രദേശങ്ങളിൽ വ്യവഹരിച്ചു പോരുന്ന ചൈനീസ്, അന്നാമീസ്, ബർമീസ്, സയാമീസ്, ടിബറ്റൻ തുടങ്ങിയ ഭാഷകൾ ഈ ഗോത്രത്തിൽ ഉൾപ്പെടുന്നു.

### 1.1.15.5 യൂറൽ അൽറ്റേയ്ക്ക് ഗോത്രം

യൂറൽ അൽറ്റേയ്ക്ക് പർവത നിരകളുടെ മധ്യഭാഗത്തു വ്യവഹരിക്കപ്പെട്ടു പോന്ന മൂലഭാഷയിൽ നിന്നാണു ഈ ഗോത്രത്തിലെ ഭാഷകൾ ഉണ്ടായത്. ടൂറിനേയൻ, സിഥിയൻ എന്നും ഈ ഗോത്രത്തെ വിളിച്ചു പോരുന്നു. ലാപ്പാഷ്, ഫിന്നിഷ്, ടർക്കിഷ്, മംഗോൾ, മഞ്ചു എന്നീ ഭാഷകൾ ഈ ഗോത്രത്തിൽ പെടുന്നു. കൂടാതെ ഈ ഗോത്രത്തിലെ ഭാഷകൾ സംശ്ലിഷ്ടകക്ഷ്യയിൽ പെടുന്നതാണ്. പ്രകൃതിയിലെ സ്വരങ്ങളോടു പ്രത്യയത്തിലെ സ്വരങ്ങൾക്ക് അനുരൂപ്യം വരുന്നു സ്വരസാരൂപ്യനയം (Vowel Harmony) ഈ ഭാഷകൾ അനുവർത്തിക്കുന്നു.

### 1.1.15.6 ആസ്ട്രിക് ഗോത്രം

ദേശവ്യാപ്തി കൊണ്ട് ഒന്നാം സ്ഥാനമർഹിക്കുന്ന ഗോത്രമാണിത്. ഇൻഡോനേഷ്യയിലെ പോളിനേഷൻ, ഖാസി, മുണ്ടാഭാഷകൾ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നു. സംശ്ലിഷ്ട കക്ഷ്യ സ്വഭാവമാണു ഈ ഭാഷകൾക്കുള്ളത്. ആര്യ, ദ്രാവിഡ ഭാഷകൾക്ക് ആസ്ട്രിക് ഭാഷകളുമായി ബന്ധമുണ്ടെന്നു പറയുന്നു.

SGOU

#### 1.1.15.7 ബാണ്ടു ഗോത്രം

തെക്കേ ആഫ്രിക്കയുടെ ദക്ഷിണ ഭാഗങ്ങളിലും മധ്യഭാഗങ്ങളിലും വ്യവഹരിക്കപ്പെടുന്ന നൂറ്റമ്പതിൽപ്പരം ഭാഷകൾ അടങ്ങിയ ഗോത്രമാണിത്. സുബു, ഹെററൊ, ഗാൻഡേ, ക്സോസ, സ്വാഹീലി, ഡുവാല, ബോംബാ തുടങ്ങിയവയാണ് ഇതിലെ പ്രധാന ഭാഷകൾ.

#### 1.1.15.8 ദ്രാവിഡഗോത്രം

മലയാളം, തമിഴ്, കന്നട, തെലുങ്ക് എന്നീ പുഷ്ടഭാഷകളും കൊടക്, തുളു എന്നി അർധ പുഷ്ട ഭാഷകളും തോത, ബ്രാഹൂയി മുതലായ അപുഷ്ട ഭാഷകളും അടങ്ങിയതാണ് ദ്രാവിഡ ഗോത്രം. സംശ്ലിഷ്ട കക്ഷ്യാസ്വഭാവം ഈ ഗോത്ര ഭാഷകളിൽ കാണാമെങ്കിലും ചിലതു വൈകൃതകക്ഷ്യയുടെ സ്വഭാവ സവിശേഷതകളിലേക്ക് പരിണമിച്ചു കൊണ്ടിരിക്കുന്നു. തെക്കേ ഇന്ത്യയിലാണ് പ്രധാനമായും ഈ ഭാഷകൾ കാണപ്പെടുന്നത്. മലയാളം ഗോത്രപരമായി ദ്രാവിഡത്തിലും കക്ഷ്യാപരമായി സംശ്ലിഷ്ട കക്ഷ്യയിലും ഉൾപ്പെടുന്നു എന്നാൽ മലയാളത്തിന്റെ ഇപ്പോഴത്തെ നില സംശ്ലിഷ്ട കക്ഷ്യയിൽ നിന്നും വൈകൃത കക്ഷ്യയിലേക്കുള്ള പടിവാതിലിലാണ് എന്ന് കേരളപാണിനീയത്തിൽ പറയുന്നുണ്ട്. സംസ്കൃത സ്വാധീനമാണ് ഇതിനു കാരണം.

## Recap

- മനുഷ്യനു ലഭിച്ചിട്ടുള്ള ഏറ്റവും വലിയ സിദ്ധിവിശേഷമാണ് ഭാഷ
- വിജ്ഞാനം തലമുറകളിലേക്ക് പകർന്ന് മനുഷ്യരാശിയെ ഭാഷ പുരോഗമനത്തിലേക്ക് നയിക്കുന്നു.
- മാനുഷികമായ സിദ്ധിയാണ് ഭാഷ
- ആശയവിനിമയത്തിനു വേണ്ടി മനുഷ്യൻ ഉപയോഗിക്കുന്ന എല്ലാ ശബ്ദങ്ങളും ഭാഷയാകുന്നില്ല
- മാനസികാനുഭവങ്ങളുടെ പ്രതിനിധീകരണമാണ് ഭാഷണം
- പരസ്പരം സഹകരിക്കാൻ സമൂഹം ഉപയോഗിക്കുന്ന സ്വേച്ഛാപരമായ വാചിക പ്രതീകങ്ങളുടെ വ്യവസ്ഥയാണ് ഭാഷ.
- ഒരു സമൂഹത്തിന്റെ ഭാഷയെന്നത് ആ സമൂഹത്തിലുണ്ടാക്കുന്ന ഭാഷണങ്ങളുടെ ആകെത്തുകയാണ്
- ലളിതവും ലഘുവുമായ നിർവചനത്തിന് വഴങ്ങാത്ത പ്രതിഭാസമാണ് ഭാഷ
- ഭാഷ ആശയവിനിമയത്തിനും ആത്മപ്രകാശനത്തിനും ഉള്ള ഉപാധിയാണ്
- ആശയം, അർഥം, വസ്തു എന്നിവയെ സൂചിപ്പിക്കുന്ന ചിഹ്നമാണ് പ്രതീകം
- ഭാഷയിലെ പ്രതീകങ്ങൾ ( ചിഹ്നങ്ങൾ) വാക്കുകളാണ്
- ശബ്ദബിംബം (സൂചകം) സൂചകം മനസിലുണ്ടാക്കുന്ന പ്രതിബിംബമാണ് സൂചിതം
- ഒരേ വസ്തു വിവിധ ഭാഷകളിൽ വിവിധ നാമങ്ങളിൽ അറിയപ്പെടുന്നു
- ഭാഷയിലുപയോഗിക്കുന്ന വർണ്ണങ്ങൾ ഒരു പ്രത്യേക തരത്തിൽ അടുക്കുമ്പോൾ പദങ്ങളുണ്ടാക്കുന്നു.
- പദങ്ങളുടെ സംയോജനത്തിലൂടെ വാക്യങ്ങളുണ്ടാക്കുന്നു
- പരിവർത്തനോന്മുഖതയാണ് ഭാഷയുടെ മറ്റൊരു സവിശേഷത
- ഭാഷയുടെ സ്വഭാവം കാലം ചെല്ലുന്തോറും മാറിക്കൊണ്ടിരിക്കും. ശബ്ദസ്വരൂപമാണ് ഭാഷ

SGOU

- പരിണാമം ഭാഷയുടെ പൊതുസ്വഭാവമാണ്
- ഭാഷാർജനത്തിനുള്ള വാസന മനുഷ്യർക്ക് ജന്മസിദ്ധമായിരിക്കണം.
- അനുകൂല സാഹചര്യങ്ങളിൽ ഏതു മനുഷ്യശിശുവും ഭാഷ സ്വായത്തമാക്കും
- കുട്ടികളുടെ ആദ്യശബ്ദ പ്രകടനം പിറവിക്കരച്ചിലാണ്
- ശബ്ദങ്ങളെ മനുഷ്യന്റെ ചേഷ്ടകളുമായി ബന്ധപ്പെടുത്തി വ്യാഖ്യാനിക്കാം
- അനുകരണത്വരയുള്ള ജീവിയാണ് മനുഷ്യൻ
- ആശയം ഒരിടത്തു നിന്ന് മറ്റൊരിടത്തേക്ക് എത്തുമ്പോഴാണ് ആശയവിനിമയം നടക്കുന്നത്
- ആശയത്തിന്റെ പുതിയ രൂപത്തെയാണ് ''സന്ദേശചിഹ്നം'' എന്ന് പറയുന്നത്
- ഉച്ചാരണ അവയങ്ങളാണ് ആശയങ്ങളെ ശബ്ദങ്ങളാക്കി അഥവാ ശബ്ദ തരംഗങ്ങളാക്കി മാറ്റുന്നത്
- ഏതെങ്കിലും ഒരു കാലഘട്ടത്തിലെ ഭാഷയെ വസ്തുനിഷ്ഠമായി അപഗ്രഥിക്കുന്നതാണ് ഏകകാലിക പഠനം.
- ഒരു നിശ്ചിത കാലത്തെ വാമൊഴിഭേദങ്ങളെയോ കൃതികളിലെ ഭാഷയെയോ ആസ്പദമാക്കി പഠനം നടത്താം
- ദീർഘമായ കാലയളവിൽ സംഭവിക്കുന്ന ഭാഷാപരിണാമത്തിന്റെ അപഗ്രഥനമാണ് ബഹുകാലികം.
- പരിണാമത്തിൽ ഭാഷയുടെ എല്ലാ സ്വഭാവങ്ങൾക്കും മാറ്റം സംഭവിക്കുന്നില്ല
- രണ്ട് ഏകകാലിക ഭാഷാപഗ്രഥനങ്ങളുടെ താരതമ്യമാണ് വ്യതിരേകാത്മക ഭാഷാശാസ്ത്രം
- താരതമ്യാത്മക ഭാഷാപഗ്രഥനത്തെ ചരിത്രാത്മകഭാഷാപഗ്രഥനം എന്നും പറയുന്നു
- ഭാഷയുടെ രണ്ട് പ്രകാശനമാധ്യമമാണ് ഭാഷണവും ലേഖനവും
- വളർച്ച നേടിയ, അഭിവൃദ്ധി പ്രാപിച്ച ഭാഷകളെയാണ് പുഷ്ടഭാഷകൾ
- മാതൃഭാഷ എന്നാൽ അമ്മയുടെ ഭാഷ എന്നർഥം
- വാണിജ്യാവശ്യങ്ങൾക്കാണ് സങ്കര ഭാഷകൾ ഉണ്ടാവുന്നത്
- സങ്കരഭാഷയെ കച്ചവടഭാഷ എന്ന് വിളിക്കാറുണ്ട്
- ഭാഷകളുടെ ആഭ്യന്തര ഘടനയിലുള്ള വ്യത്യാസത്തെ ആസ്പദമാക്കിയുള്ള വിഭജനമാണ് കക്ഷ്യാവിഭജനം.
- ഘടനാപരമായി ഭാഷകൾ പല സ്വഭാവങ്ങൾ പ്രദർശിപ്പിക്കുന്നു
- പ്രകൃതിക്ക് പ്രാധാന്യമുള്ള ഭാഷ എന്ന അർഥത്തിലാണ് പ്രാകൃതകക്ഷ്യ എന്ന പേര് വന്നത്
- പ്രകൃതിയോട് ചേർക്കുന്ന ഓരോ പ്രത്യയവും ഓരോ വിശേഷാർഥം സൂചിപ്പിക്കും
- സംശ്ലിഷ്ടകക്ഷ്യാ സ്വഭാവം ഏറ്റവും കൂടുതൽ കാണിക്കുന്ന ഭാഷയാണ് തുർക്കി
- പ്രകൃതിയോട് ചേർക്കുന്ന ഓരോ പ്രത്യയവും ഓരോ വിശേഷാർഥം സൂചിപ്പിക്കും
- ഗോത്രഭാഷകളിൽ ഏറ്റവും പ്രബലമായ ഗോത്രമാണ് ഇൻഡോയൂറോപ്യൻ ഗോത്രം
- മൂന്ന് വ്യഞ്ജനങ്ങൾ ചേർന്നുണ്ടാക്കുന്ന ധാതുക്കളിൽ പൂർവാനുബന്ധങ്ങൾ ചേർത്താണു സെമറ്റിക് ഭാഷയിൽ പദങ്ങൾ ഉണ്ടാക്കുന്നത്
- മെഡിറ്ററേനിയൻ വർഗക്കാരുടെ ഭാഷകളാണു മുഖ്യമായും ഹാമറ്റിക് ഗോത്രത്തിൽ ചേർത്തിരിക്കുന്നത്.
- ലിംഗ വ്യവസ്ഥയിലെ കൃത്രിമത്വം നാമങ്ങളിൽബഹുവചന പ്രത്യങ്ങൾ എന്നിവ ഈ

SGOU

ഭാഷകൾക്കു സെമിറ്റിക് ഭാഷകളോടു അടുപ്പം കാണിക്കുന്നു

- പദങ്ങൾ ഏകാക്ഷരങ്ങളും കേവല പ്രകൃതികളുമാണ്
- ഒരു പദം നാമമോ നാമവിശേഷണമോ ക്രിയാവിശേഷണമോ എന്നു നിശ്ചയിക്കുന്നതു അതിന്റെ ഉച്ചാരണം നോക്കിയാണ്
- ദേശവ്യാപ്തി കൊണ്ട് ഒന്നാം സ്ഥാനമർഹിക്കുന്ന ഗോത്രമാണിത് ആ സ്ട്രിക് ഗോത്രം

## Objective Type Questions

1. ഭാഷാശാസ്ത്രംഎന്നാലെന്ത്?
2. ഏത് ശബ്ദങ്ങളാണ് ഭാഷാശബ്ദങ്ങളായി പരിണമിക്കുന്നത്?
3. ശബ്ദസ്വരൂപം എന്താണ്?
4. ശബ്ദത്തെ എഴുത്തിലൂടെ പ്രതിനിധാനം ചെയ്യുന്ന ചിഹ്നങ്ങൾ?
5. 'മാനസികാനുഭവങ്ങളുടെ പ്രതിനിധീകരണമാണ് ഭാഷണം' എന്ന് ഭാഷയെ നിർവചിച്ചതാര്?
6. 'ഒരു സമൂഹത്തിന്റെ ഭാഷയെന്നത് ആ സമൂഹത്തിലുണ്ടാകുന്ന ഭാഷണങ്ങളുടെ ആകെത്തുകയാണ്' എന്ന് അഭിപ്രായപ്പെട്ടതാര്?
7. ഉച്ചാരണ അവയവങ്ങളില്ലാതെ പുറപ്പെടുവിക്കുന്ന ശബ്ദങ്ങൾക്കു പറയുന്ന പേരെന്താണ്?
8. സൂചകം മനസ്സിലുണ്ടാക്കുന്ന പ്രതിബിംബം ഏതു പേരിലാണ് അറിയപ്പെടുന്നത് ?
9. മനുഷ്യനെ വൈകാരികമായി അടുപ്പിക്കുന്ന ഘടകമായും അകറ്റാനുള്ള ശക്തമായ ഉപാധിയായും വർത്തിക്കുന്നതെന്താണ്?
10. ഭാഷാർജന പ്രക്രിയയെക്കുറിച്ചുള്ള പഠനം ഏത് പേരിലാണ് അറിയപ്പെടുന്നത്?
11. ഒരു വാക്യത്തിലെ ആശയം മുഴുവൻ രണ്ടു പദങ്ങളിലായി ഒരുക്കുന്ന പ്രയോഗങ്ങളെ എന്തു വിളിക്കുന്നു?
12. ഒരു പ്രത്യേക ഭാഷയുടെ എല്ലാ വിധ നിയമങ്ങളുടെയും ആകെ തുക എന്ന് പറയുന്നത് എന്ത്?
13. ശബ്ദങ്ങളെ മനുഷ്യന്റെ ചേഷ്ടകളുമായി ബന്ധപ്പെടുത്തി വ്യാഖ്യാനിക്കാം എന്നതിൽ നിന്നും ഉടലെടുത്ത സിദ്ധാന്തം ഏതാണ്?
14. ആശയത്തിന് സഞ്ചരിക്കാനുള്ള മാർഗം ഏതു പേരിലാണ് അറിയപ്പെടുന്നത്?
15. സഞ്ചാരയോഗ്യമായി തീർക്കപ്പെട്ട ആശയത്തിന്റെ പുതിയ രൂപം ഏതു പേരിലാണ് അറിയപ്പെടുന്നത്?
16. ഒരു നിശ്ചിത കാലത്തെ വാമൊഴിഭേദങ്ങളെയോ കൃതികളിലെ ഭാഷയെയോ ആസ്പദമാക്കി നടത്തുന്ന പഠനം ഏത്?
17. ദീർഘമായ കാലയളവിൽ സംഭവിക്കുന്ന ഭാഷാപരിണാമത്തിന്റെ അപഗ്രഥനം അറിയപ്പെടുന്നതെങ്ങനെ?
18. രണ്ട് ഏകകാലിക ഭാഷാപഗ്രഥനങ്ങളുടെ താരതമ്യം ഏത് പേരിലാണ് അറിയപ്പെടുന്നത്?

SGOU

19. സ്വന്തമായ ലിപിവ്യവസ്ഥയും സാഹിത്യവുമുള്ള ഭാഷകൾ അറിയപ്പെടുന്നത് ഏത് പേരിലാണ്?
20. സാമാന്യ വ്യവഹാരത്തിൽ കാണാതെയും വരമൊഴി രൂപത്തിൽ മാത്രം നില്ക്കുന്ന ഭാഷഏത്?
21. വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഭാഷയേതാണ്?

## Answers

1. ഭാഷയുടെ ശാസ്ത്രീയപഠനം
2. ഉച്ചാരണാവയവങ്ങൾ ഉപയോഗിച്ച് പുറപ്പെടുവിക്കുന്ന ശബ്ദങ്ങൾ
3. ഭാഷ
4. ലിപി
5. അരിസ്റ്റോട്ടിൽ
6. ലിയനോൾഡ് ബ്ലൂം ഫീൽഡ്
7. അനുകരണശബ്ദങ്ങൾ
8. സൂചിതം
9. ഭാഷ
10. ശിശുഭാഷാ പഠനം
11. കമ്പി വാക്യങ്ങൾ
12. ലാങ്
13. ആംഗിക ചേഷ്ടാനുസാരി സിദ്ധാന്തം
14. സന്ദേശമാധ്യമങ്ങൾ
15. സന്ദേശചിഹ്നം
16. ഏകകാലിക പഠനം.
17. ബഹുകാലികം
18. വ്യതിരേകാത്മകം
19. പുഷ്ടഭാഷ
20. മൃതഭാഷ
21. സങ്കരഭാഷ

## Assignments

1. ഭാഷാപ്രഥനരീതികളെക്കുറിച്ച് വിശദീകരിക്കുക..
2. ഭാഷാസമുദ്ഭവസിദ്ധാന്തങ്ങളെക്കുറിച്ച് വിലയിരുത്തുക
3. കക്ഷ്യാവിഭജനം എന്നാലെന്ത്? വിശദീകരിക്കുക.
4. ഭാഷാഗോത്രങ്ങളെക്കുറിച്ച് വിലയിരുത്തുക.
5. ഭാഷയുടെ സവിശേഷതകളെക്കുറിച്ച് വിലയിരുത്തുക.



SGOU

## Reference


1. ഡോ. എ. പി. ആൻഡ്രൂസ് കുട്ടി, ഭാഷാശാസ്ത്രം സിദ്ധാന്തവും പ്രയോഗവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്,തിരുവനന്തപുരം
2. കെ.എം. പ്രഭാകരവാര്യർ, ശാന്താ അഗസ്റ്റിൻ, ആധുനിക ഭാഷാശാസ്ത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
3. എൻ. ഗോപിനാഥൻ നായർ, ഭാഷയും സമൂഹവും, പ്രസിദ്ധീകരണ വിഭാഗം, കാലിക്കറ്റ് സർവകലാശാല
4. രവിശങ്കർ എസ്. നായർ, ഭാഷയും ഭാഷാശാസ്ത്രവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം
5. വി. ആർ. സോളി, ഡോ. കെ. ജോയ് പോൾ, ഭാഷാശാസ്ത്രം സിദ്ധാന്തവും പ്രയോഗവും, മലയാളപഠനഗവേഷണകേന്ദ്രം തൃശ്ശൂർ


## Suggested Reading


1. ഡോ. ചമ്പക്കുളം അപ്പുക്കുട്ടൻ നായർ, ഭാഷാശാസ്ത്രചിന്തകൾ, സിസോ ബുക്ക്സ്, തിരുവനന്തപുരം
2. കെ. എം. പ്രഭാകരവാര്യർ, ആധുനിക ഭാഷാശാസ്ത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
3. വി. ആർ. പ്രബോധചന്ദ്രൻ നായർ, ഭാഷാശാസ്ത്ര നിഘണ്ടു, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവന്തപുരം


SGOU

BLOCK - 02

# ഭാഷ: അടിസ്ഥാന സങ്കല്പനങ്ങൾ

SGOU

# ഭാഷ: അടിസ്ഥാന സങ്കല്പനങ്ങൾ

## Learning Outcomes

- ഭാഷയിലെ അടിസ്ഥാനമാത്രയായ സ്വനത്തെക്കുറിച്ച് ധാരണ നേടുന്നു
- ഉച്ചാരണ പ്രക്രിയയിൽ ഭാഗഭാക്കാകുന്ന ശരീരാവയവങ്ങളെ തിരിച്ചറിയുന്നു
- സ്വരവ്യഞ്ജന വർഗീകരണ രീതികൾ മനസ്സിലാക്കുന്നു
- സ്വനിമത്തെക്കുറിച്ചു. സാമാന്യധാരണ നേടുന്നു
- ഭാഷാശാസ്ത്രത്തിൽ സ്വനിമവിജ്ഞാനീയത്തിനുള്ള പ്രാധാന്യം തിരിച്ചറിയുന്നു

## Prerequisite

ആധുനിക ഭാഷാശാസ്ത്രം അവതരിപ്പിച്ച നൂതന വീക്ഷണങ്ങളിൽ ഏറെ ശ്രദ്ധേയമായ ഒന്നാണ് സ്വനിമസങ്കല്പം. ഭാഷാപഠനത്തിൽ സാമാന്യമായും പൂർവഭാഷാ പഠനങ്ങളിൽ പ്രത്യക്ഷമായും സ്വനിമം എന്ന ഭാഷാ മൂലകത്തെക്കുറിച്ചുള്ള ധാരണ ഉണ്ടായിരുന്നു. എങ്കിലും സ്വനിമ സിദ്ധാന്തം ഇന്നത്തെ രീതിയിൽ ആവിഷ്കരിച്ചത് ഭാഷാശാസ്ത്രത്തിലാണെന്നു പറയാം. 1893 - ൽ റഷ്യൻ ഭാഷാപണ്ഡിതനായ ബോദ്ദോയിൽ കോർതിനെയാണ് സ്വനിമ മാത്രയെക്കുറിച്ച് ആദ്യമായി പരാമർശിച്ചത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ സ്വനിമത്തെ ശാസ്ത്രീയമായനിലയിൽ വിലയിരുത്തുന്നു. അതിനു ശേഷം പല ഭാഷാപണ്ഡിതന്മാരും സ്വനിമ സങ്കല്പം വിശദീകരിക്കാൻ ശ്രമിച്ചിട്ടുണ്ട്. എങ്കിലും ആധുനിക ഭാഷാശാസ്ത്രത്തിന് അടിത്തറയിട്ട അമേരിക്കൻ ഭാഷാശാസ്ത്രകാരനായ ലിയോനോർഡ് ബ്ലൂം ഫീൽഡിന്റെ ലാംഗ്വേജ് (1933) എന്ന കൃതിയിലാണ് സ്വനിമ സങ്കല്പം സിദ്ധാന്തമായി അവതരിപ്പിക്കപ്പെട്ടത്.

സംസാരിക്കുമ്പോൾ, പുറപ്പെടുവിക്കുന്ന എല്ലാ ശബ്ദങ്ങളും അതിന്റെ എല്ലാ പ്രത്യേകതകളോടും കൂടി ആശയപ്രചാരണത്തിന് ആവശ്യമില്ല. ഒരു ഭാഷ കൈകാര്യം ചെയ്യുന്ന സമൂഹത്തിലെ എല്ലാവരും ഒരേ പോലെ സംസാരിക്കുന്ന ഒരു ഭാഷയിലെ അർഥം വ്യത്യാസപ്പെടുത്തുന്നതിനാവശ്യമായ ശബ്ദമാത്രകൾ ഏതൊക്കെയാണെന്ന് അപഗ്രഥനത്തിലൂടെ സ്വനിമ വിജ്ഞാനത്തിൽ നിർണയിച്ചു കാണിക്കും. അങ്ങനെയുള്ള ശാബ്ദിക മാത്രകളാണ് ഭാഷയിലെ അടിസ്ഥാന വർണങ്ങൾ. അവയ്ക്കാണ് ലിപികൾ ആവശ്യമായി വരുന്നത്. വ്യക്തിക്കനുസരിച്ചും സാഹചര്യത്തിനനുസരിച്ചും ഉച്ചാരണത്തിൽ മാറ്റം വരുന്നു. ഇങ്ങനെയുള്ള ഉച്ചാരണഭേദങ്ങളിൽ നിന്നും ഭാഷാപ്രയോഗത്തിന്റെ പ്രധാന ലക്ഷ്യമായ അർഥനിവേദനത്തിന് ഉപയുക്തങ്ങളായ ശബ്ദങ്ങളെ മാത്രം വേർതിരിച്ചു കാണിക്കുകയാണ് സ്വനിമവിജ്ഞാനത്തിൽ ചെയ്യുന്നത്.

SGOU

അനുസ്യൂതമായ ഭാഷണത്തെ, പഠനത്തിനായി പരിച്ഛിന്ന ഖണ്ഡങ്ങളുടെ ഒരു ശൃംഖ ലയായാണ് ഭാഷാശാസ്ത്രം പരിഗണിക്കുന്നത്. ഭാഷണത്തിൽ തിരിച്ചറിയാവുന്ന ഏറ്റ വും ചെറിയ ഭാഷാശബ്ദങ്ങളാണ് സ്വനങ്ങൾ. അതായത് ഭാഷയുടെ ഏറ്റവും ചെറിയ ഘടകമായ ഉച്ചാരണ ശബ്ദമാണത്. സ്വനങ്ങളുടെ വ്യതിയാനം അർഥത്തിൽ മാറ്റമുണ്ടാക്കുന്നില്ല. അതിനാൽ വാമൊഴിയിലല്ലാതെ വരമൊഴിയിൽ സ്വനത്തിന് കാര്യമായ പ്രസക്തിയില്ല. ഉച്ചാ രണ അവയവങ്ങളുപയോഗിച്ച് മനുഷ്യന് പ്രകടിപ്പിക്കാവുന്ന ശബ്ദങ്ങൾ അനവധിയാണ്. അവ യിൽ ഒരു ചെറിയ വിഭാഗം മാത്രമേ മനുഷ്യൻ ഭാഷണത്തിന് ഉപയോഗിക്കുന്നുള്ളൂ. അവയെ പഠനവിധേയമാക്കുന്ന പഠനരീതിയാണ് സ്വനവിജ്ഞാനം.

## Key Themes

ഭാഷാശാസ്ത്രത്തിന്റെ പഠന മേഖലകൾ - ആധുനിക ഭാഷാപഗ്രഥനരീതികൾ - സ്വനവിജ്ഞാ നം - ഉച്ചാരണസ്ഥാനങ്ങൾ - ഉച്ചാരണാവയവങ്ങൾ - സ്വരവ്യഞ്ജന വർഗീകരണ രീതികൾ - സ്വനപഠനവിഭാഗങ്ങൾ- ശ്രവണാസ്പദം, ഉച്ചാരണാസ്പദം, സ്വനഭൗതികം - സ്വനിമ വിജ്ഞാനം - നിർവചനം - സ്വനിമ നിർണയം, വ്യത്യയം - പൂരകവിതരണം - മലയാളത്തിലെ സ്വനിമങ്ങൾ - രൂപിമവിജ്ഞാനം - രൂപിമം - ഉപരൂപിമം -നിർവചനങ്ങൾ- രൂപിമവിഭാഗങ്ങൾ - സ്വതന്ത്രം - ബദ്ധം

## Discussion

ഭാഷയെ വാമൊഴി അല്ലെങ്കിൽ സംസാരഭാഷ എന്നും വരമൊഴി അല്ലെങ്കിൽ ലിഖിത ഭാഷ യെന്നും രണ്ടായി തിരിക്കാറുണ്ട്. സാധാരണ വ്യവഹാരത്തിനു ഉപയോഗിക്കുന്ന ഭാഷയാ ണ് സംസാരഭാഷ. ഒരാശയം മറ്റൊരാളിലേ ക്ക് പകരുക എന്ന പ്രാഥമികകൃത്യം മാത്രമേ ഇതിൽ നിന്ന് പ്രതീക്ഷിക്കുന്നുള്ളൂ. ഒരു സമൂ ഹം അംഗീകരിച്ചതും അർഥങ്ങളുടെ വാച്യ പ്രതിരൂപങ്ങളായി നിലകൊള്ളുന്നതുമായ ക്രമീ കൃശബ്ദങ്ങളാണ് ഭാഷ.

ലിഖിത ഭാഷയിലാണ് നാം എഴുതുന്നതും വായിക്കുന്നതും. ലിഖിതഭാഷയ്ക്ക് ലിപി ആവ ശ്യമാണ്. ശബ്ദത്തെ എഴുത്തിലൂടെ പ്രതിനി ധാനം ചെയ്യുന്ന ചിഹ്നങ്ങളാണ് ലിപി. ഓരോ ശബ്ദത്തിനും നാം പ്രത്യേകം പ്രത്യേകം ലിപി ഏർപ്പെടുത്തിയിട്ടുണ്ട്. ഏതാണ്ട് എല്ലാ ഭാഷ യിലും അതുണ്ട്. എഴുതി കാണിക്കുമ്പോഴാണ് ഭാഷയുടെ വ്യത്യാസത്തിനനുസരിച്ച് അത് വ്യ ത്യാസപ്പെടുന്നത്. അ എന്ന് ഉച്ചരിക്കുമ്പോൾ ഒരു സ്വരം നമുക്ക് കേൾക്കാൻ കഴിയും. 'അ' എന്ന ലിപി എവിടെ കണ്ടാലും 'അ' എന്ന ശബ്ദം നമ്മിൽ ഉണരും. ഓരോ ശബ്ദത്തെയും ഇങ്ങനെ അടയാളപ്പെടുത്തുകയാണ് ലിപിയുടെ ധർമ്മം.

സംസാരഭാഷയാണ് ഭാഷയുടെ യഥാർഥ സ്വഭാവം പ്രദർശിപ്പിക്കുന്നത്. ആളുകൾ ഒരു വിഷമവും കൂടാതെ സ്വന്തം ഭാഷ സംസാരിക്കു ന്നുണ്ട്. പക്ഷേ എഴുതിയത് വായിച്ചെടുക്കാൻ ലിപി അറിയണം. സംസാരിക്കാൻ അക്ഷരാ ഭ്യാസമില്ലാത്തവർക്കും അനായാസം കഴിയും. അപ്പോൾ ഭാഷ പ്രത്യേകമായി പഠിക്കേണ്ടതി ന്റെ ആവശ്യമെന്ത് എന്ന സംശയം തോന്നുക സ്വാഭാവികമാണ്. ഒരു ആശയം മറ്റൊരാ ളെ അറിയിക്കുക എന്ന കൃത്യം നിറവേറ്റാൻ ഭാഷാപഠനത്തിന്റെ ആവശ്യമില്ല. എന്നാൽ ഭാഷകൊണ്ട് നാം ആശയനിവേദനം മാത്ര മല്ല ഉദ്ദേശിക്കുന്നത്. മനുഷ്യൻ ആർജിച്ച അറിവും സംസ്കാരവും തലമുറകളിലേയ്ക്ക് കൈമാറാനുള്ള ഉത്തരവാദിത്വം മനുഷ്യനു ണ്ട്. ഭാഷയിലൂടെ മാത്രമല്ല ലോകവിജ്ഞാനം നേടിയെടുക്കാനാകൂ. ഭാഷയുടെ സവിശേഷത കളെ മുൻ നിർത്തി' ഭാഷയ്ക്ക് നന്ദി, മനുഷ്യൻ മനുഷ്യനായിത്തീർന്നു' എന്ന് ദെക്കാർത്തെ പ്രസ്താവിച്ചു.

SGOU

കാലം ഭാഷയിലും മാറ്റങ്ങൾ ഉണ്ടാക്കും. പ്രയോഗിക്കുന്ന ആളുകളുടെ സാമൂഹ്യസ്ഥിതി, മാനസികഘടന എന്നിവയും ഭാഷ ഉപയോഗിക്കുന്ന പ്രദേശത്തിന്റെ കാലാവസ്ഥ, ഭൂപ്രകൃതി. മുതലായ ഘടകങ്ങളും ഭാഷയുടെ മാറ്റത്തെ സ്വാധീനിക്കുന്നു. ഇങ്ങനെ മാറിമറിയുന്ന ഭാഷയുടെ പൂർവരൂപം മനസിലാക്കാനും അവയുടെ അർഥമെന്തെന്ന് കണ്ടെത്താനും ഭാഷാപഠിതാവായ ഒരാൾക്ക് ഭാഷാചരിത്രത്തെയും വ്യാകരണത്തെയും കുറിച്ചുള്ള ധാരണ ഉണ്ടായേ മതിയാകൂ. മാത്രമല്ല ഭാഷയുടെ ഏറ്റവും വലിയ കഴിവുകൾ പ്രദർശിപ്പിക്കുന്ന സാഹിത്യം തുറന്നു കാട്ടുന്ന ജീവിതദർശനവും കലാസൗന്ദര്യവും പൂർണ്ണമായും അനുഭവിക്കാൻ ഭാഷയെ കുറിച്ചുള്ള അറിവ് ആവാര്യമാണ്

## 2.1 ഭാഷാശാസ്ത്രത്തിന്റെ പഠനമേഖലകൾ

### 2.1.1 സ്വനവിജ്ഞാനം (phonetics)

ഉച്ചാരണ ശബ്ദങ്ങളെപ്പറ്റിയുള്ള പഠനശാഖയാണ് സ്വനവിജ്ഞാനം. സ്വനനിർമ്മാണം, സഞ്ചാരം, സ്വീകരണം എന്നീ ശാഖകൾ സ്വനവിജ്ഞാനം ഉൾക്കൊള്ളുന്നു.

### 2.1.2 സ്വനിമവിജ്ഞാനം (Phonology)

ഉച്ചാരണ ശബ്ദങ്ങൾ ഭാഷയിൽ പ്രവർത്തിക്കുന്നത് എങ്ങനെയെന്ന പഠനമാണ് സ്വനിമവിജ്ഞാനം. സ്വനങ്ങളുടെ അർഥപരമായ വിന്യസനത്തിൽ സ്വനിമവിജ്ഞാനം ഊന്നൽ നൽകുന്നു.

### 2.1.3 അക്ഷരവിജ്ഞാനം (Phonotactics)

സ്വനിമങ്ങൾ ഏതെല്ലാം രീതിയിൽ കൂടി ചേരുന്നുവെന്നതിന്റെ വിശദീകരണമാണ് അക്ഷരവിജ്ഞാനം കൈകാര്യം ചെയ്യുന്നത്. ഒറ്റയ്ക്കും കൂട്ടായും സ്വനിമങ്ങൾ അക്ഷരപദവി കൈവരിക്കുന്നു.

### 2.1.4 രൂപിമവിജ്ഞാനം (Morphology)

അർഥയുക്തമായ ഏറ്റവുംചെറിയ ഭാഷാഘടനയാണ് രൂപിമം. രൂപമത്തെ ക്കുറിച്ചുള്ള പഠനശാഖയാണ് രൂപിമവിജ്ഞാനം

### 2.1.5 രൂപിമ സ്വനവിജ്ഞാനം (Morphophonemic

രൂപിമങ്ങളും സ്വനങ്ങളും തമ്മിലുള്ള പരസ്പരബന്ധമാണ് രൂപിമ സ്വനിമവിജ്ഞാനത്തിന് അടിസ്ഥാനം

### 2.1.6 വാക്യഘടനാ വിജ്ഞാനം (Syntax)

പദങ്ങളുടെ യോജിപ്പിനെപ്പറ്റിയുള്ള പഠനമാണ് വാക്യഘടനാവിജ്ഞാനം. വർണ്ണങ്ങൾ കൂട്ടിച്ചേർന്നുണ്ടാക്കുന്ന വാക്യങ്ങളും ഈ പഠനശാഖയുടെ പരിധിയിൽ വരുന്നു.

### 2.1.7 അർത്ഥവിജ്ഞാനം(Semantics)

ഭാഷയിലെ പദങ്ങളും വാക്യങ്ങളും നൽകുന്ന അർഥത്തെക്കുറിച്ചുള്ള അന്വേഷണമാണ് അർഥവിജ്ഞാനം

### 2.1.8 പ്രായോഗിക ഭാഷാശാസ്ത്രം (Applied Linguistics)

ഭാഷയുമായി ബന്ധപ്പെട്ട യഥാർഥ ജീവിത പ്രശ്നങ്ങൾ തിരിച്ചറിയുകയും അന്വേഷിക്കുകയും പരിഹാരങ്ങൾ കാണാൻ ശ്രമിക്കുകയും ചെയ്യുന്ന ഒരു ഇന്റർഡിസിപ്ലിനറി മേഖലയാണ് പ്രായോഗിക ഭാഷാശാസ്ത്രം. രീതിപഠനം, സമൂഹപഠനം, മനഃശാസ്ത്രപഠനം എന്നീ മേഖലകൾ പ്രായോഗിക ഭാഷാശാസ്ത്രത്തിന്റെ പരിധിയിൽ വരുന്നു. രീതിയെപ്പറ്റിയുള്ള ഭാഷാശാസ്ത്രത്തിന്റെ പരിധിയിൽ വരുന്നു. രീതിയെപ്പറ്റിയുള്ള ഭാഷാശാസ്ത്രപഠനശാഖയാണ് ശൈലീവിജ്ഞാനീയം.

ഇന്ന് ഏറ്റവുമധികം പ്രചാരത്തിലുള്ള ഭാഷാശാസ്ത്ര പഠനരീതിയാണ് സാമൂഹിക ഭാഷാപഠനം. സമൂഹത്തിന്റെ ഉല്പന്നമായി ഭാഷയെ കാണുന്ന രീതിയാണിത്.

മനോവിശ്ലേഷണത്തിൽ ഭാഷാശാസ്ത്രം പ്രയോഗിക്കപ്പെട്ടതോടെ ഭാഷയും മനസ്സും തമ്മിലുള്ള ബന്ധം കൃത്യമായി നിർവചിക്കാൻ കഴിഞ്ഞു. ആശയങ്ങളെ ഭാഷയായി സങ്കേതനം നടത്തുകയും തിരിച്ച് വിസങ്കേതനം നടത്തുകയും ചെയ്യുന്നത് എങ്ങനെയെന്ന് മനഃശാസ്ത്രപഠനവും ഭാഷാശാസ്ത്രവും തമ്മിലുള്ള പഠനത്തിൽ നിർവചിക്കുന്നു.

SGOU

## 2.1.2 ആധുനിക ഭാഷാപഗ്രഥന രീതികൾ

ഏതൊരു പഠനവും അതിന്റെ ശരിയായ ദിശയിൽ നടക്കണമെങ്കിൽ പഠനലക്ഷ്യങ്ങൾക്ക് അനുസൃതമായ അപഗ്രഥനരീതികൾ തിരഞ്ഞെടുക്കേണ്ടതുണ്ട്. ഭാഷാപഠനത്തിനും അതിന്റെ ശാസ്ത്രീയത ചോർന്നു പോകാതെ കൃത്യമായ വ്യവസ്ഥയോടു പഠിക്കുവാനായി ഉപയോഗിക്കുന്ന രീതിശാസ്ത്രത്തെ ഭാഷാപഠനരീതികൾ എന്ന് പൊതുവേ വിവക്ഷിക്കുന്നു. ഇവയിൽ ഏകകാലികമെന്നും ബഹുകാലികമെന്നും രണ്ട് വ്യത്യസ്ത സമീപനങ്ങളുണ്ട്.

കാലത്തിന്റെ ഒരു പ്രത്യേക ബിന്ദുവിൽ നിന്നുകൊണ്ട് ഭാഷാവസ്തുതകളെ ശാസ്ത്രീയമായി വിശകലനം ചെയ്യുന്ന രീതിയെയാണ് ഏകകാലിക പഠനം എന്നതു കൊണ്ടർഥമാക്കുന്നത്. ഭാഷാശാസ്ത്രത്തിന്റെ പ്രാരംഭ ദശയിലുള്ള അപഗ്രഥനസ്വഭാവത്തെ ഈ സമീപനം പിൻപറ്റുന്നുണ്ട്. ആ അർഥത്തിൽ ഘടനാത്മകം എന്നും വിവരണാത്മകം എന്നും ഈ രീതി അറിയപ്പെടുന്നുണ്ട്. ഒരു പ്രത്യേക ഭാഷണ സമൂഹം ഒരു പ്രത്യേക കാലഘട്ടത്തിൽ പ്രയോഗിക്കുകയും പെരുമാറുകയും ചെയ്ത / ചെയ്യുന്ന ഭാഷയെക്കുറിച്ചുള്ള പഠനമാണിത്. ഭാഷയുടെ ഉത്ഭവം, വളർച്ചാഘട്ടങ്ങൾ എന്നിവയൊന്നും ഏകകാലികപഠനം അഭിമുഖീകരിക്കുന്നില്ല. കൃത്യമായ ഒരിടവേളയിൽ അല്ലെങ്കിൽ ഒരു നിശ്ചിത കാലയളവിൽ നിലനിൽക്കുന്ന വാമൊഴിഭേദത്തെയോ സാഹിത്യകൃതികളിലെ ഭാഷയെയോ ഇതിലൂടെ അപഗ്രഥിക്കുവാനാകും.

## 2.1.3 സ്വനവിജ്ഞാനം

ഉച്ചാരണ ശബ്ദങ്ങളെയാണ് സാങ്കേതികാർഥത്തിൽ സ്വനം എന്നു പറയുന്നത്. ഈ ഭാഷണ സ്വനങ്ങളാണ് ഏതൊരു ഭാഷയിലെയും അടിസ്ഥാന ശബ്ദമാത്രകൾ. സ്വനങ്ങൾക്ക് അർഥഭേദ നിർബന്ധം ഇല്ല. അതായത് അർഥഭേദ സാധ്യതകളിൽ സ്വനങ്ങൾ സജീവമാകുന്നില്ല എന്നർഥം. സ്വനവ്യതിയാനം അർഥഭേദമുണ്ടാക്കാത്തതുകൊണ്ട് വാമൊഴിയാൽ സ്വനത്തിന് പ്രസക്തിയില്ല. എന്നാൽ വരമൊഴിയാൽ സ്വനം പ്രസക്തമാണുതാനും. സ്വനങ്ങളെക്കുറിച്ചുള്ള പഠനമാണ് സ്വനവിജ്ഞാനം അഥവാ (Phonetics). സ്വനങ്ങളുടെ എല്ലാ സ്വഭാവ സവിശേഷതകളും സ്വനവിജ്ഞാനം ഉൾക്കൊള്ളുന്നു. സ്വനങ്ങളുടെ ഉല്പാദനം, സഞ്ചാരം, സ്വീകരണം എന്നിവയും സ്വനവിജ്ഞാനത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നു.

## 2.1.4 ഉച്ചാരണാവയവങ്ങൾ

മനുഷ്യ ശരീരത്തിൽ പകുതിയിലേറെ ഭാഗം ഉച്ചാരണ പ്രക്രിയയിൽ ഭാഗഭാക്കാകുന്നു. എന്നാൽ ഭാഷണസ്വനങ്ങളുടെ ഉല്പാദനത്തിനായിമാത്രം പ്രത്യേക അവയവങ്ങളൊന്നും മനുഷ്യനില്ല. ജീവശാസ്ത്രപരമായി പ്രധാനപ്പെട്ട പല ധർമ്മങ്ങളും നിർവഹിക്കുന്ന അവയവങ്ങൾ ഭാഷണ സ്വനങ്ങളുടെ ഉല്പാദനവും നിർവഹിക്കുന്നുവെന്ന് മാത്രം.

### 2.1.4.1 വക്ഷോദരഭിത്തി

വക്ഷസ്സിനെയും ഉദരത്തെയും വേർതിരിക്കുന്ന മാംസപേശി. വക്ഷോദരഭിത്തി താഴുമ്പോൾ ശ്വാസകോശങ്ങളുടെ വിസ്താരം വർധിക്കും. അന്തരീക്ഷത്തിൽനിന്ന് വായു ശ്വാസകോശങ്ങളിലേയ്ക്ക് കടക്കും. ഈ മാംസപേശികൾ മുകളിലേയ്ക്കുയരുമ്പോൾ ശ്വാസകോശങ്ങളുടെ ഉള്ളളവ് ചുരുങ്ങുകയും വായു വെളിയിലേയ്ക്ക് കടക്കുകയും ചെയ്യും. ഭാഷണശബ്ദങ്ങളുണ്ടാക്കുന്നതിന് വായുവിന്റെ വെളിയിലേക്കുള്ള ഗതിയെ നിയന്ത്രിക്കേണ്ടത് ആവശ്യമാണ്. ഇത് സാധ്യമാകുന്നത് വക്ഷോദരഭിത്തിയുടെ പ്രവർത്തനം മൂലമാണ്.

### 2.1.4.2 ഉരസ്ഥപേശികൾ

വാരിയെല്ലുകളെ തമ്മിൽ ഘടിപ്പിക്കുന്ന മാംസപേശികളാണിത്. വക്ഷോദരഭിത്തിയുടെ പ്രവർത്തനത്തിൽ സഹായിക്കുന്നു. വക്ഷോദരഭിത്തി കീഴോട്ടമരുമ്പോൾ അതോടൊപ്പം ഈ മാംസപേശികൾ അയയുകയും വാരിയെല്ലുകൾ അകലുകയും ചെയ്യും. ശ്വാസകോശത്തിന്റെ

SGOU

വ്യാപ്തി വർധിപ്പിക്കാൻ ഈ പ്രവർത്തനം സഹായിക്കും.

### 2.1.4.3 ശ്വാസകോശം

വക്ഷോദരഭിത്തിയുടെയും ഉരസ്ഥപേശികളുടെയും പ്രവർത്തനത്തിന് വിധേയമായി വായുവിനെ ഉൾക്കൊള്ളുകയും നിയന്ത്രിതമായി പുറത്തുവിടുകയും ചെയ്യുകയാണ് ശബ്ദോൽപാദനത്തിൽ ശ്വാസകോശം ചെയ്യുന്നത്.

### 2.1.4.4 ശ്വാസനാളം

ശ്വാസകോശങ്ങളിൽനിന്നും വായുവിനെ വായ്ക്കകത്ത് എത്തിക്കുന്നത് ശ്വസനനാളമാണ്. ഇതിന്റെ ഉപരിഭാഗം ശബ്ദോൽപാദനത്തിൽ പ്രധാന പങ്ക് വഹിക്കുന്നു. കഴുത്തിൽ താടിക്കു താഴെയായി മുഴപോലെ കാണുന്ന ഭാഗമാണിതിന്റെ സ്ഥാനം. ഇതിനെ കൃകം എന്ന് പറയുന്നു. കൃകത്തിനുള്ളിൽ വിലങ്ങനെ കിടക്കുന്ന രണ്ടു പാടകളുണ്ട്. ഇവയാണ് സ്വനതന്തുക്കൾ (ശബ്ദതന്ത്രികൾ).

കൃകത്തിന്റെ പിന്നിൽനിന്ന് മുൻഭാഗം വരെ വ്യാപിച്ചു കിടക്കുന്ന ശബ്ദഗ്രന്ഥികൾ രണ്ടു വശത്തേക്കുമകന്ന് ദീർഘവൃത്താകൃതിയിലുള്ള ഒരു വിടവുണ്ടാകുന്നു. ഈ വിടവിലൂടെയാണ് ശബ്ദോച്ചാരണസമയത്ത് വായുപ്രവാഹം




**ഭാഷണപഥത്തിന്റെ ചിത്രം**

1 കീഴ്ച്ചുണ്ട് 2 മേൽച്ചുണ്ട് 3 മേൽവരിപ്പല്ല് 4 ദന്തമൂലം (വർത്സ്)
5 മൂർദ്ധാവ് 6 കഠിനതാലു 7 മൃദുതാലു 8 പ്രജിഹ്വ 9 കണ്ഠശീർഷം
10 ഉപജിഹ്വ 11 അന്നനാളം 12 കണ്ഠപാദം 13 കണ്ഠരന്ധ്രം
14 ശ്വാസനാളം 15 സ്വനതന്തുക്കൾ 16 സ്വനപേടകം (കൃകം)
17 കീഴ്വരിപ്പല്ല് 18 നാവിന്റെ മുൻഭാഗം 19 നാവിന്റെ പിൻഭാഗം

SGOU



SREENARAYANAGURU OPEN UNIVERSITY

ആസ്യരന്ധ്രത്തിലേക്ക് കടക്കുന്നത്. ശബ്ദതന്ത്രികൾക്കിടയിലുള്ള വിടവിനെ ശ്വാസനാളമുഖം എന്ന് പറയുന്നു. ഇത് വലുതാക്കുകയോ ചെറുതാക്കുകയോ അടയ്ക്കുകയോ ചെയ്യാം. ശ്വാസനാളമുഖം അടഞ്ഞോ വളരെ ചുരുങ്ങിയോ ഇരിക്കുമ്പോൾ ശ്വാസത്തെ ബഹിർഗമിപ്പിച്ചാൽ ശബ്ദതന്ത്രികൾക്ക് പ്രകമ്പനമുണ്ടാകും. ശ്വാസനാളമുഖത്തിൽനിന്നും ഗളത്തിലേക്കാണ് വായു കടക്കുന്നത്. അന്നനാളിയും ശ്വാസനാളിയും തമ്മിൽ ചേരുന്ന ഭാഗമാണ് ഗളം. ആസ്യരന്ധ്രം വഴിയോ നാസികവഴിയോ വായുവിന് ഗതിഭേദം ഉണ്ടാകുന്നത് ഗളത്തിൽനിന്നാണ്.

## 2.1.5 മുഖാവയവങ്ങൾ

### 2.1.5.1 സ്ഥിരകരണങ്ങൾ

പല്ല്, ഊന്, കഠിനതാലു, മൂർധാവ് എന്നിവയാണ് സ്ഥിരകരണങ്ങൾ. മേൽവായുടെ ഭാഗങ്ങളാണ് ഇവ. ഉച്ചാരണവേളയിൽ ഇവയ്ക്ക് ചലനമില്ലാത്തതുകൊണ്ടാണ് ഇവയെ സ്ഥിരകരണങ്ങളെന്ന് പറയുന്നത്.

### 2.1.5.2 ചലനകരണങ്ങൾ

ചുണ്ട്, നാക്ക്, മൃദുതാലു, ചെറുനാക്ക് എന്നിവയാണ് ചലങ്ങൾ അഥവാ ചലകരണങ്ങൾ. ശബ്ദോച്ചാരണത്തിൽ ചലിക്കുന്നതുകൊണ്ടാണ് ഇവയെ ചലങ്ങൾ എന്ന് പറയുന്നത്.

1. **ചുണ്ട്–** കീഴ്ചുണ്ടാണ് പ്രധാനം. മേൽചുണ്ടിനേക്കാൾ കൂടുതൽ ചലനശേഷി ഇതിനാണ്. മേൽചുണ്ടുമായി ചേർന്ന് വായുപ്രവാഹത്തെ പൂർണ്ണമായി രോധിക്കുന്നതിനും ചെറിയ ഒരു വിടവിൽകൂടി വെളിയിലേയ്ക്ക് വിടുന്നതിനും ഇതിന് കഴിയും.
2. **നാക്ക്–** മനുഷ്യശരീരത്തിലെ ഏറ്റവും അയവുള്ള അവയവമാണിത്. ഉച്ചാരണപ്രയോഗത്തെ ആസ്പദമാക്കി നാവിനെ മൂന്ന് ഭാഗങ്ങളായി തിരിക്കാം. അഗ്രം, ഉപാഗ്രം, മധ്യം എന്നിങ്ങനെ.
3. **മൃദുതാലു–** മേൽവായിൽ മോണയ്ക്കു പിന്നിലായിക്കാണുന്ന കഠിനതാലുവിന് പിന്നിലായിട്ടാണ് മൃദുതാലു സ്ഥിതി ചെയ്യുന്നത്. ഗളത്തിലെത്തുന്ന വായുവിനെ നാസാരന്ധ്രത്തിലേക്ക് കടത്തുകയോ കടക്കാതെ നിയന്ത്രിക്കുകയോ ചെയ്യുന്നത് മൃദുതാലുവാണ്.

## 2.1.6 ഉച്ചാരണസ്ഥാനങ്ങൾ

മേൽച്ചുണ്ട് (ഓഷ്ഠം), മേൽവരിപ്പല്ലുകൾ (ദന്ത്യം), ഊന് (വർത്സ്യം), മൂർദ്ധാവ്, കഠിനതാലു, മൃദുതാലു, പ്രജിഹ്വ (ഉൾനാക്ക്) എന്നിവയാണ് വായുടെ മേൽത്തട്ടിൽ ഉച്ചാരണത്തെ സഹായിക്കുന്ന സ്ഥാനങ്ങൾ.

## 2.1.7 സ്വരവ്യഞ്ജനവർഗീകരണ രീതികൾ

ശ്വസനം, സ്വനനം, സന്ധാനം എന്നീ പ്രക്രിയകളുമായി യഥാക്രമം ഉടൽ, കണ്ഠം, മുഖം എന്നിവയിലെ അവയവങ്ങൾ സഹകരിക്കുമ്പോൾ ഭാഷണസ്വനോൽപാദനം നടക്കുന്നു. ശ്വാസകോശങ്ങളും സ്വനപാളികളും, സ്ഥിര-ചലകരണങ്ങളും ചേർന്ന് ഭാഷണസ്വനോൽപാദനം സാധ്യമാക്കുന്നു. ചലകരണങ്ങളുടെ സന്ധാനസ്ഥലം സ്ഥിരകരണങ്ങളാണ്.

മലയാളത്തിലെ സ്വനിമമാലയിൽ 6 സ്വരങ്ങളും ഋ ഒഴികെയുള്ളവയുടെ ദീർഘങ്ങളും 28 വ്യഞ്ജനങ്ങളുമുണ്ട്.

## 2.1.8 സ്വരങ്ങൾ (Vowels)

വിവൃതമായ അഭ്യാഗമത്തിൽനിന്നാണ് സ്വരങ്ങളുടെ ഉല്പത്തി. സ്വരങ്ങളുടെ ഉച്ചാരണവേളയിൽ യാതൊരു തടസ്സവും കൂടാതെ നിശ്വാസവായു നിർഗ്ഗമിക്കുന്നു. നാവിന്റെ ഏത് ഭാഗമാണ് ഏറ്റവും ഉയർന്നിരിക്കുന്നത്, പ്രസ്തുത ഭാഗം എത്രത്തോളം ഉയർന്നിട്ടുണ്ട്, ചുണ്ടുകളുടെ സ്ഥിതി എന്ത് (വർത്തുളിതമോ-അവർത്തുളിതമോ) എന്നീ വസ്തുതകളെ ആസ്പദമാക്കി സ്വരങ്ങളെ വിഭജിക്കുന്നു. രോധത്തേക്കാൾ അല്പം കുറഞ്ഞ തോതിലുള്ള ഇറുക്കം അനുഭവപ്പെടുന്നതാണ് അഭ്യാഗമം.

സ്വരോച്ചാരണത്തിൽ വായുവിന്റെ ബഹിർഗമനം സാധാരണഗതിയിൽ വായിലൂടെയാ

SGOU

ണ്. ചലകരണങ്ങൾ സന്ധാനസ്ഥലത്തോട് ഒട്ടിച്ചേർന്നിരുന്നാൽ രോധം. വായുപ്രവാഹം പൂർണ്ണമായും തടസ്സപ്പെട്ടാൽ പൂർണ്ണരോധം. വായുപ്രവാഹത്തിന് ഇടവിട്ട് തടസ്സം വന്നാൽ അന്തരിതരോധം. 'റ'കാര രേഫോച്ചാരണങ്ങളിൽ വരുന്നത് അന്തരിതരോധം.

എന്നാൽ ചെറുനാക്ക് നാസാരന്ധ്രങ്ങളിലേക്കുള്ള വഴിയിൽ തടസ്സം സൃഷ്ടിക്കാതിരുന്നാൽ നാസാരന്ധ്രങ്ങളിലൂടെയും വായുവിന് ബഹിർഗമിക്കാം. അപ്പോൾ സ്വരങ്ങൾക്ക് അനുനാസികരണം സംഭവിക്കുന്നു. തമിഴ് ഭാഷയിൽ ഇത് സാധാരണമാണ്. വിളികേൾക്കാനുപയോഗിക്കുന്ന 'ങേ' എന്ന ശബ്ദം അനുനാസീകരിച്ച 'ഏ' ആണ്. പൂർണ്ണരോധത്തിനുശേഷം വായുപ്രവാഹത്തെ വിടുതൽ ചെയ്യുമ്പോൾ ക്, ച്, ട്, ത്, പ് തുടങ്ങിയ വ്യഞ്ജനങ്ങൾ ഉണ്ടാകുന്നു. സ്വരങ്ങൾ ജിഹ്വാഗ്രത്തെ പുറകോട്ട് മടക്കി ഉച്ചരിക്കുന്നത് പ്രതിവേഷ്ടനം.

സാധാരണഗതിയിൽ നാദികളാണ് സ്വരങ്ങൾ. അവയെ ശ്വാസീകരിച്ചും ഉച്ചരിക്കാം. ശ്വാസീകരണം എന്ന പ്രക്രിയയാണിത്. നാദതന്തുക്കളുടെ ത്രസനവേഗനത്തിന്റെ അടിസ്ഥാനത്തിലും സ്വരങ്ങളെ വിഭജിക്കാം. നാദതന്തുക്കളുടെ ത്രസനവേഗമനുസരിച്ച് സ്വനങ്ങൾക്ക് മുറുക്കം സംഭവിക്കാം.

## 2.1.9 വ്യഞ്ജനങ്ങൾ (Consonents)

ഭാഷണസ്വനങ്ങളിൽ നല്ലൊരു പങ്കിന്റെ ഉത്ഭവവേളയിലും കൃകത്തിന് മുകളിൽവെച്ച് വായുപ്രവാഹത്തിന് പൂർണമായോ ഭാഗികമായോ തടസ്സം സംഭവിക്കുന്നു. അത്തരം സ്വനങ്ങളാണ് വ്യഞ്ജനങ്ങൾ. ഈ തടസ്സം സ്വനനാളത്തിൽ ഏത് സ്ഥലത്തുവെച്ച് എപ്രകാരം ഉണ്ടാകുന്നു എന്നതിനെ ആസ്പദമാക്കി വ്യഞ്ജനങ്ങളെ വർഗീകരിക്കാം.

## 2.1.10 സ്ഥാനം – സ്ഥലം (Position)

സ്വനനാളത്തിൽ എവിടെ വെച്ചാണോ വായുപ്രവാഹത്തിന് തടസ്സം നേരിടുന്നത് ആ സ്ഥാനത്തെ 'സന്ധാനസ്ഥാനം' എന്നു പറയുന്നു. സന്ധാനത്തിൽ പങ്കുകൊള്ളുന്ന സ്ഥിരകരണമാണ് സന്ധാനസ്ഥലം. ഉദാഹരണമായി തകാരത്തിന്റെ സന്ധാനസ്ഥലം ദന്ത്യമാണ്. അതേസമയം തകാരത്തിന്റെ സന്ധാനസ്ഥാനം അഗ്രദന്ത്യമാണ്.

സന്ധാനസ്ഥലങ്ങളെ ആസ്പദമാക്കി വ്യഞ്ജനങ്ങളെ ഓഷ്ഠ്യം, ദന്ത്യം, വർത്സ്യം, മൂർധന്യം, താലവ്യം, കണ്ഠ്യം എന്നിങ്ങനെ തരംതിരിയ്ക്കാം.

## 2.1.11 പ്രകാരം (Mood)

ഏതെല്ലാം വിധത്തിലാണ് വായുപ്രവാഹത്തിന് മാർഗതടസ്സം ഉണ്ടാകുന്നത് എന്നതിനെ അടിസ്ഥാനമാക്കി സ്പർശം, അനുനാസികം, ഘർഷം, കമ്പിതം, ഉൽക്ഷിപ്തം, പാർശ്വികം, പ്രവാഹി എന്നിങ്ങനെ ഏഴ് തരത്തിൽ വ്യഞ്ജനങ്ങളെ വിഭജിക്കാം.

### 2.1.11.1 സ്പർശങ്ങൾ (Stops)

ചലകരണം സന്ധാനസ്ഥലത്തെ വ്യക്തമായി സ്പർശിക്കുന്നതുമൂലം വായുനിബദ്ധമായ ഒരു തടസ്സം താൽക്കാലികമായി വായുപ്രവാഹത്തിനുണ്ടാകുകയും ക്രമേണ ചലകരണം ഒരു സ്ഫോടനത്തോടെ സന്ധാനസ്ഥലത്തുനിന്നും വിട്ടുമാറുകയും ചെയ്യുമ്പോൾ സ്പർശങ്ങൾ സൃഷ്ടിക്കപ്പെടുന്നു.

ഉദാ: ക്, ച്, ട്, ത്, പ്, ...

### 2.1.11.2 അനുനാസികങ്ങൾ (Nasals)

മേൽച്ചുണ്ട് മുതൽ പ്രജിഹ്വവരെയുള്ള ഏതെങ്കിലും സ്ഥലത്ത് പൂർണ്ണരോധം സംഭവിക്കുന്നു. മൃദുതാലു പ്രജിഹ്വയോടുകൂടി കീഴ്പ്പോട്ടിറങ്ങി വായുവിന് നാസാഗളത്തിലേയ്ക്ക് വഴിതുറന്നിടുന്നു. ഈ സ്ഥിതിയിൽ വായുവിന് നാസാരന്ധ്രങ്ങളിലൂടെ മാത്രമേ പുറത്തേക്ക് പോകാൻ കഴിയൂ. ഉദാ: ങ്, ഞ്, ണ്, ന്, മ്. അനുനാസികങ്ങളല്ലാത്ത എല്ലാ സ്വനങ്ങളുടെയും ഉച്ചാരണത്തിൽ വായു ഏറിയ പങ്കും വായിൽക്കൂടിയാണ് പ്രവഹിക്കുക. അതുകൊണ്ട് അവയെ അനനു

SGOU

നാസികങ്ങൾ അഥവാ മുഖീയങ്ങൾ എന്ന് വിളിയ്ക്കാം. അനുനാസികങ്ങളും അനനുനാസികങ്ങളും വ്യത്യാസപ്പെട്ടിരിക്കുന്നത് വായുവിന്റെ നിർഗമനമാർഗ്ഗത്തിലാണ്.

### 2.1.11.3 ഘർഷങ്ങൾ (Fricatives)

ചലകരണം, സന്ധാനസ്ഥലത്തെ സ്പർശിക്കാതെ സമീപിക്കുക മാത്രം ചെയ്യുമ്പോൾ ചലകരണത്തിനും സന്ധാനസ്ഥലത്തിനും ഇടയ്ക്ക് അവശേഷിക്കുന്ന ചെറിയ വിടവിലൂടെ വായു ഞെങ്ങിഞെരുങ്ങി ഘർഷണത്തോടുകൂടി പുറത്തുപോകുമ്പോൾ ഘർഷങ്ങൾ സൃഷ്ടിക്കപ്പെടുന്നു. സന്ധാനസമയത്ത് ചലകരണത്തിനുണ്ടാകുന്ന ആകൃതിഭേദത്തിന്റെ അടിസ്ഥാനത്തിൽ ഘർഷങ്ങളെ നാളീഘർഷങ്ങൾ എന്നും വിവരഘർഷങ്ങൾ എന്നും രണ്ടായി തിരിയ്ക്കാം. ചലകരണത്തിനും വായുവിന്റെ മേൽത്തട്ടിനുമിടയിൽ തിരശ്ചീനമായ ഒരു വിടവാണുള്ളതെങ്കിൽ അത്തരം ഘർഷങ്ങളെ വിവരഘർഷങ്ങൾ എന്ന് പറയുന്നു. ഉദാ: സ്, ശ്. ചലകരണത്തിനും വായുടെ മേൽത്തട്ടിനും ഇടയിൽ കുഴലിന്റെ ആകൃതിയിലുള്ള വിടവാണെങ്കിൽ നാളീഘർഷം സൃഷ്ടിക്കപ്പെടുന്നു. ഉദാ: ഷ്.

സ്, ഷ്, ശ് എന്നീ അഗ്രശീർഷങ്ങളെ സരവങ്ങൾ എന്ന് പറയുന്നു.

### 2.1.11.4 കമ്പിതങ്ങൾ (Trills)

വായുപ്രവാഹത്തിന് ഇടവിട്ടിടവിട്ട് മാത്രം തടസമുണ്ടാകുന്ന വിധം ചലകരണം സന്ധാനസ്ഥലത്ത് തുടരെത്തുടരെ തൊടുകയും ഉടനുടൻ വിട്ടുമാറുകയും ചെയ്യുക എന്ന സ്വഭാവമുള്ള അന്തരിതനികോചത്തിൽനിന്നും കമ്പിതങ്ങൾ ഉത്ഭവിക്കുന്നു. കാറോടിക്കുമ്പോഴുണ്ടാകുന്ന ഒച്ചയെ അനുകരിച്ച് കുട്ടികൾ പുറപ്പെടുവിക്കുന്ന ർ...ർ...ർ കമ്പിതങ്ങൾക്കുദാഹരണമാണ്.

### 2.1.11.5 ഉൽക്ഷിപ്തം (Flapped)

ചലകരണം സന്ധാനസ്ഥാനത്തെ പെട്ടെന്ന് തൊട്ടുരുമ്മിക്കടന്ന് പോകുന്നതിനിടയ്ക്ക് വായുപ്രവാഹത്തിനുണ്ടാകുന്ന തടസമാണ് ഉൽക്ഷിപ്തങ്ങൾക്ക് കാരണം. അന്തരിതരോധം ഉൽക്ഷിപ്തങ്ങളുടെയും കമ്പിതങ്ങളുടെയും പൊതുസ്വഭാവമാണ്. കമ്പിതസന്ധാനത്തിന്റെ ആവൃത്തി ഉൽക്ഷിപ്തത്തിനേക്കാൾ വളരെ കൂടിയിരിക്കും. ഉദാ: 'ര്'

### 2.1.11.6 പാർശ്വികങ്ങൾ (Laterals)

സ്വനനാളത്തിന്റെ മധ്യതലത്തിൽ വച്ചു മാത്രം ചലകരണം സന്ധാനസ്ഥലത്തെ സ്പർശിക്കുന്നു. വായുപ്രവാഹത്തിന്റെ ഗതി അപ്പോൾ ചലകരണത്തിന്റെ ഇരുവശങ്ങളിലുമുള്ള വിടവുകളിലൂടെയാകുന്നു. ഓരോ വക്താവിന്റെയും സ്വനനാളത്തിന്റെ പ്രത്യേകതയനുസരിച്ച് ഏതെങ്കിലും ഒരു വശത്തിലൂടെയോ ഇരുവശങ്ങളിലൂടെയോ വായു പ്രവഹിക്കാം. ഇത്തരം ഭേദത്തിന്റെ അടിസ്ഥാനത്തിൽ പാർശ്വികങ്ങളെ ഏകപാർശ്വികങ്ങളെന്നും ദ്വിപാർശ്വികങ്ങളെന്നും വിഭജിയ്ക്കാം. ഉദാ: ൽ, ൾ - - -

### 2.1.11.7 പ്രവാഹി (Continuant)

ചലകരണം സന്ധാനസ്ഥലത്തെ സ്പർശിക്കുന്നത് ഇരുവശങ്ങളിലുമാകുമ്പോൾ സ്വനനാളത്തിന്റെ മധ്യതലത്തിൽ സന്ധാനസ്ഥാനത്ത് വലിയൊരു വിടവ് ബാക്കിയുണ്ടാകുന്നു. അതിലൂടെ വായു തടസ്സം കൂടാതെ പ്രവഹിക്കുന്നു. ഇത്തരത്തിൽ വിവൃതമായ അഭ്യാഗമത്തിൽ നിന്നാണ് പ്രവാഹികൾ ഉണ്ടാകുന്നത്.
ഉദാ: യ്, ഴ്.

## 2.1.12 സ്വനപഠനവിഭാഗങ്ങൾ

മനുഷ്യന്റെ ഉച്ചാരണാവയവങ്ങൾക്ക് എണ്ണമറ്റ ശബ്ദവൈവിധ്യം പുറപ്പെടുവിക്കാൻ കഴിയും. അവയിൽ ചിലതു മാത്രമേ ഓരോ ഭാഷയും ഉപയോഗിക്കുന്നുള്ളൂ. ഭാഷണശബ്ദങ്ങളെക്കുറിച്ചുള്ള ശാസ്ത്രീയപഠനത്തിൽ മൂന്നുവിധത്തിലുള്ള സമീപനങ്ങൾ സാധ്യമാണ്.

### 2.1.12.1 ശ്രവണാസ്പദം (Audiotry)

അന്തരീക്ഷത്തിൽ ശബ്ദവീചികൾ ഉളവാക്കുന്ന പ്രകമ്പനങ്ങൾ ശ്രോതാവിന്റെ ശ്രവണഫലകത്തിൽ എത്തുമ്പോഴാണ് അയാൾ ശബ്ദം കേൾക്കുന്നത്. അന്തരീക്ഷവായുവിൽ ഉണ്ടാ

SGOU

കുന്ന ശബ്ദതരംഗങ്ങളുടെ ചലനങ്ങൾക്കനുസരിച്ച് ശ്രോതാവിന്റെ ശ്രവണഫലകം ചലിക്കുന്നു. ആ ചലനങ്ങൾ, ശബ്ദവാഹികളായ സിരകൾ വഴിയായി ബുദ്ധിയിലെത്തിച്ചേരുന്നു. ഓരോ മനുഷ്യനും അവരവരുടെ ശ്രവണേന്ദ്രിയത്തിന്റെ ഗ്രഹണപരിധിക്കകത്തുവരുന്ന ശബ്ദങ്ങൾ മാത്രമേ കേൾക്കുകയുള്ളൂ. ശ്രവണത്തെ ആസ്പദമാക്കിയുള്ള ശബ്ദശാസ്ത്രപഠനം വ്യക്തിപരമാകാനാണ് സാധ്യത. ഒരേ ശബ്ദം രണ്ടുപേർ കേൾക്കുന്നത് ഒരേ രീതിയിലല്ല; അതുകൊണ്ട് ശ്രവണത്തെ അടിസ്ഥാനമാക്കിയുള്ള ശബ്ദശാസ്ത്രപഠനത്തിന് ശാസ്ത്രീയത കൈവരുത്താൻ പ്രയാസമാണ്.

### 2.1.12.2 ഉച്ചാരണാസ്പദം (Ariticulatory)

ഉച്ചാരണാവയവങ്ങളുടെ വ്യാപാരങ്ങളെ ആധാരമാക്കിയുള്ള ശബ്ദപഠനത്തിന് പലവിധ ഉപകരണങ്ങളുമുണ്ട്. മനുഷ്യശരീരത്തിന്റെ ഘടനയിൽ ശബ്ദോല്പാദനത്തിന് പ്രത്യേകം അവയവങ്ങളില്ല. ശ്വാസോച്ഛ്വാസത്തിനും ആഹാരത്തിനും ഉപകരിക്കുന്ന അവയവങ്ങൾ തന്നെയാണ്, ഭാഷണശബ്ദങ്ങളുടെ സൃഷ്ടിക്കും ഉപയോഗിക്കുന്നത്. ഉച്ഛ്വാസവായുവാണ് ഭാഷണശബ്ദങ്ങൾക്ക് കാരണമായിത്തീരുന്നത്.

### 2.1.12.3 സ്വനഭൗതികം (Accoustisc) (ശബ്ദതരംഗാസ്പദം)

ഉച്ചരിക്കപ്പെടുന്ന ശബ്ദങ്ങളുടെ ഭൗതികസ്വഭാവം അപഗ്രഥിച്ചു പഠിക്കുന്ന രീതിയാണ് സ്വനഭൗതികം. ശബ്ദത്തെക്കുറിച്ചുള്ള ശാസ്ത്രീയമായ പഠനം ഭൗതികവിജ്ഞാനത്തിന്റെ ഭാഗമാണ്. അതിൽ എല്ലാതരത്തിലുമുള്ള ശബ്ദങ്ങളെയും വിശകലനം ചെയ്യുന്നു. ഭാഷാശാസ്ത്രത്തിന്റെ ഭാഗമായ ഭൗതിക സ്വനവിജ്ഞാനത്തിൽ ഭാഷാശബ്ദങ്ങളെക്കുറിച്ചു മാത്രമാണ് പരിശോധിക്കുന്നത്. ഉച്ചാരണക്രിയയ്ക്ക് ശേഷം അന്തരീക്ഷവായുവിലുണ്ടാകുന്ന ശബ്ദതരംഗങ്ങളുടെ ഭൗതികഗുണങ്ങളെയാണ് കൃത്യമായി അളന്നു തിട്ടപ്പെടുത്തി പഠിക്കുന്നത്. തരംഗത്തിന്റെ ദൈർഘ്യം, ആവൃത്തി, സ്ഥായിഭേദം, തീവ്രത എന്നിവയെല്ലാം നിരീക്ഷണത്തിലൂടെ അറിയാൻ കഴിയില്ല. അതിനാൽ ഭാഷാശബ്ദങ്ങളുടെ ഭൗതികഗുണങ്ങൾ അറിയുന്നതിന് ഉപകരണങ്ങൾ ആവശ്യമായി വരുന്നു. ഇങ്ങനെ യന്ത്രോപകരണങ്ങളുടെ സഹായത്താൽ നടത്തുന്ന പഠനമായതുകൊണ്ട് ഇത് പരീക്ഷണാത്മകമാണ്.

സാമാന്യഭാഷാശാസ്ത്രത്തിൽ സ്വനപഠനത്തിന് ഉച്ചാരണാസ്പദമായ (അവയവാസ്പദം) രീതിയാണ് അവലംബിക്കുന്നത്. മറ്റു രണ്ടു രീതികളിലുമുള്ള സങ്കീർണ്ണതകൾ ഈ രീതിയിലില്ലാത്തതാണ് സ്വനപഠനത്തിന് ഈ രീതി സ്വീകരിക്കാൻ കാരണം.

ഭാഷാശാസ്ത്രത്തിന്റെ ആരംഭഘട്ടത്തിൽ സ്വനിമസിദ്ധാന്തം ഭാഷാവിജ്ഞാനികളെ മാത്രമല്ല, ഭരണാധികാരികളെക്കൂടി ആകർഷിക്കുകയുണ്ടായി. രാഷ്ട്രീയതലത്തിൽ ഭാഷാശാസ്ത്രത്തിന് സാമാന്യവും സ്വനിമസിദ്ധാന്തത്തിന് സവിശേഷമായും അന്തസ്സ് ലഭിച്ചത് പ്രധാനമായും രണ്ട് കാരണങ്ങളാലാണ്. വൈദേശികാധിപത്യത്തിൽനിന്ന് സ്വതന്ത്രമായ പല രാജ്യങ്ങളിലും നാട്ടുഭാഷകളെ ദേശീയഭാഷകളാക്കാനുള്ള ശ്രമം നടന്നിരുന്നു. അതുവരെ സംസാരഭാഷയായി മാത്രം പ്രചാരത്തിലിരുന്ന ഭാഷകളെ ദേശീയ ഭാഷകളാക്കണമെങ്കിൽ അവയ്ക്ക് ലിഖിതരൂപം ഉണ്ടാകണം. അതുവരെ ലിപികൾ ഇല്ലാതിരുന്ന നാട്ടുഭാഷകൾക്ക് ലിപികൾ തയ്യാറാക്കേണ്ടി വരുമ്പോൾ ഏതെല്ലാം ശബ്ദങ്ങൾക്കാണ് ലിപികൾ നിർദ്ദേശിക്കേണ്ടത് എന്ന പ്രശ്നം പരിഹരിക്കാൻ സ്വനിമസിദ്ധാന്തം സഹായകമായി. ഉച്ചാരണത്തിൽ പ്രത്യക്ഷപ്പെടുന്ന ശബ്ദങ്ങളെ മറ്റുള്ളവയിൽനിന്ന് വ്യാവർത്തിപ്പിക്കാനും അർഥവ്യത്യാസം ഉണ്ടാക്കാനാവുന്നവയെ വേർതിരിച്ച് കാണിച്ച്, അവയ്ക്ക് മാത്രം ലിപികളുണ്ടാക്കാനും സ്വനിമസങ്കല്പം പ്രയോജനപ്പെട്ടു.

സ്വനിമസിദ്ധാന്തത്തിന് മറ്റൊരുതരത്തിലുള്ള പ്രയോജനവുമുണ്ടായി. മറ്റു ഭാഷകൾ പഠിക്കുന്നവർക്ക് പലതരത്തിലുള്ള പ്രയാസങ്ങളും നേരിടേണ്ടതായുണ്ട്. അവയിൽ മുഖ്യം ഉച്ചാരണശുദ്ധയെക്കുറിച്ചുള്ള സംശയമാണ്. സ്വാഭാവികമായ ഭാഷണത്തിന് അതിനനുഗുണമായ ഉച്ചാരണവും വേണം. ഉച്ചാരണത്തെ സ്വാഭാ

SGOU

വികമാക്കണമെങ്കിൽ ഏതേതു ശബ്ദങ്ങൾക്ക് ഏതേത് സാഹചര്യങ്ങളിൽ ഏതുതരത്തിലെല്ലാം മാറ്റങ്ങൾ സംഭവിക്കുന്നു എന്ന് അറിയണം. ഭാഷയിലെ അടിസ്ഥാനശബ്ദമൂലകങ്ങൾ ഏതൊക്കെയാണെന്നും അവയ്ക്ക് സ്ഥാനഭേദം, രീതിഭേദം, സാഹചര്യഭേദം എന്നിവ കൊണ്ട് സംഭവിയ്ക്കുന്ന മാറ്റങ്ങൾ എന്തൊക്കെയാണെന്നും അറിയേണ്ടതുണ്ട്. അതിന് സ്വനിമസിദ്ധാന്തം എന്തെല്ലാം മാറ്റങ്ങളാണ് അനുവദിക്കുന്നതെന്ന് തിരിച്ചറിയണം. സ്വനിമസിദ്ധാന്തത്തിലെ ഈ വിശകലനരീതി അങ്ങനെ മറ്റു ഭാഷകൾ പഠിക്കാൻ സഹായകമാകുന്നു.

ലിപി പരിഷ്കരണശ്രമങ്ങളിൽ സ്വനിമപഠനത്തിനുള്ള പ്രസക്തിയും അംഗീകരിക്കേണ്ടതുണ്ട്. അർഥം വ്യത്യാസപ്പെടുത്താൻ പ്രാപ്തമല്ലാത്ത ലിപികൾ ഉപേക്ഷിക്കാനും പുതിയ ഭാഷണമാതൃകകൾക്ക് രൂപംകല്പിക്കാനും ഭാഷാപരിണാമം മൂലമുണ്ടാകുന്ന ശബ്ദമാത്രകൾക്ക് അംഗീകാരം നൽകാനും സ്വനിമപഠനം ഉപയോഗപ്രദമാണ്.

അർഥവ്യത്യാസത്തിന് കാരണമാകുന്ന സ്വനത്തെയാണ് സ്വനിമം എന്ന് പറയുന്നത്.

പറ

പട

പന

പത

എന്നീ പദങ്ങൾ ശ്രദ്ധിക്കുക. ഒരൊറ്റ സ്വനത്തിന്റെ വ്യത്യാസമാണ് ഈ പദങ്ങളിൽ അർഥവ്യത്യാസം ജനിപ്പിക്കുന്നത്. ഒരു സ്വനത്തിന് പകരമുള്ള മറ്റൊരു സ്വനത്തിന്റെ ആഗമനം അർഥവ്യത്യാസത്തിന് കാരണമാകുന്നു. അതിനാൽ റ്, ട്, ന്, ത് എന്നിവയ്ക്ക് വ്യക്തമായ സ്വനിമത്വം ഉണ്ടെന്ന് പറയാം.

പറ

പാറ

എന്നീ പദങ്ങളിൽ അകാരം ദീർഘിച്ചത് അർഥവ്യത്യാസത്തിന് കാരണമാകുന്നു. അ, ആ എന്നിവ സ്വനിമങ്ങളാണെന്ന് പറയാം.

## 2.1.13 സ്വനിമം - നിർവചനങ്ങൾ

ഭാഷാശാസ്ത്രകാരന്മാരിൽ ഒട്ടുമിക്കപേരും സ്വനിമത്തെ സ്വന്തം നിലയിൽ നിർവചിച്ചിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ടവ താഴെ കൊടുക്കുന്നു.

- വേർതിരിച്ച് കാണിക്കാൻ കഴിയുന്ന ഭാഷണശബ്ദങ്ങളിൽ ഏറ്റവും ചെറിയ മാത്ര- ലിയനാൾഡ് ബ്ലൂംഫീൽഡ്
- ഒരു ഭാഷയുടെ സ്വനവ്യവസ്ഥയിൽ പരസ്പരവൈരുധ്യത്തോടുകൂടി വർത്തിക്കുന്ന മൂലകങ്ങളാണ് സ്വനിമങ്ങൾ- സി. എഫ്. ഹോക്കറ്റ്.
- ഉച്ചരിക്കുന്നതും കേൾക്കുന്നതുമായ ശബ്ദഖണ്ഡങ്ങൾ ഇന്നതാണെന്ന് ഭാഷകന് ഒരു ധാരണയുണ്ടായിരിക്കും. ആ ധാരണയ്ക്ക് അടിസ്ഥാനമായ ഭാഷണശബ്ദമാണ് സ്വനിമം-എഡ്വേർഡ് സപീർ.
- ഒരേ സ്വനിക സാഹചര്യത്തിൽ പ്രത്യക്ഷപ്പെടാത്തതും ശ്രവണം, ഉച്ചാരണം എന്നീ കാര്യത്തിൽ സമാനസ്വഭാവമുള്ളതുമായ ഭാഷണശബ്ദങ്ങളുടെ കൂട്ടം - ഡാനിയൽ ജോൺസ്.
- ഒരു പ്രത്യേക ഭാഷയുടെ അപഗ്രഥനത്തിനുവേണ്ടി നിർദ്ദേശിക്കപ്പെടുന്ന, ആ ഭാഷയിലെ അടിസ്ഥാനശബ്ദമാത്രയാണ് സ്വനിമം - കെ. എൽ. പൈക്.
- പരസ്പരം വൈരുധ്യമില്ലാത്തതും സ്വനികമായി സാദൃശ്യമുള്ളതും ആയ സ്വനങ്ങളുടെ വർഗത്തെയാണ് സ്വനിമം എന്ന് പറയുന്നത് - ബി. ബ്ലോക്ക്
- ശാബ്ദിക ലക്ഷണങ്ങളുടെ സമൂഹമാണ് സ്വനിമം. ഈ ലക്ഷണങ്ങൾ സ്വനിമത്തെ മറ്റൊന്നിൽനിന്ന് വ്യത്യാസപ്പെടുത്തുന്നു - റോബർട്ട് എ. ഹാൾ.

ഒരേ സ്വനികസാഹചര്യത്തിൽ പ്രത്യക്ഷപ്പെടാത്തതും സാദൃശസ്വഭാവമുള്ളതും പ്രവചനീയ പ്രത്യക്ഷസ്ഥാനങ്ങളോടുകൂടിയതും ആയ സ്വനങ്ങളാണ് ഉപസ്വനങ്ങൾ.

SGOU

## 2.1.14 സ്വനിമനിർണയം

പ്രയുക്ത സ്വനിമവിജ്ഞാനത്തെക്കുറിച്ച് കെ. എൽ. പൈക് രചിച്ച ഗ്രന്ഥത്തിലാണ് സ്വനിമ നിർണയത്തിൽ ഓർത്തിരിക്കേണ്ട അടിസ്ഥാ നതത്വങ്ങളെക്കുറിച്ച് വിശദീകരിച്ചിരിക്കുന്നത്. അതിനാൽ ഇവയെ പൈക്കിന്റെ പൂർവകല്പ നകൾ എന്ന് പറയുന്നു. പൈക് ചൂണ്ടികാണി ക്കുന്ന പൂർവകല്പനകളിൽ മുഖ്യമായ നാലെ ണ്ണം താഴെ കൊടുക്കുന്നു.

1. സ്വനിമങ്ങൾ പ്രത്യക്ഷപ്പെടുന്ന സാഹ ചര്യങ്ങളുടെ വ്യത്യാസത്തിനനുസരിച്ച് അതിന്റെ സ്വഭാവങ്ങളിലും വ്യത്യാസം വരുന്നു.

സ്വനിമനിർണ്ണയത്തെക്കുറിച്ച് വിവരിക്കുന്ന പൈക്കിന്റെ കൃതി - ഫൊണിമിക്സ്: 'എ ടെക് നിക് ഫോർ റഡ്യൂസിംഗ് ലാംഗ്വേജ്.'

എല്ലാ സ്വനങ്ങൾക്കും എല്ലാ സാഹചര്യങ്ങ ളിലും ഒരേ മാതിരിയുള്ള ഉച്ചാരണമല്ല ഉള്ളത്. സാഹചര്യം മാറുന്നതിനനുസരിച്ച് സ്വനങ്ങളു ടെ സ്വഭാവത്തിൽ മാറ്റം വരാം. കടൽ, പകൽ, പക എന്നിവയിലെ കകാരങ്ങൾക്ക് ഉച്ചാരണ ത്തിൽ മാറ്റം വരുന്നുണ്ട്. 'കടൽ' എന്നതിൽ കകാരം പദാദിയിലും 'പകലി'ൽ പദമധ്യത്തി ലും 'പക'യിൽ പദാന്ത്യത്തിലും ആണ്. സ്ഥാ നം, അടുത്തുവരുന്ന മറ്റു സ്വനങ്ങളുടെ സ്വാ ധീനം എന്നിവ മൂലമാണ് ഘടകസ്വനങ്ങളുടെ ഉച്ചാരണം വ്യത്യസ്തമാകുന്നത്.

2. സ്വനവ്യവസ്ഥ ഐകരൂപ്യത്തിൽ എത്തി ച്ചേരാനുള്ള പ്രവണത പ്രദർശിപ്പിക്കും.

സാമാന്യവ്യവസ്ഥയിൽനിന്ന് മാറിനിൽക്കുന്ന സ്വഭാവങ്ങളും ഭാഷയിലുണ്ടാകാം. അങ്ങനെ യുള്ള വ്യത്യാസങ്ങൾ സാമാന്യവ്യവസ്ഥയുമാ യി പൊരുത്തപ്പെടാനുള്ള നീക്കങ്ങൾ ഭാഷാ പ്രയോഗത്തിൽ ഉണ്ടാകാൻ സാധ്യതയുണ്ട്. മലയാളത്തിലെ അനുനാസികമൊഴികെയുള്ള ചവർഗ സ്വനങ്ങൾ സ്വനപരമായി വിരാമഘർ ഷങ്ങളാണ്. മറ്റു വർഗാക്ഷരങ്ങളിൽനിന്നുള്ള വ്യത്യാസമാണിത്. എന്നാൽ സ്വനിമതലത്തിൽ അവ വിരാമങ്ങളെപ്പോലെ പെരുമാറുന്നു. അതു കൊണ്ട് സ്വനിമങ്ങളെന്ന നിലയിൽ അവയെ വിരാമങ്ങളായിത്തന്നെ പരിഗണിക്കാം. സ്വര യോഗം, ഇരട്ടിപ്പ്, വ്യഞ്ജനസംഘാതം മുതലാ യവയിൽ വിരാമങ്ങൾക്കുള്ളതിന് സമാന്തരമായ പ്രത്യക്ഷവൽക്കരണങ്ങളാണ് ചവർഗത്തിനുള്ള ത്. അങ്ങനെ സ്വനതലത്തിലെ ചില വ്യത്യാസ ങ്ങൾ സ്വനിമ വ്യവസ്ഥയിൽ ഐകരൂപ്യത്തിലെ ത്തുന്നതു കാണാം.

3. അർഥഭേദത്തിന് കാരണമായില്ലെങ്കിൽ അങ്ങനെയുള്ള ഉച്ചാരണങ്ങൾക്ക് സ്വനി മപദവി നൽകേണ്ടതില്ല.

അർഥം വ്യാവർത്തിപ്പിക്കുക എന്നത് സ്വനിമ ത്തിന്റെ സ്വഭാവമാണ്. അതിന് ഉതകുന്ന ശബ്ദ ഖണ്ഡങ്ങളെ മാത്രമേ സ്വനിമങ്ങളായി പരിഗ ണിക്കേണ്ടതുള്ളൂ. അത്തരം സ്വനിമങ്ങൾക്കു മാത്രമേ വരമൊഴിയിൽ ലിപികൾ ആവശ്യമാ യിട്ടുള്ളൂ. ഈ പരികല്പന വരമൊഴിയില്ലാത്ത ഭാഷകൾക്ക് ആദ്യമായി ലിപിവ്യവസ്ഥ ഉണ്ടാ ക്കുമ്പോഴാണ് പ്രസക്തമാവുന്നത്. സ്ഥാനംകൊ ണ്ടോ സാഹചര്യംകൊണ്ടോ ഉണ്ടാവുന്ന ഉച്ചാര ണവ്യത്യാസങ്ങൾക്കെല്ലാം വ്യത്യസ്തലിപികൾ നിർദ്ദേശിക്കേണ്ടതില്ല.

4. വ്യത്യസ്ത ഭാഷകളിലെ സ്വനിമങ്ങൾ നിർണയിക്കുമ്പോൾ അതാത് ഭാഷകളു ടെ സ്വനഘടനാസ്വഭാവങ്ങൾ പരിഗണി ച്ച് ആവശ്യമായ പുതിയ വ്യവസ്ഥകൾ നടത്തേണ്ടതായി വരും.

എല്ലാ ഭാഷകൾക്കും പൊതുവായ സ്വനിമ നിർണയപദ്ധതികൾ ഉണ്ടെങ്കിലും അവയ്ക്ക് പുറമെ, ഓരോ ഭാഷയ്ക്കും പൊരുത്തപ്പെടുന്ന രീതിയിലുള്ള പുതിയ വ്യവസ്ഥകളും ആവശ്യ മായി വരും. സംസ്കൃതത്തിൽ വിസർഗം പ്രത്യേ കവർണമാണെന്നതുകൊണ്ടും മലയാളത്തിൽ ചില പദങ്ങളിൽ അത് രേഖപ്പെടുത്തുന്നതുകൊ ണ്ടും വിസർഗം മലയാളത്തിലെ അടിസ്ഥാനവർ ണമാണെന്ന് കരുതേണ്ടതില്ല. മലയാളസ്വനിമ വ്യവസ്ഥയുമായി തീരെ പൊരുത്തപ്പെടാത്ത താണ് സംസ്കൃതത്തിലെ വിസർഗോച്ചാരണം. മലയാളത്തിൽ വിസർഗത്തെ സംസ്കൃതത്തിലെ ന്നപോലെ ഉച്ചരിക്കുന്നില്ല. സ്വനിമ നിർണ്ണയം അതത് ഭാഷകൾക്ക് സ്വാഭാവികമായ രീതിയിൽ നടത്തണം.

SGOU

### 2.1.15 വ്യത്യയം (Contrast)

ഒരേ ശാബ്ദികപരിസരത്തിൽ പ്രത്യക്ഷപ്പെട്ട് അർഥവ്യത്യാസം ജനിപ്പിക്കുന്ന സ്വനയുഗ്മങ്ങളെ വ്യത്യയമുള്ള ജോടികൾ എന്ന് പറയാം. വ്യത്യയമുള്ള ജോടികളിലുൾപ്പെടുന്ന സ്വനങ്ങൾ വ്യത്യസ്ത സ്വനിമങ്ങളായിരിക്കും. സ്വനിമനിർണ്ണയം നടത്തുന്നതിന്റെ അടിസ്ഥാനമാനദണ്ഡമാണ് വ്യത്യയം.

കട്ടി - ചട്ടി , കാടി - ചാടി

മേൽപറഞ്ഞ പദങ്ങളിൽ പദാദിയിലെ രണ്ടു വർണ്ണങ്ങൾ മാത്രമാണ് വ്യത്യാസപ്പെട്ടിരിക്കുന്നത്. 'ക' യും . 'ച' യും . മറ്റു രണ്ടു വർണ്ണങ്ങളും തുല്യമായിട്ടും രണ്ടർഥമുണ്ടാകുന്നു അതിനാൽ ഈ ഉദാഹരണങ്ങളിലെ 'ക' കാര, 'ച'കാര വ്യത്യയാവസ്ഥയിലാണ്

A change in one sound Produces a change in meaning

ഒരൊറ്റശബ്ദത്തിന്റെ വ്യത്യാസം കൊണ്ടായിരിക്കണം വ്യത്യയം സ്ഥാപിക്കപ്പെടേണ്ടത്. അതിന് രണ്ട് മാർഗങ്ങളുണ്ട്. പ്രത്യക്ഷമാർഗവും പരോക്ഷമാർഗവും ആണ് വ്യത്യയസ്ഥാപനത്തിലൂടെയുള്ള സ്വനിമാപഗ്രഥനത്തിനുള്ള രണ്ടു മാർഗങ്ങൾ. പ്രത്യക്ഷമാർഗത്തിൽ അല്പവ്യത്യയജോടികളും പരോക്ഷമാർഗത്തിൽ അല്പേതരവ്യത്യയജോടികളും. ഇവയിലേതെങ്കിലുമൊരു മാർഗത്തിലൂടെ വ്യത്യയമുണ്ടെന്ന് തീർച്ചപ്പെടുത്താനായാൽ ജോടികളിലുൾപ്പെടുന്ന സ്വനങ്ങൾ സ്വനിമങ്ങളെന്ന് തീർച്ചപ്പെടുത്താം.

### 2.1.16 അല്പവ്യത്യയജോടി (അല്പതമസദൃശജോടികൾ)

അല്പതമമായ വ്യതിയാനം കൊണ്ട് അർഥമാറ്റം സംഭവിക്കുന്നുവെന്നാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഒരേ സ്ഥാനത്തുള്ള ഒരു വർണത്തിന്റെ വ്യത്യാസം മൂലം അർഥവ്യതിയാനം സംഭവിക്കുകയാണിവിടെ.

| | | |
|---|---|---|
| കളി | - | ക്+അ+ള്+ഇ |
| കിളി | - | ക്+ഇ+ള്+ഇ |
| കുളി | - | ക്+ഉ+ള്+ഇ |

രണ്ട് പദങ്ങളിൽ സമാനസ്ഥാനത്ത് പ്രത്യക്ഷപ്പെടുന്ന സ്വനങ്ങളുടെ വ്യത്യാസം അർഥവ്യത്യാസം സൃഷ്ടിക്കുന്നുവെങ്കിൽ ആ പദ ജോടിയെ അല്പവ്യത്യയജോടി എന്ന് പറയാം.

ഈ മൂന്നു പദങ്ങളിലും ഒരേ സ്ഥാനത്തുണ്ടാകുന്ന സ്വനഭേദം മൂലം അർഥവ്യതിയാനം സംഭവിക്കുന്നു. അതിനാൽ അ, ഇ, ഉ എന്നീ മൂന്നു സ്വനങ്ങൾക്കും സ്വനിമപദവി ലഭിയ്ക്കുന്നു.

| | | |
|---|---|---|
| കളി | - | ക്+അ+ള്+ഇ |
| കിള | - | ക്+ഇ+ള്+അ |

ഈ ജോടികളിൽ ഒന്നിലധികം സ്ഥലങ്ങളിൽ സ്വനഭേദം ഉള്ളതുകൊണ്ട് സ്വനിമ നിർണ്ണയം സാധ്യമല്ല. ജോടികൾ അല്പതമം അല്ല എന്നർഥം.

### 2.1.17 അല്പേതരവ്യത്യയജോടി (അല്പതമസദൃശജോടികൾ)

ഇവയിൽ 'അല്പതമം' എന്ന് പറയുന്നതിൽ നിന്നും കുറച്ചുകൂടി സ്വനവ്യതിയാനം ഉണ്ട്. ഒരൊറ്റ സ്വനത്തിന്റെ വ്യതിയാനം എന്ന സങ്കല്പനത്തെ തകിടം മറിക്കുകയാണ് ഈ ജോടികൾ. ഉദാഹരണമായി പലം, ബലം എന്ന ജോടിയെ പരിശോധിക്കാം. യഥാർത്ഥത്തിലുള്ള ഇവയുടെ ഉച്ചാരണം പലം-ബെലം എന്നാണല്ലോ.

| | | |
|---|---|---|
| പലം | - | പ്+അ+ല്+അം |
| ബെലം | - | ബ്+എ+ല്+അം |

ഇവയിൽ പ്, ബ് എന്നീ സ്വനങ്ങൾ സ്വനിമങ്ങളാണോ എന്നാണ് പരിശോധിക്കേണ്ടത്.

അല്പേതര വ്യത്യയജോടികൾ ഉലപാല്പതമം, ന്യൂനകല്പതമം എന്നീ പേരുകളിലും അറിയപ്പെടുന്നു.

ഈ സ്വനങ്ങളെ സംബന്ധിച്ചിടത്തോളം അല്പവ്യത്യയ ജോടിയാണെന്ന് കരുതാനിടയുണ്ട്. എന്നാൽ ബലം എന്ന വാക്ക് മലയാളികളുടെ സ്വാഭാവികമായ ഉച്ചാരണത്തിൽ ബെലം എന്നാണ്. സ്വനിമനിർണ്ണയത്തിൽ ഉച്ചാരണമനുസരിച്ചുള്ള സ്വനങ്ങളെയാണ് അടിസ്ഥാനമായി സ്വീകരിക്കേണ്ടത്. അങ്ങനെയാണെങ്കിൽ പലം, ബെലം എന്നിവ അല്പേതരവ്യത്യയജോടിയാണ്. വ്യത്യയബന്ധമുള്ള സ്വനിമങ്ങൾ നിർണയിക്കുന്നതിന് അല്പവ്യത്യയജോടികളെയോ അല്പേതരവ്യത്യയജോടികളെയോ ആശ്രയിക്കാം.

## 2.1.18 പൂരകബന്ധം

പ്രത്യക്ഷപ്പെടുന്ന സ്ഥാനം കൊണ്ടോ സാഹചര്യം കൊണ്ടോ വ്യത്യാസം സംഭവിക്കുന്ന സ്വനങ്ങൾക്ക് തമ്മിലുള്ള ബന്ധത്തെയാണ് പൂരകബന്ധം എന്ന് പറയുന്നത്. മലയാളത്തിലെ 'ട'കാരം താഴെ പറയുന്ന സാഹചര്യങ്ങളിൽ പ്രത്യക്ഷപ്പെടുന്നു. പദാദിയിൽ (ടിപ്പണി, ടവൽ, ടാപ്പ്, ടെക്സ്റ്റ്, ടെലഫോൺ, ടൈപ്പ് റൈറ്റർ, ടൗൺ), പദമധ്യത്തിൽ സ്വരങ്ങൾക്കിടയിൽ (കുടം, തടാകം, പീടിക, മടിയൻ), പദമധ്യത്തിൽ ഇരട്ടിച്ച് (പട്ടിക, ചട്ടുകം, കാട്ടാന), സവർണ്ണാനുനാസികത്തിനുശേഷം (മണ്ടൻ, ഉണ്ട, കൊണ്ടാടുക), മറ്റ് വ്യഞ്ജനങ്ങളോട് ചേർന്ന് (നഷ്ടം, നാട്യം, ട്രെയിൻ). ഇങ്ങനെ അഞ്ച് വ്യത്യസ്ത സാഹചര്യങ്ങളിൽ പ്രത്യക്ഷപ്പെടുന്നുണ്ടെങ്കിലും മൂന്ന് ഉച്ചാരണങ്ങളാണ് 'ട'കാരത്തിനുള്ളത്. പദാദിയിലും ഇരട്ടിപ്പിലും ഇതരവ്യഞ്ജനങ്ങളോട് ചേരുമ്പോഴും ശ്വാസിയായ മൂർധന്യവിരാമം (ട1). പദമധ്യത്തിൽ സ്വരങ്ങൾക്കിടയിൽ വരുമ്പോൾ നാദിയായ മൂർധന്യ ഉൽക്ഷിപ്തം (ട2). സവർണാനുനാസികത്തിന് ശേഷം അല്പനാദിത്വം (ട3). ഈ മൂന്ന് സ്വനങ്ങളുടെയും (ട1, ട2, ട3) പ്രത്യക്ഷവൽക്കരണം സാഹചര്യബദ്ധമാണ്. അവ എവിടെയെല്ലാം പ്രത്യക്ഷപ്പെടുന്നുവെന്ന് പ്രവചിക്കാനാവും. ഇങ്ങനെ പ്രവചനീയ സാഹചര്യങ്ങളിൽ പ്രത്യക്ഷപ്പെടുന്ന സ്വനങ്ങളെയാണ് ഉപസ്വനങ്ങൾ എന്ന് പറയുന്നത്. ഉപസ്വനങ്ങൾക്കു തമ്മിലുള്ള ബന്ധമാണ് പൂരകബന്ധം. സ്വനസാദൃശ്യമുള്ളവയും പൂരകബന്ധത്തോടുകൂടിയവയും ആയ ഉപസ്വനങ്ങളെചേർത്ത് ഒരു സ്വനിമമായി പരിഗണിക്കുന്നു.

പദാദിയിൽ 'ട'കാരം വരുന്ന പദങ്ങൾ ഭാഷയിലില്ല എന്നതാണ് വാസ്തവം. മേൽ സൂചിപ്പിച്ചവയെല്ലാം പരകീയ പദങ്ങളാണ്.

രണ്ടുതരത്തിലുള്ള പൂരകബന്ധങ്ങളുണ്ട്. ഭാഗികപൂരണവും ബഹുവിധപൂരണവും.

### 2.1.18.1 ഭാഗികപൂരകബന്ധം

രണ്ട് സ്വനങ്ങൾ ചില സാഹചര്യങ്ങളിൽ വ്യത്യയത്തോടും മറ്റിടങ്ങളിൽ പൂരകബന്ധത്തോടും പ്രത്യക്ഷപ്പെടുന്നുവെങ്കിൽ ആ സ്ഥിതിയെ ഭാഗികപൂരകബന്ധം എന്ന് പറയും. മലയാളത്തിലെ ദന്ത്യവർത്സ്യ അനുനാസികങ്ങൾക്ക് പദമധ്യത്തിൽ ഇരട്ടിച്ച് പ്രത്യക്ഷപ്പെടുമ്പോഴേ വ്യത്യയമുള്ളൂ. 'എന്നാൽ' (ദന്ത്യാനുനാസികം -പക്ഷേ എന്നർഥത്തിൽ), 'എന്നാൽ' (വർത്സ്യാനുനാസികം-ഉത്തമപുരുഷസർവനാമത്തിന്റെ പ്രയോജികാവിഭക്തിരൂപം). ഇരട്ടിപ്പില്ലാതെ, മറ്റിടങ്ങളിൽ പ്രത്യക്ഷപ്പെടുന്നു അനുനാസികങ്ങൾ പൂരകബന്ധം പ്രദർശിപ്പിക്കുന്നു. അതനുസരിച്ച് പദാദിയിൽ യകാരം തുടർന്ന് വരാത്തപ്പോഴും (നല്ല, നെഞ്ച്, സിന്ദൂരം) ത്, ഗ്, സ് എന്നിവക്കു ശേഷവും (രത്നം, അഗ്നി, സ്നേഹം) ദന്ത്യാനുനാസികമാണ് ഉച്ചരിക്കപ്പെടുന്നത്. മറ്റിടങ്ങളിൽ വർത്സ്യാനുനാസികവും. ഇരട്ടിപ്പിൽ അർഥവ്യാവർത്തനശേഷിയുള്ളതിനാൽ ഇവയെ വ്യത്യസ്ത സ്വനിമങ്ങളായിത്തന്നെ പരിഗണിക്കണം.

### 2.1.18.2 ബഹുവിധപൂരകബന്ധം

ഒരു സ്വനം മറ്റ് രണ്ട് സ്വനങ്ങളുമായി പൂരകബന്ധം പുലർത്തുന്നതിനെയാണ് ബഹുവിധപൂരകബന്ധം എന്ന് പറയുന്നത്. കുളം, അടുപ്പം, തടവ് എന്നിവയിൽ ആദ്യത്തെ രണ്ടു പദങ്ങളിൽ ഉകാരചിഹ്നം ഉപയോഗിച്ചിട്ടുണ്ടെങ്കിലും അവയുടെ ഉച്ചാരണം ഒരുപോലെയല്ല. കുളം എന്നതിലെ ഉകാരം ഉച്ചമായ വർത്തുള പിൻസ്വരമാണ്. അടുപ്പം എന്നതിലെ പദമധ്യസ്വരത്തിന്റെ ഉച്ചാരണം നിമ്നോച്ചമായ അവർത്തുള കേന്ദ്രസ്വരത്തിന്റേതാണ്. പദമധ്യത്തിൽ വരുന്ന ഉകാരങ്ങളെ അനൗപചാരികഭാഷണത്തിൽ വർത്തു

SGOU

ളീകരിച്ച് ഉച്ചരിക്കാറില്ല. മൂന്നാമത്തെ പദത്തിലെ അവസാനസ്വരം മധ്യവും അവർത്തുളവുമായ കേന്ദ്രസ്വരമാണ്. കുളത്തിലെ ആദ്യസ്വരത്തിന് വിവൃതം എന്നും തടവ്-ലെ അന്ത്യസ്വരത്തിന് സംവൃതം എന്നും വിളിയ്ക്കാം. ഈ രണ്ട് സ്വരങ്ങൾ (വിവൃതവും സംവൃതവും) മലയാളത്തിലെ സ്വതന്ത്ര സ്വനിമങ്ങളാണ്.

### 2.1. 18.3 സ്വതന്ത്ര പരിവർത്തനം

വ്യത്യയവിതരണം പ്രദർശിപ്പിക്കുന്ന രണ്ടു സ്വനങ്ങൾ ചില പദങ്ങളിൽ മാത്രം അർഥവ്യത്യാസം ഉണ്ടാക്കാതെ തന്നെ ഒരേ സാഹചര്യത്തിൽ പ്രത്യക്ഷപ്പെടാറുണ്ട്. ഇതിനെ സ്വതന്ത്ര പരിവർത്തനം (Free Variation) എന്ന് വിളിക്കുന്നു.
ഉദാ: ദലം- ദളം, ദലിത്- ദളിത്, ഇല- എല, കുഴപ്പം- കൊഴപ്പം . ഇതിൽ ഒരു പദം മാനകഭാഷയുടേതും മറ്റേത് സംസാരഭാഷയുടേതുമാണ്.

## 2.1.19 പരിച്ഛിന്ന വർണങ്ങളും ലീനധ്വനികളും

സ്വതന്ത്രമായി നിൽക്കുന്ന സ്വനിമങ്ങളായ സ്വരങ്ങളെയും വ്യഞ്ജങ്ങളെയും ഭാഷാശാസ്ത്രം പരിച്ഛിന്ന വർണങ്ങൾ എന്നു വിളിക്കുന്നു. ഖണ്ഡ സ്വനിമങ്ങൾ, വ്യതിരക്തധ്വനി, segmental Phonemers എന്നൊക്കെ ഇതിനെ വിളിക്കുന്നു. അർഥവ്യവർത്തകസ്വഭാവം പ്രകടിപ്പിക്കുന്നു ഇത്തരം വർണങ്ങൾ കൂടാതെയുള്ള ചില സവിശേഷതകളും സ്വനിമനിർണയത്തിലുണ്ട്. അതൊലൊന്നാണ് ലീനധ്വനി (Supera Segmental Phonemers) എന്നു പറയുന്നത്. പ്രധാന ധ്വനിയിൽ ത്തന്നെ ലയിച്ചു ചേർന്നിരിക്കുന്നു സ്വഭാവത്തിലാണ് ലീനധ്വനികൾ പ്രത്യക്ഷപ്പെടുന്നത്. ഉദാ: അവൻ ജയിച്ചു എന്ന വാക്യത്തിലെ അവസാന സ്വനം 'ഉ' ആണ്. ഈ വർണം മാറ്റാതെ തന്നെ അതിനെ നീട്ടിയോ, ബലപ്പെടുത്തിയോ ഉച്ചരിച്ചാൽ. അവൻ ജയിച്ചൂ? (ചോദ്യമാകും)'അവൻ ജയിച്ചു'! എന്ന് അത്ഭുതാർഥമൊക്കെ കിട്ടിയെന്നുവരാം. ബലം, സ്ഥായി, ഈണം എന്നിങ്ങനെയുള്ള ഉച്ചാരണത്തിലെ വൈവിധ്യമാണ് ലീനധ്വനിയുടെ പശ്ചാത്തലം. സാധാരണയായി പാശ്ചാത്യ ഭാഷയിലാണ് ഇത്തരം സ്വഭാവം കൂടുതലായി കണ്ടുവരുന്നത്.

## 2.1.20 മലയാളത്തിലെ സ്വനിമങ്ങൾ

### സ്വനിമമാല

മലയാളത്തിലെ സ്വനിമമാലയിൽ ആറു സ്വരങ്ങളും (അ, ഇ, ഉ, ഋ, എ, ഒ) ഇരുപത്തിയെട്ട് വ്യഞ്ജനങ്ങളും ഉള്ളതായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

ഇവയുടെ ദീർഘങ്ങൾ- ഈ, ഊ, ഏ, ഓ, ആ- എന്നിവയും ചേർത്തതാണ് മലയാളത്തിലെ സ്വരസ്വനിമമാല. ഋ എന്ന സ്വരത്തിന്റെ ദീർഘം ഉപയോഗത്തിലില്ലാത്തതിനാൽ ഒഴിവാക്കാം. ഋ എന്ന സ്വരത്തിനുപകരം ർ എന്ന ചില്ലിനെ പ്രതിഷ്ഠിക്കുന്നതും ശരിയല്ല.

## 2.1.21 വ്യഞ്ജനം

പട്ടികയിൽ മലയാളത്തിലെ വ്യഞ്ജനസ്വനിമങ്ങളെ സ്പർശം, സ്പർശഘർഷം, അനുനാസികം, പാർശ്വികം, ഉൽക്ഷിപ്തം, ഘർഷം, പ്രവാഹി എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു. ക്, പ്, ട്, ത് എന്നിവ സ്പർശങ്ങളും ച് സ്പർശഘർഷവും ആണ്. എന്താണ് സ്പർശഘർഷം എന്ന് വിശദമാക്കാം. ക്, ട്, ത് ഇവയുടെ ഉച്ചാരണത്തിൽ ചലകരണം സന്ധാനസ്ഥലത്ത് വ്യക്തമായി സ്പർശിച്ച് വായുനിബദ്ധമായ തടസ്സം സൃഷ്ടിക്കുകയും പെട്ടെന്ന് സ്ഫോടനത്തോടുകൂടി വിട്ടുമാറുകയുമാണല്ലോ ചെയ്യുന്നത്. ച് എന്ന സ്വനം ഉച്ചരിച്ചുനോക്കൂ. സന്ധാനസ്ഥലത്തുനിന്ന് ചലകരണം വിട്ടുപോരുന്നത് വളരെ സാവധാനത്തിലാണ്. ഈ സമയത്ത് നാവിനും സന്ധാനസ്ഥലത്തിനും ഇടയ്ക്ക് ചെറിയ വിടവ് രൂപംകൊള്ളുകയും ഈ വിടവിലൂടെ വായു പുറത്തേക്കൊഴുകുകയും ചെയ്യുന്നതിന്റെ ഫലമായാണ് ചകാരം ഉണ്ടാകുന്നത്. ഘർഷങ്ങളുടെ സ്വഭാവംകലർന്ന സ്പർശമാണ് ചകാരം എന്നതുകൊണ്ട് ചകാരത്തെ സ്പർശഘർഷം എന്ന് വിളിക്കാം. ചകാരച്ചോരണത്തിന്റെ ഒടുവിൽ മാത്രമുള്ള ഘർഷണം സ, ഷ, ശ, ഹ എന്നിവയുടെ ഉച്ചാരണത്തിൽ ആദ്യന്തമുണ്ട്. ഇവയെ ഘർഷങ്ങൾ എന്നു വിളിക്കുന്നു. സ, ഷ, ശ, ഹ ഇവയിൽ സ-ദന്ത്യഘർഷമാണെന്ന്

SGOU

പട്ടികയിൽ പറഞ്ഞിരിക്കുന്നു. 'സ'യുടെ ഉച്ചാരണത്തിൽ നാവിൻതുമ്പ് മേൽവരിപ്പല്ലുകളെ സമീപിക്കുകയും പല്ലിനും നാവിനും ഇടക്കുണ്ടാവുന്ന ചെറിയ വിടവിലൂടെ വായു പ്രവഹിക്കുകയും ചെയ്യുന്നു. തന്മൂലം 'സ' കാരത്തെ ദന്ത്യഘർഷം എന്ന് വിളിക്കാം. ചലകരണാഗ്രത്തിനും താലുവിനും ഇടയ്ക്കുള്ള വിടവിലൂടെ ഉച്ഛ്വാസവായു പ്രവഹിക്കുമ്പോൾ ഉണ്ടാകുന്ന 'ഷ'കാരമാണ് മൂർധന്യഘർഷം. നാവിൻനടുവിനും താലുവിനുമിടക്കുണ്ടാവുന്ന വിടവ് 'ശ' കാരത്തിനും നാവിന്റെ പിൻഭാഗത്തിനും മൃദുതാലുവിനും ഇടയ്ക്കുണ്ടാകുന്ന വിടവ് 'ഹ' കാരത്തിനും കാരണമാകുന്നു. ഇവയെ യഥാക്രമം താലവ്യഘർഷം എന്നും മൃദുതാലവ്യഘർഷമെന്നും വിളിക്കാം. നാവിൻതുമ്പ് സന്ധാനസ്ഥാനത്തെ പെട്ടെന്നൊന്ന് തൊട്ടുരുമ്മിപ്പോകുന്നതിന്റെ ഫലമായി ര, റ ഇവ സൃഷ്ടിക്കപ്പെടുന്നു. സന്ധാനസ്ഥാനത്തെ അടിസ്ഥാനമാക്കി ര, റ എന്നീ ഉൽക്ഷിപ്തങ്ങളെ ദന്ത്യവർത്സ്യ ഉൽക്ഷിപ്തങ്ങൾ എന്ന് വിളിക്കാം.

ഓഷ്ഠം, ദന്തം, വർത്സ്യം, മൂർധാവ്, താലു, മൃദുതാലു എന്നീ സ്ഥാനങ്ങളിൽ എവിടെയെങ്കിലും വച്ച് പൂർണ്ണമായും തടയപ്പെടുന്ന നിശ്വാസവായു മൂക്കിലൂടെ പ്രവഹിക്കുമ്പോൾ ങ്, ഞ്, ണ്, ന്, മ് എന്നീ അനുനാസികങ്ങൾ സൃഷ്ടിക്കപ്പെടുന്നു.

ൻ, ൾ എന്നിവയുടെ ഉച്ചാരണത്തിൽ ചലകരണത്തിന്റെ അഗ്രം സന്ധാനസ്ഥാനത്തെ സ്പർശിക്കുകയും നാവിന്റെ ഇരുവശങ്ങളിലൂടെയും വായു ഘർഷണമില്ലാതെ പ്രവഹിക്കുകയും ചെയ്യുന്നു. ൽ, ൾ എന്നീ പാർശ്വികങ്ങളെ സന്ധാനസ്ഥാനത്തിന്റെ അടിസ്ഥാനത്തിൽ, യഥാക്രമം വർത്സ്യപാർശ്വികമെന്നും മൂർധന്യപാർശ്വികമെന്നും വിളിക്കാം. ചലകരണത്തിനും സന്ധാനസ്ഥാനത്തിനും നടുവിൽ ഉണ്ടാകുന്ന വിടവിലൂടെ ഘർഷണമില്ലാതെ വായു പ്രവഹിക്കുമ്പോൾ യ്, വ്, ഴ് എന്നീ പ്രവാഹികൾ ഉണ്ടാകുന്നു.

വ്-ഓഷ്ഠ്യദന്ത്യ പ്രവാഹി-വിടവ് കീഴ്ചുണ്ടിനും മേൽവരിപ്പല്ലുകൾക്കുമിടയിൽ

യ്-താലവ്യപ്രവാഹി-വിടവ് നാവിൻനടുവിനും താലുവിനുമിടയ്ക്ക്

ഴ്-മൂർധന്യപ്രവാഹി-വിടവ് വളഞ്ഞ നാവിൻതുമ്പിനും താലുവിനുമിടയ്ക്ക്

പട്ടികയിൽനിന്നും വ്യക്തമാകുന്ന മറ്റൊരു കാര്യം-അനുനാസികം, പാർശ്വികം, ഉൽക്ഷിപ്തം, പ്രവാഹി എന്നീ വിഭാഗങ്ങളിൽപ്പെടുന്ന എല്ലാ വ്യഞ്ജനങ്ങളും നാദികളും ഘർഷങ്ങളെല്ലാം ശ്വാസികളും എന്നതാണ്.

## 2.1.22 രൂപിമം (Morpheme)

അർഥവിനിമയം സാധ്യമാക്കുന്ന ഏറ്റവും അടിസ്ഥാനപരമായ ഏകകമാണ് രൂപിമം.

സ്വനിമങ്ങളുടെ വിന്യസനം കൊണ്ടു മാത്രം സംഭാഷണങ്ങൾക്ക് അർഥപൂർണത കൈവരില്ല. വ്യക്തികൾ സംഭാഷണം ചെയ്യുന്നതും ശ്രദ്ധിക്കുന്നതും വ്യക്തമായ നിർദ്ദേശങ്ങൾക്കും നവീനമായ അറിവുകൾക്കും വേണ്ടിയാണ്.

സ്വനിമങ്ങളിൽനിന്ന് വ്യത്യസ്തമായി വ്യക്തമായ ആശയവിനിമയം സാധ്യമാക്കുന്ന ഒരു ഏകകത്തിന്റെ സാന്നിധ്യം ഉച്ചാരണവേളയിൽ അർഥസാന്ദ്രത നിറയ്ക്കും.

അർഥപ്രദാനശേഷിയുള്ള ഏറ്റവും ചെറിയ ഭാഷാഘടകങ്ങളെ രൂപിമം എന്ന് പറയുന്നു.

ഏതൊരു ഭാഷയുടെയും വ്യാകരണം ആ ഭാഷയിൽ ഉപയോഗിക്കുന്ന രൂപിമങ്ങളും, ഉച്ചാരണവേളയിൽ രൂപിമങ്ങളുടെ പരസ്പരബന്ധസാധ്യതകളും ഉൾക്കൊള്ളുന്നു. ഭാഷയുടെ ആന്തരികഘടനയായ വ്യാകരണം അതുകൊണ്ടുതന്നെ രൂപിമങ്ങളുടെ വിന്യസനത്തെപ്പറ്റിയുള്ള പഠനമായിത്തീരുന്നു.

കേരളപാണിനി 'ശബ്ദം' എന്ന പേരിൽ വിവക്ഷിക്കുന്നത് രൂപിമത്തെയാണ്. വർണങ്ങൾ കൂടിച്ചേരുന്ന അക്ഷരക്കൂട്ടത്തെയാണ് അദ്ദേഹം 'ശബ്ദം' എന്ന് വിളിക്കുന്നത്. കുറെക്കൂടി കൃത്യമായ നിർവചനം 'സാർഥകമായ വർണസമൂഹമാണ് ശബ്ദം' എന്നതാണ്. അർഥയുക്താക്ഷരം ശബ്ദം. പക്ഷേ ഭാഷാശാസ്ത്രത്തിൽ വർണസമൂഹത്തിന് അർഥപ്രദാനശേഷി ഇല്ലെങ്കിൽ അതിനെ രൂപിമം എന്ന് വിളിക്കാനാകില്ല. അത് രൂപം മാത്രമാണ്.

SGOU

പുലി, വാൽ എന്നീ പദങ്ങൾ ഓരോന്നും രൂപിമങ്ങളാണ്. അവയ്ക്ക് സ്വതന്ത്രമായ അർഥമുണ്ട്. അവ വിഭജിച്ചാൽ അർഥസാധ്യത ഇല്ലാതാകും.

രൂപിമങ്ങൾ സ്വനിമങ്ങളെപ്പോലെത്തന്നെ അടിസ്ഥാനപരമായ ഏകകങ്ങളാണ്. രൂപിമം വ്യാകരണതലത്തിലെ ഏകകമാണെങ്കിൽ സ്വനിമം ശാബ്ദികതലത്തിലെ ഏകകമാണെന്നു മാത്രം. രൂപിമം അർഥപ്രദാനശേഷിയുള്ളതാണെങ്കിൽ സ്വനിമം അർഥവ്യതിയാനത്തിന് കാരണമാകുക മാത്രം ചെയ്യുന്നു. സ്വനിമത്തിന് അർഥപ്രദാനശേഷിയില്ല.

## 2.1.23 രൂപിമനിർവചനങ്ങൾ

1. ഭാഷയിലെ അർഥയുക്തമായ ഏറ്റവും ചെറിയ മൂലകമാണ് രൂപിമം- കെ. എം. പ്രഭാകരവാര്യർ.
2. സ്വനങ്ങൾ ചേർന്നുണ്ടാകുന്ന അർഥപ്രദാനശേഷിയുള്ള ഏറ്റവും ചെറിയ ഭാഷാഘടകമാണ് രൂപിമം- യൂജിൻ എ. നിഡ

## 2.1.24 ഉപരൂപിമങ്ങൾ (Allomorphs)

സ്വനിമം എന്നതുപോലെത്തന്നെ രൂപിമം എന്നുള്ളതും അമൂർത്തമായ ആശയസങ്കല്പനമാണ്. സാധാരണ സംഭാഷണങ്ങളിൽ അർഥം ഉണ്ടാക്കുന്നത് ഉപരൂപങ്ങൾ ആണ്. രൂപിമത്തിന്റെ പ്രവൃത്തിപഥവ്യതിയാനങ്ങളാണ് ഉപരൂപങ്ങൾ.

സമാനാർഥമുള്ളതും പൂരകബന്ധം ഉള്ളതുമായ രൂപങ്ങളാണ് ഉപരൂപങ്ങൾ.

ചില രൂപിമങ്ങൾക്ക് ഒരൊറ്റ ഉപരൂപം മാത്രമേ കാണൂ. അവിടെ രൂപിമവും ഉപരൂപവും ഒന്നുതന്നെയായിരിക്കും. ഇതിനെ തനതുരൂപിമം എന്ന് പറയാം. എല്ലാ പരിസരങ്ങളിലും ഒരേ ഉപരൂപം മാത്രം പ്രത്യക്ഷവൽക്കരിക്കുന്ന തനതുരൂപിമത്തിന് ഉദാഹരണമായി മലയാളത്തിലെ പ്രയോജികാവിഭക്തിപ്രത്യയത്തെ ചൂണ്ടിക്കാട്ടാം.

ഉദാ:- അവൻ + ആൽ - അവനാൽ

അവൾ + ആൽ- അവളാൽ

അവർ + ആൽ - അവരാൽ

പരിസരഭേദമനുസരിച്ച് രൂപവ്യതിയാനം കൈക്കൊള്ളുന്ന രൂപിമങ്ങളും ഉണ്ട്. അവയെ ബഹുരൂപിമം എന്ന് പറയുന്നു. പരിസരവ്യത്യാസത്തിനനുസരിച്ച് ബഹുരൂപിമത്തിന്റെ പ്രവൃത്തിപഥ വ്യതിയാനങ്ങൾ രൂപഭേദത്തോടെ നിലകൊള്ളുന്നു. ഉപരൂപങ്ങൾ പ്രസക്തമാകുന്നത് ഇത്തരം സന്ദർഭങ്ങളിലാണ്. ഉദാഹരണത്തിന് മലയാളത്തിലെ സംബന്ധികാവിഭക്തിപ്രത്യയം ഉടെ, ന്റെ എന്നിവയാണ് ഇപ്രകാരം പ്രസക്തമാകുന്ന സംബന്ധികാവിഭക്തിപ്രത്യയങ്ങൾ. 'ൻ' എന്ന സ്വനത്തിലവസാനിക്കുന്ന രൂപങ്ങളിൽ മാത്രമേ 'ന്റെ' പ്രത്യയം ചേരൂ. മറ്റ് പരിസരങ്ങളിലെല്ലാം 'ഉടെ' എന്നാണ്. വ്യക്തമായ പരിസരവ്യത്യാസം പ്രകടമാകുന്ന ഇത്തരം അവസരത്തിലേ ഉപരൂപങ്ങൾക്ക് പ്രസക്തിയുള്ളൂ.

ഉദാ: അവൻ + ന്റെ - അവന്റെ

അവൾ + ഉടെ - അവളുടെ

അവ + ഉടെ - അവരുടെ

(Allomorph of phonologically distinct variants of the same morphene)

രൂപിമവർഗീകരണങ്ങൾ

രൂപിമത്തെ പ്രധാനമായും രണ്ടായി തരംതിരിയ്ക്കാം. സ്വതന്ത്രരൂപിമം എന്നും ആശ്രിതരൂപിമം എന്നും.

സ്വയമൊരു പദമായി നിലകൊള്ളാൻ കഴിയുന്ന രൂപിമത്തെയാണ് സ്വതന്ത്രരൂപിമം എന്ന് പറയുന്നത്. സ്വതന്ത്രമായ അസ്തിത്വമുള്ള ഇത്തരം രൂപിമങ്ങളിൽ നിന്നും വ്യത്യസ്തമാണ് ആശ്രിതരൂപിമങ്ങളുടെ വ്യവസ്ഥ. നിലനിൽപ്പിനുവേണ്ടി അവ സ്വതന്ത്രരൂപിമങ്ങളുടെ ഭാഗമായി മാത്രം നിലകൊള്ളുന്നു.

ആശ്രിതരൂപിമത്തെ ബദ്ധരൂപിമം എന്നും പറയുന്നു.

SGOU

ഇതിന്റെ ഭാഗമായി ഒരൊറ്റ രൂപിമം മാത്രമുള്ള പദങ്ങളിൽനിന്ന് വ്യത്യസ്തമായി ഒരു സ്വതന്ത്രരൂപിമവും ഒരു ആശ്രിതരൂപിമവും ചേർന്ന പദവും സാധ്യമാകുന്നു.

ഉദാ: കുട്ടിയുടെ- കുട്ടി (സ്വതന്ത്രം) + ഉടെ (ആശ്രിതം)

രണ്ടിൽ കുറയാത്ത സ്വതന്ത്രരൂപിമങ്ങളും ആശ്രിതരൂപിമങ്ങളും ചേർന്ന സംയുക്തപദങ്ങളുമുണ്ട്.

ഉദാ: മാതൃഭാഷയിൽ

## Recap

- ഭാഷയിൽ ഉച്ചരിയ്ക്കാൻ കഴിയുന്ന ഏറ്റവും ചെറിയ ശബ്ദമാത്രയാണ് സ്വനം
- സ്വനങ്ങൾക്ക് അർഥഭേദനിർബന്ധം ഇല്ല
- വരമൊഴിയിൽ സ്വനത്തിന് പ്രസക്തിയില്ല
- സ്വനങ്ങളെക്കുറിച്ചുള്ള പഠനമാണ് സ്വനവിജ്ഞാനം
- സ്ഥിരകരണങ്ങളും ചലകരണങ്ങളുമാണ് ശബ്ദോല്പാദനത്തിൽ പങ്കെടുക്കുന്നത്
- ഓഷ്ഠ്യം, ദന്ത്യം, വർത്സ്യം, മൂർധാവ്, താലവ്യം, പ്രജിഹ്വ എന്നിവയാണ് ഉച്ചാരണസ്ഥാനങ്ങൾ
- രോധമെന്നാൽ ഇറുക്കം എന്നാണർഥം
- വായുപ്രവാഹസമയത്ത് രോധത്തേക്കാൾ കുറഞ്ഞതോതിലുള്ള ഇറുക്കം അനുഭവപ്പെടുന്നതാണ് അഭ്യാഗമം
- വിവൃതമായ അഭ്യാഗമത്തിൽനിന്ന് സ്വരങ്ങളുണ്ടാകുന്നു
- ചലകരണങ്ങൾ സന്ധാനസ്ഥാനത്തോട് ഒട്ടിച്ചേർന്നിരുന്നാൽ രോധം
- വായുപ്രവാഹം പൂർണ്ണമായും തടസ്സപ്പെട്ടാൽ പൂർണ്ണരോധം
- വായുപ്രവാഹത്തിന് ഇടവിട്ട് തടസ്സംവന്നാൽ അന്തരിതരോധം
- സ്വരങ്ങൾ നാദികളാണ്
- സ്വനനാളത്തിൽ വായുപ്രവാഹം തടസ്സപ്പെടുന്ന സ്ഥാനമാണ് സന്ധാനസ്ഥാനം
- വായുപ്രവാഹം തടസ്സപ്പെടുന്ന പ്രകാരത്തെ ആധാരമാക്കി വ്യഞ്ജനങ്ങളെ -സ്പർശം, അനുനാസികം, ഘർഷം, കമ്പിതം, ഉൽക്ഷിപ്തം, പാർശ്വികം, പ്രവാഹി എന്ന് ഏഴായി വേർതിരിയ്ക്കാം
- സ്വനപഠനവിഭാഗങ്ങൾ - ശ്രവണാസ്പദം, ഉച്ചാരണാസ്പദം (അവയവാസ്പദം), സ്വനഭൗതികം
- യന്ത്രോപകരണങ്ങളുടെ സഹായത്താൽ നടത്തുന്ന സ്വനപഠനരീതിയാണ് സ്വനഭൗതികം
- ഭാഷാശാസ്ത്രത്തിൽ, സ്വനപഠനത്തിന് ഉച്ചാരണാസ്പദമായ രീതിയാണ് അവലംബിക്കുന്നത്
- 1893-ൽ ബോദോയിൻ കോർതിനെ സ്വനിമമാത്രയെക്കുറിച്ച് ആദ്യമായി പരാമർശിച്ചു.
- സ്വനിമസങ്കല്പം ആധുനിക സിദ്ധാന്തമായി അവതരിപ്പിക്കപ്പെട്ടത് - ബ്ലൂംഫീൽഡിന്റെ 'ലാംഗ്വേജ്' എന്ന കൃതിയിൽ
- അർഥവ്യാവർത്തനത്തിന് കാരണമാകുന്ന സ്വനങ്ങളാണ് സ്വനിമങ്ങൾ

SGOU

- സ്വനിമത്തിന്റെ പ്രവൃത്തിപഥവ്യതിയാനങ്ങൾ - ഉപസ്വനങ്ങൾ
- ഒരേ സ്വനിക സാഹചര്യത്തിൽ പ്രത്യക്ഷപ്പെടാത്തതും സദൃശസ്വഭാവമുള്ളതും പ്രവചനീയ പ്രത്യക്ഷസ്ഥാനങ്ങളോടു കൂടിയതുമായ സ്വനങ്ങളാണ് ഉപസ്വനങ്ങൾ
- ഒരേ ശാബ്ദിക പരിസരത്തിൽ പ്രത്യക്ഷപ്പെട്ട് അർഥവ്യത്യാസം ജനിപ്പിക്കുന്ന സ്വന യുഗ്മങ്ങളാണ് വ്യത്യയജോടികൾ. ഒരൊറ്റ ശബ്ദത്തിന്റെ വ്യത്യാസം കൊണ്ടാണ് വ്യത്യയം സ്ഥാപിക്കുന്നത്
- അല്പതമമായ വ്യതിയാനം കൊണ്ട് അർഥമാറ്റം സംഭവിക്കുന്നത്, അല്പവ്യത്യയ ജോടി
- അല്പേതര വ്യത്യയജോടികൾ ഉപാല്പതമം, ന്യൂനകല്പതമം എന്നീ പേരുകളിലും അറിയപ്പെടുന്നു
- പ്രത്യക്ഷപ്പെടുന്ന സ്ഥാനം കൊണ്ടോ സാഹചര്യം കൊണ്ടോ വ്യത്യാസം സംഭവിക്കുന്ന സ്വനങ്ങൾ തമ്മിലുള്ള ബന്ധം - പൂരകബന്ധം
- രണ്ടുതരം പൂരകബന്ധം - ഭാഗികപൂരകവും ബഹുവിധപൂരകവും
- മലയാളത്തിലെ സ്വനിമമാലയിൽ 6 സ്വരങ്ങളും 28 വ്യഞ്ജനങ്ങളുമുണ്ട്
- അ, ഇ, ഉ, ഋ, എ, ഒ എന്നീ സ്വരങ്ങളും അവയുടെ ദീർഘങ്ങളായ ആ, ഈ, ഊ, ഏ, ഓ എന്നിവയും ചേർന്നതാണ് സ്വരസ്വനിമമാല
- മലയാളത്തിലെ വ്യഞ്ജന സ്വനിമങ്ങൾ - സ്പർശം, സ്പർശഘർഷം, അനുനാസികം, പാർശ്വികം, ഉൽക്ഷിപ്തം, ഘർഷം, പ്രവാഹി എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു
- അർഥപ്രദാനശേഷിയുള്ള ഏറ്റവും ചെറിയ ഭാഷാഘടകം - രൂപിമം
- അർഥവിനിമയം സാധ്യമാക്കുന്ന ഏറ്റവും അടിസ്ഥാനപരമായ ഏകകമാണ് രൂപിമം
- ഏ. ആർ. 'ശബ്ദം' എന്ന് പറയുന്നത് രൂപിമത്തെയാണ്
- സാർഥകമായ വർണ്ണസമൂഹമാണ് ശബ്ദം
- സമാനാർഥമുള്ളതും പൂരകബന്ധം ഉള്ളതുമായ രൂപങ്ങളാണ് ഉപരൂപങ്ങൾ
- ഒരൊറ്റ ഉപരൂപം മാത്രമുള്ള രൂപിമങ്ങൾ - തനതുരൂപിമങ്ങൾ
- പരിസരഭേദമനുസരിച്ച് രൂപവ്യതിയാനം ഉണ്ടാകുന്ന രൂപിമങ്ങൾ - ബഹുരൂപിമം
- രൂപിമങ്ങൾ രണ്ടുവിധം - സ്വതന്ത്രം, ആശ്രിതം/ബദ്ധം
- സ്വയം ഒരു പദമായി നിൽക്കാൻ കഴിയുന്ന രൂപിമമാണ് സ്വതന്ത്രരൂപിമം

SGOU

## Objective Type Questions

1. ഭാഷയിൽ ഉച്ചരിക്കാൻ സാധിക്കുന്ന ഏറ്റവും ചെറിയ ശബ്ദമാത്ര?
2. സ്വനങ്ങളെക്കുറിച്ചുള്ള പഠനശാഖ?
3. സ്ഥിരകരണങ്ങൾ ഏവ?
4. ചലനകരണങ്ങൾ ഏവ?
5. ഉച്ചാരണസ്ഥാനങ്ങൾ ഏവ?
6. ഏതാണ് ചലനകരണങ്ങളുടെ സന്ധാനസ്ഥലം?
7. എന്താണ് പ്രതിവേഷ്ടനം?

8. സന്ധാനസ്ഥാനം എന്നാലെന്ത്?
9. എങ്ങനെയാണ് അനുനാസികങ്ങളും അനനുനാസികങ്ങളും വ്യത്യാസപ്പെടുന്നത്?
10. സ്വനപഠനവിഭാഗങ്ങൾ ഏവ?
11. വായുവിന്റെ വെളിയിലേക്കുള്ള ഗതിയെ നിയന്ത്രിച്ച് ഭാഷണശബ്ദ നിർമ്മിതിയിൽ പങ്കുവഹിക്കുന്ന ഉച്ചാരണഭാഗം?
12. ചലനകരണങ്ങൾ സന്ധാനസ്ഥലത്തോട് ഒട്ടിച്ചേരുന്നതിനു പറയുന്ന പേരെന്ത്?
13. സ്വരങ്ങൾ ജിഹ്വാഗ്രത്തെ പുറകോട്ട് മടക്കി ഉച്ചരിക്കുന്നത് അറിയപ്പെടുന്നത് എങ്ങനെ?
14. നാദികളെ ശ്വാസീകരിച്ച് ഉച്ചരിക്കുന്ന പ്രക്രിയ എന്ത്?
15. സ്വനിമമാത്രയെക്കുറിച്ച് ആദ്യമായി പരാമർശിച്ച ഭാഷാ പണ്ഡിതൻ?
16. സ്വനിമ സങ്കല്പം സിദ്ധാന്തമായി അവതരിപ്പിച്ചതാര്?
17. സ്വനിമസിദ്ധാന്തം അവതരിപ്പിച്ച ബ്ലൂം ഫീൽഡിന്റെ കൃതി?
18. സ്വനിമങ്ങൾ എന്നാലെന്ത്?
19. വേർതിരിച്ച് കാണിക്കാൻ കഴിയുന്ന ഭാഷണശബ്ദങ്ങളിൽ ഏറ്റവും ചെറിയ മാത്രയെന്ന് സ്വനിമത്തെ നിർവചിച്ച പണ്ഡിതൻ?
20. സ്വനിമത്തിന്റെ പ്രവൃത്തിപഥ വ്യതിയാനങ്ങൾ എന്താണ്?
21. സ്വനിമനിർണ്ണയത്തെക്കുറിച്ച് വിവരിക്കുന്ന പൈക്കിന്റെ കൃതി?
22. പൈക്കിന്റെ പൂർവകല്പനകൾ എന്ന് അറിയപ്പെടുന്നത് എന്താണ്?
23. വ്യത്യയജോടികൾ എന്നാലെന്ത്?
24. പ്രത്യക്ഷപ്പെടുന്ന സ്ഥാനംകൊണ്ടോ സാഹചര്യംകൊണ്ടോ വ്യത്യാസം സംഭവിക്കുന്ന സ്വനങ്ങൾക്ക് തമ്മിലുള്ള ബന്ധം ഏത്?
25. മലയാളത്തിലെ സ്വരസ്വനിമ മാലയിൽ എത്ര വർണ്ണങ്ങളുണ്ട്?
26. അർഥവിനിമയം സാധ്യമാക്കുന്ന ഏറ്റവും ചെറിയ ഏകകം?
27. അർഥപ്രദാനശേഷിയുള്ള ഏറ്റവും ചെറിയ ഭാഷാഘടകം?
28. കേരളപാണിനി ശബ്ദം എന്ന് വിവക്ഷിക്കുന്നത് ഏതിനെയാണ്?
29. സാർഥകമായ വർണ്ണസമൂഹം/അർഥപൂർണ്ണമായ വർണ്ണസമൂഹം ഏത്?
30. ഉപരൂപങ്ങൾ എന്നാലെന്ത്?
31. ഒരു ഉപരൂപം മാത്രമുള്ള രൂപിമം?
32. പരിസരഭേദമനുസരിച്ച് രൂപവ്യതിയാനം സംഭവിക്കുന്ന രൂപിമങ്ങൾ?
33. സ്വയം ഒരു പദമായി നിൽക്കാൻ കഴിയുന്ന രൂപിമം ഏതാണ്?

SGOU

## Answers

1. സ്വനം
2. സ്വനവിജ്ഞാനം
3. പല്ല്, ഊന്, കഠിനതാലു, മൂർധാവ്
4. ചുണ്ട്, നാക്ക്, മൃദുതാലു, ചെറുനാക്ക്
5. ഓഷ്ഠ്യം, ദന്ത്യം, വർത്സ്യം, മൂർധാവ്, കഠിനതാലു, മൃദുതാലു, പ്രജിഹ്വ
6. സ്ഥിരകരണങ്ങൾ



SREENARAYANAGURU OPEN UNIVERSITY

7. സ്വരങ്ങൾ ജിഹ്വാഗ്രത്തെ പുറകോട്ട് മടക്കി ഉച്ചരിക്കുന്നത്
8. സ്വനനാളത്തിൽ വായുപ്രവാഹത്തിന് തടസ്സം നേരിടുന്ന സ്ഥാനം
9. വായുവിന്റെ ബഹിർഗമനത്തിന്റെ മാർഗ്ഗം ആധാരമാക്കി
10. ശ്രവണാസ്പദം, ഉച്ചാരണാസ്പദം, സ്വനഭൗതികം
11. വക്ഷോദരഭിത്തി
12. രോധം
13. പ്രതിവേഷ്ടനം
14. ശ്വാസീകരണം
15. ബോദോയിൻ കോർതനെ
16. ലിയനാർഡ് ബ്ലൂംഫീൽഡ്
17. ലാംഗ്വേജ്
18. അർഥവ്യാവർത്തനത്തിന് കാരണമാകുന്ന സ്വനങ്ങൾ
19. ലിയനാർഡ് ബ്ലൂംഫീൽഡ്
20. ഉപസ്വനങ്ങൾ
21. 'ഫൊണിമിക്സ്: എ ടെക്നിക്ക് ഫോർ റഡ്യൂസിംഗ് ലാംഗ്വേജ് റ്റു റൈറ്റിംഗ്'
22. സ്വനിമനിർണ്ണയം
23. ഒരേ ശാബ്ദികപരിസരത്തിൽ പ്രത്യക്ഷപ്പെട്ട് അർത്ഥവ്യത്യാസം ജനിപ്പിക്കുന്ന സ്വനയുഗ്മങ്ങൾ
24. പൂരകബന്ധം
25. 11
26. രൂപിമം
27. രൂപിമം
28. രൂപിമത്തെ
29. ശബ്ദം
30. സമാനാർഥമുള്ളതും പൂരകബന്ധമുള്ളതുമായ രൂപങ്ങൾ
31. തനതുരൂപിമം
32. ബഹുരൂപിമം
33. സ്വതന്ത്രരൂപിമം

SGOU

## Assignments

1. ഉച്ചാരണാവയവങ്ങൾ ഏതെല്ലാം? അവയുടെ ധർമ്മങ്ങളെന്ത്? വിശദമാക്കുക.
2. സ്വരവ്യഞ്ജന വർഗീകരണത്തിന്റെ അടിസ്ഥാനമെന്തെന്ന് വിശദീകരിക്കുക.
3. സ്വനവും, സ്വനിമവും തമ്മിലുള്ള അടിസ്ഥാനപരമായബന്ധം ചർച്ചചെയ്യുക.
4. സ്വനോല്പാദന പ്രക്രിയ വിവരിക്കുക.
5. ഉച്ചാരണ രീതികളും ഉച്ചാരണ സ്ഥാനങ്ങളും അനുസരിച്ചുള്ള സ്വരവ്യഞ്ജന വിഭജനം വ്യക്തമാക്കുക.

6. സ്വനിമ നിർണയോപാധികൾ എന്നാലെന്ത്? അവയെ പരിചയപ്പെടുത്തുക.
7. പൂരക - വ്യത്യയബന്ധം എന്ന കാഴ്ചപ്പാടിന് സ്വനിമ പഠനത്തിലുള്ള പ്രസക്തി വ്യക്തമാക്കുക.

## Reference


1. എൻ. ഗോപിനാഥൻ നായർ, ഭാഷയും സമൂഹവും, പ്രസിദ്ധീകരണ വിഭാഗം, കാലിക്കറ്റ് സർവകലാശാല.
2. പ്രൊഫ. എം. ശ്രീനാഥൻ, ഡോ. സെയ്തലവി സി. (എഡി.), മലയാള ഭാഷാശാസ്ത്രം ലേഖനം. - ഗ്രന്ഥ - പ്രബന്ധ സൂചി, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല, തിരൂർ.
3. ഡോ. എ. പി. ആൻഡ്രൂസ് കുട്ടി, ഭാഷാശാസ്ത്രം സിദ്ധാന്തവും പ്രയോഗവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. കെ. എം. പ്രഭാകരവാരിയർ, ശാന്താ അഗസ്റ്റിൻ, ആധുനിക ഭാഷാശാസ്ത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. ടി. ബി. വേണു ഗോപാലപ്പണിക്കർ, ഭാഷാലോകം, ഡി. സി ബുക്സ്, 2006.
6. കുഞ്ചുണ്ണി രാജാ കെ., ഭാഷാദർശനവും ചരിത്രവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2000.
7. ഡോ. ഇ. വി. എൻ. നമ്പൂതിരി, ഭാഷാശാസ്ത്ര പ്രവേശിക, കേരള സർവകലാശാല, തിരുവനന്തപുരം.
8. പ്രഭാകരവാരിയർ കെ. എം., ഭാഷാശാസ്ത്രവിവേകം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.


## Suggested Reading


1. പ്രബോധനചന്ദ്രൻനായർ വി. ആർ., ഭാഷാശാസ്ത്ര ദൃഷ്ടിയിലൂടെ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവന്തപുരം.
2. ജോർജ്ജ് സി. ജെ., ചിഹ്നശാസ്ത്രവും ഘടനവാദവും, ഡി. സി ബുക്ക്, കോട്ടയം.
3. ഡോ. ഇ. വി. എൻ. നമ്പൂതിരി., ഭാഷാശാസ്ത്ര പ്രവേശിക, കേരള സർവ്വകലാശാല, തിരുവനന്തപുരം.
4. ടി. ബി. വേണു ഗോപാലപ്പണിക്കർ, ഭാഷാലോകം, ഡി. സി ബുക്സ്, കോട്ടയം.
5. ഡോ. എ. പി. ആൻഡ്രൂസ് കുട്ടി, ഭാഷാശാസ്ത്രം സിദ്ധാന്തവും പ്രയോഗവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.


SGOU

BLOCK - 03

# ഭാഷ: സമൂഹവും പ്രയോഗവും

SGOU

# ഭാഷ: സമൂഹവും പ്രയോഗവും

## Learning Outcomes

- വ്യക്തിഭാഷ, മാനകഭാഷ എന്നിവയെക്കുറിച്ച് മനസ്സിലാക്കുന്നു.
- ഭാഷാഭേദവിജ്ഞാനത്തെ വിലയിരുത്തുന്നു
- സാമൂഹിക ഭാഷാവിജ്ഞാനത്തെക്കുറിച്ച് അറിയുന്നു.
- കേരളത്തിലെ വിവിധ ഭാഷാഭേദങ്ങളെക്കുറിച്ച് സാമാന്യ അറിവ് നേടുന്നു.
- ഭാഷാദേദ നിർണയത്തിന്റെ വിവിധ ഭാഷാശാസ്ത്ര സമീപനങ്ങൾ മനസ്സിലാക്കുന്നു

## Prerequisite

മനുഷ്യസൃഷ്ടിയായ എന്തിനും കൃത്യമായ നിർവചനം ദുഷ്കരമാണെന്നത് വസ്തുതയാണ്. ഭാഷയുടെ നിർവചനത്തിലും അതിവ്യാപ്തിയോ അവ്യാപ്തിയോ ആയ ദോഷം കടന്നുകൂടുന്നത് അതു കൊണ്ടാണ്. 'മനുഷ്യൻ ആശയവിനിമയത്തിന് ഉപയോഗിക്കുന്നതും, ആശയവുമായി വ്യവസ്ഥാപിത ബന്ധമുള്ളതുമായ ഉച്ചാരണശബ്ദങ്ങളുടെ രൂപഘടനയോടു കൂടിയ അഭ്യസ്തവൃത്തിയാണ് ഭാഷ' എന്ന് ഭാഷയെനിർവചിക്കാം. മനുഷ്യഭാഷകളിൽ പ്രാദേശികവും, സാമൂഹികവുമായ കാരണങ്ങൾ കൊണ്ട് ഉച്ചാരണം, വ്യാകരണം, പദം, അർഥം എന്നീ മേഖലകളിൽ പ്രകടമായ വ്യതിയാനങ്ങൾ ഉണ്ടാകാറുണ്ട്. ഈ വ്യതിയാനങ്ങളെക്കുറിച്ച് പഠിക്കുന്ന ഭാഷാശാസ്ത്രശാഖയാണ് ഭാഷാഭേദവിജ്ഞാനീയം(Dialectology). സാമൂഹികമായ കാരണങ്ങൾ കൊണ്ടുണ്ടാക്കുന്ന ഭാഷാവ്യത്യാസങ്ങളെക്കുറിച്ച് ഭാഷാഭേദ വിജ്ഞാനീയം ചർച്ചചെയ്യുമെങ്കിലും ഈ പഠനം സവിശേഷപ്രാധാന്യം നൽകുന്നത് പ്രാദേശികമായ ഭേദങ്ങൾക്കാണ്. ജാതിവ്യത്യാസം, സാമൂഹികമായ ഉച്ചനീചത്വം മുതലായ ഘടകങ്ങൾ ഭാഷാഭേദവുമായി ബന്ധപ്പെട്ടതാണ്. എന്നിരുന്നാലും ഒരേ മതക്കാരോ, സമുദായക്കാരോ പലസ്ഥലങ്ങളിലായി സ്ഥിരതാമസമാക്കിയിട്ടുണ്ടെങ്കിൽ അവരുടെ പ്രാദേശിക ഭാഷാസ്വഭാവം ഒന്നായിക്കൊള്ളണമെന്നില്ലല്ലോ? ഇങ്ങനെ ഒരേ സമൂഹത്തിന്റെ സംസാര ഭാഷയ്ക്ക് പ്രാദേശിക വ്യത്യാസങ്ങൾ ഉള്ളതുകൊണ്ടാണ് ഭാഷാഭേദവിജ്ഞാനീയത്തിൽ പ്രാദേശിക ഭാഷകൾക്ക് പ്രാധാന്യം ലഭിക്കുന്നത്. തദ്ദേശീയ ഭാഷയും അന്യഭാഷയും കൂടി ചേരുന്നതാണ് ഭാഷാമിശ്രം

ഭാഷയ്ക്കുള്ളിലെ ഭാഷ എന്ന സാമാന്യാർഥത്തിൽ പറയുന്ന ഭാഷാഭേദങ്ങളുടെ പഠനം ഇത്തരത്തിലുള്ള ഗവേഷണ മേഖലയാണ്. ആധുനിക വിവരസാങ്കേതികതയുടെ കാലത്ത് സ്ഥലകാല വ്യതിയാനങ്ങൾ അകന്നപ്പോൾ ഭാഷാഭേദം ഇല്ലാതായിത്തീരുമെന്ന ഒരു തോന്നൽ പലപ്പോഴും ഉണ്ടായിട്ടുള്ളതാണ്. എന്നാൽ ഭാഷാഭേദങ്ങൾ ഇപ്പോഴും കൂ

SGOU

ടുതൽ കരുത്തോടെ തന്നെ മിക്ക ഭാഷയിലും നിലനിൽക്കുന്നു എന്നതാണ് വസ്തുത. അതുപോലെ തന്നെ ഭാഷകളുടെ ഗോത്രപരമായ വിഭജനത്തിന്റെ മേഖലയിലും പുതിയ പഠനാന്വേഷണത്തിന്റെ സാധ്യതകളേറെയാണ്. ദശകങ്ങൾക്ക് മുമ്പുള്ള കണ്ടെത്തലായി നിൽക്കുന്ന ഭാഷാഗോത്രസങ്കല്പങ്ങളെ പുതിയ ഭാഷാശാസ്ത്രപഠനങ്ങളുടെ പിൻബലത്തിൽ അപഗ്രഥന വിധേയമാക്കിയാൽ ഭാഷാശാസ്ത്രപഠനത്തിന് അതൊരു മുതൽകൂട്ടായിരിക്കും

## Key Themes

വ്യക്തിഭാഷ, മാനകഭാഷ -ഭാഷാഭേദം - ഭാഷയും സമൂഹവും - ഭാഷാഭേദവിജ്ഞാനവും, സാമൂഹ്യ ഭാഷാവിജ്ഞാനവും (Pragmatics) - അടിസ്ഥാന സങ്കല്പനങ്ങൾ

## Discussion

### 3.1.1 വ്യക്തിഭാഷ(തൻമൊഴി) Idiolect

ഒരു വ്യക്തിയുടെ ഭാഷയാണ് വ്യക്തിഭാഷ. ഒരു വ്യക്തിയുടെ സകല ഭാഷണശീലങ്ങളുടെയും ആകെത്തുകയാണത്. ഒരാൾ തന്റെ വീട്ടിലും പൊതുവേദിയിലും ജോലിസ്ഥലത്തും ഉപയോഗിക്കുന്ന ഭാഷ സമാനമായിക്കൊള്ളണമെന്നില്ല. ഒരു തവണ പ്രയോഗിച്ച അതേ രീതിയിൽ തൊട്ടടുത്ത തവണ ഭാഷാപ്രയോഗം സാധ്യവുമല്ല. അപ്പോൾ ഒരേ വ്യക്തിതന്നെ വ്യത്യസ്തസന്ദർഭങ്ങളിൽ ഉച്ചരിക്കുന്ന ഭാഷാവ്യതിയാനങ്ങളിൽ വൈരുധ്യം ഉണ്ടാകും. വ്യക്തിയുടെ ശബ്ദത്തിന്റെ ഉച്ചഭേദം മാത്രമല്ല; അയാൾ സംസാരിക്കുന്ന ഭാഷാവ്യതിരിക്തതയും അബോധതലത്തിൽ ശ്രോതാവ് അനുഭവിക്കുന്നുണ്ട്. രണ്ടു വ്യക്തിഭാഷകൾക്ക് തമ്മിൽ ചെറിയ വ്യത്യാസങ്ങൾ കണ്ടുപിടിയ്ക്കാൻ കഴിഞ്ഞാലും പ്രായോഗികബുദ്ധി അവയെ കണക്കിലെടുക്കാറില്ല. വ്യക്തി പരമ്പരാഗതമായും സാഹചര്യത്തിനനുസരിച്ചും ആർജിക്കുന്ന സംസ്കാരം അയാളുടെ ഭാഷണശീലങ്ങളെ നിർണ്ണായകമായി സ്വാധീനിക്കും. വ്യക്തിഭാഷകളുടെ സമാഹാരമാണ് ഭാഷാഭേദം. ഭാഷാഭേദങ്ങളുടെ സമാഹാരം ഭാഷയും. അപ്പോൾ ഭാഷയെന്നത് വ്യക്തിഭാഷകളുടെ സാകല്യമാണെന്ന് തെളിയുന്നു. തൻമൊഴി എന്നർഥമാക്കുന്നതും ഇതു തന്നെയാണ്.

### 3.1.2 മാനകഭാഷ

ഏറ്റവും അംഗീകരിക്കപ്പെടുന്നതോ എല്ലാ ഭാഷാഭേദങ്ങളിൽനിന്നും സമദൂരത്തിൽ വർത്തിക്കുന്നതോ ആയ ഭാഷാഭേദം കണ്ടെത്തി അക്കാദമികൾ പോലുള്ള പ്രസ്ഥാനങ്ങൾ മുഖേന നിഘണ്ടു, വ്യാകരണാദികൾ മുതലായവ നിർമ്മിച്ച് വിപുലമായ ജനാംഗീകാരം നേടിയെടുക്കാൻ കഴിഞ്ഞിട്ടുള്ള ഒന്നാണ് മാനകഭാഷ. ഒരു ഭാഷാഭേദത്തിലും നിലവിലില്ലാത്ത പ്രയോഗങ്ങളും അപൂർവമായി മാനകഭാഷയുടെ നിർമ്മിതിക്ക് ഉപയോഗിക്കുന്നു. പദങ്ങൾ, വാക്യഘടനാരീതി തുടങ്ങി ഓരോ ഘടകങ്ങളും വിശദമായ വിശകലനത്തിന് വിധേയമാക്കിയായിരിക്കണം മാനകഭാഷയുടെ നിർമ്മിതി.

കൃത്രിമമായി പാകപ്പെടുത്തുന്നതാണ് മാനകഭാഷ. ഒരേ ഭാഷ സംസാരിക്കുന്നവരുടെ ഇടയിൽ നിലവിലിരിയ്ക്കുന്ന ഭാഷാഭേദങ്ങൾ ആ ഭാഷ സംസാരിക്കുന്നവരുടെ ഇടയിൽ സുഗമമായ ആശയസംവേദനം അസാധ്യമാക്കുമ്പോൾ പ്രസ്തുത കടമ്പ മറികടക്കാനുള്ള ഉപായമായി നിർമ്മിക്കപ്പെടുന്നതാണ് മാനകഭാഷ. പൊതുവായ ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്ന എല്ലാ ഭാഷാപ്രയോഗങ്ങളും മാനകഭാഷയിലായിരിക്കും. അധ്യാപനമാധ്യമമായി ഉപയോഗി

SGOU

ക്കുന്നതും മാനകഭാഷതന്നെ. 'പ്രധാനമായും ആശയവിനിമയം എന്ന ലക്ഷ്യത്തിനു വേണ്ടി ഉപയോഗിക്കുന്നതും സാമാന്യമായി സ്വീകാര്യ രീതി എന്ന് കരുതപ്പെടുന്നതും സാഹചര്യവ്യത്യാസങ്ങൾ അധികമായി പ്രദർശിപ്പിക്കാത്തതും ശുദ്ധഭാഷ എന്ന സങ്കല്പനത്തിന് അടിസ്ഥാനമായതും ഔപചാരികസന്ദർഭങ്ങളിൽ സ്വാഭാവികരീതിയായി പരിഗണിക്കുന്നതുമായ ഭാഷാപ്രയോഗത്തെ മാനകഭാഷ എന്ന് പറയുന്നു.'

## 3.1.3 ഭാഷാഭേദം(dialect)

ഒരേ ഭാഷ തന്നെ ദേശം, മതം, ജാതി, ലിംഗം എന്നിവയുടെ വ്യത്യാസം കൊണ്ട് വ്യത്യസ്ത തരത്തിൽ സംസാരിക്കപ്പെടുന്നുണ്ട്. മഴ എന്നതിന് കോഴിക്കോട് മയ എന്നാണ് പറയുന്നത്. തൃശ്ശൂരിലെ കൊള്ളി മറ്റു ജില്ലകളിൽ കപ്പ, മരച്ചീനി, പൂള, ചീനി എന്നീ പേരുകളിൽ അറിയപ്പെടുന്നു. അവൻ എന്നതിന് ഉത്തരകേരളത്തിൽ ഓൻ എന്നാണ് പറയുന്നത്. ഉത്തരകേരളീയൻ ഇലയെടുത്ത് ചാടുമ്പോൾ കേരളത്തിന്റെ മറ്റ് ഭാഗത്തുള്ളവർ ഇലയെടുത്ത് കാട്ടിക്കളയുകയോ ഇലയെടുത്ത് എറിയുകയോ ആണ് ചെയ്യുന്നത്. പദതലത്തിലും അർഥതലത്തിലും ഉച്ചാരണത്തിലും സംഭവിക്കുന്ന ഇത്തരം മാറ്റങ്ങൾ ക്രമാതീതമായി വർധിക്കുന്നതോടെ ഭാഷണത്തിന്റെ ശൈലി മാറിപ്പോകുകയും ഭാഷയ്ക്കുള്ളിലൊരു ഭാഷ നിർമ്മിക്കപ്പെടുകയും ചെയ്യുന്നു. ഇതിനെയാണ് ഭാഷാഭേദം എന്ന് വിവക്ഷിക്കുന്നത്. തൻമൊഴികളുടെ ആകെ തുക കൂടിയാണ് ഭാഷാഭേദം. ഒരേ ഭാഷയ്ക്കകത്ത് സംഭവിക്കുന്ന ഇത്തരം വ്യതിയാനങ്ങളുടെ കാരണം എന്താണെന്ന് നോക്കാം.

### 3.1.3.1 ദേശവ്യത്യാസം

തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിങ്ങനെ കേരളം പഴയകാലത്ത് മൂന്നായി വിഭജിക്കപ്പെട്ടിരുന്നു. ഉത്തര മധ്യ ദക്ഷിണകേരളത്തിലെ ഭാഷകൾ തമ്മിൽ വ്യത്യാസമുണ്ടായത് ഈ വിഭജനം മൂലമാണ്. ലക്ഷദ്വീപിൽ സംസാരിക്കുന്ന മലയാളവും നമ്മുടെ മലയാളവും വ്യത്യസ്തമായിരിക്കുന്നത് കേരളം ലക്ഷദ്വീപിൽനിന്ന് സമുദ്രത്താൽ വേർതിരിക്കപ്പെട്ടതുകൊണ്ടാണ്. സഹ്യനപ്പുറത്തുള്ള തമിഴകവും സഹ്യനിപ്പുറത്തുള്ള തമിഴകവും ആദ്യകാലത്ത് ഒരേ ഭാഷ സംസാരിച്ചിരുന്നുവെങ്കിലും പിൽക്കാലത്ത് അവയിലെ ഭാഷകൾ തമിഴ് മലയാളങ്ങളായി രൂപാന്തരപ്പെട്ടത് ഭാഷാഭേദങ്ങൾ തമ്മിലുള്ള അകൽച്ച വർധിച്ച് വ്യത്യസ്ത ഭാഷകളായി തീർന്നതിന് തെളിവാണ്.

### 3.1.3.2 ജാതിമത വ്യത്യാസം

ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ എന്നിങ്ങനെ ഓരോ വിഭാഗത്തിനും അവരുടേതായ പ്രത്യേക പദങ്ങളുണ്ട്. പിതാവ് എന്ന പദത്തെ കുറിയ്ക്കാൻ ബാപ്പ, ഉപ്പ, അച്ഛൻ, അപ്പച്ഛൻ, അപ്പൻ, പപ്പ തുടങ്ങിയ പദങ്ങൾ ഉപയോഗിക്കുന്നു. ക്രിസ്ത്യാനികൾക്ക് അച്ഛൻ അമ്മയുടെ സഹോദരനാണ്. ഹിന്ദുക്കൾക്കാകട്ടെ പിതാവും. അമ്മയുടെ സഹോദരനെ ഹിന്ദുക്കൾ വിളിക്കുന്നത് അമ്മാവൻ എന്നാണ്. ജാതിവ്യവസ്ഥ ശക്തമായി നിലനിൽക്കേണ്ടത് മുൻകാല സമൂഹത്തിന്റെ ആവശ്യമായിരുന്നതുകൊണ്ട് ഇത്തരം അവസ്ഥകളെ ബോധപൂർവം പ്രോത്സാഹിപ്പിക്കുന്ന സാംസ്കാരിക സ്വഭാവം നിലവിലുണ്ടായിരുന്നു.

### 3.1.3.3 വർഗവ്യത്യാസം

മേലാളന്റെയും കീഴാളന്റെയും ഭാഷകൾ വ്യത്യസ്തമാണ്. ജാതികേന്ദ്രീകൃതമായ സാമൂഹികവ്യവസ്ഥ സമ്പദ്കേന്ദ്രീകൃതമായ അവസ്ഥയിലേയ്ക്ക് പരിണമിക്കുമ്പോൾ ഈ അവസ്ഥ കൂടുതൽ ശക്തമായി സമൂഹത്തിൽ വേരുറപ്പിക്കുന്നു. ആദ്യകാലങ്ങളിൽ സമ്പത്തും ജാതിയും തമ്മിലുണ്ടായിരുന്ന പാരസ്പര്യം ക്രമേണ തകർന്നു പോയപ്പോഴും ജാതിയുടെ അടിസ്ഥാനത്തിലുള്ള പദസഞ്ചയങ്ങൾ മാറ്റമില്ലാതെ തുടർന്നു. അധികാരിയുടെ സ്വഭാവങ്ങൾ തന്റേതാക്കി മാറ്റുകയെന്ന അടിച്ചമർത്തപ്പെട്ടവന്റെ ആഗ്രഹം പല മേഖലകളിലും നിർണ്ണായക സ്വാധീനം ചെലുത്തി. എങ്കിലും അടിസ്ഥാന പദസഞ്ചയങ്ങൾ മാറ്റമില്ലാതെ ഒരു കാലത്ത് തുടർന്നു. അടിയൻ, കുപ്പാട്, വിടകൊള്ളുക, മുഖം കാണിക്കുക തുടങ്ങിയ പദങ്ങൾ കീഴാളരും നോം, പള്ളിയുറക്കം, തേവാരം തുടങ്ങിയ പദങ്ങൾ മേലാളരും ഉപയോഗിച്ചിരുന്നു.



SGOU

സാമൂഹിക ഭാഷാശാസ്ത്രം ഈ മേഖലയിലാണ് ഏറ്റവുമധികം പരീക്ഷണങ്ങൾ നടത്തിയിരിക്കുന്നത്.

### 3.1.3.4 സ്ത്രീപുരുഷവ്യത്യാസം

പഴയ സംസ്കൃതനാടകങ്ങളിൽ സ്ത്രീകൾ പ്രാകൃതത്തിലും പുരുഷൻമാർ സംസ്കൃതത്തിലുമാണ് സംസാരിച്ചിരുന്നത്. പുരുഷൻമാരിൽ തന്നെ ദേവൻന്മാർ, രാജാക്കൻന്മാർ തുടങ്ങിയ ഉന്നതകുലജാതർക്കു മാത്രമേ സംസ്കൃതം പറയാവൂ. വിദൂഷകൻ തുടങ്ങിയ കഥാപാത്രങ്ങൾ പ്രാകൃതമാണ് ഉപയോഗിക്കുന്നത്. അവരെ സ്ത്രീകൾക്കു തുല്യം കണക്കാക്കുന്നതുകൊണ്ടാണ് അങ്ങനെ സംഭവിച്ചിട്ടുള്ളത്. ആ കാലഘട്ടത്തിന്റെ സങ്കല്പമനുസരിച്ച് ഉന്നതകുലജാതമാരേ വീരപുരുഷൻമാരാകൂ എന്നതുകൊണ്ടാണ് കാവ്യനാടകാദികളിൽ അപ്രകാരം ഭാഷാവ്യതിയാനം ഉപയോഗിച്ചിരുന്നത്.

കരീബു വർഗക്കാർക്കിടയിൽ സ്ത്രീക്കും പുരുഷനും വ്യത്യസ്ത ഭാഷയുണ്ട്. ജർമ്മനിയിൽ ജൂതന്മാർക്കിടയിൽ പുരുഷന്മാർ ഹീബ്രുവും സ്ത്രീകൾ ജർമ്മനുമാണ് അഭിവാദനവേളകളിൽ ഉപയോഗിക്കുന്നത്.

ഒരു പ്രത്യേക പ്രദേശത്ത് നടപ്പുള്ളതോ ഒരു പ്രത്യേക സമുദായത്തിൽ സംസാരിക്കപ്പെടുന്നതോ ആയ ഭാഷയാണ് ഭാഷാഭേദം.

മലയാളത്തിൽ ആങ്ങള എന്ന പദം സ്ത്രീകൾക്കും പെങ്ങൾ എന്ന പദം പുരുഷന്മാർക്കും സംവരണം ചെയ്യപ്പെട്ടിരിക്കുന്നു. ഇങ്ങനെ സ്ത്രീപുരുഷ വ്യത്യാസം ഭാഷാവ്യത്യാസത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്നു.

## 3.1.4 ഭാഷയും സമൂഹവും

ഓരോ സമൂഹത്തിനും അവരുടെ ആശയങ്ങളും ചിന്തകളും ഗ്രഹിക്കുവാനും പ്രകടിപ്പിക്കുവാനുമുള്ള ഉപാധി ഭാഷയാണ്. ഭാഷയെക്കുറിച്ചുള്ള അറിവും അതിന്റെ പ്രയോജനങ്ങളും ആധുനികസമൂഹം ചർച്ചചെയ്യുന്നു. ചിന്തയെ നിർണ്ണയിക്കുന്നത് ഭാഷയാണെന്നും ഭാഷയെ നിർണ്ണയിക്കുന്നത് ചിന്തയാണെന്നും ചിന്തയും ഭാഷയും പരസ്പരം സ്വാധീനിക്കുന്നുണ്ടെന്നും ഭാഷാപഠനങ്ങൾ തെളിയിക്കുന്നുണ്ട്.

സമൂഹവും ഭാഷയും തമ്മിൽ ആഴത്തിലുള്ള ബന്ധമാണുള്ളത്. ഭാഷയുടെ പ്രധാന ലക്ഷ്യം ആശയവിനിമയമാണ്. സമൂഹത്തിന്റെ നിലനിൽപ്പിന് ആശയവിനിമയം അനിവാര്യവുമാണ്. ഭാഷ സമൂഹത്തിൽ പല തരത്തിലും പ്രകടമാകുന്നു. അതുപോലെ സാമൂഹികമായ അവസ്ഥകൾ പ്രകടമാകുന്നത് ഭാഷയിലൂടെയും. സമൂഹം ശാന്തമാകുന്നതിനും അക്രമാസക്തമാകുന്നതിനും ഭാഷ കാരണമാകുന്നു. അധികാരം സമൂഹത്തിൽ ഇടപ്പെടുന്നത് ഭാഷയിലൂടെയാണ്. സാമൂഹ്യമാറ്റം സാധ്യമാകുന്നതും ഭാഷയിലൂടെയാണെന്ന് പറയാം. സമൂഹത്തിൽ സംസ്കാരം രൂപപ്പെടുന്നതിനും സാംസ്കാരിക കൈമാറ്റത്തിനും ഭാഷ കൂടിയേ തീരൂ.

## 3.1.5 ഭാഷാഭേദവിജ്ഞാനവും സാമൂഹിക ഭാഷാവിജ്ഞാനവും

ഭാഷാശാസ്ത്രത്തിന്റെ പ്രധാനപ്പെട്ട രണ്ട് ഉപശാഖകളാണ് ഭാഷാഭേദവിജ്ഞാനവും സാമൂഹിക ഭാഷാവിജ്ഞാനവും. ഇവ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. പ്രാദേശികഭേദങ്ങൾ പഠിക്കാനുള്ള ഉത്തമമാർഗങ്ങളായിരുന്നു പണ്ടത്തെ ഭാഷാഭേദവിജ്ഞാനപഠനങ്ങൾ.

ഭാഷയുടെ പ്രാദേശികഭേദങ്ങൾ രേഖപ്പെടുത്തുകയാണ് ഭാഷാഭേദവിജ്ഞാനമേഖലയുടെ ലക്ഷ്യം. മറവിയിലേയ്ക്ക് മാഞ്ഞുകൊണ്ടിരിയ്ക്കുന്ന ഭാഷാപദങ്ങളും പ്രയോഗങ്ങളും രേഖപ്പെടുത്തി അനന്തരതലമുറയിലേയ്ക്ക് കൈമാറ്റം ചെയ്യുകയാണ് ഈ മേഖലയിൽ നിർവഹിക്കപ്പെടുന്നത്. മറ്റൊരുതരത്തിൽ പറഞ്ഞാൽ ശുദ്ധമായ ഭാഷാഭേദങ്ങളെക്കുറിച്ചുള്ള പഠനമാണ് ഭാഷാഭേദവിജ്ഞാനമേഖലയിൽ ഗവേഷകർ നടത്തുന്നത്. മാനകീകരണം കൊണ്ട് ഏറ്റവും കുറച്ച് മാത്രം മാറിയിരിയ്ക്കുന്ന ഭാഷാഭേദമാണ് ശുദ്ധമായ ഭാഷാഭേദം എന്നതുകൊണ്ട് അർഥമാക്കുന്നത്.

SGOU

1964-ലാണ് സാമൂഹികഭാഷാവിജ്ഞാനത്തെക്കുറിച്ച് ആദ്യമായി ഒരു കോൺഫറൻസ് നടന്നത്. കാലിഫോർണിയ സർവകലാശാലയിൽ വെച്ചുനടന്ന ഈ സമ്മേളനത്തിന്റെ പ്രസിദ്ധീകരിക്കപ്പെട്ട പ്രധാനപ്പെട്ട ഒരു ലേഖനമാണ് വില്യം ബ്രൈറ്റിന്റേത്. സാമൂഹികഭാഷാ വിജ്ഞാനത്തിന്റെ ഏഴു സ്വഭാവങ്ങളെക്കുറിച്ച് അദ്ദേഹം ഈ ലേഖനത്തിൽ പറയുന്നു. (1) വക്താവിന്റെ സാമൂഹിക വ്യക്തിത്വം (2) ശ്രോതാവിന്റെ സാമൂഹിക വ്യക്തിത്വം (3) ഭാഷണം നടക്കുന്ന ചുറ്റുപാട് (4) സാമൂഹികഭാഷാഭേദങ്ങളുടെ സമകാലികവും ബഹുകാലികവുമായ അപഗ്രഥനം (5) ഭാഷയെക്കുറിച്ച് വക്താവിന്റെ വിലയിരുത്തൽ (6) ഭാഷാഭേദവ്യത്യാസങ്ങളുടെ വ്യാപ്തി (7) സാമൂഹികഭാഷാവിജ്ഞാനത്തിന്റെ പ്രയുക്തത.

ഭാഷാഭേദവിജ്ഞാനവും സാമൂഹ്യഭാഷാവിജ്ഞാനവും തമ്മിലുള്ള വ്യത്യാസങ്ങൾ

### 3.1.5.1 ഭാഷാഭേദവിജ്ഞാനം

1. ഗ്രാമീണ മധ്യവയസ്കരായ ആവേദകരെ ആശ്രയിക്കുന്നു.
2. ആവേദകരിൽനിന്ന് ലഭിച്ച വിശദീകരിക്കാനാവാത്ത പരിവർത്തനങ്ങൾ അവഗണിക്കുന്നു.
3. ഭാഷണസ്വഭാവത്തിൽ കേന്ദ്രീകരിക്കുന്നില്ല.
4. ശൈലീവ്യതിയാനങ്ങളിൽ ശ്രദ്ധിക്കുന്നില്ല.
5. ഭാഷയിലെ പ്രാദേശികഭേദങ്ങൾക്ക് പ്രാധാന്യം നൽകുന്നു.
6. ഗവേഷണം നടത്തുന്ന സ്ഥലങ്ങളുടെ എണ്ണം വർധിപ്പിച്ച് കൃത്യത നേടുന്നു.
7. സ്ഥിതിവിവരകണക്കുകളെ ആശ്രയിക്കുന്നു.
8. ഭാഷാശാസ്ത്രചരങ്ങളെ പരിഗണിക്കുന്നില്ല.
9. വിവരണാത്മകവ്യാകരണം ഉപയോഗിക്കുന്നു. അതിന്റേതായ സാഹിത്യസമ്പത്തുള്ളതു കൊണ്ട് കാര്യപദ്ധതിക്കായി മറ്റു പദ്ധതികളെ ആശ്രയിക്കുന്നില്ല.
10. നിലവിലുള്ള ഭാഷാപരിണാമങ്ങൾ പരിശോധിക്കുന്നു.
11. ആവേദകരെ പരീക്ഷണശാലകളിൽ എത്തിക്കുന്നു.
12. ഉപരിതലസ്പർശിയായ ഗവേഷണരീതി.

### 3.1.5.2 സാമൂഹികഭാഷാവിജ്ഞാനം

1. ഭാഷയുടെ വൈവിധ്യത്തിൽ ഊന്നുന്നു.
2. വ്യതിയാന കാരണങ്ങളിൽ ശ്രദ്ധ പതിപ്പിക്കുന്നു.
3. സ്വന്തം ഭാഷണത്തിൽ വ്യക്തി ഏറ്റവും കുറച്ച് ശ്രദ്ധിച്ച് സ്വാഭാവിക ഭാഷണത്തിൽ ഊന്നൽ നൽകുന്നു.
4. സ്വാഭാവിക ഭാഷണത്തോടൊപ്പം ആകസ്മികഭാഷണം, സശ്രദ്ധഭാഷണം എന്നിവയിലൂന്നുന്നു.
5. ഭാഷണസന്ദർഭം, ഭാഷണശൈലി എന്നിവയ്ക്ക് പ്രാധാന്യം കൊടുക്കുന്നു.
6. ആവേദകരുടെ എണ്ണം വർധിപ്പിച്ച് കൃത്യത നേടുന്നു.
7. മറ്റു പദ്ധതികളെ ആശ്രയിക്കുന്നില്ല.
8. അവയെ കണ്ടുപിടിച്ച് സാമൂഹികഘടകങ്ങളായി ബന്ധിപ്പിക്കുന്നു.
9. തനതായ വ്യാകരണപദ്ധതിയുണ്ട്. സാമൂഹികഘടകങ്ങളോടും സ്ഥിതിവിവരശാസ്ത്രത്തോടും കടപ്പെട്ടിരിക്കുന്നു.
10. ഭാഷാപരിണാമഗതിയിൽ ശ്രദ്ധിക്കുന്നു
11. ആവേദകരെ തേടി അവരുടെ സ്വാഭാവിക താവളങ്ങളിലെത്തുന്നു.
12. അഗാധതലസ്പർശിയായ ഗവേഷണരീതി.

SGOU

## Recap

- ഒരു വ്യക്തിയുടെ സകല ഭാഷണശീലങ്ങളുടെയും ആകെത്തുകയാണ് അയാളുടെ ഭാഷ
- വ്യക്തിഭാഷകളുടെ സമാഹാരമാണ് ഭാഷാഭേദം
- കൃത്രിമമായി നിർമ്മിക്കുന്നതാണ് മാനകഭാഷ
- പൊതുവായ ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്ന എല്ലാ ഭാഷാപ്രയോഗങ്ങളും മാനകഭാഷയിലായിരിക്കും.
- ഒരേ ഭാഷയ്ക്കകത്ത് സംഭവിക്കുന്ന വ്യതിയാനമാണ് ഭാഷാഭേദം
- ഭാഷാഭേദത്തിനുള്ള കാരണങ്ങൾ-ദേശവ്യത്യാസം, ജാതിമതവ്യത്യാസം, വർഗവ്യത്യാസം, സ്ത്രീപുരുഷഭേദം.
- ഭാഷാശാസ്ത്രത്തിന്റെ പ്രധാന ഉപശാഖകൾ - ഭാഷാഭേദവിജ്ഞാനവും സാമൂഹിക ഭാഷാവിജ്ഞാനവും
- ഒരേ ഭാഷ തന്നെ ചില സ്ഥലങ്ങളിൽ വ്യത്യസ്ത രീതിയിൽ സംസാരിച്ചു വരുന്നു.
- ഒരോ വ്യക്തിയെയും, അടയാളപ്പെടുത്തുന്ന ഭാഷാപ്രയോഗമാണ് വ്യക്തിഭാഷ
- തദ്ദേശീയഭാഷയും അന്യഭാഷയും കൂടിചേരുന്നതാണ് ഭാഷാമിശ്രം
- ഉപഭാഷകൾ ഭാഷാശാസ്ത്രത്തിൽ വിലപ്പെട്ട മാതൃകകളാണ്
- ചരിത്രവും ഭൂമിശാസ്ത്രവും ഭാഷാഭേദപഠനത്തിൽ പ്രധാനമാണ്

## Objective Type Questions

1. ഭാഷാഭേദം എന്നാലെന്ത്?
2. പ്രധാന ഭാഷാഭേദ കാരണങ്ങൾ ഏതെല്ലാം?
3. മാനകഭാഷ എന്നാലെന്ത്?
4. വ്യക്തിഭാഷ എന്നാലെന്ത്?
5. ഭാഷാമിശ്രം എന്നാലെന്ത്?
6. ഭാഷാശാസ്ത്രത്തിന്റെ പ്രധാനപ്പെട്ട രണ്ട് ഉപശാഖകൾ ഏതെല്ലാം?
7. ഭാഷാഭേദവിജ്ഞാന മേഖലയുടെ ലക്ഷ്യമെന്ത്?
8. സാമൂഹികഭാഷാവിജ്ഞാനത്തെക്കുറിച്ച് ആദ്യ കോൺഫറൻസ് നടന്നതെന്ന്? എവിടെ?
9. സാമൂഹിക ഭാഷാവിജ്ഞാനത്തിന്റെ ലക്ഷ്യമെന്ത്?
10. ഭാഷാഭേദവിജ്ഞാനീയത്തിൽ എന്തിനാണ് പ്രാധാന്യം?

SGOU

## Answers

1. ഒരേ ഭാഷയ്ക്കുള്ളിലെ വ്യത്യാസം (വ്യതിയാനം)
2. ദേശം, ജാതി, മതം, വർഗം, സ്ത്രീപുരുഷഭേദം, ഭൂമിശാസ്ത്ര ചരിത്രപരമായ വ്യത്യാസങ്ങൾ
3. കൃത്രിമമായി പാകപ്പെടുത്തിയെടുക്കുന്ന ഭാഷ
4. ഒരോ വ്യക്തിയെയും, അടയാളപ്പെടുത്തുന്ന ഭാഷാപ്രയോഗമാണ് വ്യക്തിഭാഷ
5. തദ്ദേശീയഭാഷയും അന്യഭാഷയും കൂടിച്ചേരുന്നതാണ് ഭാഷാമിശ്രം
6. ഭാഷാഭേദവിജ്ഞാനവും സാമൂഹിക ഭാഷാവിജ്ഞാനവും
7. ഭാഷയുടെ പ്രാദേശികഭേദങ്ങൾ രേഖപ്പെടുത്തുക
8. 1964, കാലിഫോർണിയ
9. ഭാഷയുടെ സാമൂഹിക ശാസ്ത്ര വൈവിധ്യത്തിന് ഊന്നൽ നൽകുന്നു
10. പ്രാദേശിക ഭാഷകൾക്ക്

## Assignments

1. കേരളത്തിലെ വ്യത്യസ്ത ഭാഷാഭേദങ്ങൾ ഉദാഹരണസഹിതം വിശദമാക്കുക.
2. ഭാഷാനിർവചനവും ഭാഷാഭേദകാരണങ്ങളും ചർച്ച ചെയ്യുക.
3. ഭാഷാഭേദവിജ്ഞാനവും സാമൂഹ്യഭാഷാവിജ്ഞാനവും താരതമ്യാത്മകമായി വിലയിരുത്തുക.

## Reference


1. ആൻഡ്രൂസ് എ. പി., ഭാഷാശാസ്ത്രം: സിദ്ധാന്തവും പ്രയോഗവും – മലയാളത്തിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. ഇ. വി. എൻ. നമ്പൂതിരി, ഭാഷാവിജ്ഞാനീയം, പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്.
3. കെ. ഗോദവർമ്മ., കേരള ഭാഷാവിജ്ഞാനീയം, കേരള സർവകലാശാല, തിരുവനന്തപുരം.


## Suggested Reading


1. കെ. എം. പ്രഭാകരവാരിയർ, ഭാഷാശാസ്ത്രവിവേകം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.
2. രവിശങ്കർ. എസ്. നായർ, ഭാഷയും ഭാഷാശാസ്ത്രവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. കെ. ജോയ്പോൾ, സോളി, വി. ആർ, ഭാഷാശാസ്ത്രം : സിദ്ധാന്തവും പ്രയോഗവും, മലയാളപഠന ഗവേഷണ കേന്ദ്രം, തൃശ്ശൂർ.





SGOU
SREENARAYANAGURU OPEN UNIVERSITY

BLOCK - 04

# ഭാഷാപരിണാമ ഹേതുക്കൾ

SGOU

# ഭാഷാപരിണാമ ഹേതുക്കൾ

## Learning Outcomes

- ഭാഷാഭേദ ഭൂപടത്തിന്റെ സവിശേഷതകൾ കണ്ടെത്തുന്നു
- സാമൂഹിക ഭാഷാശാസ്ത്രമെന്ന പഠനമേഖലയെ പരിചയപ്പെടുന്നു
- ഭാഷാപരിണാമ ഹേതുക്കൾ കണ്ടെത്തുന്നു
- ഭാഷാസൂത്രണം എന്ന പരികല്പനയെ കുറിച്ച് ധാരണ ലഭിക്കുന്നു

## Prerequisite

സാമൂഹികമായ അസ്തിത്വങ്ങൾക്കനുസരിച്ച് ഭാഷ എങ്ങനെ മാറുന്നു എന്നതിനെക്കുറിച്ചുള്ള പഠനമാണ് സാമൂഹിക ഭാഷാശാസ്ത്രം. ഭാഷയും അത് വ്യവഹരിക്കുന്ന സമൂഹവും തമ്മിലുള്ള ബന്ധമാണ് സാമൂഹിക ഭാഷാശാസ്ത്രത്തിലൂടെ വിശകലനം ചെയ്യപ്പെടുന്നത്. ജാതി - മത - വർഗ- വർണ്ണ -അധികാര - തൊഴിൽ - സാമ്പത്തിക - കൂട്ടങ്ങളായി വേർതിരിക്കപ്പെട്ട സമൂഹത്തെ സൂക്ഷ്മമായി വിശകലനം ചെയ്യുകയാണ് സാമൂഹിക ഭാഷാശാസ്ത്രം. ഇടത്തെയും അതിന്റെ രാഷ്ട്രീയത്തെയും സാമൂഹിക ഭാഷാശ്രാസ്ത്രയന്ത്രം പ്രശ്നവത്കരിക്കുന്നുണ്ട്. ഒരു പ്രദേശത്തിന്റെ പൊതുഭാഷയും സവിശേഷ ഭാഷയും വിശകലനം ചെയ്യപ്പെടുന്നു എന്നതാണ് വിഷയത്തിന്റെ പ്രസക്തി. ആ നിലയിൽ ഭാഷയുടെ എല്ലാതരത്തിലുമുള്ള വ്യതിയാനങ്ങളും, വ്യതിയാനത്തിനു പിന്നിലെ സാമൂഹിക - സാംസ്കാരിക പ്രേരണകളും സാമൂഹിക ഭാഷാശാസ്ത്രത്തിൽ പഠനവിധേയമാകുന്നു.

ഭാഷയും അത് സംസാരിക്കുന്ന സമൂഹവും തമ്മിലുള്ള ബന്ധം സാമൂഹിക ഭാഷാശാസ്ത്രത്തിലെ ഒരു പ്രധാന വിഷയമാണ്. ഭാഷാടിസ്ഥാനത്തിൽ നിർവചിക്കപ്പെടുന്ന സമൂഹത്തെ ഭാഷണസമൂഹം (Speech community) അഥവാ ഭാഷാസമൂഹം (Linguistic Community) എന്നു വിളിക്കുന്നു. ഒരു ഭാഷണസമൂഹത്തെ വേർതിരിച്ചു കാണിക്കുന്നതിലും നിർവചിക്കുന്നതിലും നിരവധി പ്രശ്നങ്ങൾ അടങ്ങിയിട്ടുണ്ട്. ഒരു ഭാഷയുടെ അടിസ്ഥാനത്തിൽ നേരിട്ടോ അല്ലാതെയോ പരസ്പരം ആശയവിനിമയം നടത്തുന്ന വ്യക്തികളെല്ലാം ചേർന്നതാണ് ഒരു ഭാഷണസമൂഹം എന്ന് ഹോക്കറ്റ് നിർവചിക്കുന്നു. ഭാഷണത്തിൽ പങ്കെടുക്കുന്നത് ആരൊക്കെ എന്നതിനെ ആശ്രയിച്ചു ഭാഷണരീതികൾ വ്യത്യസ്തമാകുന്നു. ഭാഷകരുടെയും കേൾവിക്കാരുടെയും സാമൂഹിക ധർമ്മമനുസരിച്ച് (Social role ) ഭാഷാരീതി മാറുന്നു. മാനകഭാഷയും പ്രാദേശികഭാഷയും ഭാഷാസമൂഹത്തിന്റെ സവിശേഷതകളാണ്

കൃത്യമായ രൂപവും ഘടനയുമുള്ള ഒരു വ്യവസ്ഥയായാണ് ഭാഷ കരുതപ്പെടുന്നത്. എന്നാൽ വ്യതിയാനം ഭാഷകളുടെ ഒരു പൊതുസ്വഭാവമാണ്. എല്ലാ ഭാഷകളിലും പലതര

SGOU

ത്തിലുള്ള ഭാഷാഭേദങ്ങൾ( language varieties ) നിലനിൽക്കുന്നുണ്ട്. പ്രാദേശിക, സാമൂഹ്യ സ്ഥിതി, സന്ദർഭം എന്നിവയനുസരിച്ചും ഭാഷയ്ക്ക് വ്യതിയാനമുണ്ടാകുന്നു. ഒരു വ്യക്തിയുടെ ഭാഷയാണു വ്യക്തിഭാഷ അഥവാ തന്മൊഴി. വ്യക്തിഭാഷകളുടെ സമാഹാരമാണ് ഭാഷാഭേദം. വിദ്യാഭ്യാസമുള്ളവരുടെ ഭാഷയും വിദ്യാഭ്യാസമില്ലാത്തവരുടെ ഭാഷയും തമ്മിൽ പെട്ടെന്നും തിരിച്ചറിയാവുന്ന തരത്തിലുള്ള വ്യത്യാസങ്ങളുണ്ട് വീട്ടിൽ കുടുംബാംഗങ്ങളോട് സംസാരിക്കുന്ന ഭാഷയല്ല ഔപചാരിക സന്ദർഭങ്ങളിൽ ഉപയോഗിക്കുന്നത്. വിവിധ തലമുറകളുടെ ഭാഷകൾ തമ്മിൽ ചില വ്യത്യാസങ്ങളുണ്ട്. ഇതൊക്കെയല്ലാതെ, ലിഖിതഭാഷയും, സംസാരഭാഷയും തമ്മിൽ വ്യത്യാസമുണ്ട്.

ഒരു രാഷ്ട്ര സംവിധാനത്തിനകത്ത് ഭാഷയുടെ വികസനത്തിനായി ഭരണകൂടം ആസൂത്രണം ചെയ്യുന്ന പ്രവർത്തനങ്ങളെ ഭാഷാസൂത്രണം എന്ന് പറയാം. ഭരണത്തിലും വിദ്യാഭ്യാസത്തിലും കോടതിയിലും മറ്റു വ്യവഹാരം ഇടങ്ങളിലും ഭാഷ എങ്ങനെയാണ് ഉപയോഗിക്കപ്പെടുന്നത് എന്നതും ഇതിനുള്ള നിയമസംവിധാനം എന്തെല്ലാമാണെന്നതും ഭാഷാസൂത്രത്തിൽ ഉൾപ്പെടുന്നു. പദവിപരമായ ആസൂത്രണം (status planning), സമാർജനപരമായ ആസൂത്രണം (acquisition Planning), ഘടനാപരമായ ആസ്രൂത്രണം (corpus Planning), എന്നിങ്ങനെ മൂന്നു പ്രധാന വിഭാഗങ്ങൾ ഭാഷാസൂത്രണത്തിനുണ്ട്. സ്റ്ററ്റസ് പ്ലാനിങ് ഒരു ഭാഷയുടെ പ്രവർത്തന (function) നങ്ങളിലും അതിന്റെ ഉപയോക്താക്കളുടെ അവകാശങ്ങളിലും മാറ്റങ്ങൾ വരുത്തുന്നു. ഒരു ഭാഷയുടെ പദവിയെ നിർണ്ണയിക്കുന്നവയായി നാല് കാര്യങ്ങൾ ക്ലോസ് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിന്റെ ഉല്പത്തി (origin), മാനകീകരണത്തിന്റെ അവസ്ഥ (degree of Standardization ), നീതിപരിപാലനപരമായ അവസ്ഥ ( juridica status), ഓജസ്സ് ( vitality) എന്നിവയാണവ. ഭാഷയെ വികസിപ്പിക്കാനാണ് കോർപ്പസ് പ്ലാനിങ് ശ്രമിക്കുന്നത്. മാറുന്ന കാലത്തിനനുസരിച്ച് ഭാഷയെ ഒരുക്കി നിർത്തലാണത്. ഭാഷയുടെ പോരായ്മകളിൽ നിന്നാണ് കോർപ്പസ് പ്ലാനിങ്ങിന്റെ ആവശ്യകത ഉയർന്ന് വരുന്നത് എന്ന് പറയാം . കോർപ്പസ് പ്ലാനിങ്ങിന്റെ ഉപവിഭാഗങ്ങളായി മൂന്നു മേഖലകളെയാണ് ചൂണ്ടിക്കാട്ടാനാവുക. ലിപി ആവിഷ്കരണം (graphization), മാനകീകരണം (standardization), ആധുനികീകരണം (modernization) എന്നിവയാണവ. സമാർജനപരമായ ആസൂത്രണം (Acquisition Planning) എന്ന പുതിയ ഭാഗം 1989-ൽ റോബർട്ട് കൂപ്പറാണ് മുന്നോട്ടുവച്ചത്. ഭാഷാപദവി, സാക്ഷരത തുടങ്ങിയവയെ മുൻനിർത്തി ദേശീയ സംസ്ഥാന പ്രാദേശികതലങ്ങളിൽ സർക്കാർ നേതൃത്വത്തിൽ വിദ്യാഭ്യാസരംഗത്ത് കൊണ്ടുവരുന്ന പ്രവർത്തനങ്ങളാണ് സമാർജനപരമായ ആസൂത്രണം എന്ന് അറിയപ്പെടുന്നത്. കേരള സർക്കാർ പാസാക്കിയ മാതൃഭാഷാബിൽ ഇതിനൊരു മികച്ച മാതൃകയാണ്.

## Key Themes

ഭാഷാഭേദഭൂപടം - സമഭാഷാംശസീമാരേഖ- കേന്ദ്രമേഖല, അവശിഷ്ട മേഖല, സംക്രമണമേഖല - ഭാഷാപരിണാമഹേതുക്കൾ - ഭാഷപരിണാമരീതികൾ -ഭാഷാസൂത്രണം - ഭാഷയുംഅധികാരവും - പ്രയുക്തഭാഷാശാസ്ത്രം - ഭാഷാകമ്പ്യൂട്ടിങ് -വിവിധ എൻ കോഡിങ് പദ്ധതികൾ - മലയാളം സോഫ്റ്റ്വെയറുകൾ

SGOU

## Discussion

### 4.1.1 ഭാഷാഭേദ ഭൂപടം

ഒരു ഭാഷാഭേദമേഖലയിൽ ഉച്ചാരണം, പദം, വ്യാകരണരൂപം, അർഥം എന്നിവയിലെല്ലാം വ്യത്യാസങ്ങൾ ഉണ്ടാകാം. ഒരേ പദം വ്യത്യസ്തരീതിയിൽ ഉച്ചരിക്കുക, ഒരേ അർഥമുള്ള വ്യത്യസ്ത പദങ്ങൾ ഉപയോഗിക്കുക, ഒരേ വ്യാകരണധർമ്മം സൂചിപ്പിക്കാൻ വ്യത്യസ്തരൂപങ്ങൾ ഉപയോഗിക്കുക, ഒരേ പദത്തിന് വ്യത്യസ്ത അർഥങ്ങൾ ഉണ്ടായിരിക്കുക - ഇങ്ങനെയുള്ള സവിശേഷതകൾ ഓരോന്നും ഏതേത് സ്ഥലങ്ങളിലാണുള്ളത് എന്ന് അടയാളപ്പെടുത്താൻ വേണ്ടി തയ്യാറാക്കുന്ന ഭൂപടങ്ങളെയാണ് ഭാഷാഭേദ ഭൂപടങ്ങൾ എന്ന് പറയുന്നത്.

ചോദ്യാവലികളിൽ നിന്ന് ലഭിച്ച വ്യത്യസ്ത പ്രദേശങ്ങളിലെ പദസഞ്ചയം നിഘണ്ടുവിന്റെ രൂപത്തിൽ പാകപ്പെടുത്തുന്നതാണ് ഭാഷാഭേദഭൂപടത്തിന്റെ ആദ്യപടി. ഉദാ: മഷി എന്ന പദത്തിന് മഴി, മശി, മസി, മയി എന്നിങ്ങനെ ഒരു പ്രദേശത്തിന്റെ ഭൂപടത്തിൽ വ്യത്യസ്ത അതിർത്തികൾ അടയാളപ്പെടുത്തിക്കൊണ്ട് അവയ്ക്ക് വ്യത്യസ്ത നമ്പറുകൾ നൽകിയാണ് അടിസ്ഥാന ഭൂപടം നിർമ്മിക്കുന്നത്. ഇത്തരം ഭൂപടങ്ങളുടെ അടിസ്ഥാനത്തിൽ ചാർട്ടുകൾ നിർമ്മിയ്ക്കാം. ചാർട്ടിൽ ഒരു പ്രത്യേക ഭാഷാഭേദത്തിന്റെ നേരെ കൊടുത്തിരിയ്ക്കുന്ന നമ്പറുകളിൽനിന്നും ആ നമ്പറുകൾ സൂചിപ്പിക്കുന്ന പ്രദേശങ്ങളെ തിരിച്ചറിയാം. അങ്ങനെ ആ പ്രദേശത്ത് ഇവരുടെ ഭാഷാഭേദങ്ങൾ കണ്ടെത്താം.

### 4.1.2 സമഭാഷാംശസീമാരേഖ

ഭാഷാഭേദഭൂപടങ്ങൾ ഓരോ പദത്തിനും നിർമ്മിക്കുകയാണ് ഭാഷാഭേദപഠനം ശാസ്ത്രീയമായി നിർവഹിക്കാനുള്ള മാർഗം. ഓരോ പദത്തിന്റെയും വ്യാപ്തി പലതായിരിയ്ക്കും. പദങ്ങളുടെ വ്യാപ്തിയുടെ അതിർത്തിരേഖയാണ് ഇതിൽ പ്രധാനം. അതിർത്തിരേഖകൾ ഒരോന്നിനും വരച്ചുകഴിയുമ്പോൾ ഓരോ പദത്തിന്റെയും രേഖകൾ കയറിയിറങ്ങി കിടക്കും. കുറെ പദങ്ങളുടെ അതിർത്തി വരയ്ക്കുമ്പോൾ ചില പ്രദേശത്ത് രേഖകൾ ഒന്നിച്ച് കടന്ന് പോകുന്നത് കാണാം. ഇങ്ങനെയുള്ള അതിർത്തി രേഖകളാണ് സമഭാഷാംശസീമാരേഖകൾ. സമഭാഷാംശസീമാരേഖകൾ കടന്നുപോകുന്ന ഇടം ഒരതിർത്തിയായി കല്പിക്കാം. ഇങ്ങനെ നിർണ്ണയിക്കുന്ന അതിരുകൾക്കുള്ളിലെ പ്രദേശമാണ് ഭാഷാഭേദമേഖല.

### 4.1.3 കേന്ദ്രമേഖല (Central Area)

ഒരു ഭാഷാഭേദമേഖലയ്ക്കുള്ളിൽ ഉള്ള ഒരു കേന്ദ്രത്തെ അനേകം സമഭാഷാംശസീമാരേഖകൾ വലയം ചെയ്തിരിക്കുന്നതായി കാണാം. ഭാഷാരൂപങ്ങൾക്ക് സ്ഥിരതയുള്ള ഈ കേന്ദ്രം രാഷ്ട്രീയ-സാംസ്കാരിക പ്രാധാന്യമുള്ള സ്ഥലമായിരിയ്ക്കും. ചുറ്റുപാടുമുള്ള പ്രദേശങ്ങളിലെ ആൾക്കാർ ഇവിടെയുള്ള ഭാഷ അനുകരിക്കുന്നു. ഇത്തരം പ്രദേശങ്ങളെ കേന്ദ്രമേഖല എന്നു പറയുന്നു. മാനക ഭാഷയിൽ നിന്ന് ഉപഭാഷകൾ രൂപം കൊള്ളുന്നതിങ്ങനെയാണ്

### 4.1.4 അവശിഷ്ടമേഖല (Residue Area)

എല്ലാ ഭാഷാരൂപങ്ങൾക്കും കൂടുതൽ സഞ്ചരിയ്ക്കാനും പുതിയ സ്ഥലങ്ങൾ പിടിച്ചടക്കാനും കഴിയില്ല. ചില വാക്കുകൾ പുറത്തേക്കു സഞ്ചരിക്കാതെ ഒരു സ്ഥലത്തുതന്നെ ഒതുങ്ങിക്കൂടും. മറ്റ് പദങ്ങൾക്ക് കടന്നുചെന്ന് ആക്രമിക്കാൻ പറ്റുന്നതിനേക്കാൾ ദൂരത്തായിരിയ്ക്കും ഈ മേഖല സ്ഥിതിചെയ്യുന്നത്. ഈ മേഖലയ്ക്കകത്തെ പദത്തിന്റെ അതേ അർഥമുള്ള പദങ്ങൾ ഇങ്ങോട്ടാക്രമണം തുടങ്ങിയാലും മറ്റു വാക്കുകളാൽ വലയം ചെയ്യപ്പെട്ട് ആ പദം സംരക്ഷിക്കപ്പെടും. ഇങ്ങനെ സംരക്ഷിക്കപ്പെടുന്ന രൂപങ്ങളെ അവശിഷ്ടരൂപങ്ങളെന്നും അവശിഷ്ടരൂപങ്ങളുള്ള സ്ഥലത്തെ അവശിഷ്ടമേഖല എന്നും പറയുന്നു. ചിത്രപരമായ പ്രാധാന്യമുള്ള സ്ഥലനാമങ്ങൾ ഇതിനു ദാഹരണമാണ്.

SGOU

## 4.1.5 പരിവർത്തനമേഖല

രണ്ട് ഭാഷാഭേദങ്ങൾ കൂട്ടിമുട്ടുന്ന സ്ഥലത്ത് രണ്ടിന്റെയും അംശങ്ങൾ കൂടിക്കലർന്ന ഭാഷാരീതി കാണാം. ഇവിടെ രണ്ടു ഭാഷാഭേദമേഖലകളെ വേർതിരിയ്ക്കുന്ന അതിർത്തി വ്യക്തമായിരിയ്ക്കുകയില്ല. ഭാഷാരൂപങ്ങൾ സ്ഥിരതയില്ലാതെ മാറിക്കൊണ്ടിരിയ്ക്കുന്ന മേഖലയായതുകൊണ്ട് ഒന്നിൽനിന്ന് മറ്റൊന്നിലേക്കുള്ള പാതയിലായിരിക്കുമത്. ബാഹ്യപ്രേരണകൾ എപ്പോഴും സ്വാധീനിച്ചുകൊണ്ടിരിക്കുന്ന ഈ മേഖലയാണ് പരിവർത്തനമേഖല. മലയാളവും കന്നടവും ചേരുന്ന അതിർത്തിപ്രദേശങ്ങളിലും, തമിഴും മലയാളവും ചേരുന്ന അതിർത്തിപ്രദേശങ്ങളിലും ഉണ്ടാകുന്ന മിശ്രഭാഷ ഇതിനു ദാഹരണമാണ്.

ഭാഷാഭേദമേഖല എന്നത് ഏകതാനമല്ല. അതിനുള്ളിലെ ഭാഷായിനങ്ങളുടെ വിതരണത്തിൽ പല വ്യത്യാസങ്ങളും കാണാം. പ്രദേശങ്ങൾക്ക് അതിർത്തികളുള്ളതുപോലെ തന്നെ ഭാഷാഭേദങ്ങൾക്കും അതിർത്തികളുണ്ട്. ഭാഷാഭേദഭൂപടങ്ങളുടെ സഹായത്തോടെയാണ്




ഭാഷാഭേദങ്ങളുടെ അതിർത്തി നിർണ്ണയിക്കപ്പെടുന്നത്. ഭാഷാഗവേഷണത്തിന്റെ പൂരകമാണ് ഭാഷാഭേദപഠനം. ഭാഷഭേദഭൂപടങ്ങൾ ഒരു വാക്കും എവിടെ സംസാരിക്കപ്പെടുന്നു എന്ന് കണ്ടെത്താൻ സഹായിക്കുന്നു. ഭാഷ എപ്പോഴും ചലനാത്മകമാണ് എന്ന വസ്തുതയാണ് ഭാഷാഭേദപഠനം നമ്മെ ഓർമ്മിപ്പിക്കുന്നത്.

## 4.1.6 ഭാഷാപരിണാമം (Grammatical Change)

ഭാഷാപരിണാമചരിത്രം പരിശോധിക്കുമ്പോൾ വളരെ പ്രധാനപ്പെട്ട രേഖകൾ പ്രാചീനശിലാരേഖകളാണ്. ലിഖിതങ്ങളുടെ അഭാവം ഈ പഠനത്തെ അസാധ്യമാക്കും. ഈ പഠനത്തിൽ താഴെപ്പറയുന്ന നിയമങ്ങൾ അംഗീകരിക്കേണ്ടതുണ്ട്.

1. ഒരേ ഭാഷാഭേദത്തിന് കാലഘട്ടങ്ങളിലൂടെ സംഭവിച്ച പരിണാമങ്ങളാണ് പഠനവിധേയമാക്കേണ്ടത്. വ്യത്യസ്ത ഭാഷാഭേദങ്ങൾ പഠനവിധേയമാക്കിയാൽ അബദ്ധത്തിൽ ചെന്നു ചാടും. കാരണം ദേശ്യഭേദത്തിനനുസരിച്ചുള്ള വ്യതിയാനങ്ങൾ ഭാഷാപരിണാമം കൊണ്ടുണ്ടായതാണെന്ന് സ്ഥാപിക്കേണ്ടിവരും.
2. ലിപികൾ സംസാരഭാഷയെ തികച്ചും പ്രതിനിധാനം ചെയ്യണമെന്നില്ല. ലിപികളിൽനിന്ന് ഉച്ചാരണഭേദം മനസ്സിലാക്കാൻ വിഷമമാവുന്നു. ഉദാഹരണമായി ലീലാതിലകത്തിലെ അധികാക്ഷരനിരൂപണം എന്ന ഭാഗത്ത് കൊടുക്കുന്ന 'ന്റ' യുടെ ഉച്ചാരണം എങ്ങനെയായിരുന്നു എന്നു മനസ്സിലാക്കുക വിഷമമാണ്. അധികാക്ഷരമെന്ന നിലയിൽ അതിനെ ഒറ്റ അക്ഷരമായി കണക്കാക്കാനും വയ്യ.
3. ലിഖിതരൂപത്തിലുണ്ടാകുന്ന എഴുത്തുപിഴവുകൾ ശരിക്ക് മനസ്സിലാക്കേണ്ടിവരുന്നു. സശ്രദ്ധം വിലയിരുത്തിയാലേ ഈ പഠനം ലക്ഷ്യം കാണൂ.

## 4.1.7 ഭാഷാപരിണാമരീതികൾ

### സ്വനിമിക പരിണാമം (Phonemic Change)

സ്വനിമങ്ങളും അവയുടെ ചേരുവകളും ചേർന്നതാണ് ഭാഷയുടെ സ്വനിമികതലം. ഒരു ഭാഷയിലെത്തന്നെ വ്യത്യസ്ത കാലഘട്ടത്തിലെ സ്വനിമങ്ങൾ തമ്മിൽ താരതമ്യം ചെയ്യുമ്പോൾ നിലവിലുള്ള പല സ്വനിമങ്ങളെക്കുറിച്ചും പുനർവിചിന്തനം ആവശ്യമാണെന്ന് വരും. പല സ്വനിമങ്ങളും അപ്രത്യക്ഷമാകും. പുതിയ ചില സ്വനിമങ്ങൾ കൂട്ടിച്ചേർക്കേണ്ടിവരും. ഇങ്ങനെയൊക്കെ ആവശ്യമായിവന്നാൽ സ്വനിമതലത്തിൽ പരിണാമം സംഭവിച്ചു എന്ന് മനസ്സിലാക്കാം.

'ഹ'കാരവും അതിന്റെ ചേർച്ചകൊണ്ട് ഭാഷയ്ക്ക് കൈവന്ന അതിഖരങ്ങളും ഘോഷവും മലയാളത്തിന് സംസ്കൃതഭാഷ സംഭാവനചെയ്തതാണെന്ന് മനസ്സിലാക്കാം. അത് മലയാളത്തിൽ സംസ്കൃതം ചെലുത്തിയ സ്വാധീനം വ്യക്തമാക്കിത്തരുന്നു.

## 4.1.8 വ്യാകരണതലപരിണാമം (Grammatical Change)

വ്യാകരണതലം എന്നതുകൊണ്ട് രൂപിമതലം എന്നാണ് അർഥമാകുന്നത്. സ്വതന്ത്രരൂപിമങ്ങളും ബദ്ധരൂപിമങ്ങളും ഭാഷയിലുണ്ട്. ഇവയിൽ പരിണാമത്തിന് വിധേയമാകുന്നത് ബദ്ധരൂപിമങ്ങളാണ്. തന്മൂലം അതിന്റെ പഠനത്തിലാണ് കൂടുതൽ ശ്രദ്ധിക്കേണ്ടത്. പ്രത്യയങ്ങൾ എന്ന് വിളിക്കുന്ന ഈ രൂപിമങ്ങളുടെ ആഗമ പരിഷ്ക്കരണങ്ങൾ ഭാഷാപരിണാമത്തെ ബാധിക്കും. ഈ പരിണാമത്തെയാണ് വ്യാകരണപരിണാമം എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. സ്വതന്ത്രരൂപിമങ്ങളുടെ ആഗമതിരോധാനങ്ങളെ പദസഞ്ചയപരിണാമത്തിലാണ് ഉൾപ്പെടുത്തുന്നത്.

## 4.1.9 സന്ധിതലപരിണാമം

സന്ധിതലപരിണാമം രണ്ടുതലത്തിലുണ്ട്.

### 4.1.9.1 ആകൃതിവ്യതിയാനം

രൂപിമത്തിന് വരുന്ന രൂപവ്യതിയാനമാണ് ആകൃതിവ്യതിയാനം എന്നതുകൊണ്ട് അർഥമാക്കുന്നത്. പൊടിത്തു - പൊടിച്ചു എന്നായി മാറിയത് ഇതിനുദാഹരണമാണ്. സ്വതന്ത്രരൂപിമവും തു എന്ന ഭൂതകാലപ്രത്യയവും ഇവിടെ ചേരുമ്പോഴാണ് ഈ പരിണാമം സംഭവിക്കുന്നത്.

### 4.1.9.2 രൂപാന്തരണം

ഇത് സന്ധിതലത്തിലുണ്ടാകുന്ന വ്യതിയാനമാണ്. ഇത് ക്രമേണ നിയമബദ്ധമാകുന്നു. അങ്ങനെ പരിണാമത്തിന്റെ ഭാഗമാകുന്നു.

ലീലാതിലകം പറയുന്ന പല സന്ധിനിയമങ്ങളും ഇന്ന് പ്രവർത്തിക്കുന്നില്ല. 'ലനയോഃ കചപേഷു റഃ' എന്ന ലീലാതിലകസൂത്രപ്രകാരം ല ന എന്നീ വ്യഞ്ജനങ്ങൾക്കുശേഷം ക, ച, പ ങ്ങൾ വന്നാൽ ല, ന, ഇവ റ ആയിത്തീരും.

SGOU

പൊൻ+കണ്ണാടി- പൊർക്കണ്ണാടി എന്നാകുന്നു. ആദേശസന്ധിയിൽ പെടുത്താവുന്ന ഈ പരിണാമം മലയാളത്തിൽ ഇന്നില്ല. കർക്കുളം എന്നിങ്ങനെയുള്ള രൂപങ്ങൾ പണ്ടുണ്ടായിരുന്നു. ലീലാതിലകം പറയുന്ന കാറ്റാളം, കോറ്റേൻ തുടങ്ങിയ രൂപങ്ങളും ഇന്നില്ല. ഇത്തരം പരിണാമങ്ങൾ കാലാന്തരത്തിൽ അപ്രത്യക്ഷമായി.

## 4.1.10 അർഥതലപരിണാമം

പദങ്ങൾ വ്യവഹാരത്തിനിടെ അതിന്റെ അർഥം പരിഷ്കരിക്കുകയോ പരിണാമപ്പെടുത്തുകയോ ചെയ്യും. കാലാന്തരത്തിൽ പദങ്ങളുടെ അർഥത്തിനു സംഭവിക്കുന്ന പരിണാമത്തെയാണ് അർഥതലപരിണാമം എന്ന് വിളിക്കുന്നത്. ദ്രാവിഡത്തിലെ മൂഞ്ഞി എന്ന പദം സംസ്കൃതത്തിലെ മുഖം നിഷ്ക്കാസനം ചെയ്തുകഴിഞ്ഞു. തന്ത, തള്ള തുടങ്ങിയ പദങ്ങളും മാറ്റി അച്ഛൻ, അമ്മ എന്നിവർ തൽസ്ഥാനത്ത് എത്തിപ്പറ്റി. മലയാളത്തിൽ വന്ന ഈ മാറ്റം തമിഴിനെ അങ്ങനെ ബാധിച്ചില്ല. മലയാളത്തിൽ ഇന്നും ഈ പദങ്ങൾ അനാദരവ് സൂചിപ്പിക്കാൻ ഉപയോഗിക്കുന്നുമുണ്ട്.

## 4.1.11 സ്വനപരിണാമം

കാലം മാറുന്നതിനനുസരിച്ച് സ്വനത്തിന്റെ ഉച്ചാരണത്തിലും ധ്വനിയിലും മാറ്റം സംഭവിക്കും. ഇത്തരം വ്യതിയാനത്തെയാണ് സ്വനപരിണാമം എന്ന് വിളിക്കുന്നത്. ഈ പരിണാമം ദീർഘകാലം കൊണ്ടുമാത്രമേ സംഭവിക്കാറുള്ളൂ. വളരെ മന്ദഗതിയിലായതുകൊണ്ട് ഈ മാറ്റം ശ്രദ്ധിക്കുന്നതുതന്നെ വളരെക്കാലത്തിനുശേഷമായിരിക്കും. സ്വനപരിണാമത്തെ ധ്വനിവ്യതിയാനമെന്നും ശീഘ്രസ്വനപരിണാമം എന്നും രണ്ടായിതിരിക്കാം. കാലക്രമത്തിൽ സ്വനത്തിന്റെ ഉച്ചാരണത്തിൽ സംഭവിക്കുന്ന വ്യതിയാനമാണ് ധ്വനിവ്യതിയാനം. ധ്വനിവ്യതിയാനത്തേക്കാൾ വേഗത്തിലാണ് ശീഘ്രസ്വനപരിണാമം സംഭവിക്കുന്നത്.

സ്വരങ്ങൾക്ക് സ്വന്തമായ ആവൃത്തിപരിധിയും വിതരണപരിധിയും ഉണ്ട്. വക്താവിന്റെ ഉദാസീനതയും ശ്രോതാവിന്റെ നിർമ്മമതയും ഈ പരിധികളെ മറികടക്കാൻ കാരണമാകുന്നു. കാലവസ്ഥയുടെ മാറ്റവും ഉച്ചാരണാവയവങ്ങളുടെ രൂപവ്യതിയാനവും സ്വനപരിണാമത്തിന് കാരണമായിത്തീരുന്നു. കുട്ടികൾ ക്രമാനുഗതമായി മനസ്സിലാക്കുന്ന ഭാഷ മുതിർന്നവരുടെ ഭാഷയുടെ തനിപ്പകർപ്പാകണമെന്നില്ല. ഭാഷ ശിശു സ്വന്തമാക്കുന്നത് സ്വന്തം നിലപാടിലാണ്. അത് പരിണാമത്തെ സഹായിക്കുന്ന ഘടകമാണ്.

## 4.1.12 അനാശ്രിതവും ആശ്രിതവുമായ പരിണാമം

എല്ലാ ശാബ്ദികപരിസരത്തിലും സ്വനപരിണാമം സംഭവിക്കുന്നെങ്കിൽ അത്തരം പരിണാമത്തെ അനാശ്രിതപരിണാമമെന്ന് വിളിക്കും. ചില നിശ്ചിതമായ സാഹചര്യങ്ങളിലാണ് പരിണാമം സംഭവിക്കുന്നതെങ്കിൽ അത്തരം പരിണാമത്തെ ആശ്രിതം എന്നു പറയും.

## 4.1.13 ഭാഷാപരിണാമഹേതുക്കൾ

ഭാഷാപരിണാമത്തെ സ്വാധീനിക്കുന്ന നിരവധി ഘടകങ്ങളുണ്ട്. അവയെ സാമാന്യമായി ആദാനം, സംക്രമണം എന്ന് രണ്ടായി തിരിക്കാം. ലോകം ചെറുതാവുകയും ആളുകൾ തമ്മിലുള്ള സഹകരണം വേഗത്തിലാകുകയും ചെയ്തപ്പോൾ പല ദേശങ്ങളുമായും പല വർഗങ്ങളുമായും ഇടപഴകാനുള്ള അവസരമുണ്ടായി. ഇത് ഭാഷാപരിണാമത്തെ സ്വാധീനിച്ചു. മറ്റൊരു ഭാഷ സംസാരിക്കുന്ന ആളുമായുള്ള സമ്പർക്കം ആദാനപ്രദാനങ്ങൾക്ക് കാരണമാകും. വളരാൻ വിധിക്കപ്പെടുന്ന സാഹചര്യങ്ങളും ഇതിനെ സഹായിക്കും. തിരുവനന്തപുരത്ത് ജോലിയ്ക്കായി എത്തിച്ചേരുന്ന പാലക്കാടുകാരന്റെ ഭാഷ നിരവധി പരിണാമങ്ങൾക്ക് വിധേയമാകും. എത്രകാലം അവിടെ കഴിയുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ പരിണാമം ഏറുകയോ കുറയുകയോ ചെയ്യും. വ്യക്തിയുടെ സ്വഭാവവും ഇവിടെ പ്രധാനമാണ്. എത്ര സാഹചര്യം മാറിയാലും സ്വന്തം ഭാഷ കൈവിടാത്ത സന്ദർ

SGOU

ഭങ്ങളും കാണാം. സാധാരണനിലയിൽ തിരുവനന്തപുരം ഭാഷയിലേക്ക് പതുക്കെപ്പതുക്കെ മാറാനുള്ള പ്രവണത പ്രദർശിപ്പിക്കുകയാണ് ചെയ്യുക. ക്രമേണ ഭാഷ തനി പാലക്കാടനോ തനി തിരുവനന്തപുരമോ ആകാതെ മിശ്രണത്തിന് വിധേയമാകും. വ്യക്തിഗതമായ ഏറ്റക്കുറച്ചിലുകളുണ്ടായാലും ആദാനം കാര്യമായ മാറ്റം വരുത്തിത്തീർക്കും.

ആദാനപ്രദാനങ്ങൾവഴി വ്യക്തികളും വ്യക്തികളുൾപ്പെട്ട സമൂഹവും ഭാഷയുടെ ഘടനയിൽ മാറ്റം വരുത്തും. ഇങ്ങനെ ഭാഷാഘടനയിൽ വരുത്തുന്ന മാറ്റത്തെ ഭാഷാസംക്രമണം എന്നാണ് വ്യവഹരിക്കുന്നത്.

## 4.1.14 ആദാനത്തിന്റെ നിബന്ധനകൾ

രണ്ടു സമൂഹങ്ങൾ സമ്പർക്കത്തിലേർപ്പെടുന്നു എന്ന് സങ്കല്പിക്കുക. അവ പരസ്പരം ആദാനപ്രദാനങ്ങൾ നടത്തും. ഒരു ഭാഷയിൽനിന്ന് മറ്റൊരു ഭാഷ പദങ്ങൾ കടം കൊള്ളണമെങ്കിൽ അതിനു ചില നിബന്ധനകൾ ദീക്ഷിക്കേണ്ടതുണ്ട്. അവ താഴെ വിവരിക്കുന്നു.

1. മാതൃകയായി നില്ക്കുന്ന വ്യക്തിയുടെ സവിശേഷമായ ഭാഷണരീതി ഭാഷകന് നല്ല നിശ്ചയമുണ്ടായിരിക്കണം.
2. കടം വാങ്ങുന്ന ഭാഷയെ പരിവർത്തനപ്പെടുത്തുന്നതിന് ഭാഷകന് ചില ലക്ഷ്യങ്ങളുണ്ടായിരിക്കണം.

ഭാഷ സംസാരിക്കുന്നവരുടെ പദവിയും മൂല്യവുമാണ് ഭാഷയ്ക്കും ലഭിക്കുക. ആര്യവർഗത്തിന് സമൂഹത്തിൽ ലഭിച്ച ഔന്നത്യം സംസ്കൃതഭാഷയെ ആദരണീയമാക്കുകയും അതിൽനിന്ന് പദങ്ങളും മറ്റും കടംകൊള്ളാൻ അവസരമുണ്ടാക്കുകയും ചെയ്തു. ഇതുതന്നെയാണ് ഇംഗ്ലീഷിന്റെ കാര്യത്തിലും സംഭവിച്ചത്. ഒരു വിഷമവും കൂടാതെ നാം ഇംഗ്ലീഷിൽനിന്ന് നിരവധി പദങ്ങൾ കടംകൊണ്ടു.

വ്യത്യസ്തഭാഷകൾ സംസാരിക്കുന്ന ജനങ്ങൾ ഒരിടത്ത് കഴിയുകയാണെങ്കിൽ അതിൽ അധികാരമുള്ള വർഗത്തിന്റെ ഭാഷ മറ്റു ഭാഷകളെ സ്വാധീനിക്കും. ഭരിക്കുന്നവരുടെ ഭാഷ ഭരിക്കപ്പെടുന്നവരുടെ ഭാഷയെ ക്രമേണ കീഴടക്കും. കീഴടക്കുന്ന ഭാഷയിൽനിന്നും കീഴടങ്ങുന്ന ഭാഷയിലേക്ക് നിരവധി പദങ്ങൾ കടന്നുകയറും. ഇത്തരം സംക്രമണമാണ് പദങ്ങളുടെ കാര്യത്തിൽ ശ്രദ്ധേയമാവുക.

വർണ്ണസങ്കല്പം, ആചാരാനുഷ്ഠാനങ്ങൾ എന്നീ അധികാരികളുടെ അവസ്ഥകളെ അശക്തവിഭാഗം അന്ധമായി അനുകരിക്കും. സ്ഥാനത്തും അസ്ഥാനത്തും അതിന്റെ പ്രയോഗം സംഭവിക്കും. അതുതന്നെയാണ് ഭാഷയുടെ കാര്യത്തിലും സംഭവിക്കുന്നത്. ഭാഷയ്ക്ക് അധികാരചിഹ്നം ലഭിക്കുന്നു. ഇംഗ്ലീഷിന് കേരളത്തിൽ കൈവന്ന ആ പ്രത്യേക അംഗീകാരം ഓഫീസുകളുടെ അന്തരീക്ഷത്തിൽ മൂല്യവത്താകുന്നത് സമകാല അനുഭവമാണ്. ക്രമേണ അധികാരിവർഗത്തിന്റെ സാംസ്കാരികനിലവാരത്തിലേക്കെത്തിച്ചേരാനുള്ള ജനങ്ങളുടെ ത്വര ഭാഷയെയും പരിവർത്തനപ്പെടുത്തും. ആശയലാഘവത്വമാണ് പ്രധാനം

## 4.1.15 ആവശ്യകത

ആവശ്യമാണ് ഭാഷാസംക്രമണത്തെ സ്വാധീനിക്കുന്ന മറ്റൊരു ഘടകം. പുതിയ വസ്തുക്കളുമായും ആശയങ്ങളുമായും ഇടപെടേണ്ടി വരുമ്പോൾ നാം പുതിയ പദങ്ങൾ ഉണ്ടാക്കാൻ പലപ്പോഴും ശ്രമിക്കാറില്ല. മറ്റു ഭാഷകളിൽനിന്ന് പദം അതേപടി സ്വീകരിക്കുകയാണ് ചെയ്യുന്നത്. കമ്പ്യൂട്ടറുമായി ബന്ധപ്പെട്ട് നാമിന്ന് ഉപയോഗിക്കുന്ന പദങ്ങളൊക്കെ ഇംഗ്ലീഷിൽനിന്ന് അതേപടി സ്വീകരിച്ചതാണ്. അപരിചിതമായ വസ്തുക്കളെ വ്യവഹരിക്കാൻ അതാണ് മാർഗവും. അല്ലാതെ അതിനൊക്കെ നാട്ടുഭാഷാപദങ്ങൾ വേണമെന്ന് നിർബന്ധം പിടിക്കേണ്ട കാര്യമില്ല. ആശയ ലാഘവത്വമാണ് പ്രധാനം.

## 4.1.16 സ്വതന്ത്രാഗതശബ്ദം

മറ്റൊരു ഭാഷയിൽനിന്ന് യാതൊരു രൂപമാറ്റവും കൂടാതെ സ്വീകരിക്കുന്ന ശബ്ദങ്ങളാണിവ.

SGOU

തത്സമം എന്ന് നാം വിളിക്കുന്ന പദങ്ങളോട് പ്രത്യയം ചേർത്ത് പരിഷ്കരിക്കുകമാത്രമേ ചെയ്യൂ. കാറിൽ കയറി , സ്വിച്ചിട്ടു തുടങ്ങിയ പദങ്ങൾ ഉദാഹരണം. സംസ്കൃതത്തിൽനിന്നും മറ്റും നാം സ്വീകരിച്ച പദങ്ങൾ എണ്ണത്തിൽ വളരെയേറെയാണ്.

## 4.1.17 ആഗതാർഥപരിവൃത്തി

പദം ഉൾക്കൊള്ളുന്ന ആശയത്തെമാത്രം സ്വീകരിച്ച് തങ്ങളുടെ ഭാഷയ്ക്ക് അനുസരിച്ച് പുതിയ പദങ്ങളുണ്ടാക്കും. അതിന് ആഗതാർഥ പരിവൃത്തി എന്ന് പറയുന്നു. ഇംഗ്ലീഷിലെ ട്രെയിൻ മലയാളിക്ക് തീവണ്ടിയാണ്, റേഡിയോ ആകാശവാണിയും. പക്ഷേ ഉപയോഗത്തിൽ ആഗതഭാഷാ പദങ്ങളാണ് കൂടുതൽ ഉപയോഗിക്കുന്നതാണ്.

## 4.1.18 ആഗതപരിഭാഷ

ആദാനത്തിന് വേണ്ടി സ്വീകരിക്കുന്ന പദം സമസ്തപദമാണെങ്കിൽ അതിനനുസരണമായ പദം തർജമ ചെയ്യുന്നതാണ് ഇത്. റെഡ് ടേപ്പ് ചുവപ്പുനാടയാകുന്നു. ബ്ലാക്ക് മാർക്കറ്റ് കരിഞ്ചന്തയാകുന്നു. അർഥംമാത്രമല്ല അന്യഭാഷാപദത്തിന്റെ ഘടനയും നിലനിർത്തിക്കൊണ്ടുള്ള വിവർത്തനവും നടക്കാറുണ്ട്. Post modernism - ഉത്തരാധുനികതയാകുന്നതും, Non-Confidence Motion എന്നത് അവിശ്വാസപ്രമേയമകുന്നതും ഇങ്ങനെയാണ് .

## 4.1.19 ആഗതമിശ്രം

സ്വതന്ത്രാഗതശബ്ദത്തിന്റെയും ആഗതപരിഭാഷയുടെയും കലർപ്പാണ് ആഗതമിശ്രം. അതിനുള്ള ഉദാഹരണമാണ് മലയാളത്തിലുപയോഗിക്കുന്ന 'സിനിമകൊട്ടക' എന്ന പദം. ഇവിടെ ഇംഗ്ലീഷ് പദമായ സിനിമയോട് ഭാഷാപദമായ കൊട്ടക ചേർക്കുന്നു. സിനിമ എന്ന പദത്തോട് തിയേറ്റർ പദത്തിന്റെ പരിഭാഷ ചേർത്ത് പുതിയ പദം ഉണ്ടാക്കുന്നു. ലോഡിറക്കൽ , സ്റ്റേഉത്തരവ് തുടങ്ങിയവ ഉദാഹരണങ്ങളാണ്.

മറ്റൊരു ഭാഷയിൽനിന്ന് പദം സ്വീകരിക്കുമ്പോൾ ആ പദത്തിന് മൂലഭാഷയിലുള്ള അതേ ഉച്ചാരണം സ്വീകരിക്കുന്ന ഭാഷയിലുണ്ടാകണമെന്നില്ല. കന്റീൻ, ക്യാന്റീൻ, കാന്റിൻ എന്നൊക്കെ എഴുതുകയും പറയുകയും ചെയ്യുന്നത് നമുക്ക് പരിചയമുള്ളതാണ്. ഇതൊന്നുമല്ല ഇംഗ്ലീഷിൽ ഈ പദത്തിനുള്ള ഉച്ചാരണം. കടംകൊള്ളുന്ന ഭാഷയിലെ ഭാഷണസ്വഭാവങ്ങൾക്കനുസരിച്ച് ആഗതപദത്തിന് രൂപമാറ്റം വരും.

## 4.1.20 സദൃശസൃഷ്ടി

സ്വനനിയമങ്ങൾ തെറ്റിക്കാൻ സദൃശസൃഷ്ടിക്കു കഴിയും. ചില പദങ്ങളുടെ സാദൃശ്യം മറ്റു ചില പദങ്ങളുണ്ടാകാൻ കാരണമാകുന്നു. ഈ സവിശേഷപ്രാപ്തിക്കാണ് സദൃശസൃഷ്ടി എന്ന് പറയുന്നത്. ന്യൂനപക്ഷത്തിനുമേലുള്ള ഭൂരിപക്ഷത്തിന്റെ സ്വാധീനമാണ് സദൃശസൃഷ്ടി എന്ന് പറയാം. അനുകരണമാണ് ഇതിന് അടിസ്ഥാനം. ഭാഷയിൽ സർവസാധാരണമായിക്കാണുന്ന ചില സവിശേഷതകൾ അത് ആവശ്യമില്ലാത്ത ഇടങ്ങളിലും കടന്നുകയറുന്നു. ഇത് ഭാഷയിൽ പുതിയ രൂപങ്ങളുടെ സൃഷ്ടിക്ക് കാരണമാകുന്നു. ഭാഷയിലെ 'മുതു' ശബ്ദത്തോട് 'അൻ' ചേർന്നാൽ 'മുതുവൻ' എന്നാണ് രൂപം വരേണ്ടത്. പക്ഷേ ചെറുക്കനിൽ കാണുന്ന 'ക്ക്' മുതുവനെ മുതുക്കനാക്കും. അതുപോലെ ഒരു + അൻ 'ഒരുവനാകും.' അതുപോലെ ഒരു+അൾ 'ത്തി' എന്ന സ്ത്രീലിംഗരൂപം ചേർന്ന് 'ഒരുത്തി'യാകും. നാം പലപ്പോഴും 'ഒരുവൾ' എന്ന രൂപമാണ് സ്വീകരിക്കുന്നത്. സ്ത്രീലിംഗത്തിൽ 'ത്തി' വരാമെങ്കിലും ഒരുവനിൽ ഒരുത്തൻ വരാനാവില്ല. ഒരുത്തിയുടെ സദൃശകല്പനയിലൂടെ നാം ഒരുത്തനെ സൃഷ്ടിക്കുന്നു. പുതിയ രൂപങ്ങളുടെ സൃഷ്ടി ഭാഷയുടെ കഴിവിനെയാണ് കാണിക്കുന്നത്. സദൃശസൃഷ്ടിയിൽ സാദൃശ്യം അർഥാസ്പദമോ, രൂപാസ്പദമോ ആകാം. പദഘടന, വാക്യഘടന എന്നിവ മാറ്റങ്ങൾക്ക് വിധേയമാകുന്നു. രൂപസദൃശകം ,യുക്തി സദൃശകം, ആനുപാതിക സദൃശകം,മധ്യാസദൃശകകം എന്നിങ്ങനെ വിവിധ തരം സദൃശസൃഷ്ടികളുണ്ട്.

"ലാംഗ്വേജ് പ്ലാനിങ് ഇൻ മോഡേൺ നോർവേ' എന്ന പ്രബന്ധത്തിൽ അമേരിക്കൻ നോർവീജിയൻ സാമൂഹ്യശാസ്ത്രകാരനായ

SGOU

ഈനർ ഹോഗനാണ് ഭാഷാസൂത്രണം എന്ന പദം സവിശേഷമായ അർഥത്തിൽ ആദ്യമായി പ്രയോഗിക്കുന്നത്. ഏതൊരു ഭാഷയുടെയും വികാസത്തിനും നിലനില്പിനും ആസൂത്രണം ആവശ്യമാണ്. ഭാഷാപരമായും സാംസ്കാരിക മായുമുള്ള അധിനിവേശത്തിന്റെ വർത്തമാന കാലത്ത് പ്രാദേശികഭാഷകൾ നിലനില്പിനു വേണ്ടിയുള്ള പ്രതിരോധത്തിന്റെ മാർഗമായി ഭാഷാസൂത്രണത്തെ കാണുന്നുവെന്ന് ഡോ. എച്ച്. കെ. സന്തോഷ് രേഖപ്പെടുത്തുന്നു. ദേശീ യതാബോധത്തിന്റെ വികാസവുമായി ഭാഷാസൂ ത്രണത്തിന്റെ ചരിത്രവും ബന്ധപ്പെട്ടു കിടക്കുന്ന തായി നിരീക്ഷിക്കപ്പെടുന്നുണ്ട്.

1960-കൾ പിന്നിട്ടതോടെ ഭാഷാസൂത്രണമെ ന്നത് മൂന്നാം ലോകരാഷ്ട്രങ്ങളുടെ ശ്രദ്ധാകേന്ദ്ര മായി. ഭാഷയെ ആധുനീകരിക്കാൻ ഔദ്യോഗിക തലത്തിൽ നടക്കുന്ന ശ്രമമാണിത്. പലപ്പോഴും സർക്കാർ സംവിധാനങ്ങൾ തന്നെ ഇതിന് മുൻ കയ്യെടുക്കുന്നു. നിലനിൽക്കുന്ന ഭാഷകളെ ക്രമീ കരിക്കുകയോ മെച്ചപ്പെടുത്തുകയോ പുതിയ പൊതുപ്രാദേശിക അന്താരാഷ്ട്രഭാഷകളെ സൃ ഷ്ടിക്കുകയോ ചെയ്യുന്ന പദ്ധതിയാണ് ഭാഷാസൂ ത്രണം എന്നും ഭാഷണത്തിലോ ലേഖനത്തിലോ രണ്ടിലുമോ മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിച്ചുകൊ ണ്ടുള്ള സംഘടിതപ്രവർത്തനമാണ് ഭാഷാസൂ ത്രണമെന്നുമെല്ലാം ഇത് നിർവചിക്കപ്പെടുന്നു. ഭാഷാസൂത്രണത്തിന്റെ പ്രധാനപ്പെട്ട ചില നിർവ ചനങ്ങൾ:-

- ഒരു ഏകഭാഷാപ്രദേശത്ത് ആ ഭാഷണ സമൂഹത്തിലെ ഭാഷകന്മാർക്കും ലേഖ കന്മാർക്കും വേണ്ടി നിർദ്ദേശാത്മക സ്വ ഭാവത്തിലുള്ള വ്യാകരണം, നിഘണ്ടു, ഉച്ചാരണം, ലിപി, അക്ഷരമാല എന്നിവ തയ്യാറാക്കുന്ന പ്രവർത്തനമാണ് ഭാഷാ സൂത്രണം- ഈനർ ഹോഗൻ.
- അക്കാദമികളും വിവിധ ഭാഷാസമിതി കളും നിർദ്ദേശാത്മക സ്വഭാവത്തിൽ നടത്തുന്ന ഭാഷാപോഷണത്തിന് വേണ്ടി യുള്ള രൂപപരിഷ്കരണങ്ങൾ, ഭാഷയുടെ പരിഷ്കരണത്തിനും മാനകീകരണത്തി നും വേണ്ടി സമർപ്പിക്കുന്ന നിർദ്ദേശങ്ങൾ എന്നിവയാണ് ഭാഷാസൂത്രണം കൊണ്ട് ഉദ്ദേശിക്കുന്നത്- കൂപ്പർ.
- ഭാഷാപരമായ കുഴപ്പങ്ങളുടെ പരിഹാ രം ലക്ഷ്യമാക്കി മിക്കവാറും ദേശീയത ലത്തിൽ നടക്കുന്ന സംഘടിതശ്രമം - ജോഷ്വാ ഫിഷ്മാൻ.

ഭാഷാസൂത്രണത്തിന്റെ വ്യത്യസ്ത സന്ദർഭ ങ്ങളെ മനസ്സിലാക്കുന്നതിനായി റോബർട്ട് എൽ. കൂപ്പർ അതിനെ മൂന്നായി തരംതിരിക്കുന്നു. ഘട നാപരമായ ആസൂത്രണം, പദവിപരമായ ആസൂ ത്രണം, സമാർജ്ജനപരമായ ആസൂത്രണം എന്നിവയാണവ.

1. ഘടനാപരമായ ആസൂത്രണം - നിഘ ണ്ടുനിർമ്മാണം, വ്യാകരണ രചന, ലിപി, അക്ഷരമാല, ഉച്ചാരണം എന്നിവയെല്ലാ മായി ബന്ധപ്പെട്ട പരിഷ്കാരങ്ങളാണ് ഈ മേഖലയിൽ വരുന്നത്. മാറുന്ന കാ ലത്തിനൊത്ത് ഭാഷ ജീവസുറ്റതാക്കി നിർത്തുന്ന പ്രവർത്തനമാണിത്.
2. പദവിപരമായ ആസൂത്രണം- ഒരു ഭാഷ യ്ക്ക് ഔദ്യോഗിക ഭാഷാപദവി നൽ കൽ, ദേശീയഭാഷാപദവി നൽകൽ, ഭരണഘടനാപരമായ പദവി നൽകൽ, ന്യൂനപക്ഷ ഭാഷയായി പ്രഖ്യാപിക്കൽ, ഷെഡ്യൂൾഡ് ഭാഷയായി അവരോധി ക്കൽ എന്നിവയെല്ലാം പദവിപരമായ ആസൂത്രണമാണ്.
3. സമാർജനപരമായ ആസൂത്രണം-ഭാ ഷാപഠനത്തിലും ബോധനത്തിലും വരുത്തുന്ന ആസൂത്രിതമായ ഇടപെട ലാണിത്. കരിക്കുലത്തിൽ ഏത് ക്ലാസ്സ് മുതൽ ഏത് ഘട്ടംവരെ ഭാഷാപഠനം ഉൾപ്പെടുത്തണം, അധ്യയനമാധ്യമം എന്തായിരിക്കണം എന്നെല്ലാമുള്ള നയരൂപീകരണങ്ങൾ സമാർജനപരമായ ആസൂത്രണത്തിൽ ഉൾപ്പെടുന്നു.

## 4.1.21 ഭാഷയും അധികാരവും

ഒരു വ്യക്തിക്ക് മറ്റൊരു വ്യക്തിയുടെ മേലോ, ഒരു സമൂഹത്തിന് മറ്റൊരു സമൂഹത്തി ന് മേലോ ഉള്ള നിയന്ത്രണവും സ്വാധീനവു

SGOU

മാണ് സാമാന്യമായ അർത്ഥത്തിൽ അധികാരം എന്നത്. ജാതി, ലിംഗം, പ്രായം, സമ്പത്ത് എന്നിവ അധികാരത്തെ നിയന്ത്രിക്കുന്നു. ഒരു വ്യക്തിയെന്നത് ഇവയെല്ലാം ചേർന്നുള്ള ഒരു വ്യവസ്ഥയാണ്. ഭാഷയിലൂടെയാണ് വ്യക്തിയുടെ ആശയങ്ങൾ വിനിമയം ചെയ്യപ്പെടുന്നത്. അതിനാൽ വ്യക്തിയുടെ അധികാരബന്ധങ്ങൾ ഭാഷയുമായി ബന്ധപ്പെട്ടുകിടക്കുന്നു. സാമൂഹീകരണം വ്യക്തിയെ സാമൂഹികധർമ്മങ്ങൾക്കനുസരിച്ച് മാറ്റുന്നു. ഭാഷാർജ്ജനവും ഭാഷാപ്രയോഗവും സാമൂഹീകരണത്തിന്റെ ഭാഗമാണ്. ഒരു വ്യക്തിയുടെ വ്യക്തിത്വനിർണ്ണയത്തിൽ സാമൂഹീകരണത്തിന് പങ്കാളിത്തം ഉള്ളതുപോലെ ഭാഷയ്ക്കും പ്രാധാന്യമുണ്ട്.

ഏതെങ്കിലുമൊരു സാമൂഹികസ്ഥാപനത്തെ അപഗ്രഥിച്ചാൽ ഭാഷയും അധികാരവും തമ്മിലുള്ള ബന്ധം വെളിപ്പെടും. പരസ്പരാശ്രിതമായ ഘടനാബന്ധം ഇവ തമ്മിലുണ്ട്. സമൂഹത്തിലെ ഭരണകൂടത്തിന്റെ പ്രത്യയശാസ്ത്രത്തിന്റെ ഉപകരണമായി മതസ്ഥാപനങ്ങളെയും കുടുംബത്തെയും കാണുന്ന അൽത്തൂസർ ക്ലാസ്സ്മുറികളിൽ ഉപയോഗിക്കപ്പെടുന്ന ഭാഷ ഒരു രാഷ്ട്രീയത്തിന്റെ അഥവാ അധികാരത്തിന്റെ ഭാഷയാണെന്നും അതിനാൽ അതിന്റെ അപഗ്രഥനം രാഷ്ട്രീയാവസ്ഥയുടെയും അധികാരത്തിന്റെയും വിശകലനമായിരിക്കുമെന്നും അഭിപ്രായപ്പെടുന്നു. അധ്യാപകവിദ്യാർഥി സംവാദങ്ങളിൽ ഉപയോഗിക്കപ്പെടുന്ന ഭാഷ കൃത്യമായിത്തന്നെ സാമൂഹികാധികാരഘടനയെ പ്രത്യക്ഷമാക്കുന്നു. വിദ്യാലയങ്ങളിൽനിന്ന് മറ്റ് സാമൂഹികാധികാരസ്ഥാപനങ്ങളുമായി ബന്ധപ്പെടുന്ന വിദ്യാർഥികൾ ക്രമേണ അവയുടെ അധികാരഘടനയും വശത്താക്കുന്നു.

ജാതി, ലിംഗം, വർഗം, ദേശം തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ ഭാഷയിൽ നിലനിൽക്കുന്ന വിവേചനങ്ങൾ അധികാരവ്യവസ്ഥയും മേൽക്കോയ്മയുമായി ബന്ധപ്പെട്ട് കിടക്കുന്നു. ഭാഷയിൽ നിലനിൽക്കുന്ന ലിംഗവിവേചനം പുരുഷമേധാവിത്വസമൂഹത്തിന്റെ അധികാരഘടനയുടെ പ്രതിഫലനമാണ്. അതോടൊപ്പം ജാതി, പ്രായം, സമ്പത്ത് എന്നിവയിൽ ഏതേതിനെല്ലാം സമൂഹത്തിൽ മേൽക്കോയ്മ ലഭിക്കുന്നുവോ അതിനനുസരിച്ച് മേധാവിത്വപൂർണ്ണമായൊരു അധികാരബന്ധം ഭാഷയിലൂടെ വെളിപ്പെട്ടുവരും.

ഒരു സമൂഹം താരതമ്യേന ഒരു ഭാഷ ഉപയോഗിക്കുമ്പോൾ ആ ഭാഷയ്ക്കകത്ത് പല തരത്തിലുള്ള വ്യതിരിക്തതകളും കാണാം. ഓരോ വ്യക്തിയുടെയും ജീവിതപശ്ചാത്തലം, സാമൂഹികസ്ഥിതി, സാമൂഹികാചാരങ്ങൾ എന്നിവ ഓരോ ഭാഷയിലും വൈജാത്യങ്ങൾ ഉണ്ടാക്കുന്നു. ഈ വൈജാത്യങ്ങൾ കൃത്യമായ അധികാരവ്യവസ്ഥയുടെ പ്രത്യക്ഷഘടകങ്ങളാണ്.

## 4.1.22 പ്രയുക്തഭാഷാശാസ്ത്രം

ഭാഷകളിലെ താത്വികവും പ്രായോഗികവുമായ എല്ലാ പ്രശ്നങ്ങളെയും നിർദ്ധാരണം ചെയ്യുകയും അവയ്ക്ക് പരിഹാരം കാണാൻ ശ്രമിക്കുകയുമാണ് പ്രയുക്ത ഭാഷാശാസ്ത്രം ചെയ്യുന്നത്. ഭാഷാപ്രയോഗവുമായി ബന്ധപ്പെടുന്ന എല്ലാ വശങ്ങളെയും കൈകാര്യം ചെയ്യാൻ സാധിക്കുന്ന തരത്തിൽ വിശാലമാണ് പ്രയുക്ത ഭാഷാശാസ്ത്രം. ഭാഷാബോധനം (Language Teaching), സ്ഖലിതാപഗ്രഥനം (Error Analysis), വിവർത്തനം (Translation), നിഘണ്ടു നിർമ്മാണം തുടങ്ങി നിരവധി മേഖലകളിലെ പ്രായോഗിക ബുദ്ധിമുട്ടുകളെ നിർദ്ധാരണം ചെയ്യാനായി പ്രയുക്തഭാഷാശാസ്ത്രം ശ്രമിക്കുന്നു.

നിഘണ്ടുക്കൾ നിർമ്മിക്കുന്നതിൽ ഉള്ളടങ്ങുന്ന താത്വികവും പ്രയോഗികവുമായ എല്ലാ പ്രശ്നങ്ങൾക്കും സമാധാനം നൽകാൻ പ്രയുക്ത ഭാഷാശാസ്ത്രം ശ്രമിക്കുന്നു. വിവർത്തന (Translation) വിജ്ഞാനമാണ് ഭാഷാശാസ്ത്രത്തിൽനിന്നും വെളിച്ചമുൾക്കൊണ്ട മറ്റൊരു പ്രയുക്തമേഖല. വിവർത്തന സമമൂല്യത, ചലനാത്മക സമമൂല്യത, വിവർത്തനവ്യതിചലനം, പുനഃസൃഷ്ടി തുടങ്ങിയ സങ്കല്പങ്ങൾ രൂപപ്പെട്ടതോടെ വിവർത്തനരംഗത്ത് മൂല്യനിർണ്ണയം, നിരൂപണം, ഗുണനിലവാര പരിശോധന, പരിശീലനം, ഉപകരണനിർമ്മിതി എന്നീ മണ്ഡലങ്ങ

SGOU

ളിൽ പൂർവാധികം ശാസ്ത്രീയത വന്നുചേർന്നിട്ടുണ്ട്.

### 4.1.23 ഭാഷാ കമ്പ്യൂട്ടിങ്ങ്/കമ്പ്യൂട്ടേഷണൽ ഭാഷാശാസ്ത്രം (Computational Lingustics)

കമ്പ്യൂട്ടറിന് ഭാഷകൾ മനസ്സിലാക്കാനുതകുന്ന സാങ്കേതികതകൾ നിർമ്മിക്കുന്ന ഭാഷാശാസ്ത്രപഠനമേഖലയാണ് കമ്പ്യൂട്ടർ ഭാഷാശാസ്ത്രം അല്ലെങ്കിൽ കമ്പ്യൂട്ടേഷണൽ ലിംഗ്വിസ്റ്റിക്സ്. മനുഷ്യഭാഷയെയും അതിന്റെ ഘടനാപരമായ പ്രത്യേകതകളെയും മനസ്സിലാക്കി, അതിനു സമാനമായ കമ്പ്യൂട്ടർ മോഡലുകൾ ഉണ്ടാക്കുകയാണ് ഇതിൽ ചെയ്യുന്നത്. സൂചിക (Index), ഗ്ലോസ്സറി, നിഘണ്ടു, വിജ്ഞാനകോശം തുടങ്ങിയ റഫറൻസ് സാമഗ്രികൾ നിർമ്മിക്കുന്നതിൽ കമ്പ്യൂട്ടർ പലവിധത്തിൽ സഹായിക്കുന്നുണ്ട്. ഒരു പുസ്തകത്തിൽ ഒരുപദം അന്വേഷിക്കുന്ന ബുദ്ധിമുട്ട് കമ്പ്യൂട്ടറിൽ ഒരു പദം അന്വേഷിക്കുവാൻ ഉണ്ടാകില്ല. പദങ്ങളെ സെർച്ച് ചെയ്യാനുള്ള സാങ്കേതികവിദ്യ കമ്പ്യൂട്ടറിൽ ഉള്ളതുകൊണ്ടാണത്. ഇതുപോലെ സ്പെല്ലിംഗ് ചെക്കർ, വ്യാകരണ പിശകുകൾ, വോയ്സ് സെർച്ച് തുടങ്ങിയവ കമ്പ്യൂട്ടറിൽ സാധ്യമാകുന്നത് ഈ പഠനമേഖലയുടെ വളർച്ചയ്ക്കുദാഹരണമാണ്.

#### വിവിധ എൻകോഡിങ്ങ് പദ്ധതികൾ

അടിസ്ഥാനപരമായി കമ്പ്യൂട്ടറുകൾ സംഖ്യകളാണ് എല്ലാ കാര്യങ്ങൾക്കും ഉപയോഗിക്കുന്നത്. അക്ഷരങ്ങളും അക്കങ്ങളും ചിഹ്നങ്ങളുമൊക്കെ സംഖ്യകളായിട്ടാണ് കമ്പ്യൂട്ടറിൽ ശേഖരിച്ചുവെക്കുന്നത്. അക്ഷരങ്ങൾ സംഖ്യാരീതിയിലാക്കാൻ വിവിധ എൻകോഡിങ്ങ് രീതികൾ നിലവിലുണ്ട്. ആസ്കി (ASCII), എബ്സിഡിക് (EBCDIC), യൂണിക്കോഡ് എന്നിങ്ങനെ വിവിധ രീതികൾ. അക്കങ്ങളും ഭാഷാചിഹ്നങ്ങളുമൊക്കെ സംഖ്യകളായാണ് കമ്പ്യൂട്ടറിനുള്ളിൽ ഇരിക്കുന്നതെങ്കിലും, ഇത്തരം സംഖ്യകൾ സാധാരണ സംഖ്യകൾ പോലെയല്ല കൈകാര്യം ചെയ്യപ്പെടുന്നത്.

1. **ആസ്കി (ASCII)**

മുഖ്യമായും യൂറോപ്യൻ മനുഷ്യഭാഷകളെ അടിസ്ഥാനമാക്കി 256 അക്ഷരങ്ങൾക്ക് ഇടം നൽകിയിട്ടുള്ള ഒരു കമ്പ്യൂട്ടർ ലിപിസ്ഥാനപ്പട്ടികയാണ് ആസ്കി (American Standard Code for Information Interchange).

മനുഷ്യഭാഷകളിൽ ഉപയോഗിക്കുന്ന ലിപികൾ, അക്ഷരങ്ങൾ, ചിഹ്നങ്ങൾ, മറ്റു പ്രമുഖരൂപങ്ങൾ എന്നിവയെ 0, 1 എന്നീ രണ്ട് (ബൈനറി) അക്കങ്ങളിൽ അധിഷ്ഠിതമായ കമ്പ്യൂട്ടർ വിവരവ്യവസ്ഥയിലെ സമാനമായ ഗദ്യത്തിലേയ്ക്കും തിരിച്ചും ബന്ധപ്പെടുത്തുന്ന, അന്താരാഷ്ട്രതലത്തിൽ അംഗീകരിക്കപ്പെട്ട പട്ടികകളാണ് ലിപിസ്ഥാനപട്ടികകൾ.

സ്പേസ് ഉൾപ്പെടെ, അച്ചടിക്കാവുന്ന 95 അക്ഷരരൂപങ്ങളും ഗദ്യവിന്യാസത്തിനും മറ്റും ഉപയോഗിക്കുന്ന ഗദ്യവിന്യാസചിഹ്നങ്ങളും ഉൾപ്പെട്ടതായിരുന്നു ആസ്കിരൂപം. മുഖ്യമായും ഇംഗ്ലീഷ് അടക്കമുള്ള യൂറോപ്യൻ ഭാഷകളിലെ അക്ഷരങ്ങളാണ് ഈ പട്ടികയിൽ ഉൾപ്പെട്ടിരുന്നത്.

ഇംഗ്ലീഷ് മാത്രം ഉപയോഗിക്കുന്ന കമ്പ്യൂട്ടറുകളിൽ 128 വ്യത്യസ്ത അക്ഷരസ്ഥാനങ്ങൾ ആവശ്യത്തിന് ഉതകുമായിരുന്നു. എന്നാൽ മറ്റു ഭാഷകളും കമ്പ്യൂട്ടറിൽ ഉപയോഗിക്കേണ്ടി വരുമെന്ന അവസ്ഥയിൽ ഇവ മതിയാകാതെ വന്നു. ഇതിന് പരിഹാരമായി ആദ്യകാലങ്ങളിൽ ഒരു ബിറ്റ്കൂടി ചേർത്ത് 256 സ്ഥാനങ്ങളുള്ള Extended ASCII പ്രയോഗത്തിൽവന്നു. ഇംഗ്ലീഷിനു പുറമെ ഏതെങ്കിലും ഒരു ഭാഷ കൂടി ഉൾപ്പെടുത്താം എന്നതായിരുന്നു ഇതിന്റെ പ്രയോജനം. പക്ഷേ പ്രത്യേക ഫോർമാറ്റ് ചെയ്ത രൂപത്തിൽ മാത്രമേ ഈ സ്വരസ്ഥാനങ്ങൾക്ക് സാധ്യതയുള്ളൂ എന്നത് ഈ കോഡിങ്ങിന്റെ ഒരു പരിമിതിയാണ്.

2. **യൂണികോഡ്**

നിലവിലുള്ള ലോകഭാഷകളെ മുഴുവൻ ഉൾക്കൊള്ളാൻ കഴിയുന്നതും ഭാവിയിൽ കൂടുതൽ

SGOU

കാര്യങ്ങൾ ഉൾപ്പെടുത്താൻ കഴിയുന്നതുമായ ആലേഖനരീതിയാണ് യൂണികോഡ്. യഥാർത്ഥത്തിൽ ആസ്കിയെ വിപുലപ്പെടുത്തിയ സമ്പ്രദായമാണ് ഇത്. ആസ്കിയിൽ 8 ബിറ്റ് (256 ക്യാരക്ടറുകൾ) ആണ് ഉപയോഗിക്കുന്നത്. യൂണികോഡിൽ 16 ബിറ്റുകളാണുള്ളത്. ഇതിൽ 11, 14, 12 ക്യാരക്ടറുകൾ വരെ ഉപയോഗിക്കാൻ കഴിയും. ഇപ്പോൾ നിലവിലുള്ളതും ഇനി വരാവുന്നതുമായ ഏത് ഭാഷകളും എൻകോഡ് ചെയ്യാം എന്നർത്ഥം. ഇതിൽ ആദ്യത്തെ 256 ക്യാരക്ടറുകൾ ആസ്കിയിലേതുതന്നെ. ബാക്കി സ്ഥലങ്ങളിൽ മറ്റു ഭാഷകളുടെ ക്യാരക്ടറുകളാണ്.

9 ഇന്ത്യൻ ഭാഷകൾ 1152 കോഡുകളിലായി നൽകിയിരിയ്ക്കുന്നതിൽ 3328 മുതൽ 3455 വരെയുള്ള 128 എണ്ണം മലയാളഭാഷയ്ക്കാണ് തന്നിരിക്കുന്നത്. ഏത് ഭാഷയിലെ അക്ഷരങ്ങളും തനതായ ഒരു കോഡായി കമ്പ്യൂട്ടർ മനസ്സിലാക്കുന്നതിനാൽ ഏതെങ്കിലുമൊരു യൂണികോഡ് ഫോണ്ട് കമ്പ്യൂട്ടറിൽ ഇൻസ്റ്റാൾ ചെയ്തിട്ടുണ്ടെങ്കിൽ അതത് ഭാഷകളിൽ തന്നെ കാണാൻ കഴിയും.

### മലയാളം സോഫ്റ്റ്‌വെയറുകൾ

നേരിട്ട് മലയാളം ടൈപ്പ് ചെയ്യാൻ നല്ലത് ഇൻസ്ക്രിപ്റ്റ് ആണെങ്കിലും ഇംഗ്ലീഷ് അറിയാവുന്ന ഒരാൾക്ക് മംഗ്ലീഷിൽ ടൈപ്പു ചെയ്യുന്നതാണ് കൂടുതൽ സൗകര്യം. ഈ രീതി ഉപയോഗിക്കാനായി മലയാളം വാക്കുകളുടെ ഉച്ചാരണവുമായി സാദൃശ്യമുള്ള ഇംഗ്ലീഷ് അക്ഷരങ്ങൾ ടൈപ്പു ചെയ്യണം. ഇത് സാധ്യമാക്കുന്ന സോഫ്റ്റ്‌വെയറുകളാണ് ട്രാൻസ്ലിറ്ററേറ്ററുകൾ. ഗൂഗിളിന്റെ ഗൂഗിൾ ഐഎംഇ, വരമൊഴി, മൊഴി തുടങ്ങിയവയാണ് പ്രമുഖ ട്രാൻസ്ലിറ്ററേറ്ററുകൾ.

## Recap

- ഭാഷാസവിശേഷതകൾ ഓരോന്നും ഏതേത് സ്ഥലങ്ങളിലാണുള്ളത് എന്ന് അടയാളപ്പെടുത്തിയിട്ടുള്ള ഭൂപടങ്ങളാണ് ഭാഷാഭേദഭൂപടങ്ങൾ.
- ഭാഷാഭേദം എന്നത് ഭാഷയുടെ അടിസ്ഥാനസ്വഭാവമാണ്.
- ഭാഷാശാസ്ത്രത്തിലെ സവിശേഷ പഠനമേഖല
- നാട്ടുമൊഴിവിജ്ഞാനീയം, സാമൂഹിക ഭാഷാവിജ്ഞാനീയം
- വ്യതിയാനങ്ങളുടെ ആകെത്തുകയാണ് വ്യക്തിഭാഷ
- സമഭാഷാംശസീമാരേഖകൾ: ഭാഷാഭേദത്തിന്റെ അതിർത്തികൾ അറിയിക്കുന്നു
- കേന്ദ്രമേഖല: ഭാഷാരൂപങ്ങൾക്ക് സ്ഥിരതയുള്ള സ്ഥലം
- അവശിഷ്ടരൂപങ്ങളും അവശിഷ്ടമേഖലയും
- പരിവർത്തനമേഖല : ഭാഷാഭേദങ്ങൾക്ക് സ്ഥിരതയില്ല, ഒന്നിൽ നിന്ന് മറ്റൊന്നിലേക്കുള്ള പാത
- ബാഹ്യപ്രേരണകളുടെ സ്വാധീനം - പരിവർത്തനമേഖല
- ഭാഷാപ്രയോഗവും സാമൂഹ്യ അധികാരഘടനയും
- ഭാഷാപരിണാമവും ബഹുകാലിക ഭാഷാശാസ്ത്രവും
- ഭാഷാപരിണാമരീതികൾ
- ഭാഷാപരിണാമത്തിന്റെ അന്തരികതലങ്ങളും ബാഹ്യതലങ്ങളും
- സ്വനിമിക പരിണാമം -വ്യാകരണതലപരിണാമം -സന്ധിതലപരിണാമം
- ശബ്ദതലവും - അർഥതലവും

SGOU

- ഭാഷാപരിണാമഹേതുക്കൾ
- ആദാനത്തിന്റെ നിബന്ധനകൾ
- പ്രാചീന ശിലാരേഖകളും ഭാഷാപരിണാമചരിത്രവും
- ലിഖിതങ്ങളുടെ അഭാവം ഭാഷാപരിണാമചരിത്ര പഠനത്തെ അസാധ്യമാക്കുന്നു
- ലിപികളും സംസാരഭാഷയും
- ഉച്ചാരണഭേദവും ലിപികളും
- ഒരേ ഭാഷാഭേദത്തിന് കാലഘട്ടത്തിലൂടെ സംഭവിച്ച പരിണാമം
- സ്വതന്ത്രരൂപിമങ്ങളും ബദ്ധരൂപിമങ്ങളും
- ആകൃതി വ്യതിയാനവും രൂപാന്തണവും
- സ്വനത്തിന്റെ ഉച്ചാരണത്തിലും ധ്വനിയിലും വരുന്ന മാറ്റം
- ധ്വനിവ്യതിയാനവും ശീഘ്രസ്വനപരിണാമവും
- സ്വരങ്ങളുടെ ആവൃത്തിപരിധിയും വിതരണപരിധിയും
- അനാശ്രിതപരിണാമവും - ആശ്രിതപരിണാമവും
- ആദാനവും സംക്രമണവും
- ഭരണകൂടനയവും ആസൂത്രണവും
- ലാംഗ്വേജ് പ്ലാനിംഗ് ഇൻ മോഡേൺ നോർവേ
- പ്രാദേശിക ഭാഷകളുടെ പ്രതിരോധം
- ഭാഷാനയവും ഭാഷാസൂത്രണവും
- ഭാഷാസൂത്രണവും മൂന്നാം ലോകരാജ്യങ്ങളും
- ഉൽപ്പത്തി (origin), മാനകീകരണത്തിന്റെ അവസ്ഥ (degree of standardization), നീതിപരിപാലന പരമായ അവസ്ഥ (juridical status), ഓജസ്സ് (vitality)
- പദവിപരമായ ആസൂത്രണം (status planning), സമാർജനപരമായ ആസൂത്രണം (acquisition planning), ഘടനാപരമായ ആസൂത്രണം (corpus planning)
- ലിപി ആവിഷ്കരണം (graphization), മാനകീകരണം (standardization), ആധുനികീകരണം (modernization)
- വർണവിന്യാസം നിജപ്പെടുത്തൽ, പുതിയ പദങ്ങളുടെ രൂപീകരണം, സാങ്കേതികപദങ്ങളുടെ രൂപീകരണം, നിഘണ്ടുക്കൾ, വ്യാകരണഗ്രന്ഥങ്ങൾ, വിജ്ഞാനകോശങ്ങൾ
- മാറുന്ന കാലത്തിനനുസരിച്ച് ഭാഷയെ ഒരുക്കുന്നു
- ഭാഷാപോഷണത്തിനുള്ള സ്ഥാപനങ്ങളുടെ രൂപീകരണം
- സർക്കാർ നേതൃത്വത്തിൽ വിദ്യാഭ്യാസരംഗത്ത് കൊണ്ടുവരുന്ന പരിഷ്കാരങ്ങൾ - അക്വസിഷൻ പ്ലാനിങ്.
- ഹേഗൻ - കൂപ്പർ -ഫിഷ്മാൻ
- പ്രയുക്ത ഭാഷാശാസ്ത്രവും വിവർത്തനവും
- എൻകോഡിംഗ് - ആസ്കി, അബ്സിഡിക്, യൂണിക്കോഡ്

SGOU

## Objective Type Questions

1. ഭാഷാഭേദം അടയാളപ്പെടുത്താൻ വേണ്ടി തയ്യാറാക്കുന്ന ഭൂപടത്തിന്റെ പേര് എന്ത്?
2. ഉച്ചാരണം, പദം, വ്യാകരണരൂപം, അർഥം എന്നിവയിലെല്ലാം വ്യത്യാസങ്ങൾ ഉണ്ടാകുന്ന മേഖലയ്ക്ക് പൊതുവിൽ പറയുന്ന പേര് എന്താണ് ?
3. ഭാഷാ ഭൂപടനിർമ്മാണത്തിന്റെ ആദ്യപടിയായി കണക്കാക്കുന്ന പ്രവർത്തനമെന്താണ്?
4. കുറെ പദങ്ങളുടെ അതിർത്തി വരയ്ക്കുമ്പോൾ ചില പ്രദേശത്ത് രേഖകൾ ഒന്നിച്ച് കടന്നു പോകുന്നതായി കാണാം. ഇങ്ങനെയുള്ള അതിർത്തി രേഖകൾക്ക് പറയുന്ന പേരെന്താണ്?
5. ഒരു ഭാഷാഭേദമേഖലയ്ക്കുള്ളിൽ ഒരു കേന്ദ്രത്തെ അനേകം സമഭാഷാംശസീമാ രേഖകൾ വലയം ചെയ്തിരിക്കുന്നതായി കാണാം. ഈ പ്രദേശത്തിന് പറയുന്ന പേരെന്ത് ?
6. അവശിഷ്ടരൂപങ്ങളുള്ള സ്ഥലത്തെ എന്ത് പേരിൽ അറിയപ്പെടുന്നു ?
7. ബാഹ്യപ്രേരണകൾ എപ്പോഴും സ്വാധീനിച്ചു കൊണ്ടിരിക്കുന്നതും, ഭാഷാരൂപങ്ങൾക്ക് സ്ഥിരതയില്ലാത്തതും മാറിക്കൊണ്ടിരിക്കുന്നതുമായ മേഖലയ്ക്ക് പറയുന്ന പേരെന്ത് ?
8. ദീർഘകാല ഉപയോഗം ഭാഷകളിൽ സൃഷ്ടിക്കുന്ന പരിവർത്തനത്തെക്കുറിച്ചുള്ള പഠനത്തിന് പറയുന്ന പേരെന്ത്?
9. ഭാഷാപരിണാമത്തിന് വിധേയമാകുന്ന ആന്തരികതലങ്ങൾ ഏതെല്ലാം ?
10. ഭാഷാപരിണാമത്തിന് വിധേയമാകുന്ന ബാഹ്യതലങ്ങൾ ഏതെല്ലാം?
11. ഭാഷാപരിണാമചരിത്രം പഠിക്കുന്നതിന് ആവശ്യമായ പ്രധാനപ്പെട്ട രേഖ എന്താണ്?
12. ഭാഷാപരിണാചരിത്ര പഠനത്തെ അസാധ്യമാക്കുന്നത് എന്തിന്റെ അഭാവമാണ് ?
13. എന്തെല്ലാം ചേരുന്നതാണ് ഭാഷയുടെ സ്വനിമതലം?
14. പരിണാമത്തിന് വിധേയമാകുന്ന രൂപിമം ഏത്?
15. സന്ധിതലപരിണാമത്തിന്റെ രണ്ട് തലങ്ങൾ ഏതെല്ലാം?
16. കാലാന്തരത്തിൽ പദങ്ങളുടെ അർത്ഥത്തിന് സംഭവിക്കുന്ന പരിണാമത്തിന് പറയുന്ന പേരെന്ത്?

SGOU

## Answers

1. ഭാഷാഭേദഭൂപടം
2. ഭാഷാഭേദമേഖല
3. പദസഞ്ചയം നിഘണ്ടുവിന്റെ രൂപത്തിൽ പാകപ്പെടുത്തുന്നു
4. സമഭാഷാംശസീമാരേഖ
5. കേന്ദ്രമേഖല
6. അവശിഷ്ടമേഖല
7. പരിവർത്തനമേഖല
8. ബഹുകാലിക ഭാഷാശാസ്ത്രം
9. സ്വനതലം, വ്യാകരണതലം, സന്ധിതലം
10. ശബ്ദതലം, അർഥതലം

11. പ്രാചീനശിലാരേഖകൾ
12. ലിഖിതങ്ങളുടെ
13. സ്വനിമങ്ങളും അവയുടെ ചേരുവകളും
14. ബദ്ധരൂപിമം
15. ആകൃതിവ്യതിയാനം, രൂപാന്തരണം
16. അർഥപരിണാമം

## Assignments

1. ഭാഷാഭേദഭൂപടത്തിന്റെ സവിശേഷതകൾ എന്തെല്ലാം? വിശദമാക്കുക.
2. സമഭാഷാംശസീമാരേഖയുടെ സവിശേഷതകൾ ഉദാഹരണസഹിതം വിശദമാക്കുക.
3. ഭാഷാഭേദവും പ്രാദേശികതയും - ഉപന്യാസം തയ്യാറാക്കുക.
4. പ്രധാനപ്പെട്ട ഭാഷാപരിണാമരീതികൾ പരിചയപ്പെടുത്തുക.
5. ഭാഷാപരിണാമഹേതുക്കൾ വിശദമാക്കുക.
6. ആദാനത്തിന്റെ നിബന്ധനകൾ എന്തെല്ലാം? വിവരിക്കുക.
7. ഭാഷാസംക്രമണത്തെക്കുറിച്ച് വിവരിക്കുക.
8. ഭാഷാസൂത്രണവും ഭാഷാനയവും - ഉപന്യാസം തയ്യാറാക്കുക.
9. ഭാഷാസൂത്രണം എന്ന പ്രക്രിയയെക്കുറിച്ച് വിവരിക്കുക.
10. മാതൃഭാഷയുടെ രാഷ്ട്രീയവും ഭാഷാസൂത്രണ പ്രവർത്തനങ്ങളും വിശദീകരിക്കുക.
11. വിജ്ഞാനഭാഷ എന്ന നിലയിൽ മലയാളഭാഷയുടെ ശേഷി വികസിപ്പിക്കുന്നതിനാവശ്യമായ ഭാഷാസൂത്രണ പ്രവർത്തനങ്ങൾ കണ്ടെത്തി വിവരിക്കുക.
12. ഭാഷയും അധികാരവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.
13. വിവിധ എൻകോഡിംങ് രീതികൾ പരിചയപ്പെടുത്തുക.
14. മലയാളം ടൈപ്പ് ചെയ്യുന്നതിന് സഹായിക്കുന്ന പ്രധാനപ്പെട്ട സോഫ്റ്റ് വെയറുകളെ പരിചയപ്പെടുത്തുക.

SGOU

## Reference

1. വി. ആർ. പ്രബോധചന്ദ്രൻ നായർ, ഭാഷാശാസ്ത്രദൃഷ്ടിയിലൂടെ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. വി. ആർ . പ്രബോധനചന്ദ്രൻ നായർ, ഭാഷാശാസ്ത്ര നിഘണ്ടു, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. കെ. എം. പ്രഭാകരവാരിയർ, ഭാഷാവലോകനം, മൂന്നാം പതിപ്പ്, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.
4. കെ. എം. പ്രഭാകരവാര്യർ, ആധുനിക ഭാഷാശാസ്ത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

5. രവിശങ്കർ എസ്. നായർ, ഭാഷയും ഭാഷാശാസ്ത്രവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
6. എ. പി. ആൻഡ്രൂസ് കുട്ടി, ഭാഷാശാസ്ത്രം സിദ്ധാന്തവും പ്രയോഗവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
7. സി. ജെ. ജോർജ്, വാക്കിന്റെ സാമൂഹിക ശാസ്ത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
8. പി. എം. ഗിരീഷ്, ഭാഷയും അധികാരവും, ഐ ബുക്സ്, കോഴിക്കോട്.
9. പ്രൊഫ. എം. ശിവശങ്കരൻ., മനുഷ്യന്റെ ഉൽപത്തി, പരിഷ്കരിച്ച മൂന്നാം പതിപ്പ്, കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, തൃശ്ശൂർ.

## Suggested Reading

1. സി. ജെ. ജോർജ്, വാക്കിന്റെ സാമൂഹിക ശാസ്ത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. പി. എം. ഗിരീഷ്, ഭാഷയും അധികാരവും, ഐ ബുക്സ്, കോഴിക്കോട്.
3. പ്രൊഫ.എം. ശിവശങ്കരൻ, മനുഷ്യന്റെ ഉൽപ്പത്തി, പരിഷ്കരിച്ച മൂന്നാം പതിപ്പ്, കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, തൃശൂർ?
4. സി. എം. മുരളീധരൻ, ഭാഷാസൂത്രണം, പൊരുളും വഴിയും, കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, തൃശൂർ.
5. സന്തോഷ് എച്ച് കെ, ഭാഷാസൂത്രണത്തിന്റെ സൈദ്ധാന്തികതലം, ഭാഗം ഒന്ന് https://www.youtube.com/watch?v=Gdc7uGf2msQ
6. Fishman A Joshua, The Sociology of Language, Sociolinguistics A Reader, Edited by Nikolas Coupland and Adam Jaworski, Macmillan Education.

SGOU

BLOCK - 05

# ആധുനിക ഭാഷാശാസ്ത്രം സങ്കല്പനങ്ങൾ

SGOU

# ആധുനിക ഭാഷാശാസ്ത്രം സങ്കല്പനങ്ങൾ

## Learning Outcomes

- ആധുനിക ഭാഷാശാസ്ത്രത്തെക്കുറിച്ച് അറിയുന്നു
- വാക്യവിജ്ഞാനത്തെക്കുറിച്ച് ധാരണ ഉണ്ടാകുന്നു
- സ്വന - രൂപവിജ്ഞാനീയങ്ങളുടെ തുടർച്ച എന്ന നിലയിൽ വാക്യവിജ്ഞാനീയത്തിലെ പ്രാഥമിക തത്വങ്ങൾ വിലയിരുത്തുന്നു
- നോം ചോംസ്കി, ബ്ലൂംഫീൽഡ് എന്നിവരുടെ സംഭാവനകൾ തിരിച്ചറിയുന്നു

## Prerequisite

സാഹിത്യചരിത്രബദ്ധമായതും പരമ്പരാഗത വിവരണാത്മക ശൈലിയുടെ മാർഗം പിന്തുടരുന്നതുമായ 'ഫിലോളജി' ഭാഷകൾ തമ്മിലുള്ള പരസ്പരബന്ധം, പദോല്പത്തി, ചരിത്രം എന്നിവയിലാണ്. ശ്രദ്ധ ഊന്നിയിരുന്നത്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ സൊസ്യൂർ അവതരിപ്പിച്ച വസ്തുനിഷ്ഠമായ ഭാഷാപഗ്രഥനം ഈ പാതയിൽ നിന്ന് വ്യതിചലിച്ചു കൊണ്ട് ഭാഷാശാസ്ത്രം അഥവാ ലിംഗ്വിസ്റ്റിക്സ് എന്ന ഒരു കാഴ്ചപ്പാടുമായി മുന്നോട്ടു വന്നു. ലിഖിത രേഖകളെയും അനാഗരികമൊഴി ഭേദങ്ങളെയും അധികരിച്ചു ഭാഷാപരിണാമ ചരിത്രാന്വേഷണം എന്ന നിലയിലേയ്ക്ക് ഭാഷാപഠനം വഴിമാറുകയും ഏകകാലികമായ പഠനത്തിന്റെ പ്രസക്തി തിരിച്ചറിയപ്പെട്ടു തുടങ്ങുകയും ചെയ്തു. ഭാഷയെ ഒരു ഘടനാത്മക വ്യവസ്ഥ എന്ന നിലയിൽ കണ്ടുകൊണ്ട് പുതിയ കാഴ്ചപ്പാടുകൾ അവതരിപ്പിച്ചു എന്നതായിരുന്നു ഇതിന്റെ ആത്യന്തിക ഫലം. ഇതാണ് ഭാഷാശാസ്ത്രപഠനത്തിന്റെ പ്രസക്തിയും.

## Key Themes

ആധുനികഭാഷാശാസത്രം - വാക്യവിജ്ഞാനീയം - സൈദ്ധാന്തികർ - ലാങ് - പരോൾ - സൂചകം - സൂചിതം ഏകകാലികം- ബഹുകാലികം

## Discussion

### 5.1.1 ആധുനിക ഭാഷാശാസ്ത്രം

ആധുനിക ഭാഷാശാസ്ത്രം എന്ന സങ്കല്പനം ആരംഭിക്കുന്നത് ഏതാണ്ട് 18 -ാം ശതകത്തിന്റെ അവസാനത്തോടെയാണ്. ക്ലാസിക് ഭാഷകളായ ഗ്രീക്ക്, ലാറ്റിൻ, പേർഷ്യൻ, സംസ്കൃതം എന്നിവയുടെ താരതമ്യാത്മക പഠനം ആരംഭിക്കുന്നതും ഈ ഘട്ടത്തിൽ തന്നെ. ഇരുപതാംശതകാരംഭത്തിലെ സൊസ്സ്യൂറിയൻ ചിന്തകളാണ് ഈ മേഖലയിൽ ഒരു പുതിയ കാൽവെയ്പ്പ് ആകുന്നത്. സ്വിസ് ഭാഷാപണ്ഡിതനായ ഫെർഡിനാന്റ് ഡി സൊസ്യൂർ ആയിരുന്നു ഇതിന്റെ പ്രണേതാവ്. ശാസ്ത്രീയമായ ഭാഷാധ്യയനം രണ്ട് വിധത്തിൽ ആകാം. ഒന്ന് വിവരണാത്മകം മറ്റേത് ചരിത്രാത്മകം. ആദ്യത്തേത് ഏകകാലികം (Synchronic) രണ്ടാമത്തേത് ബഹുകാലികം (Diachronic). ഏതെങ്കിലും ഒരു കാലഘട്ട

SGOU

ത്തിൽ ഒരു പ്രത്യേക ഭാഷയ്ക്ക് ഉണ്ടായിരുന്ന സ്വരൂപം വർണിച്ചുകൊണ്ടുള്ള പഠനമാണ് ഏകകാലികം. ഭാഷയുടെ ഏതെങ്കിലും അംശം എടുത്ത് അതിന്റെ കാലപരിണാമങ്ങൾ പരിശോധിച്ചുകൊണ്ട് ആഗമികാത്മകമായി സമീപിക്കുന്നതാണ് ചരിത്രാത്മക പഠനം ഓരോ കാലഘട്ടത്തിലെയും വിവരണാത്മകമായ പ്രത്യേക പഠനങ്ങൾ ചരിത്രപരമായ അന്വേഷണത്തിന് ഏറെ ഉപയുക്തമാണ്. എന്നാൽ ഏകകാലിക പഠനത്തിന് ചരിത്രപരമായ പഠനത്തിന്റെ സഹായം അത്യന്താപേക്ഷിതമല്ല. 1916 -ൽ പുറത്തുവന്ന A Course in General linguistics എന്ന ഗ്രന്ഥത്തിലാണ് സൊസ്യൂർ ഈ രണ്ട് പഠനങ്ങളുടെയും വ്യതിരിക്തതയും പ്രസക്തിയും വ്യക്തമാക്കുന്നത്. വസ്തുതകളുടെ വിവരണം, ഘടന, വ്യക്തമാക്കൽ എന്നീ അംശങ്ങളെ പുരസ്കരിച്ചാണ് ഏകകാലിക പഠനത്തെ വിവരണാത്മകം, ഘടനാത്മകം എന്നിങ്ങനെ വ്യവഹരിക്കുന്നത്. രേഖകളെയും അനാഗരികരുടെ മൊഴി ഭേദങ്ങളെയും അധികരിച്ച് ഭാഷാ പരിണാമ ചരിത്രാന്വേഷണം എന്ന നിലയിലേയ്ക്ക് ഭാഷാപഠനം വഴിമാറിയപ്പോഴാണ് ഏകകാലിക പഠനത്തിന്റെ പ്രസക്തി കൂടുതലായി തിരിച്ചറിയപ്പെട്ടു തുടങ്ങിയത്. ഭാഷയെ പൂർണ്ണമായി മനസ്സിലാക്കണമെങ്കിൽ ഏകകാലിക സമീപനം അത്യന്താപേക്ഷിതമാണെന്ന് സ്ഥാപിക്കും വിധത്തിലാണ് സൊസ്യൂർ തന്റെ സൈദ്ധാന്തിക പരിസരം രൂപപ്പെടുത്തിയത്. ഇതിനായി പതിനേഴാം ശതകത്തിലെ സാമ്പ്രദായിക വ്യാകരണത്തിന്റെ ഘടനാത്മക സമീപനത്തിലേക്കുള്ള തിരിച്ചുപോക്കാണ് അദ്ദേഹം നിർദ്ദേശിച്ചത്. ഭാഷകൾ തമ്മിലുള്ള ഘടനാപരമായ വ്യത്യാസങ്ങൾ മനസ്സിലാക്കുന്നതിൽ നിർദ്ദേശാത്മക സമീപനം മൂലം വീഴ്ച വരുത്തിയ പാരമ്പര്യ വ്യാകരണത്തിന്റെ ഏകകാലിക വീക്ഷണങ്ങൾ ഭാഷാനിയമനിർധാരണങ്ങൾക്ക് ഉപയുക്തമാകയാൽ അതിന്റെ ഗുണപരമായ വശങ്ങളെ വീണ്ടെടുക്കുവാനും അതിലേക്കു മടങ്ങി പോകുവാനും സൊസ്യൂർ ആഹ്വാനം ചെയ്തു.

## 5.1.2 വാക്യവിജ്ഞാനീയം

പദങ്ങൾ വാക്യങ്ങളിൽ എപ്രകാരം ഘടിപ്പിക്കപ്പെടുന്നു എന്നതാണ് വാക്യവിജ്ഞാനീയം അഥവാ (syntax) അന്വേഷിക്കുന്നത്. ഭാഷാശാസ്ത്രത്തിലെ വാക്യവിചാരങ്ങൾ പ്രധാനമായും നോം ചോംസ്കിയും സെല്ലിഗ് ഹാരിസുമായി ബന്ധപ്പെട്ടവയാണ്. പദസംഹിത ഘടനാവ്യാകരണം, രചനാന്തരണവ്യാകരണം എന്നിവയാണ് മുഖ്യമായും ചോംസ്കി അവതരിപ്പിച്ച വാക്യവിജ്ഞാനീയസിദ്ധാന്തങ്ങൾ. ബ്ലൂംഫീൽഡിലൂടെയും ഹാരിസിലൂടെയും മറ്റും ഉരുത്തിരിഞ്ഞുവന്ന സന്നിഹിതഘടകാപഗ്രഥനരീതി, പദസംഹിത രചനാവ്യാകരണം, രചനാന്തരണവ്യാകരണം എന്നിവ ഉൾക്കൊള്ളുന്ന രചനാന്തരണ പ്രജനക വ്യാകരണം, ഭാഷയുടെ ആന്തര ബാഹ്യഘടനകൾ എന്നിവയെല്ലാം തന്നെ വാക്യവിജ്ഞാനീയത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാഴ്ചപ്പാടുകളാണ്. ഭാഷയ്ക്ക് രണ്ടു പ്രതലങ്ങളുണ്ട്. ഉപരിതലഘടനയും (surface structure) ആന്തരതലഘടനയും (deep structure). ബാഹ്യതലം അർഥഗ്രഹണത്തിനു സഹായകമായ എല്ലാ ഉപാധികളും ഉൾക്കൊണ്ടതായിരിക്കുകയില്ല. ആന്തരരചനയിൽ നിന്നു ബാഹ്യരചനയിലേയ്ക്കുള്ള പരിവർത്തനമാണ് രചനാന്തരണം. വാക്യാർത്ഥബോധം ആന്തരഘടനയെ ആശ്രയിച്ചാണുണ്ടാകുക. വാക്യത്തിൽ പദങ്ങൾക്കുള്ള പരസ്പരബന്ധമാണ് ആന്തരരചനയിൽ മുഖ്യമായും പ്രതിപാദിക്കുന്നത്. വാക്യങ്ങളുടെ ആന്തരഘടന ഒരിക്കലും ദ്വയാർഥമുളവാക്കരുത്. അതിനാൽ ഒരു വാക്യം എത്ര അർഥങ്ങളെ ജനിപ്പിക്കുന്നുവോ അത്രയും ആന്തരരചനകളും അതിനുണ്ടെന്നു കരുതേണ്ടിയിരിക്കുന്നു.

വാക്യഘടനാപഗ്രഥനത്തിനു ഘടനാവാദികൾ രൂപപ്പെടുത്തിയ ഉപാധിയാണു സന്നിഹിത ഘടനാപഗ്രഥനം. ICA എന്ന സംക്ഷിപ്ത രൂപത്തിലാണ് ഇതറിയപ്പെടുന്നത്. ഉച്ചരിത വാക്യങ്ങളെ സാധ്യമാകുന്നിടത്തോളം ചെറിയ സാർഥകഘടകങ്ങളായി അപഗ്രഥിക്കുകയാണ് ഇതിന്റെ രീതി. അപഗ്രഥനാന്ത്യത്തിൽ ലഭിക്കുന്ന അടിസ്ഥാന ഘടകങ്ങളാണ് അന്തിമ ഘടകങ്ങൾ (Ultimate constituents). ഓരോ വിഭജനത്തിനു ശേഷവും ലഭിക്കുന്ന ഘടകങ്ങളാണ് സന്നിഹിത ഘടകങ്ങൾ. ICA യുടെ നവീന മാതൃകയാണു ചോംസ്കിയുടെ പദസംഹിതരചനാവ്യാകരണം.

SGOU

ആശയവിനിമയത്തിനുതകുന്ന അടിസ്ഥാന ഏകകമാണ് വാക്യം. ഭാഷയിലെ വ്യത്യസ്ത ഏകകങ്ങളായ സ്വനം, സ്വനിമം, രൂപിമം, പദം എന്നിവയ്ക്ക് ചില പരിമിതികളുണ്ട്. ഭാഷയുടെ ഏറ്റവും പ്രധാനമായ ലക്ഷ്യം ആശയവിനിമയമായതുകൊണ്ട് അതിന്നുപയുക്തമായ വാക്യത്തിന്റെ പ്രാധാന്യം ഭാഷാപഗ്രഥനത്തിൽ നിർണ്ണായകമാണ്. ബാഹ്യഘടനയും ആന്തരഘടനയും തമ്മിലുള്ള സമന്വയമാണ് വാക്യരചനയിൽ മൗലികമാകുന്നത്. സാധാരണ ഭാഷകനെ സംബന്ധിച്ചിടത്തോളം വാക്യമാണ് പരിചിതമായ ഭാഷാഘടകം.

### 5.1.2.1 പദസംഘാതം

വ്യാകരണ പൂർത്തിയുള്ള വാക്യത്തിൽ ഒന്നിലധികം പദങ്ങൾ ചേർന്നിരിക്കും. ചുരുങ്ങിയത് ആഖ്യയും ആഖ്യാതവും ഉണ്ടാകും. അവയിൽ ഒറ്റപദം കൊണ്ടുതന്നെ അർഥപൂർണ്ണത വരുത്താൻ കഴിയും. വാ, പോ തുടങ്ങിയ വാക്യങ്ങളിൽ കർത്താവിനെക്കൂടാതെ തന്നെ അർഥം കിട്ടും. ഇത്തരം വാക്യങ്ങളെ ലുപ്തവാക്യങ്ങൾ എന്നു പറയുന്നു. കർത്താവും ക്രിയയും ചേർന്ന വാക്യങ്ങളും ഉണ്ട്. അവയെ ലഘുവാക്യങ്ങൾ എന്ന് വിളിക്കുന്നു.

ഉദാ: ഞാൻ പോകുന്നു

### 5.1.2.2 ആഖ്യാതത്വം

ആശയവിനിമയത്തിന് പല രീതിയിലുള്ള ഉദ്ദേശ്യലക്ഷ്യങ്ങൾ ഉണ്ടായിരിക്കും. ഉദ്ദേശ്യങ്ങൾക്കനുസരിച്ച് ഭാഷണത്തിനുപയോഗിക്കുന്ന വാക്യത്തിന് രൂപഭേദം വരാം. വിധി, നിർദ്ദേശകം, ആശംസ, ആജ്ഞ, അപേക്ഷ തുടങ്ങി നിരവധി കാര്യങ്ങൾ അവതരിപ്പിക്കേണ്ടി വരും. ഈ ഉദ്ദേശ്യങ്ങളെ ധരിപ്പിക്കാൻ കഴിയുന്ന അവസ്ഥയ്ക്ക് ആഖ്യാതത്വം എന്ന് പറയുന്നു. വാക്യത്തിൽ എന്ത് പറയുന്നു എന്നത് പ്രധാനമാണ്.

പദങ്ങളുടെ വാക്യത്തിനുള്ളിലുള്ള വിന്യസനവും പരസ്പരബന്ധവും അവയുടെ ലീനധ്വനികളും ചേർന്ന പഠനമാണ് വാക്യവിചാരം.

### 5.1.2.3 ഘടനാബന്ധം

വാക്യത്തിലെ പദങ്ങൾക്ക് തമ്മിൽ ഘടനാപരമായ ബന്ധം ഉണ്ടാകണം. ഘടനയുടെ പൊരുത്തമാണ് വാക്യത്തിന് അർഥം നൽകുന്നത്. ഘടന മാറിയാൽ അർഥവും മാറും. വാക്യത്തിന്റെ ആഭ്യന്തര രൂപഘടനയെ ആസ്പദമാക്കി വാക്യത്തെ രണ്ടായി തിരിക്കാം. പൂർണ്ണവാക്യം, ലഘുവാക്യം എന്നിങ്ങനെ. ഘടനാപരമായി പൂർണ്ണമായവയെ അതായത് ആഖ്യയും ആഖ്യാതവും ഉള്ളവയെയാണ് പൂർണ്ണവാക്യങ്ങൾ എന്ന് പറയുന്നത്. ഘടനാപരമായി പൂർണ്ണമല്ലാത്തവയാണ് ലഘുവാക്യങ്ങൾ. സംബോധന, ലുപ്തം, വ്യാക്ഷേപകം എന്നിങ്ങനെ ലഘുവാക്യങ്ങൾ മൂന്നു തരത്തിലുണ്ട്.

**ഉദാ:** സംബോധന - രാമാ, ദേവാ

ലുപ്തം -കണ്ടു, പോയി

വ്യാക്ഷേപകം - ഉം, അയ്യോ

സംബോധനാ വാക്യത്തിൽ ആഖ്യാതമുണ്ടാവില്ല.

വ്യാക്ഷേപകങ്ങൾ ഒറ്റനോട്ടത്തിൽ പദങ്ങളാണെന്ന് തോന്നുമെങ്കിലും അവ വാക്യവിഭാഗത്തിലാണ് ഉൾപ്പെടുന്നത്. അവ പൂർണ്ണമായ ആശയവിനിമയം സാധ്യമാക്കുന്നു.

ആഖ്യയും ആഖ്യാതവും ഇല്ലാത്തവയാണ് വ്യാക്ഷേപകങ്ങൾ,

ലുപ്തവാക്യത്തിൽ ആഖ്യയുണ്ടാകില്ല.

### 5.1.2.4 ആർഥികപൊരുത്തം

പദങ്ങളുടെ ക്രമം ശരിയായതുകൊണ്ടോ പദങ്ങൾ അർഥവത്തായതുകൊണ്ടോ ആശയനിവേദനം സാധ്യമായെന്ന് വരില്ല. അതിന് അർഥത്തിന്റെ യുക്തിഭദ്രമായ നില വേണം. വാക്യത്വത്തിന് ഘടകപദങ്ങൾക്ക് തമ്മിൽ അർഥപരമായ പൊരുത്തം വേണമെന്ന് ഭാരതീയദാർശനികന്മാരും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. വ്യാകരണപരമായി സുഘടിതവും അർഥപരമായി സ്വീകാര്യവും ആയ ആഖ്യാതത്തോടു കൂടിയ പദസംഘാതമാണ് വാക്യം. ' ഇന്നു പഠിച്ചു മുതൽ തുടങ്ങി' എന്നതിൽ വാക്യത്തിനു വേണ്ട എല്ലാ ഘടകങ്ങളുമുണ്ട്. എന്നാൽ അത് അത്. അർത്ഥനിവേദനം ചെയ്യുന്നില്ല. 'ഇന്നു മുതൽ ഞാൻ പഠിച്ചു തുടങ്ങി' എന്നെഴുതിയാലേ

വ്യാകരണപരമായും അർത്ഥപരമായും കൃത്യത ലഭിക്കുകയുള്ളൂ

## 5.1.3 പ്രധാന സൈദ്ധാന്തികർ

### 5.1.3.1 ലിയനോൾഡ് ബ്ലൂംഫീൽഡ്

അമേരിക്കയിൽ ബ്ലൂംഫീൽഡിന്റെ സിദ്ധാന്തങ്ങളെത്തുടർന്നാണ് ഘടനാവാദം ശക്തി പ്രാപിച്ചത്. ഭാഷാപരമായ അർഥങ്ങളുടെ ചിഹ്നങ്ങളെല്ലാം ഭൗതികഘടകങ്ങളെ ആധാരമാക്കി വിവരിക്കാവുന്ന രൂപപരമായ വസ്തുതകളെന്നായിരുന്നു ബ്ലൂഫീൽഡിന്റെ ഘടനാവാദത്തിന്റെ കാഴ്ചപ്പാട്. ഭാഷയുടെ അപഗ്രഥനവും വിതരണവും ശാസ്ത്രത്തിന്റെ ദൃഷ്ടിയിൽ ഭദ്രമായ ഒരു സിദ്ധാന്തത്തിന് നിരക്കുന്നതായിരിക്കണം, അത് ലളിതവും സമഗ്രവും പ്രയോജനപ്രദവുമാകണം, പരസ്പരയോജനവും വൈരുധ്യമില്ലാത്തതുമായിരിക്കണം എന്നും അമേരിക്കൻ ഘടനാവാദികൾ സിദ്ധാന്തിച്ചു. വാമൊഴിയാണ് മൗലികമെന്നും ദൃശ്യചിഹ്നങ്ങളുടെ ഭാഷണം രേഖപ്പെടുത്താനുള്ള വഴി മാത്രമാണ് എഴുത്തെന്നും, എഴുത്ത് ഭാഷയായി കരുതാൻ സാധിക്കില്ലെന്നുമാണ് അവരുടെ മറ്റൊരു നിരീക്ഷണം. ആദിവാസി ഭാഷകളെപ്പറ്റി അമേരിക്കയിൽ നടന്ന ബഹുമുഖപഠനങ്ങളിലെ ഭാഷാപ്രവർത്തനങ്ങൾക്ക് ശാസ്ത്രീയമായ അടിത്തറപാകിയത് ബ്ലൂംഫീൽഡിന്റെ 'ഭാഷ' എന്ന ഗ്രന്ഥമാണ് (Language, 1933). വസ്തുനിഷ്ഠമായ നിരീക്ഷണങ്ങൾക്ക് അതീതമായ ഒന്നുംതന്നെ ശാസ്ത്രീയ പ്രസ്താവങ്ങളിൽ അംഗീകരിക്കേണ്ടതില്ല എന്ന നിലപാട് ആദ്യമായി കൈക്കൊള്ളുകയും പ്രചരിപ്പിക്കുകയും ചെയ്തത് ബ്ലൂംഫീൽഡാണ്. നിഷ്കൃഷ്ടമായ വസ്തുസമാഹരണം, ഭാഷണത്തിലെ വിവിധ ഏകകങ്ങളുടെ വിതരണം, സൂക്ഷ്മവും സമഗ്രവുമായി പരിശോധിച്ച് പരമാവധി ലളിതമായ വിതരണനിയമങ്ങളിൽ എത്തിച്ചേരൽ - ഇതാണ് ബ്ലൂഫീൽഡിന്റെ സിദ്ധാന്തം. 1950 കളുടെ ഒടുവിൽ നോം ചോംസ്കിയുടെ രംഗപ്രവേശംവരെ അമേരിക്കൻ ഭാഷാശാസ്ത്രജ്ഞരിൽ ബഹുഭൂരിപക്ഷത്തെയും സ്വാധീനിച്ചത് ബ്ലൂംഫീൽഡിന്റെ ചിന്തകളും അദ്ദേഹത്തിന്റെ ഭാഷ എന്ന ഗ്രന്ഥവുമായിരുന്നു ബ്ലൂം ഫീൽഡിയൻ മാതൃകയിലുള്ള ഘടനാവാദത്തിന് ശാസ്ത്രീയ ഭദ്രത കൈവരുത്തിയ ഭാഷാശാസ്ത്രജ്ഞനാണ് സെലിഗ് ഹാരിസ്.

### 5.1.3.2 നോം ചോംസ്കി

ഭാഷയെക്കുറിച്ചും ഭാഷയുടെ ശാസ്ത്രീയമായ വിശകലനത്തെക്കുറിച്ചുമൊക്കെ നിരന്തരം ചർച്ച ചെയ്യപ്പെട്ടിരുന്ന ഭാഷാശാസ്ത്ര അന്തരീക്ഷത്തിലാണ് ചോംസ്കി വളർന്നുവന്നത്. സൊസ്സ്യൂറിന്റെ നിലപാടുകൾ മറ്റൊരു നിലയിൽ വിശദീകരിക്കുകയാണ് നോംചോംസ്കി ചെയ്തത്. ലാങ് - പരോൾ ദ്വന്ദ്വം അപര്യാപ്തമാണെന്നറിഞ്ഞ് ഭാഷാവിജ്ഞാനം (Competence), ഭാഷാനിർവഹണം (Performance) എന്ന ദ്വന്ദ്വസങ്കല്പം അദ്ദേഹം ഘടനാത്മക ഭാഷാശാസ്ത്രത്തിനുമുമ്പിൽ അവതരിപ്പിച്ചു. ലാങ് സാമൂഹികതയിലൂന്നുമ്പോൾ ഭാഷാവിജ്ഞാനം വൈയക്തികതയിലാണ് ഊന്നുന്നത്. അഗാധമായ ഘടനയിൽ (Deep structure) നിറയുന്ന ഭാഷാർജനത്തിനുശേഷം മാത്രമേ ഉപരിഘടനയിലുള്ള (Surface structure) ഭാഷാനിർവഹണം സാധ്യമാകൂ എന്നദ്ദേഹം വിലയിരുത്തുന്നു. എന്നാൽ വ്യക്തി നേടിയെടുത്ത ഭാഷാജ്ഞാനത്തിന്റെ ചെറിയ ഒരു ശതമാനം മാത്രമാണ് പ്രയോഗിക്കാൻ കഴിയുന്നത്. ഒരു പ്രത്യേക സാഹചര്യത്തിൽ പ്രയോഗിക്കാനാകുന്ന ഭാഷാ പ്രയോഗത്തിനു മാത്രമേ സാർഥകതയുള്ളൂ. അതിന്റെ അളവ് ഓരോ വ്യക്തിയിലും ഏറിയും കുറഞ്ഞും ഇരിക്കുന്നുവെന്നു മാത്രം. ഒരേ വ്യക്തി തന്നെ വ്യത്യസ്ത സന്ദർഭങ്ങളിൽ വ്യത്യസ്തമായി ഭാഷാ നിർവഹണം നടത്തുന്നതും സാധാരണമാണെന്ന് ചോംസ്കി അഭിപ്രായപ്പെടുന്നു.

റോമൻ യാക്കോബ്സൺ, ഡേവിഡ് ലോഡ്ജ്, ലെവിസ്ട്രോസ്, ലകാൻ, ദറിദ എന്നിവർ ഘടനാവാദത്തെ ഭാഷയിലും സാഹിത്യത്തിലും പുനരാലോചനയ്ക്ക് വിധേയമാക്കിയവരാണ്.

### 5.1.3.3 ഫെർഡിനാന്റ് ഡി സൊസ്സ്യൂർ

"ആധുനിക ഭാഷാശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന സ്വിസ് ഭാഷാ പണ്ഡിതനാണ് സൊസ്സ്യൂർ. ഭാഷയുടെ ഘടനയെക്കുറിച്ചുള്ള ഇദ്ദേഹത്തിന്റെ ആശയങ്ങളാണ് ഇരുപതാം

നൂറ്റാണ്ടിൽ ഭാഷാശാസ്ത്രമെന്ന വിജ്ഞാന ശാഖയുടെ വളർച്ചയും ഭാഷാശാസ്ത്രത്തിനോടുള്ള പ്രത്യേക പരിഗണനയ്ക്കും കാരണമായത്. ഘടനാത്മകസിദ്ധാന്തത്തിന്റെ പരിധികൾ വ്യക്തമാക്കിയത് സൊസ്യൂർ ആണ്. ഭാഷയുടെ ബഹുമുഖമായ സ്വഭാവം വ്യക്തമാക്കിക്കൊണ്ട് ഭാഷാപഠനം വ്യത്യസ്ത സമീപനരീതികളിലൂടെ നിർവഹിക്കാമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. സൊസ്സ്യൂറിന്റെ പ്രധാനപ്പെട്ട ഭാഷാശാസ്ത്രഗ്രന്ഥത്തിൽ A course in General Linguistics - ൽ പ്രധാനമായും ഭാഷയുടെ മൂന്നു സ്വഭാവങ്ങളാണ് പരിഗണിച്ചത്.

1. ആശയവിനിമയോപാധി എന്ന നിലയിൽ
2. സാംസ്കാരിക പ്രതിഭാസമെന്ന നിലയിൽ
3. ഘടനാത്മകമായി

ബാഹ്യമായും ആന്തരികമായും ഭാഷകളെ സമീപിക്കാമെന്ന് സൊസ്യൂർ പറയുന്നു. സാമൂഹിക സാംസ്കാരിക രാഷ്ട്രീയ ഭൂമിശാസ്ത്ര പരിഗണനകളിലൂടെ ഭാഷയെ സമീപിക്കുന്നതാണ് ബാഹ്യമായ സമീപനം. ഭാഷയുടെ ആന്തരിക ഘടനയുടെ വസ്തുനിഷ്ഠമായ അപഗ്രഥനമാണ് ആന്തര സമീപനത്തിലുള്ളത്. ഇതിനായി ഭാഷാപരിണാമ ചരിത്രം പരിഗണിക്കേണ്ടതില്ലെന്ന് സൊസ്യൂർ അഭിപ്രായപ്പെടുന്നു.

ഭാഷയുടെ മറ്റൊരു പ്രധാന പ്രത്യേകതയായി അദ്ദേഹം പറയുന്നത് അതിന്റെ "വ്യവസ്ഥാപൂർവമായ ഘടനയാണ്". പരസ്പരാശ്രിതമായ വിഭിന്നചിഹ്നങ്ങളുടെ സാകല്യബന്ധസ്വരൂപത്തെയാണ് വ്യവസ്ഥാപൂർവമായ ഘടന എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഭാഷയുടെ പ്രയോഗരൂപങ്ങളല്ല, ആ പ്രയോഗങ്ങൾക്ക് ആധാരമായി വർത്തിക്കുന്ന വ്യവസ്ഥയാണ് ഘടനാസിദ്ധാന്തത്തിന്റെ ലക്ഷ്യം. ഇത് ബാഹ്യപ്രേരണകളുടെ പ്രത്യക്ഷസമ്മർദത്തിന് വിധേയമാകാത്തതാണ്. ഭാഷയുടെ ഈ ആന്തരികവ്യവസ്ഥയ്ക്ക് ആധാരമായ രണ്ടുതരം ബന്ധങ്ങളെക്കുറിച്ച് സൊസ്യൂർ സൂചിപ്പിക്കുന്നു. അക്ഷതലബന്ധം, ലംബതലബന്ധം,

വാക്യഘടനയിലെ ഘടകങ്ങൾക്കുള്ള അന്യോന്യബന്ധമാണ് അക്ഷതലബന്ധം. വാക്യത്തിലെ കർത്താവ്, കർമ്മം, ക്രിയ എന്നിവയ്ക്ക് അക്ഷതലബന്ധമാണ് ഉള്ളത്. ബാക്കി ഘടനയിലെ ഓരോ ഘടകത്തിനും തുല്യധർമ്മങ്ങൾ ഉള്ള ഇതര ഘടകങ്ങളുമായുള്ള ബന്ധമാണ് ലംബതല ബന്ധം. അതായത് വാക്യത്തിലെ ഓരോ ഘടകത്തിന്റെ സ്ഥാനത്തും പ്രത്യക്ഷപ്പെടാവുന്ന മറ്റു ഘടകങ്ങൾക്കും തമ്മിലുള്ള അന്യോന്യ ആദേശബന്ധമാണ് ലംബതല ബന്ധം.

അക്ഷതലബന്ധത്തെ ആധാരമാക്കി വാക്യഘടനാ നിയമങ്ങളും ലംബതലബന്ധത്തെ ആധാരമാക്കി രൂപതല മാത്രകളുടെ സ്വഭാവവും വ്യവസ്ഥീകരിക്കുന്നു. ഭാഷാഘടനയുടെ സമഗ്രമായ വ്യവസ്ഥ മനസ്സിലാക്കാൻ ഈ രണ്ടു തലങ്ങളിലൂടെ നടത്തുന്ന അപഗ്രഥനം സഹായിക്കുന്നു. ഘടനാത്മക ഭാഷാ ശാസ്ത്രത്തിന്റെ നാല് അടിസ്ഥാനധാരണകളാണ് ഭാഷ ഭാഷണം (ലാങ് പരോൾ )സൂചകം സൂചിതം ,ഏകകാലികം ബഹുകാലികം, വിന്യസനപരം സദൃശ്യപരം എന്നിവ.

## 5.1.4 ലാങ് - പരോൾ

പരമ്പരാഗതവും വ്യവസ്ഥാപിതവുമായ ഭാഷണമാതൃകകളുടെ കൂട്ടത്തെ അഥവാ ഭാഷണസമൂഹം ഉപയോഗപ്പെടുത്തുന്ന വ്യാകരണവ്യവസ്ഥയെ സൂചിപ്പിക്കാൻ സൊസ്യൂർ ഉപയോഗിച്ച സംജ്ഞയാണ് ലാങ്. ഇത് അമൂർത്തമാണ്. മറ്റ് വ്യക്തികൾ സംസാരിക്കുന്നത് മനസ്സിലാക്കാനും മറ്റുള്ളവർക്ക് മനസ്സിലാകുന്ന രീതിയിൽ സംസാരിക്കാനും വ്യക്തിയെ പ്രാപ്തനാക്കുന്നത് ലാങാണ്.

ഭാഷാസമൂഹത്തിൽ നിന്ന് വ്യക്തി ബോധപൂർവമല്ലാതെ ആർജിക്കുന്ന ചില രീതികളുടെ കൂട്ടമാണ് ലാങ്. വ്യക്തിയുടെ ഭാഷാപ്രകടനത്തെക്കുറിച്ച് സൂചിപ്പിക്കുന്നതിന് സൊസ്സ്യൂർ ഉപയോഗിക്കുന്ന പദമാണ് പരോൾ (ഭാഷണം). മറ്റൊരുവിധത്തിൽ പറഞ്ഞാൽ വ്യക്തിയുടെ ഭാഷണത്തിലൂടെ പ്രകടമാകുന്ന ഭാഷാവസ്തുതയാണ് പരോൾ. ഭാഷാക്ഷമതയുടെ സമൂഹസൃഷ്ടിയാണ് ലാങ്. ഭാഷണത്തിലേർപ്പെടുന്ന വ്യക്തി പലപ്പോഴും സ്വേച്ഛാനുസരണം പ്രത്യേക നിർമ്മിതികളായിരിക്കും ഉപയോഗിക്കുന്നത്.

SGOU

വ്യക്തി സംസാരിക്കുന്നതിന്റെ ആകെത്തുകയാണ് പരോൾ. അപ്പോഴെല്ലാം സ്വതന്ത്രമായ തെരഞ്ഞെടുക്കലിന് വിധേയമായ ഭാഷാപ്രകടനപ്രക്രിയകളെയായിരിക്കും അയാൾ അവലംബിക്കുന്നത്. പരോളിന്റെ പരിധിയിൽപ്പെടുന്നവയാണ് ഇവയെല്ലാം. വ്യക്തിയുടെ ബോധപൂർവമായ സൃഷ്ടിയാണ് പരോൾ അഥവാ ഭാഷണം. തികച്ചും വ്യക്തിഗതമായതുകൊണ്ട് പരോളിനെ ശാസ്ത്രീയപഠനത്തിന് വിധേയമാക്കാൻ കഴിയുകയില്ല.

### 5.1.5 സൂചകം - സൂചിതം

സൂചകം (signifier), സൂചിതം (signified) എന്നിങ്ങനെയുള്ള രണ്ട് ഘടകങ്ങൾ കൂടിച്ചേർന്നുണ്ടാകുന്നതാണ് ചിഹ്നം. സൂചിപ്പിക്കപ്പെടുന്നത് എന്തോ അതാണ് സൂചകം. ശബ്ദം, ബിംബം, ആംഗ്യം എന്നിവയുടെ ഇന്ദ്രിയാനുഭൂതിപരമായ ബിംബമാണ് സൂചകം. അതിനോടൊപ്പം മനസ്സിൽ തെളിഞ്ഞുവരുന്ന ആശയബിംബമാണ് സൂചിതം. ഭാഷയെ മുൻനിർത്തി ശബ്ദബിംബമാണ് സൂചകമെന്നും അത് കേൾക്കുമ്പോൾ മനസ്സിലുണ്ടാകുന്ന സങ്കല്പമാണ് സൂചിതമെന്നും സൊസ്യൂർ വിശദീകരിക്കുന്നു.

### 5.1.6 ഏകകാലികം - ബഹുകാലികം

ഭാഷാപഠനത്തിന് വ്യത്യസ്തങ്ങളായ രണ്ട് രീതികളുണ്ടെന്ന് സൊസ്യൂർ ചൂണ്ടിക്കാട്ടുന്നു.

1. ഏകകാലികപഠനം
2. ബഹുകാലികപഠനം.

കാലത്തിന്റെ ഒരു പ്രത്യേക ബിന്ദുവിൽ നിന്നു കൊണ്ട് ഭാഷാവസ്തുതകളെ ശാസ്ത്രീയമായി വിശകലനം ചെയ്യുന്നതിനെയാണ് ഏകകാലിക പഠനമെന്ന് പറയുന്നത്. ഭാഷയുടെ ഉത്ഭവത്തെക്കുറിച്ചോ പടിപടിയായി ഭാഷ കൈവരിച്ച വികാസത്തെക്കുറിച്ചോ ഏകകാലികപഠനത്തിൽ പറയുന്നില്ല. ബഹുകാലിക പഠനത്തിലാകട്ടെ, ഭാഷാവസ്തുതകളെ ചരിത്രപരമായ പശ്ചാത്തലത്തിലാണ് വിശകലനം ചെയ്യുന്നത്. ഏതെങ്കിലുമൊരു ഭാഷ അതിന്റെ ആവിർഭാവം തൊട്ട് പല ഘട്ടങ്ങളിലായി കൈവരിച്ച വികാസം, പദങ്ങളുടെ അർഥങ്ങളിലും പ്രയോഗങ്ങളിലും വന്ന മാറ്റങ്ങൾ, ഭാഷയിലേക്കു കടന്നുവന്ന പുതിയ പദങ്ങൾ, പുതിയ പ്രയോഗങ്ങൾ എന്നിവയെല്ലാം ബഹുകാലികപഠനത്തിൽ പഠനവിധേയമാക്കുന്നു.

### 5.1.7 വിന്യസനപരം - സദൃശ്യപരം

ഘടനാവാദത്തിന്റെ ആധാരശിലകളിൽ പ്രധാനമായ മറ്റൊരു സങ്കല്പനമാണ് വിന്യസനപരവും സാദൃശ്യപരവുമായ ഘടകങ്ങൾ. ഘടനയുടെയുള്ളിൽ ഘടകങ്ങൾ വിന്യസിക്കുന്ന രീതിയെയാണ് വിന്യസനപരം എന്നു പറയുന്നത്. വാക്യത്തിൽ മുമ്പിൽ, പിമ്പിൽ, നടുവിൽ എന്നിങ്ങനെ പദങ്ങൾ വിന്യസിക്കുന്ന സമ്പ്രദായം ഇതിനുദാഹരണമാണ്.

സാദൃശ്യപരമായ ബന്ധങ്ങൾക്ക് സൊസ്യൂർ പറയുന്ന പേര് 'സഹവാസബന്ധങ്ങൾ' എന്നാണ്. ഭാഷാശൃംഖലയിലെ ഏത് ഘടകവും ഭാഷയിലെ മറ്റ് ഏകകങ്ങളെ സൂചിപ്പിക്കുന്നവയാണ്. കാരണം ഈ ഘടകങ്ങൾ രൂപത്തിലും അർഥത്തിലും പരസ്പരം സാമ്യമുള്ളവയോ വ്യത്യാസമുള്ളവയോ ആണ്. ഉദാഹരണം- 'പഠിപ്പിക്കൽ' എന്ന പദം രൂപപരമായ സാദൃശ്യമുള്ള 'നടക്കൽ', 'ഓടിക്കൽ' തുടങ്ങിയ പദങ്ങളെ ഓർമ്മിപ്പിക്കും. ഈ പദത്തിൽനിന്ന് സൃഷ്ടിച്ചെടുക്കാവുന്ന മറ്റു പദങ്ങളെയും ഇത് ഓർമ്മയിൽ കൊണ്ടുവരും. പഠിപ്പ്, പഠിക്കുക, പഠിപ്പിച്ചു, പഠിപ്പിക്കുന്നു.... തുടങ്ങിയവ. ഇതേ അർഥം വരുന്നതും എന്നാൽ രൂപവ്യത്യാസമുള്ളതുമായ മറ്റു ചില പദങ്ങളെയും ഈ പദം ഓർമ്മിപ്പിക്കും (ഉദാ: അധ്യാപനം, ഗുരു...) കൂടാതെ രൂപത്തിലും അർഥത്തിലും വ്യത്യാസമുള്ള ചില പദങ്ങളും ഓർമ്മയിൽ വരാം (വിദ്യാലയം, കളിസ്ഥലം...) ഇത്തരത്തിൽ പദങ്ങളുടെ അസാന്നിധ്യത്തിലുള്ള ബന്ധങ്ങളാണ് സദൃശ്യപരങ്ങൾ. നിർമ്മിതിയിലുള്ള പദവും നിർമ്മിതിയിലില്ലാത്ത മറ്റു പദങ്ങളുമാണ് ഇവയിൽ ഉൾപ്പെടുന്നത്.

### 5.1.8 വിവരണാത്മക രീതി

ആധുനിക ഭാഷാശാസ്ത്രത്തിലെ ഘടനാത്മക സമീപനരീതിയുടെ ശക്തനായ വക്താ

SGOU

വാണ് ബ്ലൂംഫീൽഡ്. അദ്ദേഹത്തിന്റെ ഭാഷാപഗ്രഥനരീതിയെ 'വിവരണാത്മകം' എന്നാണ് പറയാറുള്ളത്. വിവരണം വസ്തുനിഷ്ഠമായിരിക്കണമെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. ഭാഷയിലെ അർഥയുക്തമായ രൂപങ്ങളെ പരാശ്രിതം", 'സ്വതന്ത്രം' എന്നിങ്ങനെ ബ്ലൂംഫീൽഡ് വിഭജിക്കുന്നു. ഘടകം, വർഗം, സംഹിത എന്നീ സങ്കല്പനങ്ങളിൽ ഊന്നിയാണ് വിവരണാത്മക നിയമങ്ങൾ നിർദ്ദേശിക്കപ്പെടുന്നത്. ഘടകത്തെ 'സന്നിഹിതം', 'അന്തിമം'എന്നിങ്ങനെ വിഭജിക്കുന്നു. ഇതിൽ അന്തിമഘടകങ്ങളാണ് രൂപിമങ്ങൾ. ഭാഷയിലെ പ്രയോഗതല വസ്തുതകളെ വ്യവസ്ഥീകരിക്കാനുള്ള ഒരു രീതിയാണ് വിവരണാത്മകപദ്ധതി.

ഘടനാത്മക ഭാഷാശാസ്ത്രത്തിന്റെ അടിസ്ഥാനധാരണകളിലൂന്നിക്കൊണ്ടാണ് വിവരണാത്മകഭാഷാശാസ്ത്രം നിലകൊള്ളുന്നത്. ഇത് വ്യത്യസ്തഭാഷകളുടെ ഘടനകൾക്ക് വ്യവസ്ഥയുണ്ടാക്കുന്നു. സ്വനതലം, രൂപതലം, വാക്യതലം എന്നീ അവസ്ഥകളിലൂന്നിയാണ് വ്യവസ്ഥകൾ രൂപീകരിക്കുന്നത്. അതോടൊപ്പം വ്യത്യയം, പൂരകബന്ധം, സ്വതന്ത്ര പരിവർത്തനം എന്നീ ആശ്രിതബന്ധങ്ങളിലൂന്നിയാണ് ഭാഷാമാത്രകളുടെ വിതരണസ്വഭാവം നിർണ്ണയിക്കുന്നത്. ഘടകങ്ങളുടെ അർഥവ്യാവർത്തനശേഷിയാണ് വിവരണാത്മകപഠനം ശ്രദ്ധിക്കുന്നത്.

## 5.1.9 ഘടനാത്മകസമീപനരീതികൾ

സാഹിത്യവിമർശനത്തിൽ വളരെയേറെ ചർച്ച ചെയ്യപ്പെടുന്ന ഒന്നാണ് ഘടനാത്മകസമീപനരീതി. എന്നാൽ ഈ രീതി ആദ്യമായി പരീക്ഷിക്കപ്പെട്ടത് ഭാഷാപഗ്രഥനത്തിന് വേണ്ടിയാണ്. ഭാഷ ഒരു ഘടനയാണെന്നും വിഭിന്നതലത്തിലുള്ള ഉപഘടനകളുടെ സമാഹാരമാണതെന്നും ഘടനാത്മകസമീപനം കണ്ടെത്തുന്നു. വ്യക്തമായി നിർണ്ണയിക്കാവുന്ന ഏകകങ്ങളുടെ വ്യവസ്ഥാപൂർണ്ണമായ സംയോജനമാണ് ഘടന.

ഘടന, വ്യവസ്ഥ എന്നീ രണ്ടു സങ്കല്പനങ്ങളിലൂന്നിയാണ് ഘടനാത്മക ഭാഷാശാസ്ത്രം നിലനിൽക്കുന്നത്. ഘടനയിൽ രണ്ടുവസ്തുതകളുണ്ട്. ഘടകങ്ങളും അവയുടെ നിയമാനുസൃതമായ ചേരുവകളും. ഒരേ പ്രതിഭാസത്തിലെ ഒന്നിലധികം ഘടനകൾക്ക് പ്രവചനീയമായ രീതിയിൽ ബന്ധമുണ്ടാകുന്നുവെങ്കിൽ അവയ്ക്ക് വ്യവസ്ഥയുണ്ടെന്ന് പറയാം. ഭാഷയിലെ ഘടകങ്ങളെയും അവ സൃഷ്ടിക്കുന്ന വ്യവസ്ഥയെയുമാണ് ഘടനാത്മകസമീപനം അപഗ്രഥന വിധേയമാക്കുന്നത്.

ഭാഷയ്ക്ക് മൂന്ന് തലങ്ങളുണ്ട്. സ്വനതലം, പദതലം, വാക്യതലം. ഓരോ തലത്തിലും വ്യക്തമായ ഘടനയുമുണ്ട്. സ്വനഘടന, രൂപഘടന, വാക്യഘടന. ഭാഷാഘടന എന്നാൽ ഈ മൂന്നു ഘടനകളുടെയും സാകല്യപൊരുത്തമാണ്.

പ്രധാനപ്പെട്ട ഘടനാത്മകസമീപനരീതികൾ

### 5.1.9.1 സന്നിഹിത ഘടകാപഗ്രഥനം

വാക്യഘടനയുടെ അപഗ്രഥനത്തിന് ബ്ലൂംഫീൽഡ് അവതരിപ്പിച്ച ഒരു രീതിയാണ് സന്നിഹിത ഘടകാപഗ്രഥനം. ഉച്ചരിക്കപ്പെടുന്ന വാക്യങ്ങളെ സാധ്യമാകുന്നിടത്തോളം ചെറിയതും അർഥവത്തുമായ ഘടകങ്ങളാക്കി അപഗ്രഥിക്കുകയാണ് ഇതിന്റെ രീതി.

വാക്യത്തെ പൊതുവായി രണ്ടായി തിരിച്ചതിനുശേഷം ഓരോ ഘടകവും അടിസ്ഥാന ഘടകത്തിലെത്തുന്നതുവരെ ഈരണ്ടു വീതം ഘടകങ്ങളാക്കി വേർതിരിക്കുകയാണ് സന്നിഹിതഘടകാപഗ്രഥനത്തിൽ ചെയ്യുന്നത്. രൂപിമങ്ങളും പദങ്ങളുമായിരിക്കും ഈ അടിസ്ഥാനഘടകങ്ങൾ. അപഗ്രഥനത്തിനൊടുവിൽ ലഭിക്കുന്ന അടിസ്ഥാനഘടകങ്ങളെ അന്തിമഘടകം എന്നു പറയുന്നു.

ഉദാ: കേരള മുഖ്യമന്ത്രി അടുത്ത വെള്ളിയാഴ്ച ദില്ലിക്ക് പോകുന്നുണ്ട്.

ഇവിടെ വാക്യഘടകങ്ങളെ പടിപടിയായി. പിരിച്ചു കാണിച്ചിരിക്കുന്നു. ഘടകങ്ങൾക്ക് തമ്മിലുള്ള ബന്ധമാണ് ഈ വിഭജനത്തിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം.

SGOU

| | | | | | | |
|---|---|---|---|---|---|---|
| കേരള മുഖ്യമന്ത്രി അടുത്ത വെള്ളിയാഴ്ച ദില്ലിക്ക് പോകുന്നുണ്ട് | | | | | | |
| കേരള മുഖ്യമന്ത്രി | | അടുത്ത വെള്ളിയാഴ്ച ദില്ലിക്ക് പോകുന്നുണ്ട് | | | | |
| കേരള | മുഖ്യമന്ത്രി | അടുത്ത വെള്ളിയാഴ്ച | | ദില്ലിക്ക് പോകുന്നുണ്ട് | | |
| കേരള | മുഖ്യമന്ത്രി | അടുത്ത | വെള്ളിയാഴ്ച | ദില്ലിക്ക് | പോകുന്നുണ്ട് | |
| കേരള | മുഖ്യമന്ത്രി | അടുത്ത | വെള്ളിയാഴ്ച | ദില്ലിക്ക് | പോകുന്നു | ഉണ്ട് |

### 5.1.9.2 പദസംഹിതരചനാവ്യാകരണം

ചോംസ്കി നിർദ്ദേശിച്ച രണ്ടുതരം വ്യാകരണ മാതൃകകളിൽ പ്രധാനപ്പെട്ടതാണ് പദസംഹിത രചനാവ്യാകരണം. ഇതിൽ വാക്യത്തെ അടിസ്ഥാന ഘടകങ്ങളായി വിഭജിക്കുന്നതോടൊപ്പം വാക്യനിയമങ്ങളെക്കൂടി ഉൾപ്പെടുത്തുന്നു. ഒരു പ്രത്യേക വാക്യത്തെ ഒരു പ്രത്യേക വ്യാകരണത്തെ ആസ്പദമാക്കി ആരു വിവരിച്ചാലും വിവരണം ഒരുപോലെ ആയിരിക്കണമെന്ന് ചോംസ്കി നിഷ്കർഷിക്കുന്നു.

### 5.1.9.3 രചനാന്തരണപ്രജനകവ്യാകരണം

1940-കളിൽ ബ്ലൂംഫീൽഡിന്റെ അനുയായി ആയ സെലിഗ് ഹാരിസ് അവതരിപ്പിച്ച ചില ആശയങ്ങളാണ് പ്രജനകവ്യാകരണത്തിന് വഴി തുറന്നത്. 1957-ൽ ഹാരിസിന്റെ ശിഷ്യനായ നോം ചോംസ്കിയാണ് രചനാന്തരണപ്രജനക വ്യാകരണത്തെ ഒരു സിദ്ധാന്തമായി ആവിഷ്കരിച്ചത്.

**രചനാന്തരണപ്രജനകവ്യാകരണത്തിലെ അടിസ്ഥാന സങ്കല്പനങ്ങൾ**

1. ഭാഷാർജനം രണ്ടു തരത്തിലുണ്ട്. ഒന്ന് ജൈവികമായി നമുക്ക് കൈവരുന്ന ഭാഷാജ്ഞാനം. അതുകഴിഞ്ഞ് നാം പഠിച്ചെടുക്കുന്ന ഭാഷാജ്ഞാനം. രണ്ടും രണ്ടായി കാണണമെന്ന് ചോംസ്കി പറയുന്നു
2. ഭാഷയിലൂടെയുള്ള ആശയസംവേദനത്തിന്റെ മുഖ്യപ്രക്രിയ ആശയങ്ങളെ ഭാഷ ചിഹ്നങ്ങൾ ആക്കുന്നതും ഭാഷാചിഹ്നങ്ങളെ ആശയങ്ങൾ ആക്കുന്നതും ആണ്. ഇവ രണ്ടും മാനസിക വൃത്തികളാണ്. അതുകൊണ്ട് ഭാഷാ പഠനം മനശാസ്ത്ര പദ്ധതിയിൽ ഉൾപ്പെടുത്തി പഠിക്കണം.
3. ഒരു ഭാഷയിലെ വാക്യങ്ങൾ എത്രയെന്ന് എണ്ണി തിട്ടപ്പെടുത്താനാകില്ല. സംസാരിക്കുമ്പോഴും എഴുതുമ്പോഴും നാം വൈവിധ്യമുള്ള വാക്യങ്ങൾ ഉല്പാദിപ്പിക്കും. ഓരോ വ്യക്തിയിലും താനുപയോഗിക്കുന്ന ഭാഷയുടെ ആന്തരികവ്യവസ്ഥകൾ അന്തർലീനമായി കിടക്കും. ആ അവബോധമാണ് ഭാഷാജ്ഞാനം.
4. ഭാഷ പ്രയോഗിക്കുന്നവരിലെല്ലാം ഭാഷാജ്ഞാനം ലീനമായി കിടപ്പുണ്ട്. അത് എല്ലാ ഭാഷകരിലും ഒരുപോലെയല്ല സ്ഥിതി ചെയ്യുന്നത്. തന്നിലുള്ള ഭാഷാജ്ഞാനത്തിന്റെ സ്വഭാവം വ്യക്തമാക്കുകയാണ് ഓരോ ഭാഷകനും ചെയ്യുന്നത്. അത് വിശകലനം ചെയ്ത് വ്യക്തമാക്കുകയാണ് ഭാഷാപഗ്രഥനത്തിൽ ചെയ്യുന്നത്.
5. ഭാഷയിലെ വിവരണസാധ്യതയുള്ള എല്ലാ വാക്യങ്ങൾക്കും വിശദീകരണം നൽകാൻ വ്യാകരണത്തിന് കഴിയണം. എങ്ങനെയാണ് പല ഘടനകളോടുകൂടിയ വാക്യങ്ങൾ ഉല്പാദിപ്പിക്കാൻ കഴിയുന്നത് എന്ന് കാണിച്ചാൽ മാത്രമേ വ്യാകരണം കൊണ്ട് കാര്യമുള്ളൂ. ആധാരവ്യവസ്ഥകളിൽ നിന്ന് ഭാഷാപ്രയോഗങ്ങളെ സംജനിപ്പിക്കുന്നത് എങ്ങനെയെന്ന രീതി സ്വീകരിച്ചതുകൊണ്ടാണ് ഈ രീതിയെ പ്രജനകവ്യാകരണമെന്ന് പറയുന്നത്.

ഒരേ ആശയം ഒന്നിലധികം തരത്തിൽ ആവിഷ്കരിക്കാൻ കഴിയുന്നതാണ് രചനാന്തരണം. വ്യവസ്ഥയെ ആധാരസംരചനയിൽ നിന്ന് പ്രയോഗം എന്ന ബാഹ്യസംരചനയിലേക്ക് മാ

SGOU

റ്റുന്നതിനെയാണ് രചനാന്തരണം എന്ന് വിളിക്കുന്നത്.

ഉദാ: ഞാൻ ഓടിവന്നു.

ഈ വാക്യത്തിലെ ആശയം തന്നെയാണ് ഞാൻ, ഓടിയാണ് വന്നത്, ഓടി വന്നതാണ് ഞാൻ, ഓടിയാണ് ഞാൻ വന്നത് എന്നിവയിൽ ചെറിയ അർഥഭേദത്തോടെ ആവിഷ്കരിക്കപ്പെടുന്നത്. ആദ്യത്തേതിന്റെ രചനാന്തരണങ്ങളാണ് പിന്നീട് പറഞ്ഞ മൂന്നെണ്ണം.

## Recap

- ആശയവിനിമയത്തിനുതകുന്ന അടിസ്ഥാന ഏകകം – വാക്യം
- പൂർണ്ണമായ ആശയത്തിന്റെ ഏറ്റവും ചെറിയ ഏകകം – വാക്യം
- ആശയപൂർത്തിയുള്ള പദസംഘാതമാണ് വാക്യം. വാ, പോ തുടങ്ങിയ വാക്യങ്ങൾ ലുപ്തവാക്യങ്ങളാണ്
- കർത്താവും ക്രിയയും മാത്രമുള്ള വാക്യങ്ങൾ ലഘുവാക്യങ്ങളാണ്
- പദങ്ങളുടെ വാക്യത്തിനുള്ളിലുള്ള വിന്യസനവും പരസ്പരബന്ധവും അവയുടെ ലീനധ്വനികളും ചേർന്ന പഠനമാണ് വാക്യവിചാരം
- ഘടനയുടെ പൊരുത്തമാണ് വാക്യത്തിന് അർഥം നൽകുന്നത്. ഘടനാപരമായി പൂർണ്ണമായവയെ പൂർണ്ണവാക്യങ്ങളെന്ന് പറയുന്നു
- വ്യാകരണപരമായി സുഘടിതവും അർഥപരമായി സ്വീകാര്യവും ആയ ആഖ്യാതത്തോടുകൂടിയ പദസംഘാതമാണ് വാക്യം
- ബ്ലൂംഫീൽഡിന്റെ പ്രശസ്തമായ ഗ്രന്ഥം – 'ഭാഷ' (Language)
- ആധുനിക ഭാഷാശാസ്ത്രത്തിന്റെ പിതാവ്- ഫെർഡിനാന്റ് ഡി സൊസ്സ്യൂർ
- സൊസ്സ്യൂറിന്റെ പ്രധാനപ്പെട്ട ഭാഷാശാസ്ത്രഗ്രന്ഥം – "A Course in General Linguistics"
- വ്യവസ്ഥാപൂർവമായ ഘടന ഭാഷയുടെ പ്രത്യേകതയാണ്
- ഭാഷയുടെ പ്രയോഗങ്ങൾക്ക് ആധാരമായിട്ടുള്ള വ്യവസ്ഥയാണ് ഘടനാസിദ്ധാന്തത്തിന്റെ ലക്ഷ്യം.
- ഭാഷയുടെ ആന്തരികവ്യവസ്ഥക്ക് ആധാരമായ രണ്ടുതരം ബന്ധങ്ങൾ അക്ഷതലബന്ധം, ലംബതലബന്ധം
- വാക്യത്തിലെ ഘടകങ്ങൾക്കുള്ള അന്യോന്യബന്ധമാണ് അക്ഷതലബന്ധം
- വാക്യഘടനയിലെ ഓരോ ഘടകത്തിനും തുല്യധർമ്മങ്ങളുള്ള ഇതരഘടകങ്ങളുമായുള്ള ബന്ധമാണ് ലംബതലബന്ധം
- ഘടനാത്മക ഭാഷാശാസ്ത്രത്തിന്റെ നാല് അടിസ്ഥാന ധാരകൾ – ഭാഷ, ഭാഷണം (ലാങ്, പരോൾ); സൂചകം – സൂചിതം; ഏകകാലികം – ബഹുകാലികം; വിന്യസനപരം – സദൃശ്യപരം
- ഭാഷാസമൂഹത്തിൽനിന്ന് വ്യക്തി ബോധപൂർവമല്ലാതെ ആർജിക്കുന്ന രീതികളുടെ കൂട്ടമാണ് ലാങ്
- ഭാഷാക്ഷമതയുടെ സമൂഹസൃഷ്ടിയാണ് ലാങ്
- വ്യക്തി സംസാരിക്കുന്നതിന്റെ ആകെത്തുകയാണ് പരോൾ
- സൂചിപ്പിക്കപ്പെടുന്നത് – സൂചകം
- സൂചകത്താൽ ഉദ്ദേശിക്കപ്പെടുന്ന ആശയബിംബം – സൂചിതം

SGOU

- കാലത്തിന്റെ ഒരു പ്രത്യേകബിന്ദുവിൽ നിന്നുകൊണ്ട് ഭാഷയെ വിശകലനം ചെയ്യുന്നത്- ഏകകാലികം
- ഭാഷാ വസ്തുതകളെ ചരിത്രപരമായ പശ്ചാത്തലത്തിൽ വിശകലനം ചെയ്യുന്നത് ബഹു കാലികം
- ഘടനയുടെയുള്ളിൽ ഘടകങ്ങളെ വിന്യസിക്കുന്നത് വിന്യസനപരം
- ആധുനിക ഭാഷാശാസ്ത്രത്തിലെ ഘടനാത്മകസമീപനരീതിയുടെ ശക്തനായ വക്താവാണ് ബ്ലൂംഫീൽഡ്
- പ്രധാനപ്പെട്ട ഘടനാത്മകസമീപനരീതികൾ - സന്നിഹിത ഘടകാപഗ്രഥനം, പദസംഹിത രചനാവ്യാകരണം, രചനാന്തരണപ്രജനകവ്യാകരണം

## Objective Type Questions

1. ആശയവിനിമയത്തിനുതകുന്ന അടിസ്ഥാന ഏകകം ഏത്?
2. ഭാഷയുടെ ഏറ്റവും പ്രധാനമായ ലക്ഷ്യം?
3. ആശയപൂർത്തിയുള്ള പദസംഘാതം ഏത്?
4. എന്താണ് ലഘുവാക്യങ്ങൾ?
5. പൂർണ്ണവാക്യങ്ങൾ എന്നാലെന്ത്?
6. ആഖ്യയില്ലാത്ത വാക്യം ഏത്?
7. ആഖ്യാതമില്ലാത്ത വാക്യം?
8. ആഖ്യയും ആഖ്യാതവും ഇല്ലാത്ത വാക്യങ്ങൾ?
9. വ്യാകരണപരമായി സുഘടിതവും അർഥപരമായി സ്വീകാര്യവുമായ ആഖ്യാതത്തോടു കൂടിയ പദസംഘാതം ഏത്?
10. ബ്ലൂം ഫീൽഡിയൻ മാതൃകയിലുള്ള ഘടനാവാദത്തിന് ശാസ്ത്രീയഭദ്രത കൈവരുത്തിയ ഭാഷാശാസ്ത്രജ്ഞൻ ആര്?
11. ഭാഷാശാസ്ത്രത്തിൽ ഭാഷാവിജ്ഞാനം, ഭാഷാനിർവഹണം എന്നീ ദ്വന്ദ്വസങ്കല്പം അവതരിപ്പിച്ച ഭാഷാശാസ്ത്രജ്ഞൻ ആര്?
12. ഭാഷാശാസ്ത്രത്തിൽ ഭാഷ - ഭാഷണം (ലാങ് - പരോൾ) ദ്വന്ദ്വം അവരിപ്പിച്ചത് ആര്?
13. ആധുനിക ഭാഷാശാസ്ത്രത്തിന്റെ പിതാവ്?
14. സൊസ്യൂറിന്റെ പ്രധാനപ്പെട്ട ഭാഷാശാസ്ത്രഗ്രന്ഥം ഏത്?
15. സാദൃശ്യപരമായ ബന്ധങ്ങൾക്ക് സൊസ്സ്യൂർ പറയുന്ന പേര്?
16. വിവരണാത്മകരീതിയുടെ ആവിഷ്കർത്താവ്?
17. ഭാഷയിലെ അർഥയുക്തരൂപങ്ങളെ ബ്ലൂം ഫീൽഡ് വിഭജിക്കുന്നത് എങ്ങനെ?
18. സന്നിഹിതഘടകാപഗ്രഥനത്തിന്റെ വക്താവ്?
19. പദസംഹിതരചനാവ്യാകരണം ആവിഷ്കരിച്ചത് ആര്?
20. രചനാനന്തരണപ്രജനകവ്യാകരണം ഒരു സിദ്ധാന്തമായി ആവിഷ്കരിച്ച ഭാഷാ ശാസ്ത്രജ്ഞൻ?

SGOU

## Answers

1. വാക്യം
2. ആശയവിനിമയം
3. വാക്യം
4. കർത്താവും ക്രിയയും മാത്രം ചേർന്ന വാക്യങ്ങൾ
5. ഘടനാപരമായി പൂർണ്ണമായ വാക്യങ്ങൾ
6. ലുപ്തവാക്യം
7. സംബോധനാ വാക്യം
8. വ്യാക്ഷേപകങ്ങൾ
9. വാക്യം
10. സെലിഗ് ഹാരിസ്
11. നോം ചോംസ്കി
12. ഫെർഡിനാന്റ് ഡി. സൊസ്സ്യൂർ
13. ഫെർഡിനാന് ഡി സൊസ്സ്യൂർ
14. A Course in General Linguistics
15. സഹവാസബന്ധങ്ങൾ
16. ബ്ലൂംഫീൽഡ്
17. പരാശ്രിതം, സ്വതന്ത്രം
18. ബ്ലൂം ഫീൽഡ്
19. നോം ചോംസ്കി
20. നോം ചോംസ്കി

## Assignments

1. ആധുനിക ഭാഷാശാസ്ത്രത്തെക്കുറിച്ച് വിശദീകരിക്കുക
2. നോം ചോംസ്കിയുടെ ഭാഷാശാസ്ത്രസങ്കല്പനങ്ങളെപ്പറ്റി വിവരിക്കുക
3. വാക്യവിജ്ഞാനത്തെക്കുറിച്ച് അപഗ്രഥനാത്മകമായി വിലയിരുത്തുക
4. ലാങ് - പരോൾ, സൂചകം - സൂചിതം - വിലയിരുത്തുക

## Reference


1. ഡോ.കെ.എം. പ്രഭാകരവാര്യർ, ഭാഷാശാസ്ത്രവിവേകം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം
2. ഡോ.കെ.എം. പ്രഭാകരവാര്യർ, ഭാഷാവലോകനം,വള്ളത്തോൾ വിദ്യാപീഠം ശുകപുരം
3. ഇ.വി.എൻ. നമ്പൂതിരി ഭാഷാ ശാസ്ത്ര പ്രവേശിക, കേരള സർവകലാശാല തിരുവനന്തപുരം


SGOU

4. എ.പി ആൻഡ്രൂസ്കുട്ടി, ഭാഷാശാസ്ത്രം - സിദ്ധാന്തവും പ്രയോഗവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം

## Suggested Reading

1. കെ ജോയ്പോൾ വി. ആർ. സോളി, ഭാഷാശാസ്ത്രം: സിദ്ധാന്തവും പ്രയോഗവും മലയാള പഠന ഗവേഷണ കേന്ദ്രം, തൃശൂർ
2. ഡോക്ടർ കെ.എം. പ്രഭാകരവാര്യർശാന്ത അഗസ്റ്റിൻ ആധുനിക ഭാഷ ശാസ്ത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം
3. വേണുഗോപാല പണിക്കർ നോം ചോംസ്കി,വിശ്വദർശനം, തൃശൂർ
4. വി.ആർ. പ്രബോധ ചന്ദ്രൻ നായർ, ഭാഷാശാസ്ത്ര ദൃഷ്ടിയിലൂടെ, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

SGOU

BLOCK - 06

# ഭാഷാശാസ്ത്ര സമീപനങ്ങൾ

SGOU

# ഭാഷാശാസ്ത്ര സമീപനങ്ങൾ

## Learning Outcomes

- ഭാഷാശാസ്ത്രത്തിലെ വിവരണാത്മകധാരയെക്കുറിച്ച് ധാരണയുണ്ടാകുന്നു
- വിവിധ ഭാഷാശാസ്ത്ര ശാഖകളെക്കുറിച്ച് അറിവുണ്ടാകുന്നു
- ബ്ലൂംഫീൽഡിന്റെ സൈദ്ധാന്തിക സമീപനങ്ങളെക്കുറിച്ചറിയുന്നു
- സപീറിന്റെ ഭാഷാശാസ്ത്ര സമീപനങ്ങൾ അറിയുന്നു

## Prerequisite

SGOU

ആധുനിക ഭാഷാശാസ്ത്രത്തിലെ ഘടനാത്മക ചിന്തകളുടെ പ്രോദ്ഘാടക സ്ഥാനം സൊസ്സ്യൂറിന് അവകാശപ്പെട്ടതാണ്. ഭാഷാശാസ്ത്രാധിഷ്ഠിതമായ സിദ്ധാന്തങ്ങൾ പ്രധാനമായും അമേരിക്കൻ യൂറോപ്യൻ പാരമ്പര്യങ്ങളുടെ സംഭാവനകൾ ആണെന്ന് പറയാം. കലാസാഹിത്യവിചാരങ്ങൾ ചിഹ്നസങ്കല്പങ്ങളാണെന്ന റഷ്യൻ ഫിലോസഫിയുടെ തുടർച്ചയായ പ്രാഗ്സ്കൂളും കോപ്പൻഹേഗൻ സ്കൂളും മറ്റുമാണ് ഭാഷയുടെ ഘടനാത്മക വശങ്ങളെ പറ്റി കൂടുതൽ ചിന്തിച്ചത്. ഭാഷാപഠനത്തിൽ ഏകകാലിക സമീപനത്തിന്റെ പ്രസക്തി തിരിച്ചറിയപ്പെട്ടു തുടങ്ങിയത് സൊസ്സ്യൂറിലൂടെ ആണെന്ന് പറയാം. ചിഹ്നം, സൂചിതം, ലാങ്, പരോൾ എന്നിങ്ങനെയുള്ള സംജ്ഞകൾ സുവിദിതമാക്കിയ സൊസ്സ്യൂറിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് യാക്കോബ്സൺ സ്വനിമ സിദ്ധാന്തം അവതരിപ്പിച്ചത്. ഭാഷാശാസ്ത്രം ചിഹ്നശാസ്ത്രത്തിന്റെയും ചിഹ്നശാസ്ത്രം ആശയവിനിമയത്തിന്റെയും ഭാഗമാണെന്ന് അദ്ദേഹം സിദ്ധാന്തിച്ചു.

അമേരിക്കൻ ഐക്യനാടുകളിൽ ഘടനാവാദസമീപനങ്ങളുടെ അടിസ്ഥാനത്തിൽ ഭാഷാശാസ്ത്രപഠനത്തിന് സവിശേഷമായ സ്വീകാര്യത ലഭിച്ചു. ബ്ലൂംഫീൽഡിനെ പോലെയുള്ള ഭാഷാശാസ്ത്രജ്ഞർ ആ നിലയിലുള്ള ആലോചനകൾക്ക് പ്രാധാന്യം നൽകി. ഘടനാവാദത്തിന്റെ സൈദ്ധാന്തിക ധാരകളുടെ ഉപജ്ഞാതാവ് എന്ന് വിശേഷിപ്പിക്കാൻ കഴിയുന്ന ഭാഷാശാസ്ത്രജ്ഞനാണ് ലിയോണാൾഡ് ബ്ലൂംഫീൽഡ്. എന്നാൽ അമേരിക്കൻ ഭാഷാശാസ്ത്ര പാരമ്പര്യത്തിന്റെ സ്ഥാപകരിൽ പ്രധാനിയായി അറിയപ്പെടുന്നത് ഫ്രാൻസ് ബോസ്(Franz boas ) ആണ്. അദ്ദേഹത്തിന്റെ ശിഷ്യനായിരുന്നു എഡ്വേർഡ് സപീർ. യൂറോപ്യൻ പശ്ചാത്തലത്തിൽ സൊസ്യൂറിയൻ ചിന്തകൾ എത്രമാത്രം പ്രസക്തി കൈവരിച്ചുവോ അതേ പ്രാധാന്യമാണ് അമേരിക്കയിൽ ബ്ലൂംഫീൽഡിന്റെ ഘടനാത്മക ചിന്തകൾക്ക് കൈവന്നത്. 1933 -ൽ പ്രസിദ്ധീകരിക്കപ്പെട്ട ലാംഗ്വേജ് എന്ന ഗ്രന്ഥം ആയിരുന്നു ബ്ലൂംഫീൽഡിയൻ ചിന്തകൾക്ക് ആധാരം. അദ്ദേഹത്തെ അനുഗമിച്ചുകൊണ്ട് എഡ്വേർഡ് സപീറും മറ്റും കടന്നു വന്നതോടുകൂടി അമേരിക്കൻ ഭാഷാശാസ്ത്രമേഖലയിൽ നൂതനചിന്താപദ്ധതികൾ ഉരുത്തിരിഞ്ഞു വന്നു



SREENARAYANAGURU OPEN UNIVERSITY

## Key Themes

സപീർ - ബ്ലൂംഫീൽഡ് - നോം ചോംസ്കി - പ്രാഗ്മാറ്റിക് ലിംഗ്വിസ്റ്റിക്സ് - ഇക്കോലിംഗ്വിസ്റ്റിക്സ് -ചിഹ്നവിജ്ഞാനം - വംശീയഭാഷാശാസ്ത്രം - ഫോറൻസിക് ലിംഗ്വിസ്റ്റിക്സ് - കമ്പ്യൂട്ടേഷണൽ ലിംഗ്വിസ്റ്റിക്സ്.

## Discussion

### 6.1.1 ഭാഷാശാസ്ത്രത്തിലെ വിവരണാത്മകധാര (Descriptive Linguistics)

ഭാഷാശാസ്ത്രത്തിലെ പ്രധാനപ്പെട്ട സമീപനങ്ങളിൽ ഒന്നാണ് വിവരണാത്മക ധാര. ഭാഷ എങ്ങനെ ഉപയോഗിക്കണം എന്ന് നിർദ്ദേശിക്കുന്നതിനേക്കാൾ ഭാഷ ആളുകൾ എങ്ങനെ ഉപയോഗിക്കുന്നു എന്നത് നിരീക്ഷിച്ചു വിശദീകരിക്കുന്നതാണ് ഈ സമീപനത്തിന് ലക്ഷ്യം. വിവരണാത്മക ഭാഷാശാസ്ത്രം ഒരു ഭാഷയുടെ ഘടനയും ഉപയോഗവും ശാസ്ത്രീയമായി പഠിക്കുന്നു. ശബ്ദങ്ങൾ, വാക്കുകൾ, വാക്യങ്ങൾ എന്നിവയുടെ ക്രമവും രൂപവും ആണ് ഇതിന്റെ പ്രധാന പഠന വിഷയം. ഒരു ഭാഷയിലെ വ്യത്യാസം നിർണ്ണയിക്കാൻ ഇത് ശ്രമിക്കുന്നില്ല. പകരം സംസാരിക്കുന്നവർ ഉപയോഗിക്കുന്ന രീതിയെ അതേപടി രേഖപ്പെടുത്തുന്നു. ഉദാഹരണത്തിന് മലയാളത്തിൽ പ്രാദേശിക ഭാഷാഭേദങ്ങൾ കാണാം. ഓരോ പ്രദേശത്തും വ്യത്യസ്തമായ ഉച്ചാരണം പദപ്രയോഗം എന്നിവ ഉണ്ടായിരിക്കുകയും വിവരണാത്മകധാര ഈ വ്യത്യാസങ്ങളെ അംഗീകരിക്കുകയും പഠിക്കുകയും ചെയ്യുന്നു. കാലാനുസൃതമായി മാറിക്കൊണ്ടിരിക്കുന്ന ഒന്നാണിത്. പുതിയ പദങ്ങൾ ഭാഷയിൽ ചേർക്കപ്പെടുന്നു. ചില പദങ്ങൾ ഉപയോഗത്തിൽ നിന്നും മാറിപ്പോകുന്നു. ഉച്ചാരണത്തിലും വ്യാകരണത്തിലും മാറ്റങ്ങൾ സംഭവിക്കുന്നു. ഈ മാറ്റങ്ങളെ ശാസ്ത്രീയമായി പഠിക്കുന്നതിൽ വിവരണാത്മക ധാരയ്ക്ക് വലിയ പങ്കുണ്ട്.

### 6.1.2 ലിയോനാൾഡ് ബ്ലൂംഫീൽഡ് (Leonard Bloomfield)

യൂറോപ്പിൽ സൊസ്സ്യൂറിന്റെ വീക്ഷണങ്ങളിൽ നിന്നു ഘടനാവാദം വളർന്നതുപോലെ, അമേരിക്കയിൽ അതു സംഭവിച്ചത് ബ്ലൂംഫീൽഡിന്റെ (1887-1949) സിദ്ധാന്തങ്ങളിൽ നിന്നായിരുന്നു. അമേരിക്കയിലെ ഘടനാ പര - വിവരണാത്മകത (structural-descriptive) ഭാഷാശാസ്ത്രത്തിന്റെ സ്ഥാപക ബിംബമായാണ് അദ്ദേഹം അറിയപ്പെടുന്നത്. 1933-ൽ പ്രസിദ്ധീകൃതമായ "Language" എന്ന പുസ്തകമാണ് ബ്ലൂംഫീൽഡിന്റെ വിവരണാത്മക ചിന്തകൾ ജനകീയമാക്കി മാറ്റിയത്. വസ്തുനിഷ്ഠ നിരീക്ഷണങ്ങളിൽ പുലർത്തിയ കാർക്കശ്യമാണ് ബ്ലൂംഫീൽഡിനേയും "ലാംഗ്വേജി"നേയും ശ്രദ്ധേയമാക്കിയത്. 1950 - കളിൽ, ചോംസ്കിയൻ ജനറേറ്റീവ് വ്യാകരണസിദ്ധാന്തങ്ങൾക്ക് പ്രചാരമേറുംവരെ അമേരിക്കൻ വിവരണാത്മക ഭാഷാശാസ്ത്രത്തിന്റെ അവസാന വാക്കായി പരിഗണിച്ചിരുന്നത് ബ്ലൂംഫീൽഡിനെയായിരുന്നു.

ഭാഷാപരമായ അർഥങ്ങളുടെ ചിഹ്നങ്ങളെല്ലാം ഭൗതികഘടകങ്ങളെ ആധാരമാക്കി വിവരിക്കാവുന്ന രൂപപരമായ വസ്തുതകളെന്നായിരുന്നു ബ്ലൂംഫീൽഡിന്റെ ഘടനവാദപരമായ കാഴ്ചപ്പാട്. ലളിതവും സമഗ്രവും അവയവപ്പൊരുത്തവുമുള്ള ഒരു സിദ്ധാന്തത്തെ അധികരിച്ചുവേണം ഭാഷാപഗ്രഥനം നടത്തേണ്ടതെന്നായിരുന്നു അദ്ദേഹമുൾപ്പെട്ട അമേരിക്കൻ ധാരയുടെ മുഖ്യവാദം. 'സാർവലൗകികവ്യാകരണം' എന്ന കാഴ്ചപ്പാടിനെ നിരാകരിക്കുകയും ഒരോ ഭാഷയും വ്യതിരിക്തമാകയാൽ അതതു ഭാഷയുടെയും ഭാഷാഭേദങ്ങളുടെയും വ്യാകരണം തയ്യാറാക്കേണ്ടത് അതതിന്റെ അടിസ്ഥാനത്തിൽ തന്നെയാവണം എന്നും അവർ സിദ്ധാന്തിച്ചു. വാമൊഴിയുടെ മൗലികതയിലൂന്നിനിന്നുകൊണ്ട്, ദൃശ്യചിഹ്നത്തിലൂടെ ഭാഷണങ്ങളെ ആവിഷ്കരിക്കാനുള്ള ഒരു മാർഗം മാത്രമാണ് എഴുത്തെന്നും അതൊരു ഭാഷയാക്കാനേ കഴിയില്ലെന്നും അവർ കണ്ടെത്തുന്നു. ആവേദകൻ എന്ന നിലയിൽ മാതൃഭാഷാഭാഷകനായ ഒരു വ്യക്തിയെ വേണ്ടവിധം പ്രയോജനപ്പെടു

SGOU

ത്തിയാൽ ഏതു ഭാഷയുടെയും വിവരണം തയ്യാറാക്കാൻ ഭാഷാശാസ്ത്രജ്ഞന് കഴിയും. ഇതിനു ബഹുഭാഷകൻ എന്നതിനേക്കാൾ ഭാഷാ അപഗ്രഥനത്തിനുള്ള നിപുണതയാണ് മുഖ്യമാനദണ്ഡം എന്നും ഇവർ കരുതുന്നു. ദത്തങ്ങളെ മാത്രം അടിസ്ഥാനമാക്കിയുള്ള വിവരണാത്മക വ്യാകരണ പദ്ധതിയെ രൂപപ്പെടുത്തുന്നതിൽ അദ്ദേഹം ഏറെ ശ്രദ്ധ ചെലുത്തി.

വിവരണാത്മകധാരയുടെ വളർച്ചയിൽ ലിയോണാൾഡ് ബ്ലൂം ഫീൽഡിനെ പോലെയുള്ള ഭാഷാശാസ്ത്രജ്ഞരുടെ സംഭാവന വളരെ പ്രധാനമാണ്. അദ്ദേഹം ഭാഷയെ ശാസ്ത്രീയമായി പഠിക്കാൻ മാർഗങ്ങൾ വികസിപ്പിക്കുകയും നിരീക്ഷണാധിഷ്ഠിത പഠനത്തിന് പ്രാധാന്യം നൽകുകയും ചെയ്തു. ഇതിലൂടെ ആധുനികഭാഷാ ശാസ്ത്രത്തിന് ശക്തമായ അടിത്തറ രൂപപ്പെട്ടു.

### 6.1.3 എഡ്വേർഡ് സപീർ (Edward Sapir)

ഭാഷാശാസ്ത്രത്തിലും നരവംശശാസ്ത്രത്തിലും പ്രധാനപ്പെട്ട സംഭാവന നൽകിയ വ്യക്തിയാണ് എഡ്വർഡ് സപീർ (Edward sapir ). ഭാഷയും മനുഷ്യജീവിതവുമായി അതിനുള്ള ബന്ധവും അദ്ദേഹം ആഴത്തിൽ പഠിച്ചു. ഭാഷയെ വെറും ആശയവിനിമയോപാധി എന്നതിലുപരി മനുഷ്യരുടെ ചിന്തകളും സംസ്കാരവും രൂപപ്പെടുത്തുന്ന പ്രധാന ഘടകമെന്ന നിലയിലാണ് സപീർ കണ്ടത്. സപീറിന്റെ പഠനങ്ങളിൽ പ്രധാനമായി ഉയർന്നുവരുന്നത് ഭാഷയും സംസ്കാരവും തമ്മിലുള്ള ബന്ധം ആണ്. ഓരോ സമൂഹത്തിന്റെയും സംസ്കാരവും ജീവിതരീതിയും അവരുടെ ഭാഷയിൽ പ്രതിഫലിക്കുന്നു എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. ഒരു ഭാഷ പഠിക്കുന്നത് ആ സമൂഹത്തിന്റെ സംസ്കാരത്തെ മനസ്സിലാക്കാനുള്ള വഴിയാകുന്നു. സപിർ ഭാഷയെ ഒരു ക്രമബദ്ധമായ സംവിധാനമായി കണ്ടു. ശബ്ദം,പദങ്ങൾ, വ്യാകരണം എന്നിവ തമ്മിൽ ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഒരു ഘടനയാണെന്ന് അദ്ദേഹം വിശദീകരിച്ചു. ലോകത്തിലെ ഭാഷകളുടെ വൈവിധ്യവും സപീർ എടുത്തുകാട്ടി. സപീറിന്റെ പ്രശസ്തമായ കൃതിയായ language and introduction to the study of speech ഭാഷാശാസ്ത്രത്തിലെ ഒരു പ്രധാന ഗ്രന്ഥമായി കണക്കാക്കപ്പെടുന്നു.

ആധുനിക ഭാഷാശാസ്ത്രത്തിന്റെ വിവരണാത്മകധാരയിൽ ദൃഢപ്രതിഷ്ഠാപനം നേടിയ ഭാഷാശാസ്ത്രജ്ഞനാണ് സപീർ. അമേരിക്കൻ വിവരണാത്മക ഭാഷാശാസ്ത്രത്തിൽ വൻവിസ്ഫോടനം സൃഷ്ടിച്ചവയായിരുന്നു സപീറിന്റെ ആദിവാസി ഭാഷാപഠനങ്ങൾ. ഭാഷയെയും സംസ്കാരത്തെയും ഒന്നിച്ചല്ലാതെ വേർതിരിച്ചു പഠിക്കാൻ ആവില്ല. ഭാഷ എന്ന സംവേദന മാധ്യമമില്ലാത്ത ഒരു ജനതയും എങ്ങും ഇല്ല അതിനാൽ ഭാഷ സർവലൗകികമായ മാനവ സമ്പത്താണ്. അപരിഷ്കൃതമെന്നോ പ്രാകൃതമെന്നോ വിശേഷിപ്പിക്കാവുന്ന ഒരു ഭാഷയും ഇല്ല തന്നെ. ഇതായിരുന്നു സപീറിന്റെ കാഴ്ചപ്പാട്.

### 6.1.4 നോം ചോംസ്കി (Noam Chomsky)

ആധുനിക ഭാഷാ ശാസ്ത്രത്തിലെ ഏറ്റവും സ്വാധീനമുള്ള വ്യക്തികളിൽ ഒരാളായി നോം ചോംസ്കി അറിയപ്പെടുന്നു. ചോംസ്കിയുടെ ഏറ്റവും പ്രധാനപ്പെട്ട സംഭാവനകളിൽ ഒന്നാണ് ജനറേറ്റീവ് ഗ്രാമർസിദ്ധാന്തം. ഈ സമീപനം അനുസരിച്ച് ഭാഷ വെറും വാക്യങ്ങളുടെ ഒരു ശേഖരം മാത്രമല്ല അനന്തമായ വാക്യങ്ങൾ സൃഷ്ടിക്കാൻ അനുവദിക്കുന്ന നിയമങ്ങളുടെ ഒരു സംവിധാനമാണ്. മനുഷ്യർക്ക് മുൻപൊരിക്കലും ഇല്ലാതിരുന്ന വാക്യങ്ങൾ സൃഷ്ടിക്കാനും മനസ്സിലാക്കാനും ഉള്ള കഴിവുണ്ട്. ഇത് ഭാഷയുടെ സൃഷ്ടിപരമായ സ്വഭാവം പ്രകടമാക്കുന്നു. അനുകരണത്തിലൂടെയോ മനഃപാഠമാക്കുന്നതിലൂടെയോ മാത്രം ഈ സർഗാത്മകതയെ പൂർണ്ണമായി വിശദീകരിക്കാൻ കഴിയില്ല. ഭാഷ നേടാനുള്ള കഴിവ് ജന്മസിദ്ധമാണെന്ന് വാദിക്കുന്ന ചോംസ്കിയുടെ സഹജമായ സിദ്ധാന്തം ഇതുമായി അടുത്ത ബന്ധപ്പെട്ടിരിക്കുന്നു. ഭാഷ വേഗത്തിലും കാര്യക്ഷമമായും പഠിക്കാൻ പ്രാപ്തമാക്കുന്ന ഒരു അന്തർലീന ഭാഷാപരമായകഴിവോടെയാണ് കുട്ടികൾ ജനിക്കുന്നതെന്ന് അദ്ദേഹം നിർദ്ദേശിച്ചു. എല്ലാം മനുഷ്യഭാഷകളും ചില അടിസ്ഥാനതത്വങ്ങൾ പങ്കിടുന്നു. സൂ

SGOU



SREENARAYANAGURU OPEN UNIVERSITY

ചിപ്പിക്കുന്ന വ്യാകരണത്തിന്റെ ആശയത്തിലൂടെ ഈ ആശയം കൂടുതൽ വിശദീകരിക്കപ്പെടുന്നു. മനുഷ്യമസ്തിഷ്കത്തിന്റെ സ്വാഭാവിക ഘടനയുടെ ഭാഗമാണ് ഈ സാർവത്രിക സവിശേഷതകൾ എന്ന് വിശ്വസിക്കപ്പെടുന്നു.

## 6.1.5 ഭാഷാശാസ്ത്രത്തിലെ ശാഖകൾ

### 6.1.5.1 പ്രാഗ്മാറ്റിക് ഭാഷാശാസ്ത്രം (Pragmatics Linguistics)

ഭാഷാശാസ്ത്രത്തിലെ ഒരു പ്രധാന ശാഖയാണ് പ്രാഗ്മാറ്റിക് ഭാഷാശാസ്ത്രം. ഭാഷയുടെ അർഥം പദങ്ങളിലും വാക്യഘടനയിലും മാത്രം ഒതുങ്ങുന്നതല്ല, മറിച്ച് അത് ഉപയോഗിക്കുന്ന സാഹചര്യത്തിൽ സംസാരിക്കുന്നവരുടെ ഉദ്ദേശത്തെ ആശ്രയിച്ചാണ് യഥാർഥ അർഥം രൂപപ്പെടുന്നത് എന്ന ആശയത്തിലാണ് ഈ ശാഖയുടെ അടിസ്ഥാനം ഉണ്ടാകുന്നത്. ഒരു വാക്യം പറയുമ്പോൾ അതിന് നേരിട്ടുള്ള അർഥത്തിന് പുറമേ മറഞ്ഞിരിക്കുന്ന ഉദ്ദേശവും പ്രാഗ്മാറ്റിക് ഭാഷാശാസ്ത്രം പരിശോധിക്കുന്നു. പ്രാഗ്മാറ്റിക്ഭാഷാശാസ്ത്രത്തിന്റെ പ്രധാന സവിശേഷതയാണ് (Context )സന്ദർഭം.) ഒരു വാക്യം ആരാണ് പറയുന്നത് എവിടെയാണ് പറയുന്നത് ഏത് സാഹചര്യത്തിലാണ് പറയുന്നത് തുടങ്ങിയ ഘടകങ്ങൾ അർഥനിർണ്ണയത്തിൽ നിർണ്ണായകമാണ്. ഉദാഹരണത്തിന് ഇവിടെ വളരെ ചൂടാണ് എന്ന വാക്യം ഒരു വിവരം എന്നതിലുപരി ഫാൻ ഓൺ ചെയ്യാനുള്ള ഒരു അഭ്യർഥനയായും മനസ്സിലാക്കാം. ഈ രീതിയിലുള്ള അർഥവ്യത്യാസങ്ങളാണ് പ്രാഗ്മാറ്റിക് ഭാഷാശാസ്ത്രം പഠിക്കുന്നത്.

ഇതോടൊപ്പം Speech act theory എന്ന ആശയവും വളരെ പ്രധാനമാണ് JL Austinഅവതരിപ്പിച്ച ഈ സിദ്ധാന്തം ഭാഷയെ ഒരു പ്രവർത്തനമായി കാണുന്നു. കൂടാതെ HP Griceഅവതരിപ്പിച്ച Conversational Implicature എന്ന ആശയം പ്രാഗ്മാറ്റിക്ഭാഷാ ശാസ്ത്രത്തിൽ നിർണ്ണായകമാണ്. ഇതിൽ സംസാരിക്കുന്നവൻ നേരിട്ട് പറയാത്ത അർഥമാണ് പ്രധാനമായി പരിഗണിക്കുന്നത്. ഉദാഹരണത്തിന് അവൻ നല്ല വിദ്യാർഥിയാണ് എന്ന് പറയുമ്പോൾ അവൻ പരീക്ഷയിൽ വിജയിക്കും എന്ന സൂചന കൂടി കിട്ടുന്നു. പ്രാഗ്മാറ്റിക്ഭാഷശാസ്ത്രം ഭാഷയുടെ ആത്യന്തിക അർഥം കണ്ടെത്താൻ സഹായിക്കുന്ന ഒരു ശാസ്ത്രശാഖയാണ്. വാക്കുകളുടെ അർഥം മാത്രമല്ല ഉപയോഗിക്കുന്ന സാഹചര്യവും ഉദ്ദേശവും ഉൾപ്പെടുത്തി ഭാഷയെ വിശകലനം ചെയ്യുന്നതിലൂടെ ആശയവിനിമയത്തെ കൂടുതൽ ആഴത്തിൽ മനസ്സിലാക്കാൻ ഇത് സഹായിക്കുന്നു. അതുകൊണ്ടുതന്നെ ഭാഷാശാസ്ത്ര പഠനത്തിൽ പ്രാഗ്മാറ്റിക് ഭാഷാശാസ്ത്രത്തിന് വലിയ പ്രാധാന്യമുണ്ട്

### 6.1.5.2 ഇക്കോലിംഗ്വിസ്റ്റിക്സ് (Ecolinguistics)

പരിസ്ഥിതിഭാഷാശാസ്ത്രം എന്നത് ഭാഷകളെ പരസ്പരം ബന്ധപ്പെടുത്തി വിവിധ സാമൂഹിക ഘടകങ്ങളെക്കുറിച്ചുള്ള പഠനമാണ്. ഇനാർ ഹേഗൻ (Einar Haugen) തന്റെ 'ദി ഇക്കോളജി ഓഫ് ലാഗ്വേജ്' എന്ന പുസ്തകത്തിൽ ആണ് ഇക്കോലിംഗ്വിസ്റ്റിക്സിനെക്കുറിച്ച് ആദ്യമായി സൂചിപ്പിക്കുന്നത്. ഏതു ഭാഷയും അതിന്റെ പരിസ്ഥിതിയും തമ്മിലുള്ള ഇടപെടലുകളെക്കുറിച്ചുള്ള പഠനം എന്നാണ് ഇനാർഹേഗൻ പരിസ്ഥിതി ഭാഷാശാസ്ത്രത്തെ നിർവചിച്ചത്. ഭാഷ, പരിസ്ഥിതി എന്ന പദവും ജീവജാലങ്ങളെക്കുറിച്ചുള്ള പഠനത്തിൽ നിന്ന് ഉരുത്തിരിഞ്ഞു വന്നതാണ്. ഇക്കോലിംഗ്വിസ്റ്റിക്സ് ഭാഷയും പരിസ്ഥിതിയും തമ്മിലുള്ള ബന്ധം പഠിക്കുന്ന ഒരു പ്രധാന ശാസ്ത്രശാഖയാണ്. മനുഷ്യർ പ്രകൃതിയെ എങ്ങനെ കാണുന്നു അതിനോട് എങ്ങനെ പെരുമാറുന്നു എന്നതിനെ ഭാഷ നിർണ്ണയിക്കുന്നു എന്നതാണ് ഇതിന്റെ അടിസ്ഥാന ആശയം. ഇന്നത്തെ കാലത്ത് പരിസ്ഥിതി പ്രശ്നങ്ങൾ ഗുരുതരമാകുമ്പോൾ ഭാഷയുടെ പങ്ക് കൂടുതൽ ശ്രദ്ധേയമാകുന്നു. ഇക്കോലിംഗ്വിസ്റ്റിക്സ് രൂപപ്പെട്ടത് ലിംഗ്വിസ്റ്റിക്സ്, ഇക്കോളജി,

SGOU

സോഷ്യോലിംഗ്വിസ്റ്റിക്സ് എന്നീ ശാഖകളുടെ സംയോജനത്തിലൂടെയാണ്. ഈ ശാഖയിൽ ഭാഷയെ ഒരു ആശയവിനിമയ മാർഗമായി മാത്രമല്ല സമൂഹത്തിന്റെ ചിന്താഗതിയും ജീവിതരീതിയും രൂപപ്പെടുത്തുന്ന ശക്തിയായി കാണുകയും ചെയ്യുന്നു.

ഇക്കോലിംഗ്വിസ്റ്റിക്സിന്റെ പ്രധാന ആശയങ്ങളിൽ ഒന്നാണ് ഭാഷയുടെ പരിസ്ഥിതി സ്വാധീനം. ഉദാഹരണത്തിന് പ്രകൃതി വിഭവങ്ങൾ എന്ന പ്രയോഗം പ്രകൃതിയെ ഉപയോഗിക്കാവുന്ന വസ്തുവായി അവതരിപ്പിക്കുന്നു. ഇപ്പോൾ ലിംഗ്വിസ്റ്റിക്സിൽ പരിസ്ഥിതി ഡിസ്ക്കോഴ്സ് വിശകലനം ഒരു പ്രധാന പഠന മേഖലയാണ്. മാധ്യമങ്ങൾ, രാഷ്ട്രീയ പ്രസംഗങ്ങൾ, പരസ്യങ്ങൾ എന്നിവയിൽ പ്രകൃതി എങ്ങനെ അവതരിപ്പിക്കുന്നു എന്ന് പഠിക്കുന്നു. കൂടാതെ ഭാഷയും ജൈവവൃദ്ധിയും തമ്മിലുള്ള ബന്ധവും ശ്രദ്ധേയമാണ്. ലോകത്ത് നിരവധി ആദിവാസി ഭാഷകൾ ഇല്ലാതാകുമ്പോൾ അവയിൽ ഉൾക്കൊള്ളുന്ന പരിസ്ഥിതിയെക്കുറിച്ചുള്ള അറിവും നഷ്ടമാകുന്നു. ഫോക്‌ലോർ അറിവുകൾ ഈ പഠന ശാഖയിലൂടെ വിശദീകരിക്കാവുന്നതാണ്.

### 6.1.5.3 ചിഹ്നവിജ്ഞാനീയം (Semiotics)

ചിഹ്നങ്ങളുടെ രൂപവല്ക്കരണം പ്രവർത്തനം എന്നിവയെ സംബന്ധിച്ചുള്ള വിശദമായ പഠനമാണ് ചിഹ്നവിജ്ഞാനീയം അഥവാ സെമിയോളജി. ചിഹ്നങ്ങളുടെ അനന്തമായ അർഥസാധ്യതയാണ് ഇവിടെ അന്വേഷിക്കുന്നത്. മനുഷ്യനിർമ്മിതവും വ്യവസ്ഥാപിതവുമായ എന്തിനെയും ചിഹ്നം എന്ന് പരിഗണിക്കാം. സൂചകവും സൂചിതവും ചേർന്ന് ഒരു വ്യവസ്ഥയാണ് ഇത്. മറ്റൊരുതരത്തിൽ പറഞ്ഞാൽ സൂചകം ശബ്ദബിംബവും അതിൽ വായിച്ചെടുക്കുന്ന അർഥം സൂചിതവും ആണ്.

**ഉദാ:** ചിഹ്നം -കഴുത

സൂചകം ക് + ഴ് + ഉ+ത് -കഴുത എന്ന ശബ്ദബിംബം

സൂചിതം കഴുത എന്ന ശബ്ദം മനസ്സിൽ ഉണ്ടാക്കുന്ന ജീവിയുടെ രൂപം.

ഇവ രണ്ടും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഓരോ ഭാഷാ ചിഹ്നത്തിലും ഒരു ശബ്ദം ഉൾച്ചേർന്നിരിക്കും. ചിഹ്നം നേരിട്ട് ഒരു വസ്തുവിനെയും കുറിക്കുന്നില്ല. മറിച്ച് അവയുടെ പരസ്പരം ബന്ധം പുരസ്കരിച്ചാണ് ചിഹ്നങ്ങൾ മൂല്യം കൈവരിക്കുന്നത്. ഭാഷയുടെ ആന്തരിക നിയമങ്ങൾക്ക് അനുസൃതമായാണ് ഓരോ ഭാഷയിലും ചിഹ്നങ്ങൾ രൂപവല്കൃതവും പ്രവർത്തനക്ഷമവും ആകുന്നത്. ചിഹ്നങ്ങളുടെ ശാസ്ത്രീയ വിശകലനത്തിന് അത് ഉൾപ്പെട്ട ഭാഷാവ്യവസ്ഥയെയാണ് പരിഗണിക്കേണ്ടത്. ഓരോ ഭാഷയിലെ ചിഹ്നങ്ങളും ആ ഭാഷ സംസാരിക്കുന്നവർക്കേ മനസ്സിലാവുകയുള്ളൂ. ഭാഷാവ്യവസ്ഥയെ പറ്റിയുള്ള പൊതു ധാരണയാണ് ഇതിന് കാരണം. ഉദാഹരണത്തിന് പൂച്ച എന്ന ശബ്ദം എടുക്കുക. മലയാളഭാഷാ ചിഹ്നവ്യവസ്ഥയ്ക്കുള്ളിൽ പ്രത്യക്ഷമാകുന്ന നിയമവ്യവസ്ഥയാണ് പൂച്ച എന്ന ചിഹ്നത്തിൽ സൂചക സൂചിത ബന്ധം നിർണ്ണയിക്കുന്നത്. ഓരോ ഭാഷയിലും ചിഹ്നങ്ങൾക്ക് ആ ഭാഷയിൽ മാത്രമേ പ്രസക്തിയുള്ളൂ. പൂച്ചയെ കുറിക്കുന്ന വിവിധ ഭാഷാ സംജ്ഞകൾ ഒരേ ജീവിയെ സൂചിപ്പിക്കുന്നുവെങ്കിലും വ്യത്യസ്ത ഭാഷയിൽ ഉൾപ്പെട്ടിരിക്കുന്നതിനാൽ അവയ്ക്ക് പരസ്പരം ബന്ധം ഒന്നും തന്നെയില്ല. ഭാഷയുടെ സ്വേച്ഛാപരതയാണ് ഇതിന് കാരണം. ഭാഷയിലെ ഒരു ചിഹ്നത്തിന് എപ്പോഴും ഒരേ അർഥമാകണമെന്നില്ല

### 6.1.5.4 വംശീയഭാഷാശാസ്ത്രം (Ethno-linguistics)

വംശം നിർമ്മിക്കാൻ മനുഷ്യൻ ഭാഷ എങ്ങനെ ഉപയോഗിക്കുന്നു എന്നും വംശത്തെക്കുറിച്ചുള്ള ആശയങ്ങൾ ഭാഷയെയും ഭാഷ ഉപയോഗത്തെയും എങ്ങനെ സ്വാധീനിക്കുന്നു എന്നും പരിശോധിക്കുന്ന ഭാഷാശാസ്ത്ര മേഖലയാണ് വംശീയഭാഷാശാസ്ത്രം. സാമൂഹിക ഭാഷശാസ്ത്രത്തിൽ നിന്നും നരവംശശാസ്ത്രത്തിൽ നിന്നും ഒട്ടും പിന്നിലല്ലാത്ത പ്രാധാന്യം വംശീയഭാഷാശാസ്ത്രത്തിനും ഉണ്ട്. വംശീയമായ ഒരു വിഷയത്തിൽ നിന്ന് വരുന്ന സംസാരത്തിന്റെ സങ്കീർണ്ണമായ അർഥങ്ങളും പ്രത്യാഘാതങ്ങളും മനസ്സിലാക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. ഭാഷയിലൂടെ ഒരാൾക്ക് ഒരു

SGOU

പ്രത്യേക വംശവുമായി ഉണ്ടാക്കിയ ബന്ധങ്ങൾ ഏറ്റെടുക്കാനോ ഉപേക്ഷിക്കാനോ അടിച്ചേൽപ്പിക്കാനോ കഴിയും

വംശീയഭാഷാശാസ്ത്രം എന്നത് ഭാഷയെ ഉപയോഗിച്ച് മറ്റുള്ളവരെ സ്വാധീനിക്കുന്നതും മനസ്സിലാകുന്നതുമായ കലയും ശാസ്ത്രവും ആണ്. സംസാരത്തിലൂടെയും എഴുത്തിലൂടെയും ആളുകളുടെ മനസ്സിൽ മാറ്റം സൃഷ്ടിക്കാൻ ഉപയോഗിക്കുന്ന രീതികളും തന്ത്രങ്ങളും ആണ് ഈ ശാഖ പഠിക്കുന്നത് .

വംശീയഭാഷാശാസ്ത്രം സാഹിത്യത്തിലും മാധ്യമങ്ങളിലും വ്യാപകമായി ഉപയോഗിക്കുന്നു. കവിതകൾ, നോവലുകൾ, നാടകങ്ങൾ എന്നിവ വായനക്കാരന്റെ മനസ്സിൽ വികാരങ്ങൾ ഉണർത്താൻ വംശീയഭാഷാശാസ്ത്ര ഘടകങ്ങൾ ഉപയോഗിക്കുന്നു. അതുപോലെ പരസ്യങ്ങളിലും രാഷ്ട്രീയപ്രചാരങ്ങളിലും ആളുകളെ ആകർഷിക്കാനും അവരുടെ തീരുമാനങ്ങളെ സ്വാധീനിക്കാനും ഭാഷയെ തന്ത്രപരമായി ഉപയോഗിക്കുന്നു. ആധുനികകാലത്ത് സോഷ്യൽ മീഡിയയുടെ വളർച്ചയോടെ വംശീയഭാഷാശാസ്ത്രത്തിന്റെ പ്രാധാന്യം വർധിച്ചു. സോഷ്യൽ മീഡിയയിൽ ചെറിയ വാചകങ്ങൾ കൊണ്ടുപോലും വലിയ സ്വാധീനം സൃഷ്ടിക്കാൻ കഴിയുന്നു. അതിനാൽ ഈ ശാഖയെ മനസ്സിലാക്കുന്നത് വിമർശനാത്മകചിന്ത വികസിപ്പിക്കാൻ സാധിക്കുന്നു.

### 6.1.5.5 ഫോറൻസിക്ഭാഷാശാസ്ത്രം (Forensic Linguistics)

ഫോറൻസിക്ഭാഷാശാസ്ത്രം ഭാഷാശാസ്ത്രത്തിലെ സിദ്ധാന്തങ്ങളും രീതികളും നിയമപരമായ അന്വേഷണങ്ങളിലും കോടതി നടപടികളിലും പ്രയോഗിക്കുന്ന ഒരു പ്രധാന ശാസ്ത്രശാഖയാണ്. ശാസ്ത്രീയ വിശകലനം ഉപയോഗിച്ച് കുറ്റകൃത്യങ്ങൾ അന്വേഷിക്കാനും തെളിവുകൾ വിലയിരുത്താനും സത്യാവസ്ഥ കണ്ടെത്താനും ഈ ശാഖ സഹായിക്കുന്നു. ഇന്നത്തെ ഡിജിറ്റൽ യുഗത്തിൽ കുറ്റകൃത്യങ്ങൾ പലപ്പോഴും എഴുത്തിലൂടെയും ശബ്ദരേഖകളിലൂടെയും നടക്കുന്നതിനാൽ ഫോറൻസിക്ഭാഷാശാസ്ത്രത്തിന്റെ പ്രാധാന്യം വർധിച്ചു വരികയാണ്. മാൽക്കം കോൾത്താർഡ് (Malcolm coulthard) ന്റെ ഗവേഷണങ്ങൾ ഫോറൻസിക് ഭാഷാ ശാസ്ത്രത്തെ സ്വതന്ത്രമായ ഒരു പഠന മേഖലയാക്കി ഉയർത്തി. ഭാഷയുടെ പ്രത്യേകതകൾ ഉപയോഗിച്ച് തെളിവുകൾ പരിശോധിക്കാനുള്ള രീതികൾ അദ്ദേഹം വികസിപ്പിച്ചു.

ഫോറൻസിക്ഭാഷാസ്ത്രത്തിന്റെ പ്രധാന മേഖലകളിൽ ഒന്നാണ് ഓതർഷിപ്പ് (Authorship Analysis.) അതായത് രചയിതാവിനെ കണ്ടെത്തൽ. സംശയാസ്പദമായ കത്തുകൾ ഭീഷണി സന്ദേശങ്ങൾ എന്നിവയുടെ ഭാഷാശൈലി വിശകലനം ചെയ്ത് അത് ആരാണ് എഴുതിയത് എന്ന് കണ്ടെത്താൻ സഹായിക്കുന്നു. ഒരോ വ്യക്തിയും പ്രത്യേകമായ ഭാഷാ ശൈലിയുള്ളവരാണ്. അതുകൊണ്ട് ഈ വിശകലനം സാധ്യമാണ്. മറ്റൊരു പ്രധാന മേഖല ഡിസ്കോഴ്സ് അനാലിസിസ് (Discourse Analysis.) ആണ്. പോലീസ് ചോദ്യം ചെയ്യലുകൾ, സാക്ഷി മൊഴികൾ, കോടതി രേഖകൾ എന്നിവയിലെ ഭാഷ പരിശോധിച്ച് അവയുടെ വിശ്വാസ്യത ഉദ്ദേശ്യം എന്നിവ വിലയിരുത്തുന്നു. ചിലപ്പോൾ തെറ്റായ ചോദ്യം ചെയ്യൽ മൂലം യഥാർഥ കുറ്റവാളി രക്ഷപ്പെട്ടേക്കാം. ഈ പ്രശ്നങ്ങൾ തിരിച്ചറിയാൻ ഫോറൻസിക്ഭാഷാശാസ്ത്രം സഹായിക്കുന്നു.

ഇതിന് പുറമേ ലീഗൽ ലാംഗ്വേജ് അനാലിസിസ് നിയമഭാഷയുടെ പഠനം എന്ന മേഖലയിലും ഇതിന് വലിയ പ്രാധാന്യമുണ്ട്. നിയമ രേഖകളിൽ ഉപയോഗിക്കുന്ന ഭാഷ സാധാരണയായി സങ്കീർണ്ണമാണ്. ഇത് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു. ഫോറൻസിക്ഭാഷാശാസ്ത്രം ഭാഷയെ ലളിതമാക്കാനും വ്യക്തത നൽകാനും സഹായിക്കുന്നു. സൈബർ കുറ്റകൃത്യങ്ങൾ വർധിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ഫോറൻസിക് ഭാഷാശാസ്ത്രത്തിന്റെ പ്രയോഗം അനിവാര്യമായി മാറിയിരിക്കുന്നു.

### 6.1.5.6 കമ്പ്യൂട്ടേഷണൽലിംഗ്വിസ്റ്റിക്സ് (Computational Linguistics)

കമ്പ്യൂട്ടേഷണൽഭാഷാശാസ്ത്രം മനുഷ്യഭാഷയെ കമ്പ്യൂട്ടറുകൾക്ക് മനസ്സിലാക്കാനും വിശ

SGOU

കലനം ചെയ്യാനും പ്രയോഗിക്കാനും സഹായിക്കുന്ന ശാസ്ത്രശാഖയാണ്. ഭാഷാശാസ്ത്രവും കമ്പ്യൂട്ടർ ശാസ്ത്രവും തമ്മിലുള്ള സംയോജനത്തിലൂടെയാണ് ഈ ശാഖ വികസിച്ചത് . ഭാഷയുടെ ഘടന, അർഥം, ഉപയോഗം എന്നിവ കൃത്യമായി നിർവചിച്ച് അൽഗോരിതങ്ങൾ ആക്കി മാറ്റി കമ്പ്യൂട്ടറുകൾക്ക് വിശകലനം ചെയ്യാൻ കഴിയുന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. ആധുനിക ഡിജിറ്റൽ ലോകത്തിൽ മനുഷ്യനും യന്ത്രവും തമ്മിലുള്ള ആശയവിനിമയം സുതാര്യമാക്കുന്നതിന് ഈ ശാഖ നിർണ്ണായക പങ്കുവഹിക്കുന്നു.

ഈ ശാഖയുടെ അടിസ്ഥാനത്തിൽ ലിംഗ്വിസ്റ്റിക്സും കമ്പ്യൂട്ടർ സയൻസും നിലകൊള്ളുന്നു. ഭാഷയുടെ വ്യാകരണം, ഘടനകൾ, ശബ്ദസംവിധാനം, അർഥശാസ്ത്രം എന്നിവ കമ്പ്യൂട്ടർക്ക് മനസ്സിലാക്കുന്ന രീതിയിൽ രൂപപ്പെടുത്തുകയാണ് കമ്പ്യൂട്ടേഷണൽഭാഷാശാസ്ത്രത്തിന്റെ പ്രധാന പ്രവർത്തന രീതി. കമ്പ്യൂട്ടേഷണൽ ഭാഷശാസ്ത്രത്തിലെ പ്രധാന മേഖലയാണ് നാച്ചുറൽ ലാംഗ്വേജ് പ്രോസസിംഗ് (NLP). ഇത് മനുഷ്യഭാഷയെ കമ്പ്യൂട്ടറുകൾക്ക് മനസ്സിലാക്കാനും പ്രതികരിക്കാനും സഹായിക്കുന്നു. മെഷീൻ വിവർത്തനം, ശബ്ദംതിരിച്ചറിയൽ, ടെക്സ്റ്റ് വിശകലനം തുടങ്ങിയവ NLPയുടെ ഭാഗങ്ങളാണ്. ഉദാഹരണത്തിന് ഗൂഗിൾ ട്രാൻസിലേറ്റ് പോലുള്ള സംവിധാനങ്ങൾ ഒരു ഭാഷയിൽ നിന്നുള്ള വാചകങ്ങളെ മറ്റൊരു ഭാഷയിലേക്ക് തർജമ ചെയ്യാൻ സഹായിക്കുന്നു.

കമ്പ്യൂട്ടറിനുവേണ്ടി സ്വാഭാവികഭാഷയെ 'റൂൾ' അധിഷ്ഠിതമായി അപഗ്രഥിക്കുന്ന ഒരു അന്തർവിജ്ഞാന പഠന മേഖലയാണിത്. പരമ്പരാഗതമായി സ്വാഭാവികഭാഷാസംസ്കരണത്തിൽ(Natural Language Processing) അവഗാഹം ഉള്ള കമ്പ്യൂട്ടർ ശാസ്ത്രജ്ഞന്മാരാണ് ഇത്തരം പഠനങ്ങളിൽ വ്യാപരിച്ചിരുന്നത്. എന്നാൽ ലക്ഷ്യഭാഷയിലെ വിദഗ്ധർ, ഗണിതശാസ്ത്രജ്ഞർ, ന്യൂറോ ശാസ്ത്രജ്ഞന്മാർ, നരവംശശാസ്ത്രജ്ഞർ, കൊഗ്നിറ്റീവ് ശാസ്ത്രജ്ഞൻമാർ തുടങ്ങി നിരവധി മേഖലയിലുള്ളവർ ഈ ഒരു പഠനത്തിൽ പങ്കാളിയാകുന്നു. അന്തർവൈജ്ഞാനികമായ നിരവധി മേഖലകളിൽ കമ്പ്യൂട്ടേഷണൽ ലിംഗ്വിസ്റ്റിക്സ് അതിന്റെ പ്രാധാന്യവും ആവശ്യകതയും തെളിയിച്ചു കഴിഞ്ഞു. സ്വാഭാവിക ഭാഷാസംസ്കരണം ഇന്ന് ജനപ്രിയമായി കൊണ്ടിരിക്കുന്നു. കമ്പ്യൂട്ടർ ഉപയോഗിച്ച് ലിഖിത പാഠമോ ഭാഷണമോ സംസ്കരിക്കൽ അഥവാ ഉത്പാദിപ്പിക്കുകയോ ഗ്രഹിക്കുകയോ ചെയ്യലാണ് സ്വാഭാവിക ഭാഷാ സംസ്കരണം.

ശബ്ദസംസ്കരണം (Speech processing) കമ്പ്യൂട്ടേഷണൽ ഭാഷാശാസ്ത്രത്തിലെ മറ്റൊരു പ്രധാന മേഖലയാണ്. മനുഷ്യരുടെ ശബ്ദം തിരിച്ചറിയാനും യന്ത്രങ്ങൾ അതിനനുസരിച്ച് പ്രതികരിക്കാനും സഹായിക്കുന്നു. വോയ്സ് അസിസ്റ്റൻഡുകൾ, മൊബൈൽ ഫോണുകളിലെ ശബ്ദ കമാന്റുകൾ എന്നിവ ഇതിന് ഉദാഹരണങ്ങളാണ്. ഭാഷാഗ്രഹണത്തിന്റെ ഒരു ഭാഗമാണ് സ്പീച്ച് റെക്കഗ്നേഷൻ speech recognition കമ്പ്യൂട്ടറിൽ ഉൾക്കൊള്ളിച്ചിട്ടുള്ള അൽഗോരിതം മുഖേന ഭാഷണ ചിഹ്നത്തെ പദസരണിയാക്കി പരിവർത്തനം ചെയ്യുന്ന പ്രക്രിയയാണ് ഇതിൽ നടക്കുന്നത്. വാമൊഴിയിലൂടെ ലഭിക്കുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ കഴിവുള്ള യന്ത്രസംവിധാനത്തിൽ ഓട്ടോമാറ്റിക് സ്പീച്ച് റെക്ക്ഗ്നേഷന് അതിൻന്റേതായ പ്രാധാന്യമുണ്ട്. ഇന്ന് നമ്മുടെ നിത്യജീവിതത്തിന്റെ ഭാഗമാണ് ഇത്തരം മെഷീനുകൾ. കമ്പ്യൂട്ടേഷണൽ ലിംഗ്വിസ്റ്റിക്സിന്റെ മറ്റൊരു മേഖലയാണ് ഭാഷണസംശ്ലേഷണം .(language synthesis) സോഫ്റ്റ്വെയർ ഹാർഡ്വെയർ മുഖേന പ്രവർത്തിക്കാവുന്ന കമ്പ്യൂട്ടറിൽ ഭാഷണം കൃത്രിമമായി നിർമ്മിക്കാൻ സാധിക്കുന്നു. തൃപ്തികരമായ ഗ്രാഹ്യതയാർന്ന ഭാഷണസംശ്ലേഷണ വ്യവസ്ഥ കാഴ്ച പരിമിതിയോ വായിക്കാൻ ബുദ്ധിമുട്ടുള്ളവരോ ആയ വ്യക്തികൾക്ക് വീട്ടിലെ കമ്പ്യൂട്ടറിനോട് ഘടിപ്പിച്ചാൽ ഉപയോഗ്യമാകും. കൂടാതെ ദിനപത്രങ്ങളുടെ ഓൺലൈൻ പതിപ്പിൽ വാർത്തകൾ ഭാഷണസംശ്ലേഷണം ആക്കി മാറ്റുന്നത് യാത്രയിലും മറ്റും ഹെഡ്ഫോൺ ഉപയോഗിച്ച് കേൾക്കാൻ ഉപകാരപ്രദം ആകുന്നു. പക്ഷേ വാർത്തയിലെ അർഥവിരാമം, ഈണം എന്നിവ ഭാഷണസംശ്ലേഷണത്തിൽ ചോർന്നു പോകുന്നുണ്ട്. കമ്പ്യൂട്ടർ സഹായം പ്രയോജനപ്പെടുത്തിക്കൊണ്ട് നിർവഹിക്കുന്ന ബൃഹത്തായ

SGOU

രേഖാസഞ്ചയത്തെ കുറിക്കുന്ന കോർപ്പസ് ലിംഗ്വിസ്റ്റിക്സ് (corpus linguistics )ഏതെങ്കിലും ഒരു ഭാഷാ വിശേഷത്തിന്റെയോ ഭാഷയുടെ വിവിധ തരം പ്രയോഗത്തിന്റെയോ മാതൃകകൾ കമ്പ്യൂട്ടറിന് കൈകാര്യം ചെയ്യാവുന്ന രീതിയിൽ സഞ്ചയിച്ച് വയ്ക്കുകയും കമ്പ്യൂട്ടർ മുഖേനയുള്ള പഠനങ്ങളിൽ അവ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നതിലാണ് ശ്രദ്ധിക്കുന്നത്.

കൂടാതെ ടെക്സ്റ്റ് മൈനിങ്പോലുള്ള മേഖലകളിലൂടെ വലിയ തോതിലുള്ള ടെക്സ്റ്റ് ഡാറ്റയിൽ നിന്ന് വിവരങ്ങൾ കണ്ടെത്താനും ആളുകളുടെ വികാരങ്ങളും അഭിപ്രായങ്ങളും വിശകലനം ചെയ്യാനും കഴിയും. സോഷ്യൽ മീഡിയയിലെ പോസ്റ്റുകൾ, റിവ്യൂകൾ എന്നിവ വിലയിരുത്താൻ ഇത് വ്യാപകമായി ഉപയോഗിക്കുന്നു.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വികസിച്ചതോടെ കമ്പ്യൂട്ടേഷണൽ ഭാഷാശാസ്ത്രത്തിന്റെ പ്രാധാന്യം വളരെ വർധിച്ചു. ചാറ്റ്ബോട്ടുകൾ ഓൺലൈൻ വിവർത്തന ഉപകരണങ്ങൾ, ഡിജിറ്റൽ അസിസ്റ്റന്റ് എന്നിവ മനുഷ്യഭാഷയെ നല്ല രീതിയിൽ ഉപയോഗിക്കുന്നു. വിദ്യാഭ്യാസം ആരോഗ്യരംഗം വ്യാപാരം തുടങ്ങിയ മേഖലകളിൽ ഇതുമൂലം വലിയ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. കേരളത്തിന്റെ സാഹചര്യത്തിൽ മലയാളം പോലുള്ള ഭാഷകളുടെ ഡിജിറ്റൽ വികസനത്തിനും ഈ ശാഖ സഹായിക്കുന്നുണ്ട്. സ്പെൽ ചെക്കറുകൾ, മലയാളം ടൈപ്പിംഗ് സിസ്റ്റങ്ങൾ, വിവർത്തന ഉപകരണങ്ങൾ എന്നിവ ഭാഷയുടെ സാങ്കേതികത ശക്തിപ്പെടുത്തുന്നു.

### അവലോകനം

ഭാഷാശാസ്ത്രത്തിലെ വിവരണാത്മകധാര അമേരിക്കയിൽ ബ്ലൂം ഫീൽഡിന്റെ സങ്കല്പനങ്ങളിൽ നിന്നാണ് ശക്തിയാർജിച്ചത്. ഭാഷാപരമായ അർഥചിഹ്നങ്ങൾ ഭൗതികഘടകങ്ങളെ ആധാരമാക്കി വിവരിക്കാവുന്ന രൂപപരമായ വസ്തുതകൾ തന്നെയാണെന്ന് ബ്ലൂംഫീൽഡ് സിദ്ധാന്തിച്ചു. സാർവലൗകിക വ്യാകരണത്തെ നിരാകരിച്ചുകൊണ്ട്, ഭാഷാഭേദങ്ങളുടെയും ഭാഷയുടെയും വ്യാകരണം തയ്യാറാക്കേണ്ടത് അതാതിന്റെ അടിസ്ഥാനത്തിൽത്തന്നെയാവണം എന്നു പറഞ്ഞുറപ്പിച്ച ബ്ലൂംഫീൽഡിനെ പിന്തുടർന്ന് ഭാഷാപഠനങ്ങളുമായി രംഗപ്രവേശം ചെയ്ത ഭാഷാശാസ്ത്രജ്ഞനാണ് എഡ്വേർഡ് സപീർ. ഭാഷാപഗ്രഥനത്തിനും വർഗീകരണത്തിനും സഹായകമായ സങ്കല്പനധർമ്മം, രൂപപ്രക്രിയ സ്വഭാവം, സംശ്ലേഷണ സമ്പ്രദായം എന്നു മൂന്നുപാധികൾ അദ്ദേഹം ചൂണ്ടിക്കാട്ടി. വസ്തുതാശേഖരണം, താരതമ്യം, തല്കാല നിഗമനങ്ങളിൽ എത്തിച്ചേരൽ കൂടുതൽ തെളിവുകളുടെ അടിസ്ഥാനത്തിലുള്ള പുനഃപരിശോധനയും തിരുത്തിയെഴുതലും സമഗ്രവും വിശദവുമായ വ്യാകരണ നിയമങ്ങൾ എഴുതിയുണ്ടാക്കൽ എന്നതായിരുന്നു അമേരിക്കൻ വിവരണാത്മക ഭാഷാശാസ്ത്രം പൊതുവെ അവലംബിച്ച മാർഗം. അമേരിക്കൻ ഘടനാവാദത്തിന്റെ സൈദ്ധാന്തിക ധാരകളുടെ ഉപജ്ഞാതാവ് എന്ന് വിശേഷിപ്പിക്കാൻ കഴിയുന്ന ഭാഷാശാസ്ത്രജ്ഞനാണ് ലിയോണോൾഡ് ബ്ലൂം ഫീൽഡ്. 1933 -ൽ പ്രസിദ്ധീകൃതമായ Language എന്ന പുസ്തകമാണ് ബ്ലൂം ഫീൽഡിന്റെ വിവരണാത്മക ചിന്തകൾ ജനകീയമാക്കിയത്. ഭാഷാശാസ്ത്രത്തിലെ ശാഖകളെക്കുറിച്ചാണ് തുടർന്ന് വിശദീകരിച്ചിരിക്കുന്നത്.

## Recap

- ഭാഷാശാസ്ത്രത്തിലെ പ്രധാനപ്പെട്ട സമീപനങ്ങളിൽ ഒന്നാണ് വിവരണാത്മകധാര.
- വിവരണാത്മക ഭാഷാശാസ്ത്രം ഒരു ഭാഷയുടെ ഘടനയും ഉപയോഗവും ശാസ്ത്രീയമായി പഠിക്കുന്നു
- 1933-ൽ പ്രസിദ്ധീകൃതമായ 'Language' എന്ന പുസ്തകമാണ് ബ്ലൂംഫീൽഡിന്റെ വിവരണാത്മക ചിന്തകൾ ജനകീയമാക്കി മാറ്റിയത്.

- ഭാഷാശാസ്ത്രത്തിലും മനുഷ്യശാസ്ത്രത്തിലും പ്രധാനപ്പെട്ട സംഭാവന നൽകിയ വ്യക്തിയാണ് എഡ്വർഡ് സപീർ (Edward sapir ).
- സപീറിന്റെ പഠനങ്ങളിൽ പ്രധാനമായി ഉയർന്നുവരുന്നത് ഭാഷയും സംസ്കാരവും തമ്മിലുള്ള ബന്ധം ആണ്.
- അമേരിക്കൻ വിവരണാത്മക ഭാഷാശാസ്ത്രത്തിൽ വൻവിസ്ഫോടനം സൃഷ്ടിച്ചവയായിരുന്നു സപീറിന്റെ ആദിവാസി ഭാഷാ പഠനങ്ങൾ.
- അപരിഷ്കൃതമെന്നോ പ്രാകൃതമെന്നോ വിശേഷിപ്പിക്കാവുന്ന ഒരു ഭാഷയും ഇല്ല തന്നെ. ഇതായിരുന്നു സപീറിന്റെ കാഴ്ചപ്പാട്.
- മനുഷ്യന്റെ ചിന്തയെ ഭാഷ ഏറെ സ്വാധീനിക്കുന്നു എന്ന സപീറിയൻ ആശയത്തിന്റെ വികാസമാണ് സഹീർ- വോർഫ് പരികല്പനത്തിലൂടെ അദ്ദേഹത്തിന്റെ ശിഷ്യനായ വോർഫ് രൂപപ്പെടുത്തിയത്.
- എല്ലാം മനുഷ്യഭാഷകളും ചില അടിസ്ഥാനതത്വങ്ങൾ പങ്കിടുന്നു.
- ഒരു വാക്യം പറയുമ്പോൾ അതിന് നേരിട്ടുള്ള അർഥത്തിന് പുറമേ അതിൽ മറഞ്ഞിരിക്കുന്ന ഉദ്ദേശവും പ്രാഗ്മാറ്റിക് ഭാഷാശാസ്ത്രം പരിശോധിക്കുന്നു.
- പ്രാഗ്മാറ്റിക്ഭാഷാശാസ്ത്രത്തിന്റെ പ്രധാന സവിശേഷതയാണ് Context (സന്ദർഭം).
- പ്രാഗ്മാറ്റിക്ഭാഷശാസ്ത്രം ഭാഷയുടെ ആന്തരിക അർഥം കണ്ടെത്താൻ സഹായിക്കുന്ന ഒരു ശാസ്ത്രശാഖയാണ്.
- ഇനാർ ഹേഗൻ Einar Haugen തന്റെ 'ദി ഇക്കോളജി ഓഫ് ലാഗ്വേജ്' എന്ന പുസ്തകത്തിൽ ആണ് ഇക്കോലിംഗ്വിസ്റ്റിക്സിനെക്കുറിച്ച് ആദ്യമായി സൂചിപ്പിക്കുന്നത്.
- ഇക്കോലിംഗ്വിസ്റ്റിക്സ് ഭാഷയും പരിസ്ഥിതിയും തമ്മിലുള്ള ബന്ധം പഠിക്കുന്ന ഒരു പ്രധാനശാസ്ത്രശാഖയാണ്.
- ഭാഷയിലെ ഒരു ചിഹ്നത്തിന് എപ്പോഴും ഒരേ അർഥമാകണമെന്നില്ല
- വംശീയ ഭാഷാശാസ്ത്രം എന്നത് ഭാഷയെ ഉപയോഗിച്ച് മറ്റുള്ളവരെ സ്വാധീനിക്കുന്നതും മനസ്സിലാക്കുന്നതുമായ കലയും ശാസ്ത്രവും ആണ്.
- ഫോറൻസിക്ഭാഷാശാസ്ത്രത്തിന്റെ പ്രധാന മേഖലകളിൽ ഒന്നാണ് ഓതർഷിപ്പ് അനാലിസിസ്(Authorship analysis).
- ഫോറൻസിക് ഭാഷാശാസ്ത്രം ഭാഷയെ ലളിതമാക്കാനും വ്യക്തത നൽകാനും സഹായിക്കുന്നു.
- ഭാഷയുടെ ഘടന, അർഥം, ഉപയോഗം എന്നിവ കൃത്യമായി നിർവചിച്ചു അൽഗോരിതങ്ങൾ ആക്കി മാറ്റി കമ്പ്യൂട്ടർകൾക്ക് വിശകലനം ചെയ്യാൻ കഴിയുന്നു.
- കമ്പ്യൂട്ടേഷണൽ ഭാഷാശാസ്ത്രത്തിലെ പ്രധാന മേഖലയാണ് നാച്ചുറൽ ലാംഗ്വേജ് പ്രോസസിംഗ് (NLP).
- ശബ്ദസംസ്കരണം (Speech processing) കമ്പ്യൂട്ടേഷണൽ ഭാഷാശാസ്ത്രത്തിലെ മറ്റൊരു പ്രധാന മേഖലയാണ്.
- കമ്പ്യൂട്ടേഷണൽ ലിംഗ്വിസ്റ്റിക്സിന്റെ മറ്റൊരു മേഖലയാണ് ഭാഷണസംശ്ലേഷണം.

## Objective Type Questions

1. 1933-ൽ പ്രസിദ്ധീകൃതമായ ബ്ലൂം ഫീൽഡിന്റെ ഗ്രന്ഥമേത് ?
2. സപീറിന്റെ പഠനങ്ങളിൽ പ്രധാനമായി ഉയർന്നുവരുന്നത് എന്താണ് ?
3. പ്രാഗ്മാറ്റിക്ഭാഷാശാസ്ത്രത്തിന്റെ പ്രധാന സവിശേഷത എന്താണ് ?
4. ഇനാർ ഹേഗൻ (Einar Haugen )ന്റെ പുസ്തകമേത് ?
5. ഓതർഷിപ്പ് ഏതു മേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു?

SGOU

6. നാച്ചുറൽ ലാംഗ്വേജ് പ്രോസസിംഗ് ഏതു ഭാഷാശാസ്ത്രശാഖയുമായി ബന്ധപ്പെട്ടിരിക്കുന്നു ?
7. ഭാഷണസംശ്ലേഷണം എന്താണ് ?
8. കമ്പ്യൂട്ടേഷണൽ ഭാഷാശാസ്ത്രത്തിന്റെ ലക്ഷ്യമെന്ത് ?

## Answers

1. language
2. ഭാഷയുംസംസ്കാരവും തമ്മിലുള്ള ബന്ധം ആണ്.
3. Context (സന്ദർഭം)
4. ദി ഇക്കോളജി ഓഫ് ലാംഗ്വേജ്
5. ഫോറൻസിക് ഭാഷാശാസ്ത്രം
6. കമ്പ്യൂട്ടേഷണൽ ലിംഗ്വിസ്റ്റിക്സിന്റെ
7. കമ്പ്യൂട്ടേഷണൽ ലിംഗ്വിസ്റ്റിക്സിന്റെ ഒരു മേഖലയാണ്, സോഫ്റ്റ് വെയർ, ഹാർഡ് വെയർ മുഖേന പ്രവർത്തിക്കാവുന്ന കമ്പ്യൂട്ടറിൽ ഭാഷണം കൃത്രിമമായി നിർമ്മിക്കാൻ കഴിയുന്നു.
8. ഭാഷയുടെ ഘടന അർഥം ഉപയോഗം എന്നിവ കൃത്യമായി നിർവചിച്ചു അൽഗോരിതങ്ങൾ ആക്കി മാറ്റി കമ്പ്യൂട്ടർകൾക്ക് വിശകലനം ചെയ്യാൻ കഴിയുന്നതാണ് പ്രധാന ലക്ഷ്യം.

## Assignments

1. ഭാഷാശാസ്ത്രസമീപനങ്ങൾ ക്രോഡീകരിക്കുക
2. ഫോറൻസിക് ലിംഗ്വിസ്റ്റിക്സ് – വിശദമാക്കുക
3. പ്രാഗ്മാറ്റിക് ഭാഷാശാസ്ത്രം – വിശദീകരിക്കുക
4. കമ്പ്യൂട്ടേഷണൽ ലിംഗ്വിസ്റ്റിക്സ് –വിവരിക്കുക
5. ചിഹ്നവിജ്ഞാനീയം – വിവരിക്കുക
6. പ്രധാന ഭാഷാശാസ്ത്രശാഖകൾ വിലയിരുത്തുക
7. ബ്ലൂംഫീൽഡിന്റെ സൈദ്ധാന്തിക സമീപനങ്ങൾ വിലയിരുത്തുക

## Reference


1. ഡോ.കെ.എം. പ്രഭാകരവാര്യർ, ഭാഷാശാസ്ത്രവിവേകം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം
2. ഡോ.കെ. എം. പ്രഭാകരവാര്യർ, ഭാഷാവലോകനം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം


SGOU

3. ഇ.വി. എൻ. നമ്പൂതിരി ഭാഷാശാസ്ത്രപ്രവേശിക, കേരള സർവകലാശാല, തിരുവനന്തപുരം
4. എ.പി. ആൻഡ്രൂസ്കുട്ടി, ഭാഷാശാസ്ത്രം സിദ്ധാന്തവും പ്രയോഗവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം

## Suggested Reading

1. കെ ജോയ് പോൾ, വി. ആർ. സോളി ഭാഷാശാസ്ത്രം. സിദ്ധാന്തവും പ്രയോഗവും, മലയാള പഠന ഗവേഷണ കേന്ദ്രം, തൃശൂർ
2. ഡോ. കെ എം പ്രഭാകരവാര്യർ,ശാന്ത അഗസ്റ്റിൻ,ആധുനിക ഭാഷ ശാസ്ത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
3. വേണുഗോപാല പണിക്കർ, നോം ചോംസ്കി, വിശ്വദർശനം, തൃശ്ശൂർ
4. വി ആർ പ്രബോധ ചന്ദ്രൻ നായർ, ഭാഷാശാസ്ത്ര ദൃഷ്ടിയിലൂടെ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

SGOU

# Model Question Paper Sets

SGOU

## SREENARAYANAGURU OPEN UNIVERSITY

QP CODE: ……… Reg. No : ……….............

Name : ………………...

### FIFTH SEMESTER B. A. MALAYALAM (HONOURS) LANGUAGE AND LITERATURE EXAMINATION

**SGB24ML306MC ഭാഷാശാസ്ത്രം** ( CBCS - UG )

**MODEL QUESTION PAPER- SET- A**

2024-25 - **Admission Onwards**

Time: 3 Hours Max Marks: 70

---

### SECTION - A

**I. ഏതെങ്കിലും എട്ടു ചോദ്യത്തിന് ഒറ്റവാക്കിലോ വാചകത്തിലോ ഉത്തരമെഴുതുക.**

**(8×1 = 8 Marks)**

1. മലയാളത്തിലെ സ്വരസ്വനിമമാലയിൽ എത്രവർണ്ണങ്ങൾ ഉണ്ട് ?
2. ഒരുസമൂഹത്തിന്റെ ഭാഷയെന്നത് ആ സമൂഹത്തിലുണ്ടാകുന്ന ഭാഷണങ്ങളുടെ ആകെത്തുക യാണ് എന്ന് അഭിപ്രായപ്പെട്ടതാരാണ് ?
3. വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഭാഷയേതാണ് ?
4. Language എന്ന പുസ്തകം എഴുതിയതാര് ?
5. വ്യക്തികളുടെ ഭാഷാപ്രകടനത്തെ സൂചിപ്പിക്കുന്നതിന് സൊസ്സ്യൂർ ഉപയോഗികുന്നപദമേത്?
6. ഭാഷാഭേദം അടയാളപ്പെടുത്താൻ വേണ്ടി തയ്യാറാക്കുന്ന ഭൂപടത്തിന്റെ പേര് എന്ത് ?
7. ഓരോവ്യക്തിയെയും അടയാളപ്പെടുത്തുന്ന ഭാഷാപ്രയോഗം അറിയപ്പെടുന്നത് ഏത് പേരിലാണ് ?
8. സ്വയംഒരുപദമായി നിൽക്കാൻ കഴിയുന്ന രൂപിമം അറിപ്പെടുന്നതെങ്ങനെ ?
9. ഭാഷാപരിണാമ ചരിത്രം പഠിക്കുന്നതിന് ആവശ്യമായ രേഖ ഏതാണ് ?
10. ഒരേശാബ്ദിക പരിസരത്തിൽ പ്രത്യക്ഷപ്പെട്ട് അർഥവ്യത്യാസം ജനിപ്പിക്കുന്ന സ്വനയുഗ്മങ്ങൾ അറിയപ്പെടുന്നതെങ്ങനെ ?

### SECTION - B

**II. ഏതെങ്കിലും ആറ് ചോദ്യത്തിന് രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക.**

**(6×2=12 Marks)**

11. എങ്ങനെയാണ് അനുനാസികങ്ങളും അനനുനാസികങ്ങളും വ്യത്യാസപ്പെടുന്നത് ?
12. അരിസ്റ്റോട്ടിൽ ഭാഷയെ നിർവചിച്ചിരിക്കുന്നത് എപ്രകാരമാണ് ?
13. മാതൃഭാഷ എന്നാലെന്ത്?

SGOU

14. രൂപിമം എന്നാലെന്ത് ?
15. പ്രയുക്തഭാഷാശാസ്ത്രം എന്നാലെന്ത് ?
16. വിവരണാത്മക ഭാഷാശാസ്ത്രത്തിന്റെ പഠന വിഷയങ്ങൾ ഏതെല്ലാം?
17. സമഭാഷാംശസീമാരേഖ എന്നാലെന്ത് ?
18. യൂണികോഡ് എന്നാലെന്ത് ?

## SECTION - C

**III. ഏതെങ്കിലും ആറ് ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക.**

**(6×5=30Marks)**

19. കേന്ദ്രമേഖല, അവശിഷ്ടമേഖല ഇവ എന്തെന്ന് വിവരിക്കുക.
20. ഭാഷയും അധികാരവും എന്തെന്ന് വ്യക്തമാക്കുക.
21. ലാങ് - പരോൾ ഇവയെക്കുറിച്ച് വിവരിക്കുക.
22. രചനാന്തരണ പ്രജനകവ്യാകരണത്തിലെ അടസ്ഥാന സങ്കല്പനങ്ങൾ എന്തെല്ലാം.
23. ഭാഷാശാസ്ത്രത്തിന്റെ പഠനമേഖലകളെക്കുറിച്ച് വ്യക്തമാക്കുക.
24. ബ്ലൂം ഫീൽഡിന്റെ സൈദ്ധാന്തിക സമീപനങ്ങളെ വിശദീകരിക്കുക.
25. കമ്പ്യൂട്ടേഷണൽ ലിംഗ്വിസ്റ്റിക്സിനെ ക്കുറിച്ച് വിവരിക്കുക.
26. ശിശുഭാഷ എന്നാലെന്തെന്ന് വിശദമാക്കുക.

## SECTION D

**IV. ഏതെങ്കിലും രണ്ട് ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക.**

**(2×10=20Marks)**

27. ഭാഷാപഠനരീതികളെക്കുറിച്ച് ഉപന്യസിക്കുക.
28. ഭാഷണ സ്വനങ്ങളുടെ ഉല്പാദനം നിർവഹിക്കുന്ന ഉച്ചാരണാവയവങ്ങൾ ഏതെല്ലാം ? വിവരിക്കുക.
29. ഘടനാത്മക സമീപനരീതികളെക്കുറിച്ച് വിശദീകരിക്കുക.
30. നവസാങ്കേതികതയും മലയാളഭാഷയും ഉപന്യാസം തയ്യാറാക്കുക.

SGOU

**SREENARAYANAGURU OPEN UNIVERSITY**

QP CODE: ………                                        Reg. No        : ……….............

Name           : ………………...

**FIFTH SEMESTER B. A MALAYALAM (HONOURS) LANGUAGE AND LITERATURE EXAMINATION**

**SGB24ML306MC ഭാഷാശാസ്ത്രം** ( CBCS - UG )

**MODEL QUESTION PAPER- SET- B**

2025-26 - **Admission Onwards**

Time: 3 Hours                                        Max Marks: 70

## SECTION - A

**I. ഏതെങ്കിലും എട്ടു ചോദ്യത്തിന് ഒറ്റവാക്കിലോ വാചകത്തിലോ ഉത്തരമെഴുതുക**

**(8×1 = 8 Marks)**

1. ഫോറൻസിക് ഭാഷാശാസ്ത്രത്തിന്റെ പ്രധാന മേഖല എന്താണ് ?
2. സൊസ്യൂറിന്റെ ഭാഷാശാസ്ത്ര ഗ്രന്ഥത്തിന്റെ പേരെഴുതുക ?
3. പദസംഹിതരചനാവ്യാകരണം നടപ്പിലാക്കിയതാര് ?
4. ആശ്രിതരൂപിമത്തിനു പറയുന്ന മറ്റൊരു പേര് ?
5. ഉച്ചാരണവേളയിൽ ചലനമില്ലാത്ത അവയവങ്ങൾ ഏതു പേരിലാണ് അറിയപ്പെടുന്നത് ?
6. വ്യക്തിയുടെ ഭാഷാപ്രകടനത്തെക്കുറിച്ച് സൂചിപ്പിക്കാൻ സൊസ്സ്യൂർ ഉപയോഗിച്ച പദമേത് ?
7. ഭാഷയിലെ പ്രതീകങ്ങൾ ഏതു പേരിലാണ് അറിയപ്പെടുന്നത് ?
8. ശബ്ദങ്ങളെ മനുഷ്യന്റെ ചേഷ്ടകളുമായി ബന്ധപ്പെടുത്തി വ്യാഖ്യാനിക്കാം എന്നതിൽ നിന്നും ഉടലെടുത്ത സിദ്ധാന്തം ഏതാണ് ?
9. ഒരുഭാഷാഭേദമേഖലയ്ക്കുള്ളിൽ ഒരു കേന്ദ്രത്തെ അനേകം സമഭാഷാംശസീമാരേഖകൾ വലയം ചെയ്തിരിക്കുന്ന പ്രദേശത്തിന് പറയുന്ന പേരെന്ത്?
10. ആഖ്യാതം ഇല്ലാത്ത വാക്യമേത് ?

## SECTION - B

**II. ഏതെങ്കിലും ആറ് ചോദ്യത്തിന് രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക.**

**(6×2=12 Marks)**

11. ഉപരൂപിമങ്ങൾ എന്നാലെന്ത് ?
12. വ്യാക്ഷേപക സിദ്ധാന്തം എന്നാലെന്ത് ?
13. അക്ഷരവിജ്ഞാനം എന്നാലെന്ത് ?



SGOU

14. ജീവൻഭാഷ എന്നാലെന്ത് ?
15. പ്രയുക്ത ഭാഷാശാസ്ത്രത്തിന്റെ ലക്ഷ്യം എന്ത് ?
16. ഉച്ചാരണസ്ഥാനങ്ങൾ ഏതെല്ലാം?
17. ആസ്കി എന്നാലെന്ത് ?
18. ട്രാൻസ്ലിറ്ററേറ്ററുകൾ എന്നാലെന്ത്?

## SECTION - C

**III. ഏതെങ്കിലും ആറ് ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക.**

**(6×5=30Marks)**

19. ഫോറൻസിക് ഭാഷാശാസ്ത്രം എന്തെന്ന് വിവരിക്കുക.
20. വാക്യവിജ്ഞാനത്തെക്കുറിച്ച് വിശദമാക്കുക.
21. സ്വനവും സ്വനിമവും തമ്മിലുള്ള ബന്ധം വ്യക്തമാക്കുക.
22. ഭാഷാഭേദം എന്നാലെന്ത്? വിവരിക്കുക.
23. ഭാഷാഘടനയെക്കുറിച്ചുള്ള സൊസ്സ്യൂറിയൻ ചിന്തകൾ വ്യക്തമാക്കുക.
24. രൂപിമങ്ങളെക്കുറിച്ച് വിവരിക്കുക.
25. ആദാനത്തിന്റെ നിബന്ധനകൾ എന്തെല്ലാം. വിവരിക്കുക.
26. കക്ഷ്യാവിഭജനത്തെക്കുറിച്ച് ഉപന്യസിക്കുക. .

## SECTION D

**IV. ഏതെങ്കിലും രണ്ട് ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക.**

**(2×10=20Marks)**

27. ഭാഷാസമുദ്ഭവസിദ്ധാന്തങ്ങളെക്കുറിച്ച് ഉപന്യസിക്കുക.
28. ഭാഷാശാസ്ത്രത്തിലെ പ്രാധനപ്പെട്ട ശാഖകൾ ഏതെല്ലാം വിവരിക്കുക.
29. ഭാഷയുടെ വർഗീകരണത്തെക്കുറിച്ച് വിശദീകരിക്കുക.
30. വിവിധ എൻകോഡിങ് പദ്ധതികളെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.

SGOU

**സർവ്വകലാശാലാഗീതം**

---------------------

വിദ്യയാൽ സ്വതന്ത്രരാകണം
വിശ്വപൗരരായി മാറണം
ഗ്രഹപ്രസാദമായ് വിളങ്ങണം
ഗുരുപ്രകാശമേ നയിക്കണേ

കൂരിരുട്ടിൽ നിന്നു ഞങ്ങളെ
സൂര്യവീഥിയിൽ തെളിക്കണം
സ്നേഹദീപ്തിയായ് വിളങ്ങണം
നീതിവൈജയന്തി പാറണം

ശാസ്ത്രവ്യാപ്തിയെന്നുമേകണം
ജാതിഭേദമാകെ മാറണം
ബോധരശ്മിയിൽ തിളങ്ങുവാൻ
ജ്ഞാനകേന്ദ്രമേ ജ്വലിക്കണേ

**കുരീപ്പുഴ ശ്രീകുമാർ**

SGOU

# SREENARAYANAGURU OPEN UNIVERSITY

## Regional Centres


### Kozhikode
Govt. Arts and Science College
Meenchantha, Kozhikode,
Kerala, Pin: 673002
Ph: 04952920228
email: rckdirector@sgou.ac.in

### Thalassery
Govt. Brennen College
Dharmadam, Thalassery,
Kannur, Pin: 670106
Ph: 04902990494
email: rctdirector@sgou.ac.in

### Tripunithura
Govt. College
Tripunithura, Ernakulam,
Kerala, Pin: 682301
Ph: 04842927436
email: rcedirector@sgou.ac.in

### Pattambi
Sree Neelakanta Govt. Sanskrit College
Pattambi, Palakkad,
Kerala, Pin: 679303
Ph: 04662912009
email: rcpdirector@sgou.ac.in


SAY NO TO RAGGING
BEFORE YOU EVEN THINK OF RAGGING
Humiliation
Blacklisting
Ruined Career
Download
ANTI RAGGING
App
Don't just stand and watch. Stop Ragging! Show Character
Visit UGC Website i.e. www.ugc.Ac.in & www antinaging.in to UGC Anti Ragging regulations.
Are You Being Ragged ?
Ministry of Education
Government of India
विश्वविद्यालय अनुदान आयोग
University Grants Commission
quality higher education for all
DON'T LET IT BE TOO LATE
SAY NO TO DRUGS
LOVE YOURSELF AND ALWAYS BE HEALTHY
SREENARAYANAGURU OPEN UNIVERSITY
The State University for Education, Training and Research in Blended Format, Kerala
SGOU

# ഭാഷാശാസ്ത്രപഠനം

COURSE CODE: SGB24ML306MC

SGOU

Sreenarayanaguru Open University
Kollam, Kerala Pin- 691601, email: info@sgou.ac.in, www.sgou.ac.in Ph: +91 474 2966841

ISBN 978-81-687084-2-6